അങ്ങനെ കുറച്ച് ചിലവാക്കിയത്. 1984-85-ൽ 50,000 രൂപ ഉൾപ്പെടുത്തിയിരുന്നു. ആ 50,000 രൂപയും ചെലവാക്കി. 1985-86-ൽ 80,000 രൂപയായിരുന്നു അലോക്കേഷൻ. അതിൽ 80,000 രൂപയും ചെലവായി. 1986-87-ലേക്ക് ഒരു ലക്ഷം രൂപയുണ്ട്. ആ ഒരു ലക്ഷം രൂപയും ചെലവാക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, 1986 ജൂലായ് 8-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 18157/ജി 2/86 ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1052/86) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. 10 a.m.]

ജോയിന്റ് സെക്രട്ടറി നിയമസഭാ സെക്രട്ടറിയറ്റ്: ഇന്ത്യൻ ഭരണഘടനയുടെ പത്താം പട്ടിക 8-ാം ഖണ്ഡിക ഒന്നാം ഉപഖണ്ഡിക അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നിർമ്മിച്ച 1986-ലെ കേരള നിയമസഭാ സാമാജികർ (കൂറുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങൾ സെക്രട്ടറിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII. അവിശ്വാസപ്രമേയം

ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. ഇ. കെ. നായനാരുടെ പ്രമേയത്തെപ്പറ്റിയുള്ള ചർച്ച

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, "കേന്ദ്രഗവൺമെന്റ് അനഭിമതരായി പ്രഖ്യാപിച്ച കുറെ ഗ്രൂപ്പുകൾക്ക് സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ ഒത്താശ ചെയ്തുകൊടുത്ത മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും 'പഞ്ചാബ് മോഡൽ' പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെപേരിൽ മന്ത്രിസഭയിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും;

പ്രീഡിഗ്രി ബോർഡ് രൂപീകരണ തീരുമാനത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്തവർക്കെതിരായി പ്രതികാര നടപടികൾ തുടരുകയും സർക്കാർ നൽകിയ ഉറപ്പ് ലംഘിക്കുകയും ചെയ്തിരിക്കുന്നതിനാലും;

അഴിമതി വ്യാപകമാക്കുകയും ക്രമസമാധാനനില തകർക്കുകയും ചെയ്ത മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് സംസ്ഥാന ജനതയ്ക്ക് അപമാനകരമായതിനാലും;

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: Sir, under rule 132 of the rules of procedure, I raise a point of order. No Confidence is a substantive motion. With regard to the admissibility of the motion, Rule 132 (1) states that "it shall raise substantially one definite issue;" ഇവിടെ നാലു പാരഗ്രാഫിലായിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തിൽ പ്രധാനമായിട്ട് ആറ് സ്പെസിഫിക്ക് പോയിന്റുകളുണ്ട്. ഈ റൂളിൽ ഒരു പോയിന്റ് മാത്രമേ ആകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. "132 (2) it shall not contain arguments, inferences, ironical expressions, imputations of defamatory statements, nor shall it refer to the conduct or character of persons except in their official or public capacity." അവിശ്വാസ പ്രമേയത്തിന്റെ ആദ്യഭാഗത്തുതന്നെ രാജ്യദ്രോഹം പ്രവർത്തിച്ചിരിക്കുന്നു എന്ന് വ്യക്തമായി പേരെടുത്തു പറഞ്ഞിട്ട്, മുഖ്യമന്ത്രി മന്ത്രി സഭയിൽനിന്നും ഒഴിവാക്കിയിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ വീണ്ടും മന്ത്രിസഭയിൽ എടുത്ത് മന്ത്രിയായി തുടരാൻ അനുവദിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. This is clear imputation. അത് ഡിഫമേറ്ററി വരെയാകാം. ഒരു കാരണവശാലും അദ്ദേഹത്തെ ഒഴിവാക്കിയതല്ല. അദ്ദേഹം സ്വയം രാജിവച്ചതാണ്.

മൂന്നാമത്തെ കാര്യം, 132 (3) ൽ പറയുന്നത് "It shall be restricted to a matter of recent occurrence;" എന്നാണ്. പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കുവൈറ്റ് ഇഷ്യൂ റീസൻറ് ഒക്കറൻസല്ല. അഞ്ചാറു മാസത്തിനുമുമ്പേ നടന്നിട്ടുള്ളതാണ്.

നാലാമത്തെ കാര്യം, Rule 132(5)-ൽ പറയുന്നത് "It shall not revive discussion on a matter which has been discussed during the same session;" എന്നാണ്. പ്രമേയത്തിൽ പറയുന്ന പ്രീ-ഡിഗ്രി ബോർഡിന്റെ കാര്യത്തിൽ രണ്ട് അടിയന്തിരപ്രമേയവും മൂന്നു സബ്മിഷനും ഇവിടെ വന്നിട്ടുണ്ട്. പന്ത്രണ്ടാം സമ്മേളനത്തിൽതന്നെ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള ആറു കാര്യങ്ങളും വളരെ ഇലാബറേറ്റായിട്ട് ചർച്ച ചെയ്തിട്ടുള്ളതാണ്.

അഞ്ചാമത്തെ കാര്യം, Rule 132 (7) ൽ "It shall not relate to a matter which is under adjudication by a court of law;" എന്നാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ഇഷ്യൂ, ഇന്ന് ജസ്റ്റിസ് സുകുമാരന്റെ ബഞ്ചിൽ ഇരിക്കുന്നുവെന്നും അത് ആഗസ്റ്റ് മാസം 21-ാം തീയതി വാദത്തിന് വച്ചിരിക്കുന്നുവെന്നും ഇന്നത്തെ എല്ലാ പത്രങ്ങളിലും പറഞ്ഞിട്ടുണ്ട്.

ഈ വിഷയങ്ങളെല്ലാം ഈ സഭയുടെ 12-ാം സമ്മേളനത്തിൽ ചർച്ച ചെയ്യുകയും ഡിസിഷനെടുക്കുകയും വോട്ടെടുപ്പ് നടത്തുകയും ഗവൺമെന്റിനെ സെൻഷർ ചെയ്യാനുള്ള എല്ലാ അവസരങ്ങളും ഉണ്ടാവുകയും ചെയ്തു..... ..അതുകൊണ്ട് ഒരു കാരണവശാലും ഈ പ്രമേയം അഡ്മിറ്റ് ചെയ്യാൻ പാടില്ല എന്നുള്ള ക്രമപ്രശ്നം ഉന്നയിക്കുകയാണ്.

മി. സ്പീക്കർ: ഇത് ഫർദർ ഡിബേറ്റബിൾ പോയിന്റായി ഉന്നയിക്കുന്നതിൽ യാതൊരു പ്രസക്തിയും ഈ സ്റ്റേജിൽ ഇല്ല. It is too late. ഈ പ്രശ്നങ്ങളെല്ലാം ഇതിന്റെ അഡ്മിസിബിലിറ്റിയെ സംബന്ധിച്ച കാസ്റ്റിനും മറ്റു കാര്യങ്ങളുമാണ്. പ്രമേയം ചെയർ അഡ്മിറ്റ് ചെയ്യുകയും സർക്കുലേറ്റ് ചെയ്യുകയും ചെയ്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകഴിഞ്ഞ് ചെയർ അത് സഭയെ ഇൻഫോം ചെയ്തു. ഇൻഫോം ചെയ്തുകഴിഞ്ഞ് സഭ അവതരണാനുമതി കൊടുത്തുകഴിഞ്ഞിരിക്കയാണ്. അതുകൊണ്ട് ഈ സ്റ്റേജിൽ ചട്ടപ്രകാരം ബഹുമാനപ്പെട്ട ടി. എസ് ജോൺ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിനു യാതൊരു പ്രസക്തിയും ഇല്ല. ബഹുമാനപ്പെട്ട ടി. എസ്. ജോൺ അതിനു അനുബന്ധമായി രണ്ടുമൂന്നു പോയിൻറുകൾ പറഞ്ഞു. അതിൽ ഒരു ക്ലാരിഫിക്കുവേണ്ടി ക്ലിയറാക്കുകയാണ്. ഇതിന്റെ അഡ്മിസിബിലിറ്റിയെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. ഇവിടെ 1977 ഏപ്രിൽ 6-ാം തീയതി ബഹുമാനപ്പെട്ട മെമ്പർ ടി. കെ. കൃഷ്ണന്റെ അവിശ്വാസപ്രമേയം അന്നത്തെ സ്പീക്കർ അഡ്മിറ് ചെയ്തു. This House expresses its want of confidence in the Council of Ministers headed by Shri. C. Achutha Menon, as the continuance in Office of the Ministry, against which grave charges of corruption and nepotism have been levelled, will be derogatory to the time honoured principles of decent democratic Governments എന്നീ കാരണങ്ങൾ പറഞ്ഞിരുന്നിട്ടും അന്ന് സ്പീക്കർ അത് അഡ്മിറ് ചെയ്തു. പക്ഷെ മറ്റൊരു പ്രമേയം വന്നതുകൊണ്ട് സഭയിൽ അത് വന്നില്ല. അത് പിൻവലിച്ചുപോവുകയാണ് ഉണ്ടായത്. അപ്പോൾ അഡ്മിസിബിലിറ്റിയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കാരണങ്ങൾ പറഞ്ഞുകൊണ്ടുള്ള പ്രമേയവും ഇവിടെ അഡ്മിറ് ചെയ്തിട്ടുണ്ട്. ലോകസഭയിലാണെങ്കിൽത്തന്നെ, സമാനമായിട്ടുള്ള അവിശ്വാസപ്രമേയത്തിനു അനുമതി നൽകിയിട്ടുണ്ട്. 1965 മാർച്ച് 9-ാം തീയതി ലോകസഭയിൽ വന്നിട്ടുള്ള അവിശ്വാസപ്രമേയത്തിനു ആധാരമായിപ്പറയുന്നത് "The reasons are also given and they are:

(i) that they have failed to ensure the highest standards of public conduct by deliberate suppression of abuse of power by persons in authority.....

(ii) that they have brought the whole concept of constitutional Government into contempt by:

(a) putting party interest above national interest, attempting to shield and exonerate those who are guilty of such abuse of power,

(b) their refusal to institute open judical enquiry into the said abuse of power and corruption" എന്നാണ്. രണ്ടാമതായി നമ്മുടെ ചട്ടങ്ങളിൽ നോ കോൺഫിഡൻസ് മോഷനെ സംബന്ധിച്ചിടത്തോളം ഇന്ന രീതിയിൽ വേണമെന്നു യാതൊരു വ്യവസ്ഥയും ഉണ്ടായിട്ടില്ല. അത് തീർച്ചയായിട്ടും സ്പീക്കറുടെ സാറിസ്ഫാക്ഷനാണ്. അതുകൊണ്ട് ഈ സ്റ്റേജിൽ ഇത് വരുന്നില്ല. മറ്റൊരു പ്രധാന പ്രശ്നം ശ്രീ. ടി. എസ്. ജോൺ പറഞ്ഞത്, ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പേരിൽ ഒരു കേസ് കോടതിയിൽ നിലനിൽക്കുന്നതുകൊണ്ട് ചർച്ച ചെയ്യാൻ പാടില്ലെന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പേരിൽ നിലവിലുള്ള കേസിനെ സംബന്ധിച്ച് ഏതായാലും ഫ്യൂച്ചറിലായിട്ടുള്ള യാതൊരു കമ്മ്യൂണിക്കേഷനും ചെയറിനു ഇല്ല. പത്രത്തിൽ വന്നിട്ടുള്ളതിനു ആധാരമായിട്ട് മാത്രമേ അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും പറയാൻ കഴിയുകയുള്ളൂ. നേരത്തെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ സംബന്ധിച്ച് ഉണ്ടായിരുന്ന ഹൈക്കോടതി വിധി, "The question as to whether there was a breach of oath of Office and secrecy committed by a Minister is outside judicial review under Article 226 of the constitution. It is to be decided in further appropriate forums and in the case of Minister in a State, it falls within the discretionary domain of the Chief Minister and of the Governor....." ഇതാണ്. അതിനെ സംബന്ധിച്ച് ഇപ്പോഴും കോടതിയിലുള്ളതായി പറയപ്പെടുന്നത്—മാതൃഭൂമി റിപ്പോർട്ട് അനുസരിച്ചാണെങ്കിൽ—ഇതിനെ സംബന്ധിച്ച് മുഖ്യമന്ത്രി പരിശോധിച്ച് തീരുമാനിച്ചോ എന്നൊരു ഇഷ്യൂ മാത്രമാണ് ഉള്ളത് എന്നാണ്. വേറെ ഒന്നുമില്ല. മുഖ്യമന്ത്രി 'ഇങ്ങനെ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് തീരുമാനിച്ചോ' എന്ന ഒരു കൺസ്ട്രക്ഷൻ മാത്രമേയുള്ളൂ. അതിന് ആധാരമായ ഏതു കാര്യത്തെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ, അതിന്റെ മെറിറ്റിലേക്ക്, അതായത് "പരിശോധിച്ചു തീരുമാനിച്ചോ" എന്നുള്ള കോടതിയിൽ നിൽക്കുന്ന പോയിന്റിന്റെ മെറിറ്റിലേക്ക് മാത്രം പോകരുത് എന്നുമാത്രമാണ്. അങ്ങനെ ഉണ്ടാകുന്ന പ്രയോഗങ്ങൾ രേഖയിൽ ഉണ്ടായിരിക്കുന്നതല്ല. മറ്റൊന്ന് അത് 'സബ്സ്റ്റാൻഷ്യൽ മോഷനാണെന്ന്' ബഹുമാനപ്പെട്ട ടി. എസ്. ജോൺ പറഞ്ഞു. പക്ഷേ ഇത് ഒരു അവിശ്വാസപ്രമേയ ചർച്ചയാണ്. അവിശ്വാസപ്രമേയ ചർച്ചയിൽ ചർച്ച ചെയ്ത കാര്യങ്ങൾ തന്നെ പറയുന്നതിൽ യാതൊരു അപാകതയുമില്ല. It covers all the points. അതുകൊണ്ട് ബഹുമാനപ്പെട്ട ജോൺ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിൽ യാതൊരു പോയിന്റുമില്ല എന്നാണ് ചെയറിന്റെ അഭിപ്രായം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അങ്ങയുടെ അറിവിലേക്ക് ഒരു കാര്യം പറയട്ടെ. റൂളിങ്ങിനെ പറ്റിയല്ല. അങ്ങേക്ക് ഒരു വിവരത്തെ സംബന്ധിച്ചിടത്തോളം ഇൻഫർമേഷനില്ലാ എന്നു പറഞ്ഞതുകൊണ്ട് ഞാൻ ഒരു ഇൻഫർമേഷൻ പായുകയാണ്. .....(ബഹളം).....

മി. സ്പീക്കർ: അതുകൊണ്ടാണ് പത്രം നോക്കിയത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ ഒരു വാക്കു പറയട്ടെ. ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. ടി. എം. ജേക്കബ്, ഞാൻ ഞങ്ങളെ പ്രതികളാക്കി മന്ത്രിസഭയിലേക്ക് ശ്രീ. ബാലകൃഷ്ണപിള്ളയെ എടുത്തതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഇപ്പോഴും ഒരു കേസ് നിലവിലുണ്ട്.

മി. സ്പീക്കർ: ഉള്ള കേസിന്റെ കാര്യമാണ് ചെയർ പറഞ്ഞത്.

ശ്രീ. ഇ.കെ. നായനാർ: സർ, ഇവിടെ അവിശ്വാസ പ്രമേയം ചർച്ച ചെയ്യുന്നതിനുള്ള അനുവാദം ഇതിനകംതന്നെ തന്നുകഴിഞ്ഞു. റൂളിംഗ് കഴിഞ്ഞതുകൊണ്ട് മന്ത്രിക്ക് ഇനി ഒരു അവകാശവുമില്ല ഈ ഗവൺമെന്റ് രാജി വയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയം, കേന്ദ്ര ഗവൺമെന്റ് അനഭിമതരായി പ്രഖ്യാപിച്ച കുറെ കാര്യങ്ങൾ സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

ത്താശ ചെയ്തു കൊടുത്ത മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും, പഞ്ചാബ് മോഡൽ പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെ പേരിൽ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും, പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച് നടപടിക്ക് എതിരായി കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും, യൂണിവേഴ്സിറ്റി ജീവനക്കാരും, വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്ത ജീവനക്കാർക്ക് എതിരെ പ്രതികാര നടപടികൾ തുടരുകയും സർക്കാർ നൽകിയ ഉറപ്പ് ലംഘിക്കുകയും ചെയ്തിരിക്കുന്നതിനാലും, അഴിമതി വ്യാപകമാക്കുകയും ക്രമ സമാധാനനില തകർക്കുകയും ചെയ്ത മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് സംസ്ഥാന ജനതയ്ക്ക് ആപൽക്കരമായതിനാലും ബഹു മാനപ്പെട്ട കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭ രാജിവയ്ക്കണമെന്നാണ്. കഴിഞ്ഞ നാലു വർഷക്കാലത്തെ പ്രവർത്തനം നമ്മുടെ രാജ്യത്തിലെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ അങ്ങേയറ്റത്തോളം ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ ഉണ്ടാക്കിത്തീർക്കുന്ന പ്രവൃത്തികളാണ് ഇവിടെ നടത്തിയിട്ടുള്ളത്. അതുപോലെ തന്നെ നാടിന്റെ സമൃദ്ധിയെ നശിപ്പിക്കുന്നവിധത്തിൽ വിവിധ രംഗങ്ങളിൽ വിഷവിത്തുകൾ വിതച്ച് സംസ്ഥാനത്തെ ജനങ്ങളെ അങ്ങേയറ്റത്തെ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും തള്ളി വീഴ്ത്തുന്ന നയ പരിപാടികളാണ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ തുടരുന്നത് ആപൽക്കരമാണ് എന്നു പറയുന്ന സമയത്തുതന്നെ ഇൻഡ്യയുടെ പല ഭാഗങ്ങളിലും, പഞ്ചാബിൽ, ആസ്സാമിൽ, നാഗാലാൻറിൽ വടക്കുകിഴക്കൻ മേഖല കളിൽ, ഇപ്പോഴും ഒടുവിൽ ഡൽഹിയിൽ, ഈ കേരളത്തിൽ വർഗ്ഗീയ വിഘടിപ്പിക്കൽ ശക്തികളുടെ തടവുകാരായി കോൺഗ്രസ് നേതൃത്വവും ഭരണാധികാരികളും ഈ രാജ്യത്തെ കൊണ്ടുചെന്ന് എത്തിച്ചിരിക്കു കയാണ്. പട്ടാളവാഴ്ചയിലേക്കാണ് ഈ രാജ്യം നീങ്ങിക്കൊണ്ടിരി ക്കുന്നത്. അതാണ് ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ള "പശ്ചിമ മേഖലയിലെ മിലിട്ടറി ബെൽറ്റ്" എന്ന വ്യാഖ്യാനം. ഏഴ് സംസ്ഥാ നങ്ങളെ മിലിട്ടറി ബെൽറ്റിൽ ആക്കുകയാണ്. ആ രീതിയിൽ ജനാധി പത്യത്തെ കൊലചെയ്യുകയാണ്.....ഇന്ന് ഏറ്റവും ഒടുവിൽ വന്ന പത്ര റിപ്പോർട്ട് അതാണ്. അങ്ങേയറ്റത്തെ അരക്ഷിതാവസ്ഥ യിലേക്ക് നമ്മുടെ രാജ്യത്തെ മുഴുവനും ജാതിമത വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ചുകൊണ്ടുള്ള കേന്ദ്ര ഗവൺമെന്റ് നയം കൊണ്ടെത്തിച്ചിരിക്കുകയാണ് എന്നുള്ളതാണ് അനുഭവം. ഇത് ഇല്ലാതാക്കിത്തീർക്കാൻ, ഇത്തരം പ്രവർത്തനം ഇല്ലാതാക്കാൻ ജാതി മതേതര ശക്തികളെ യോജിപ്പിച്ച് അണി നിരത്തുന്നതിനു പകരം നമ്മുടെ രാജ്യത്തിലെ കോൺഗ്രസ് നേതൃത്വം ഉപജാതി ഉപപരിഷത്തു മായിട്ടും ഗൂർഖാലാൻറുമായിട്ടും മുസ്ലീം ലീഗ്, കേരളാ കോൺഗ്രസ് തുടങ്ങിയുള്ള വിഘടന വിഭാഗീയ ശക്തികളുമായിട്ടും കൂട്ടുപിടിച്ചു കൊണ്ട്, അതുപോലെ ബോംബെയിലെ ശിവസേനയുമായി കൂട്ടു പിടിച്ചുകൊണ്ട് ഈ രാജ്യത്തെ ആപൽക്കരമായ മേഖലയിലേക്ക് നയിച്ചു കൊണ്ടിരിക്കുകയാണ്. ഇതാണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്. അതുകൊണ്ട് അതിന്റെ ഒരു പശ്ചാത്തലമായിട്ടാണ് കുവൈറ്റി കളുടെ വരവിനെ സംബന്ധിച്ച് ഞാൻ ഇവിടെ പരാമർശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ജനുവരി മാസത്തിൽ കുവൈറ്റിൽ അടങ്ങിയിട്ടുള്ള ഒരു സംഘം കേരളത്തിൽ പര്യടനം നടത്തി. ജനുവരി 29-ന് തിരുവനന്തപുരത്ത് എത്തിയ ആ സംഘത്തിലെ രണ്ടുപേരാണ് സെയ്ദ് ഹാഷിം അൽ റഫായിയും അൽ റാഫി അൻവർ സെയ്ദ് യാക്കൂബും. 1985 ജൂലായ് 7-ാം തീയതി ഇന്ത്യാ ഗവൺമെൻറ് അവരെ അനഭിമതരായി പ്രഖ്യാപിച്ചു. ആ വിവരം സെപ്തംബർ ഒന്നിന് കേരളാ ഗവൺമെൻറിന് കിട്ടുകയും ചെയ്തിരുന്നു. ഇന്ത്യക്കും കോൺഗ്രസ് (ഐ) നേതൃത്വത്തിനും അനഭിമതരായിട്ടുള്ള രണ്ടുപേരെ, നമ്മുടെ രാജ്യത്തിൻറെ സംഘടിത ഐക്യത്തെ തകർക്കാൻ ശ്രമിച്ച രണ്ടുപേരെ, ഇവിടെ സ്വീകരിക്കാനും അതുപോലെതന്നെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി അവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കാനും ഇവിടത്തെ മുഖ്യമന്ത്രിയടക്കം, ഉപമുഖ്യമന്ത്രിയടക്കം, ലീഗ് നേതൃത്വമടക്കം പ്രവർത്തിച്ചു എന്നുള്ളതാണ് എൻറെ ആരോപണം. വിസയോ നിയമപ്രകാരമുള്ള മറ്റു രേഖകളോയില്ലാതെ തിരുവനന്തപുരത്തെത്തിയ ഈ രണ്ടു കുവൈറ്റി പ്രമുഖൻമാരെ കൊണ്ടുവരാൻ വ്യവസായ മന്ത്രിയുടെയും, ശ്രീ. യു.എ.ബീരാൻറെയും പേഴ്സണൽ സ്റ്റാഫിലെ രണ്ട് അംഗങ്ങളും അധികൃതരെ കണ്ടു സ്വാധീനിച്ചിരുന്നു. അവർ കൊണ്ടുവന്ന 15 പെട്ടിയിൽ എന്താണ് സാധനമെന്ന് ഈ മന്ത്രിമാർക്കു മാത്രമേ അറിയാവൂ. ആദ്യദിവസം ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞു ഞാൻ അവരെ പേയിംഗ് ഗസ്റ്റ് ആക്കിയിട്ടില്ലായെന്ന്. എൻറെ ചോദ്യത്തിന് ഉത്തരമായി രണ്ടാമത്തെ ദിവസം പേയിംഗ് ഗസ്റ്റാക്കിയതിൻറെ മുഴുവൻ ഉത്തരവാദിത്വവും ഞാൻ ഏറ്റെടുക്കുന്നു എന്നു പറഞ്ഞു. ദേശീയ പതാക വച്ച രണ്ടു കാറിൽ ഇവരെയും കൊണ്ട് മന്ത്രിമാർ പര്യടനം നടത്തിയ അനുഭവമാണ് ഇവിടെയുള്ളത്. 4 ദിവസത്തെ അവരുടെ പരിപാടികൾക്കിടയിൽ 25 ലക്ഷം രൂപ ഇവിടെ വിതരണം ചെയ്തതായിട്ട് കേരളത്തിലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതുമാത്രമല്ല കേരളത്തിൽ ഈ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വേൾഡ് മുസ്ലീം മൈനോറിറ്റി കമ്മ്യൂണിറ്റി എന്ന ഒരു സ്ഥാപനവും ഉണ്ട്. ആ സ്ഥാപനം വിദേശത്തു നിന്നും 36.46 ലക്ഷം രൂപ സ്വീകരിച്ചിട്ടുണ്ട് എന്ന് മേയ് മാസം 6-ാം തീയതി കേന്ദ്രമന്ത്രി ശ്രീ. ജനാർദ്ദന പൂജാരി രാജ്യസഭയിൽ വെളിപ്പെടുത്തി. എന്നാൽ ഇതിനെ സംബന്ധിച്ച് ഒരു ചോദ്യം ജൂൺ 23-ാം തീയതി കേരളാ നിയമസഭയിൽ വന്നപ്പോൾ മുഖ്യമന്ത്രി നൽകിയ മറുപടിയിൽ തിരുവനന്തപുരം ആസ്ഥാനമായി ഇങ്ങനെ ഒരു സ്ഥാപനം ഇല്ലെന്നാണ് പറഞ്ഞത്. കേന്ദ്രമന്ത്രി ശ്രീ. ജനാർദ്ദന പൂജാരി മേയ് 6-ാം തീയതി ഈ വേൾഡ് മുസ്ലീം മൈനോറിറ്റി കമ്മ്യൂണിറ്റിക്ക് 36.46 ലക്ഷം രൂപ കിട്ടിയെന്ന് രാജ്യസഭയിൽ പറയുമ്പോൾ കേരളാ മുഖ്യമന്ത്രി ജൂൺ 23-ന് പറയുന്നു അത്തരം ഒരു സ്ഥാപനമില്ലായെന്ന്. നോക്കണേ ഇന്ത്യാ ഗവൺമെൻറിനു കിട്ടിയ വിവരം. ഇവിടെ രണ്ടു തവണ സത്യവിരുദ്ധമായ പ്രസ്താവന മുഖ്യമന്ത്രി ചെയ്തു. ഒന്ന് "ഞാൻ പേയിംഗ് ഗസ്റ്റാക്കിയിട്ടില്ല" എന്നത്. രണ്ടാമത് ഇത്തരം "ഒരു സ്ഥാപനമില്ലായെന്ന്". ഇത് ഗവൺമെൻറിൻറെ പ്രസ്താവനയാണ്. ചോദ്യത്തിനുള്ള ഒഫീഷ്യൽ മറുപടിയാണ്. ഇങ്ങനെ ഒരു സ്ഥാപനം ഇവിടെയില്ല. അതായത് ഇങ്ങനെ ഒരു സ്ഥാപനം തിരുവനന്തപുരത്ത് തുടരുന്നില്ല. അതു കൊണ്ട് പണം കിട്ടിയതു എത്രയെന്നുള്ള ചോദ്യം ഉദിക്കുന്നില്ല. ഇതാണ് ശ്രീ. കരുണാകരൻ ജൂൺ 23-ന് കേരളാ അസംബ്ലിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ മറുപടി.. എന്നാൽ ശ്രീ. ജനാർദ്ദനപൂജാരി മേയ് 6-ന് നൽകിയത് അത്തരം ഒരു സ്ഥാപനം ഉണ്ടെന്നാണ്. പുറത്തുനിന്നും 36.46 ലക്ഷം രൂപ സ്വീകരിച്ച് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഇങ്ങനെ മറച്ചുവച്ച് ലീഗുമായിട്ടുള്ള കൂട്ടുകെട്ടിനെയും വർഗ്ഗീയ ശക്തികളെയും ഒളിച്ചു സഹായിക്കുന്നതിനുവേണ്ടി നമ്മുടെ മുഖ്യമന്ത്രി രണ്ടുതവണ കളവു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അതിൽ പ്രതിഷേധിക്കുന്നു. അതിന്റെ രണ്ടു ഒഫീഷ്യൽ രേഖകളാണ് ഞാൻ ഇവിടെ വച്ചിട്ടുള്ളത്. ഈ തരത്തിൽ വിദേശത്തു നിന്നും പണം വാങ്ങി ഇവിടെ കുഴൈറിക്കളാണ് 25 ലക്ഷം രൂപ വിതരണം ചെയ്തത് എന്നാണ് ഇവിടത്തെ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. അന്വേഷണത്തിന്റെ ഫലം എന്താണെന്ന് ഇതുവരെ മറുപടി കിട്ടിയിട്ടില്ല. കഴിഞ്ഞ മാർച്ച് 19-ാം തീയതി പ്രതിപക്ഷ എം. പി.മാർ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ലോകസഭയിൽ ഈ പ്രശ്നം ഉന്നയിച്ചു. രാജ്യരക്ഷയെ ബാധിക്കുന്ന പ്രശ്നം ഉൾക്കൊള്ളുന്ന ഈ സംഭവത്തിൽ കേന്ദ്രത്തിന് ഉൽക്കണ്ഠയുണ്ടെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ലോകസഭയിൽ പ്രസ്താവിക്കുകയും ചെയ്തു. ഈ സഭയിൽ ഇതിനുമുമ്പ് ഇന്നുവരെ ഉന്നയിച്ചിട്ടില്ല. ഇതിനെപ്പറ്റി ഇവിടെ എന്തുകൊണ്ട് മറുപടി തന്നില്ല. ഇവർ അന്വേഷണം നടത്തുന്നു എന്നു ഞങ്ങൾക്ക് ഉറപ്പു തന്നിട്ടും എന്തുകൊണ്ട് അതിന് വിശദമായ വ്യാഖ്യാനങ്ങൾ നൽകിയില്ല. അതുകൊണ്ടാണ് ഞങ്ങൾ മന്ത്രിമാരോട് പറഞ്ഞത് നാലു മന്ത്രിമാർ അധികാരത്തിൽനിന്ന് മാറിനിൽക്കണമെന്ന്. മുഖ്യമന്ത്രി ഉൾപ്പെടെ. രാജ്യദ്രോഹികൾക്ക് ഇവിടെയാണെങ്കിൽ എല്ലാ സൗകര്യവും ചെയ്തുകൊടുത്തു, ദേശീയ പതാക വച്ച കാറിൽ അനധികൃതരെ കൊണ്ടുനടന്നിട്ടുള്ള നാലു മന്ത്രിമാർ രാജിവയ്ക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടാനുള്ള കാരണം അതാണ്. അതിനെ സംബന്ധിച്ച് അന്വേഷിക്കുന്നുണ്ടെന്നു പറഞ്ഞു. ഇന്നുവരെ അതിന്റെ റിപ്പോർട്ട് അസംബ്ലിയിൽ വച്ചിട്ടില്ല. ഇന്നുവരെ ഞങ്ങൾക്കു തന്നില്ല. കേന്ദ്ര മന്ത്രി പറഞ്ഞു ഉൽക്കണ്ഠാജനകമായ സ്ഥിതിഗതിയാണിതെന്ന്. നാലു മന്ത്രിമാരാണ്. ശ്രീ. വയലാർ രവി ഇവിടത്തെ കുതികാൽ വെട്ടുകൊണ്ടും ആഭ്യന്തര കുഴപ്പം കൊണ്ടും മന്ത്രിസഭയിൽ നിന്നും പുറത്തുപോയി. ബാക്കിയുള്ള മൂന്നുപേരുണ്ട്. രണ്ടു മന്ത്രിമാരും മുഖ്യമന്ത്രിയുമുണ്ട്. ഇവർ അധികാരത്തിൽനിന്ന് മാറിനിൽക്കുന്നതിനു പകരം പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യുകയാണ് ചെയ്തത്. അതുകൊണ്ട് ഈ പ്രശ്നം, വർഗ്ഗീയപരമായ ഒരു പ്രശ്നമാണ്. ഇത് മുസ്ലീം വിരോധ പ്രശ്നം മാത്രമല്ല; ഇൻഡ്യാ രാജ്യത്തെ അപകടപ്പെടുത്താൻ ഇൻഡ്യയുടെ രാജ്യരക്ഷയെ അപകടപ്പെടുത്താൻ ശ്രമിക്കുന്ന രാജ്യദ്രോഹികളുടെ പ്രശ്നം കൂടിയാണ്. കാരണം സി.ഐ.എ.യുടെ ഏജൻറൻമാരായി, ഇൻഡ്യയുടെ രാജ്യരക്ഷാ നടപടികളെ ഒറ്റുകൊടുത്തിട്ടുള്ള ലാനാർക്കാ സഹോദരൻമാർ ഇന്ന് ജയിലിൽ കിടക്കുകയാണ്. കുമർ നാരായണൻ പാലക്കാട്ടുകാരനാണ്. അദ്ദേഹവും, രാമസ്വരൂപും ജയിലിൽ കിടക്കുകയാണ്. ഇവരൊന്നും മുസ്ലീം അല്ല. ഇതിൽ ഒന്ന് ബ്രാഹ്മണനാണ്. ഒന്ന് ജാട്ട് ആണ്. മറൊന്ന് കൃസ്ത്യാനിയാണ്. മുസ്ലീം വിരോധത്തിന്റെ അടിസ്ഥാനത്തിൽ അല്ല ഇൻഡ്യയുടെ രാജ്യരക്ഷയുടെ അടിസ്ഥാനത്തിലാണ് ഇതു പറയുന്നത്. അതുപോലെ ഫാറവും ഒടുവിൽ ഇന്നലത്തെ പത്രത്തിൽ വന്ന റിപ്പോർട്ടിൽ ബീരാന്റെ മകൻ നാസർ അടക്കം ഒരു കമ്പനി ഉണ്ടാക്കി രണ്ടു ലക്ഷം രൂപയുടെ സാധനം

LIBRARY ARCHIVES Kerala Legislative Assembly

ഒളിച്ചു കടത്തി എന്ന് ആ കേസ് കോടതിയിൽ വന്നു എന്ന് എക്സ് പ്രസ് പത്രം റിപ്പോർട്ട് ചെയ്യുന്നു. നോക്കണം. മന്ത്രിയുടെ മക്കളടക്കം വിദേശങ്ങളുമായി ബന്ധപ്പെട്ട്. കളവ് നടത്തുന്നു. മന്ത്രിയുടെ അറിവ് ഇല്ലാതെയാണോ ഇത് നടത്തിയത്. അതുപോലെ രാജ്യദ്രോഹ പ്രസംഗം നടത്തിയ ബാലകൃഷ്ണ പിള്ള. പഞ്ചാബ് മോഡൽ—രാജ്യദ്രോഹ പ്രസംഗം നടത്തിയ ആളെ ഉടനേ പുറത്താക്കണമെന്നു പ്രസംഗിച്ചത് ഇ.കെ. നായനാരല്ല. കാർത്തികേയനാണ്. അപ്പുറത്തിരിക്കുന്ന യൂത്ത് കോൺഗ്രസ്സിന്റെ നേതാവായ കാർത്തികേയനാണ്. ഫസ്റ്റ് ഡേയിൽത്തന്നെ പ്രസംഗിച്ചു, ഇയാളെ ഒരു നിമിഷംപോലും അധികാരത്തിൽ വയ്ക്കാൻ പാടില്ലെന്ന്. അങ്ങനെ പ്രസംഗിച്ചതിനാണ് മാതൃഭൂമി വലിയ ഹെഡ് ലൈൻ കൊടുത്തത്. പിന്നെ ഞങ്ങളം പറഞ്ഞത് ശരിയാണ്. നല്ലത് പറഞ്ഞാൽ അപ്പുറത്തു നിന്നായാലും ഞങ്ങളം സ്വീകരിക്കും. നല്ലതാണ്. നല്ല അഭിപ്രായമല്ലെങ്കിൽ ഞങ്ങളം സ്വീകരിക്കുകയില്ല. യൂത്ത് കോൺഗ്രസ്സുകാരൊക്കെ പറഞ്ഞു. അങ്ങനെ പ്രസംഗിച്ച ഒരു എം.എൽ.എ. യാണ് ബാലകൃഷ്ണപിള്ളയുടെ തൊട്ടടുത്തിരിക്കുന്നത്. ഇയാളെ പുറത്താക്കണമെന്നു പ്രസംഗിച്ച മറെറാരു മന്ത്രിയാണിരിക്കുന്നത് അദ്ദേഹത്തിന്റെ അടുത്ത്. അപ്പോഠം ഞാൻ ചോദിക്കട്ടെ, പഞ്ചാബ് മോഡൽ ഈ രാജ്യത്തു പ്രസംഗിച്ച, രാജ്യദ്രോഹം പ്രസംഗിച്ച ബാലകൃഷ്ണപിള്ളയെ വീണ്ടും മന്ത്രിസഭയിൽ എടുത്തത് എന്തിനാണ്? കേരളാ കോൺഗ്രസ്സുകാർ പറഞ്ഞു, 25-ാം തീയതി എടുത്തിട്ടില്ലെങ്കിൽ മന്ത്രിസഭ പൊളിയും. 24-ാം തീയതി രാത്രി തീരുമാനിച്ചു. 25-ാം തീയതി രാവിലെ മന്ത്രിയാക്കി. കേരളാ കോൺഗ്രസ്സുകാർ പറഞ്ഞു - ഞങ്ങളുടെ മൂന്നു മന്ത്രിമാർ ബാലകൃഷ്ണപിള്ളയെ എടുത്തില്ലെങ്കിൽ പുറത്തുപോകുമെന്നു പറഞ്ഞു. ശരി എടുത്തുകൊള്ളാമേ. കരുണാകരൻ പറഞ്ഞു. എന്തിനാ ഇവിടെ കോൺഗ്രസ് ഭരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, എന്തിനാ ഇവിടെ കോൺഗ്രസ് ഭരിക്കുന്നത്? ഈ രാജ്യത്ത് കുമ്പിട്ടുകൊണ്ട് അവരുടെ പെട്ടിയും പേറി നടക്കുന്ന കോൺഗ്രസ് എന്തിനാണ് ഇവിടെ ഭരിക്കുന്നത്? എന്നിട്ട് രാമചന്ദ്രൻമാസ്റ്ററും ഹസ്സനുമൊക്കെ വലിയ പ്രസംഗം നടത്തുന്നു. ആ തരത്തിൽ നമ്മുടെ രാജ്യത്ത് രാജ്യദ്രോഹ പ്രസംഗം നടത്തി. എന്നിട്ട് ജാനകിയമ്മയെ അന്വേഷണത്തിനു വച്ച്, ജാനകിയമ്മയോട് ഇന്ന രൂപത്തിൽ എഴുതണമെന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഇല്ലസ്ട്രേറെഡ് വീക്കിലിയിൽ ഇതു റിപ്പോർട്ടു ചെയ്ത പ്രതീഷ്നന്ദി ഞങ്ങൾക്കെതിരായി കേസ് കൊടുക്കൂ എന്ന് പറഞ്ഞു. ധൈര്യമുണ്ടെങ്കിൽ എന്റെ പേരിൽ കേസ് കൊടുക്കൂ എന്നു പറഞ്ഞു. എന്നിട്ട് കേസ് കൊടുക്കാൻ നിങ്ങൾക്കു ധൈര്യമുണ്ടായോ? രാധാകൃഷ്ണമേനോനേ ഫോൺ ചെയ്തിട്ടില്ലേ? ഇത്രാം നമ്പർ ഫോണിൽ നിങ്ങൾ ഫോൺചെയ്തു പറഞ്ഞില്ലേ? ജഡ്ജിയോട് നിങ്ങൾക്ക് അഭിമാനമുണ്ടെങ്കിൽ എനിക്ക് എതിരായിട്ട് കേസ് കൊടുക്കൂ എന്ന് ഇല്ലസ്ട്രേറെഡ് വീക്കിലിയുടെ നാലു ലേഖനത്തിൽ അദ്ദേഹം എഴുതി. ധൈര്യം ഉണ്ടായോ നിങ്ങൾക്ക് കേസ് കൊടുക്കാൻ. അപ്പോൾ നിങ്ങൾ വിളിച്ചുപറഞ്ഞിട്ടല്ലേ പിള്ളയെ പാർട്ടി പുറത്താക്കിയത്. ജാനകിയമ്മയോട് പറഞ്ഞു, ഇന്നതുപോലെ എഴുതൂ ജാനകിയമ്മേ. എഴുതിക്കൊള്ളാം. 24-ാം തീയതി രാത്രി എഴുതിക്കൊടുത്തു. 25-ാം തീയതി രാവിലെ ബാലകൃഷ്ണപിള്ള മന്ത്രിയായി. എന്തിനാ പുറത്താക്കിയത്? രാജ്യദ്രോഹ പ്രസംഗം ചെയ്തു എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ട്. ഈ തരത്തിൽ കുവൈറ്റികളുടെ പ്രശ്നം, ബാലകൃഷ്ണ പിള്ളയുടെ പ്രശ്നം, രാജ്യദ്രോഹപരമായിട്ട് ഇൻഡ്യയുടെ രാജ്യരക്ഷ ക്കെതിരായിട്ട് ഈ രാജ്യത്തിന് അപകടകരമായി പ്രവർത്തിക്കുമ്പോഴും അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കാൻ അതിനൊക്കെ താങ്ങും തണലുമായി നിന്നുകൊണ്ട് നമ്മുടെ മുഖ്യമന്ത്രിയും കൂട്ടാളികളും പ്രവർത്തിച്ചതിനെ പ്രതിഷേധിച്ചുകൊണ്ടും, അതിനെതിരായിട്ടുമാണ് ഞങ്ങളുടെ ഒരു പോയിൻറ്.

രണ്ടാമത്തേത് വിദ്യാഭ്യാസം. രാജ്യത്ത് നല്ല ജനതയെ വാർത്തെടുക്കുന്നതിന് സഹായിക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. അതിനുവേണ്ടി 45 ശതമാനമാണ് നമ്മുടെ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ ബഡ്ജറ് ആർക്കുവേണ്ടിയാണ്. ഫാദർ വള്ളമറ്റം വ്യക്തമാക്കിയിട്ടുണ്ട്. ഞാനും ജേക്കബ്ബുമായി സംസാരിച്ചിരുന്നു. അതിൽ ഭൂരിഭാഗവും ഞങ്ങൾക്കു തരും. റിസർവേഷൻറെ കാര്യം അവിടെയില്ല. അതുപോലെ ഞങ്ങൾക്ക് തരും എന്ന് ഒരു ഒത്തുതീർപ്പുണ്ടായിരുന്നു. അതിൻറെ അടിസ്ഥാനത്തിലാണ് അവസാനം ബഹുജന സമരം വന്നത്. ഞങ്ങൾക്കാണെങ്കിൽ പോളിടെക്നിക്കുമില്ല, ഇതും തൽക്കാലം നിങ്ങൾ മാറിവയ്ക്കുന്നു എന്നു പറഞ്ഞാൽ.....എന്ന് ഫാദർ വള്ളമറ്റം നിഷേധിച്ചതിനെ അദ്ധ്യാപകൻമാർ അംഗീകരിച്ചിട്ടില്ല.

മി. സ്പീക്കർ: നമ്മൾ വളരെ പ്രധാനപ്പെട്ട ഒരു മോഷൻ ഡിസ്ക്കസ് ചെയ്യുകയാണ്. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോഴും മന്ത്രിമാർ മറുപടി പറയുമ്പോഴും എല്ലാം ഒരു ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകാൻ പാടില്ല. അത്തരം കാര്യങ്ങൾ ഏതെങ്കിലും ഭാഗത്തുനിന്ന് വരുകയാണെങ്കിൽ അത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അത് അംഗീകരിക്കുവാനും കഴിയുകയില്ല.

ശ്രീ. ഇ.കെ. നായനാർ: 1968-ൽ ഇൻഡ്യാ ഗവൺമെൻറ് അംഗീകരിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസനയം നടപ്പാക്കാതെ സ്വകാര്യമേഖലയെ തടിപ്പിച്ച് പിന്നോക്കവിഭാഗങ്ങൾക്കുള്ള റിസർവ്വേഷനൊക്കെ തകർത്ത് ഈ രാജ്യത്ത് കൊള്ളയും അഴിമതിയും നടത്തുന്ന ഒരു സ്ഥാപനമായി അധഃപതിപ്പിച്ചിരിക്കുകയാണ് ഇവിടത്തെ വിദ്യാഭ്യാസമേഖല. നമ്മുടെ ബഡ്ജറിൽ നിന്ന് 45 ശതമാനം ചെലവഴിക്കുന്ന ഒരു മേഖലയാണിത്. 70 ശതമാനത്തോളം സാക്ഷരതയുള്ള ഒരു സംസ്ഥാനം എന്നുള്ള നിലയിൽ നമ്മുടെ കേരള സംസ്ഥാനത്തിന് അഭിമാനമുണ്ട്. എന്നാൽ ഇന്നാണെങ്കിൽ അതുമുഴുവൻതന്നെ കുളം തോണ്ടി സ്വകാര്യമേഖലയ്ക്ക് എഴുതിക്കൊടുക്കുവാനുള്ള ഒരടവാണ് ഇവിടെ നടക്കുന്നത്. കഴിഞ്ഞ തവണ ഈ അസംബ്ലിയിൽ ധർണയും നിരാഹാര സത്യാഗ്രഹവുമൊക്കെ നടന്നു. വളരെ നഗ്നമായ രീതിയിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്നു. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസം ഈ നിലയിൽ കൊണ്ടുചെന്നെത്തിച്ചു. ദേവിയെ തുലയ്ക്കുന്ന തരത്തിലാണ് അത് നിങ്ങുന്നത്. പരീക്ഷയാണെങ്കിൽ ന്യായമായി നടത്താതെ, ന്യായമായി ഫലപ്രഖ്യാപനം നടത്താതെ, പാസ്സാകേണ്ടവരെ പാസ്സാക്കാതെ തോറ്റവരെ പാസ്സാക്കുകയും, പാസ്സായവരെ തോൽപ്പിക്കുകയും ചെയ്യുന്ന ഒരു പരീക്ഷാസമ്പ്രദായം അങ്ങനെയുള്ള സമീപനത്തെ ഞാൻ എതിർക്കുന്നു, ഇതിനെച്ചൊല്ലിയാണ് ഈ അസംബ്ലി പത്തു ദിവസം നിറുത്തിവെക്കേണ്ടി വന്നത്. വൈസ് ചാൻസലർമാരുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഈ കാര്യങ്ങൾ ആലോചിക്കാമെന്നാണ് ഉറപ്പുതന്നിരിക്കുന്നത്. ഇന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രതികാര നടപടികളും നിങ്ങൾ നടത്തുന്നുണ്ട്. യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ സ്ത്രീകളായിട്ടുള്ള ജീവനക്കാർക്കെതിരായിട്ട് (അക്രമം ചെയ്തു അല്ലെങ്കിൽ നിയമം ലംഘിച്ചു എന്നുള്ള അടിസ്ഥാനത്തിൽ) രോഷാകുലരായിട്ട് പെരുമാറുന്നു. - അതുപോലെത്തന്നെ കേരളാ, കാലിക്കറ്റ് സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് ഇല്ലാതാക്കാൻ ഓർഡിനൻസ് പുറപ്പെടുവിക്കാൻ പോവുകയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. വൈസ് ചാൻസലർമാരെ തന്റെ ചൊൽപ്പടിക്ക് നിറുത്തിക്കൊണ്ടാണ് സഹകാര്യമേഖലയിൽ ഇതു മുഴുവൻ അടിച്ചേൽപ്പിക്കുന്നത്. നമ്മുടെ രാജ്യത്തെ സ്ത്രീ ജീവനക്കാരോട് ന്യായമായി പെരുമാറാൻ വൈസ് ചാൻസലർമാർ കൂട്ടാക്കുന്നില്ല. ഏതായാലും വിദ്യാഭ്യാസക്കച്ചവടമാണ് നടക്കുന്നത്. വരും തലമുറയെ നാശത്തിലേക്ക് നയിക്കുകയാണ്. അത്തരം ഒരു വിദ്യാഭ്യാസ നയമാണ് ഇവിടെ ഉള്ളത്. എസ്മയും, കരി നിയമങ്ങളും ഉപയോഗിച്ച് ജീവനക്കാരെ മുഴുവൻ അടിച്ചമർത്തി വിദ്യാഭ്യാസത്തെ സഹകാര്യ മേഖലക്ക് അടിയറവയ്ക്കാൻ ശ്രമിക്കുന്ന ഈ സമ്പ്രദായത്തെ തീർച്ചയായിട്ടും വെറുക്കാതെ നിവൃത്തിയില്ല. അതുകൊണ്ടാണ് അതു തുറന്നുകാട്ടുവാൻ ഞാൻ തയ്യാറാകുന്നത്. സർ, അഴിമതിയുടെ കാര്യമെടുക്കാം. ഈ നിയമസഭയുടെ കഴിഞ്ഞ കാലചരിത്രം പരിശോധിക്കുമ്പോൾ ഒരു വസ്തുത ബോദ്ധ്യമാകും, മന്ത്രിമാർക്കെതിരെ ഇത്രയേറെ അഴിമതി ആരോപണം വന്നിട്ടുള്ള ഒരു കാലഘട്ടമുണ്ടായിട്ടില്ല. കഴിഞ്ഞ നാലു വർഷത്തെ ദിനപത്രങ്ങളിലും, മറ്റു പ്രസിദ്ധീകരണങ്ങളിലും ഒന്ന് കണ്ണോടിച്ചാൽ ഒരു വസ്തുത ബോദ്ധ്യമാകും. ഈ 4 കൊല്ലത്തേതുപോലെ മന്ത്രിമാരെപ്പറ്റി ഇത്രയേറെ അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും റിപ്പോർട്ടുകൾ രേണകക്ഷിക്ക് പിൻതുണ നൽകുന്ന മാതൃഭൂമി, മനോരമ പത്രങ്ങളടക്കം എഴുതിയിട്ടുള്ള കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഞങ്ങളുടെ പത്രമായിരുന്നെങ്കിൽ നിങ്ങൾക്ക് ഒരുപക്ഷേ ഞങ്ങളുടെ മേൽ കുറ്റം ആരോപിക്കാമായിരുന്നു. എന്നാൽ നിങ്ങളുടെ പത്രം തന്നെ ഇവിടെ കൊണ്ടുവന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ പ്രസിദ്ധപ്പെടുത്തി നിങ്ങളെ ലജ്ജിപ്പിക്കുന്നു. ഭരണരംഗത്ത് അഴിമതി പേക്കൂത്തുകൾ നടക്കുമ്പോൾ അതു കണ്ടില്ലെന്ന് നടിക്കാനൊക്കുമോ എന്നാണ് നമ്മുടെ മനോരമ പത്രം ചോദിക്കുന്നത്. ഇത്തരത്തിൽ നമ്മുടെ രാജ്യത്ത് അഴിമതി നടപ്പിൽ വരുത്താൻ മുതിർന്നുകൊണ്ടിരിക്കുമ്പോൾ പുറത്തുനിന്നു കൊണ്ടുവന്ന പണത്തെപ്പറ്റി മനോരമയും മാതൃഭൂമിയും പറയുന്നുണ്ട്. അതാണ് മുസ്ലീം സംഘടനക്കുള്ള 36 ലക്ഷം രൂപ. അതുപോലെതന്നെ 75 ലക്ഷം രൂപ ലീഗിന്റെ നേതാക്കൻമാർ ഈ സംസ്ഥാനത്തിലെ പി.ഡബ്ല്യു.ഡി. വകുപ്പിൽ നിന്നും വാങ്ങിയെന്ന് മാതൃഭൂമി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മനോരമ പറയുന്നത് പൊതു പ്രവർത്തന മേഖലയിലും ഭരണ രംഗത്തും നഗ്നവും, നിർലജ്ജവുമായ അഴിമതി പേക്കൂത്തുകൾ നടക്കുന്നുവെന്ന്. അതു കണ്ടില്ലെന്നു നടിക്കുന്നത് ശരിയാണോ? ഇത് മനോരമയുടെ മുഖപ്രസംഗമാണ്. നഗ്നമായ അഴിമതി ഭരണരംഗത്തു നടക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. 75 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. വകുപ്പിൽനിന്നും മുസ്ലീം ലീഗ് വാങ്ങിയെന്ന് മാതൃഭൂമി റിപ്പോർട്ട് എഴുതിയിരിക്കുന്നു. ശരിയാണോയെന്നറിഞ്ഞുകൂടാ. പക്ഷേ ഇന്നുവരെ നിഷേധിച്ചിട്ടില്ല. മാതൃഭൂമി റിപ്പോർട്ടാണ്. നിങ്ങളുടെ പത്രമാണ് പറയുന്നത്. 19.0 മുതലുള്ള ദേശീയ പത്രത്തിന്റെ ഭാഗമാണിത്. ഇത് നിങ്ങളേയും ഞങ്ങളേയും ആക്രമിക്കും. 75 ലക്ഷമാണ് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കുപ്പ് വാങ്ങിയത്, എഞ്ചിനീയർമാരിൽനിന്ന് വാങ്ങിയെന്നാണ് പറയുന്നത്. മറുപടി പറയണം. ഇന്നുവരെ മറുപടി പറഞ്ഞിട്ടില്ല. അതുകൊണ്ട് അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും കാര്യത്തിൽ മുഖ്യമന്ത്രി കരുണാകരൻ തന്നെയാണ് ഒന്നാം സ്ഥാനം എടുത്തിരിക്കുന്നത്. അങ്ങനെ അദ്ദേഹം റിക്കാർഡ് സൃഷ്ടിച്ചിരിക്കുന്നു. കെ.എൻ. മേനോൻ സംഭവം മുതൽ ആന്റോ സംഭവം വരെ എത്ര അഴിമതി ആരോപണങ്ങളാണ് മുഖ്യമന്ത്രിക്കെതിരായിട്ട് വന്നിരിക്കുന്നത്. അതുപോലെതന്നെ നമ്മുടെ മന്ത്രി ശ്രീ. ബീരാന്റെ മകന്റെ പേരിലുള്ള പ്രശ്നവും മുമ്പ് ഇവിടെ വന്നിട്ടുള്ളതാണ്. കഴിഞ്ഞ ഏപ്രിലിൽ മുഖ്യമന്ത്രിയുടെ അഴിമതിയെക്കുറിച്ച് ഞങ്ങൾ പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചു. കാരണം ഒരു ക്ലീൻ രേണം നടത്തുന്ന ആളാണ് ശ്രീ. രാജീവ് ഗാന്ധി. 1985 സെപ്തംബർ 7-ാം തീയതിയും 1986 മാർച്ച് മാസം 29-ാം തീയതിയും രണ്ടുതവണയും പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചു. അതിനെപ്പറ്റി അന്വേഷിച്ചുവോ, അതിന്റെ കാരണമെന്താണെന്നറിയാമോ? പണ്ട് ഒരു സംഭവമുണ്ടായി. കേരളത്തിൽ നടന്നത് ഞാൻ ഓർക്കുകയാണ്. ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കുറെ കോൺഗ്രസ് നേതാക്കൻമാർ ഡൽഹിയിൽ പോയി. സ്പീക്കർക്കറിയാമോയെന്നു എനിക്കറിഞ്ഞുകൂടാ. ഇവിടെ ഞങ്ങളുടെയിടയിൽ അതു പാട്ടായിരുന്നു. ഡൽഹിയിൽ ചെന്ന് പ്രധാനമന്ത്രി നെഹ്റുവിനെ കണ്ടു. ശ്രീ. ആർ. ശങ്കർ ഒരു ട്രക്ക് വിഴുങ്ങിയെന്ന് കോൺഗ്രസ്സുകാർ ആരോപിച്ചു. അതുകൊണ്ട് അഴിമതിക്കാരനായ ശ്രീ. ശങ്കറെ മുഖ്യമന്ത്രിപദത്തിൽനിന്നും നീക്കം ചെയ്യണമെന്ന് കോൺഗ്രസ്സുകാർ നെഹ്റുവിനോട് ആവശ്യപ്പെട്ടു. നെഹ്റു പ്രതികരിച്ചത് എങ്ങനെയായിരുന്നുവെന്നോ? One truck? You see in Punjab Prathap Singh Kairon has swallowed hundred trucks. നെഹ്റുവിന്റെ അടുത്തു പോയിട്ട് പറയാൻ പോയവർ അതുപോലെ തിരിച്ചുവന്നു. അപഹാസ്യരായിട്ട്. Hundreds of trucks was swallowed by Prathap Singh. You are saying only of one truck. അതാണ് ഇവിടെനിന്നും പോയ കോൺഗ്രസ്സുകാർക്ക് നെഹ്റുവിൽ നിന്നും കിട്ടിയ മറുപടി. നെഹ്റുവിന്റെ കാലത്ത് മുളച്ച്, ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്ത് തളിർത്ത് രാജീവിന്റെ കാലത്ത് പൂത്തുനിൽക്കുകയാണ് അഴിമതിയുടെ ശവം നാറിപ്പൂക്കൾ. ഇന്ന് അഴിമതിയുടെ ദുർഗന്ധം കോൺഗ്രസ്സുകാരന്റെ സംസ്കാരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഒറീസ്സയിലെ പട്നായിക്കിന്റെ അടുത്ത് ആരോഗ്യമുള്ള ഒരു ചെറുപ്പക്കാരനെ പോകാമോ? ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ വായിച്ചതാണ്. ശ്രീ. ഹസ്സനുപോകാമോ? പോകാൻ കഴിയില്ല. പോകാൻ കഴിയില്ലെന്ന് ഞാൻ നിങ്ങളോടു പറയുകയാണ്. അതുപോലെ ബോംബെയിലെ മുൻ മുഖ്യമന്ത്രി ആന്റിക്കിന്റെ കൂടെ സ്ത്രീകളെ അയക്കാമോ? അതാണ് കോൺഗ്രസ്സിന്റെ സംസ്കാരം. അതുകൊണ്ട് നിങ്ങളുടെ സംസ്കാരത്തെപ്പറ്റി പറയണ്ട. ഞാനിവിടെ 75 ലക്ഷം രൂപയെപ്പറ്റി യാണ് പറഞ്ഞത്. 1986 മേയ് മാസം 19-ാം തീയതിയിലെ മാതൃഭൂമിയിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതു നോക്കിയാൽ മതി. അതു മാത്രമല്ല, ഞാൻ പറയാൻ പോകുന്ന മറ്റൊരു വസ്തുതയുണ്ട്. 75 ലക്ഷം രൂപ ലീഗ് നേതാക്കൾ വാങ്ങിയിരിക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറെറാരു വസ്തുത പറയാനുള്ളത് മുഖ്യമന്ത്രി കരുണാകരനെ പററിയാണ്. ഇത് ബ്ലിറ്റ്സിന്റെ പത്രാധിപരായ കരഞ്ചിയയുടെ നേതൃത്വത്തിൽ ബോംബെയിൽനിന്നു പുറപ്പെടുവിക്കുന്ന ദിനപത്രമാണ്. ജൂലായ് 15-ാം തീയതിയിലുള്ള പത്രത്തിലാണുള്ളത്: ഇപ്പോൾ അത് രാജീവിന്റെ പത്രമാണ്. ഈ പത്രത്തിന്റെ എഡിററ റായ കരഞ്ചിയ നെഹ്റു കുടുംബവുമായിട്ട് വളരെക്കാലം ബന്ധമുള്ള ആളാണ്. അതിൽ പറയുന്നത് C.B.I. nails Karuna. കരുണ എന്നു പറഞ്ഞാൽ കരുണാകരൻ എന്നാണ്.

C.B.I. sources are reportedly of the view after examining the facts from Chief Minister's controversial visit to Bombay with Auto in the helicopter journey. There is a prima facie case in the allegation. C.B.I. യുടെ റിപ്പോർട്ടാണ്.

It is now charges against Chief Minister Karunakaran are referred to the C.B.I. for a thorough pro. Chief Minister would have no loopholes left to escape. Kerala is the only Congress ruled State in the south. After the charges against the Congress Chief Minister are proved to be correct, it will be a body blow to the Congress Party in the State. It seems to be the reason for not entrusting the enquiry against the Chief Minister, C.B.I. it is believed.

തെക്കെ ഇൻഡ്യയിൽ ഒരൊററ മുഖ്യമന്ത്രിയെയുള്ളു കോൺഗ്രസ്സിന്. അതുതന്നെ ഭൂരിപക്ഷമില്ലാത്ത മുഖ്യമന്ത്രിയെന്ന് ബ്ലിറ്റ്സ് പത്രാധിപർ കരഞ്ചിയ എഴുതിയിരിക്കുന്നു. അന്വേഷണത്തിൽ സി.ബി.ഐ. കുററം കണ്ടുപിടിച്ചാൽ ഈ മന്ത്രി എവിടെ എത്തും. പൊട്ടിററിക്കൽ ഭീഷണിയെ ഭയന്ന് കേന്ദ്ര നേതൃത്വം രഴിമതിയെ മൂടിവയ്ക്കുന്നതിനും മററും ശ്രമിക്കുകയാണ്. അതു കൊണ്ടാണ് സി ബി.ഐ.യുടെ റിപ്പോർട്ട് വെളിച്ചത്തു വരാത്തത്. ഇത്തരത്തിൽ സി.ബി.ഐ. അന്വേഷണം നടത്തി, കുററം കണ്ടു പിടിച്ചിരിക്കുകയാണ്. "ഫസ്ററ് ഇൻഫർമേഷൻ റിപ്പോർട്ടിൽത്താന മുഖ്യമന്ത്രിക്കെതിരായി കുററം സി.ബി.ഐ. കണ്ടുപിടിച്ചിരിക്കുന്നു. കോൺഗ്രസ്സുകാർ നിഷേധിക്കാൻ തയ്യാറുണ്ടോ? ഇന്ന് എന്തുകൊണ്ട് കേന്ദ്രഗവൺമെന്റ് നടപടിയെടുക്കുന്നില്ല. സി.ബി.ഐ. യുടെ റിപ്പോർട്ടാണ്. കരഞ്ചിയയുടെ പത്രമാണ് പ്രസിദ്ധപ്പെടുത്തിയത്. അതുപോലെതന്നെയാണ് ജസ്ററിസ് ജാനകിയമ്മ നടത്തിയ അന്വേഷണം. 14 ആരോപണങ്ങളാണ് മുഖ്യമന്ത്രിക്കും ശ്രീ. ബാലകൃഷ്ണപിള്ളക്കും എതിരായിട്ടുകൊടുത്തത്. ന്യായമായി അന്വേഷിച്ചോ. അതുപോലെ നാലരക്കോടി രൂപയുടെ കക്കി അന്വേഷണം നടന്നു. 450 രൂപ മുതൽ രണ്ടായിരം രൂപവരെ ഘനമീറററിനു വിലയുള്ള തടി 15 രൂപ നിരക്കിൽ കോൺട്രാക്ടർക്ക് കൊടുത്തു. ഇതാണ് ഞങ്ങളുടെ വാദം. ഇതിന് ഇപ്പോൾ കേസ്സില്ല. അന്വേഷണത്തിൽ കുററക്കാരനല്ല. ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സർ, നമ്മുടെ രാജ്യത്ത് അഴിമതി നിരോധന കമ്മീഷനുണ്ടാക്കി. ആ കമ്മീഷനുണ്ടാക്കുന്നതിനെപ്പററി ഞാനും വിമർശിച്ചു. കമ്മീഷൻ തന്നെ നൂറു നിർദ്ദേശങ്ങൾ കൊണ്ടുവരാൻ പറഞ്ഞു. അത് സ്വീകരിച്ചില്ല. ആ കമ്മീഷൻ ആദ്യത്തെ വീക്ഷണത്തിൽ കുററവാളിയെന്നുകണ്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഏക്സൈസ് മന്ത്രി രാജിവച്ചു. എന്നാൽ അതിനേക്കാളും ഗുരുതരമായ അഴിമതി നടന്നതായി നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടും അതുമായി ബന്ധപ്പെട്ട നമ്മുടെ തൊഴിൽവകുപ്പുമന്ത്രി രാജിവച്ചില്ല. അതിനെക്കുറിച്ച് അന്വേഷണമില്ല. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെപ്പറ്റി പറഞ്ഞിട്ടില്ല. മന്ത്രിയെപ്പറ്റി പറഞ്ഞിട്ടില്ല.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, എനിക്കെതിരായി ഒരു ആരോപണവും അതിൽ ഇല്ലെന്നുപറഞ്ഞിട്ട് വീണ്ടും ആരോപണമുണ്ടെന്നു പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: കമ്മിറ്റി റിപ്പോർട്ടിൽ മന്ത്രിയുടെ പേര് പറഞ്ഞിട്ടില്ല.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ആ കമ്മിറ്റിയിലെ ചെയർമാൻ മി. കെ.എം. മാണിതന്നെ എനിക്കെതിരായി ഒരു ആരോപണവും ഇല്ലെന്നു പറഞ്ഞതിനുശേഷം ആരോപണം ഉണ്ടെന്നു പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: കമ്മിറ്റി റിപ്പോർട്ടിൽ മന്ത്രിക്ക് എതിരായിട്ട് പറഞ്ഞിട്ടില്ല. ലേബർ ഡിപ്പാർട്ടുമെന്റിലെ കാര്യമാണ് പറഞ്ഞത്. മന്ത്രിയുടെ പേര് പരാമർശിച്ചിട്ടില്ല.

ശ്രീ. ഇ.കെ. നായനാർ: പേരില്ല. ഗവൺമെന്റ് ഈ രാജ്യത്ത് ക്ഷേമനിധിബോർഡ് സംഘടിപ്പിക്കുന്നതിൽ നടത്തിയ അഴിമതി ആരോപണങ്ങളിലേക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്. കമ്മീഷൻ മുൻ ഏക്സൈസ് വകുപ്പുമന്ത്രിയെ സംബന്ധിച്ച് വിരൽ ചൂണ്ടിയപ്പോൾ ഉടനെ രാജിവച്ചു. ഇവിടെ വിരൽ ചൂണ്ടി. എന്നാൽ രാജിയില്ല. അതുകൊണ്ടാണ് ഞങ്ങൾ രാജിവെക്കണമെന്നു പറഞ്ഞത്. ഇത്തരം അഴിമതി നടത്തിയവരാണ് ബജനാവ് കാലിയാക്കിയത്. ഇത് മറച്ചുപിടിക്കാനുള്ള ഒരു ശ്രമമാണ് മുഖ്യമന്ത്രിയടക്കം ഇവിടെ നടത്തുന്നത്. നമ്മുടെ രവി മാറി, ശ്രീമാൻ മാണി പിന്നെ എന്തായാലും മാറുകയില്ല. എന്തുതന്നെ വകുപ്പു കൊടുത്താലും ശ്രീ. മാണി മാറുകയില്ല, പിടിച്ചുനിൽക്കും. മുഖമായ നന്നായോ? ഇല്ല. മുഖമായ കൂടുതൽ വൃത്തികെട്ടു. സി.ബി.ഐ. മുഖ്യമന്ത്രിയെ ചാർജ്ജ് ചെയ്തിരിക്കുകയാണ്. ഐകൃജനാധിപത്യമുന്നണി എന്ന് അവകാശപ്പെട്ടുകൊണ്ട് ഈ മന്ത്രിസഭ ബജനാവ് കൊള്ളയടിക്കുന്നു. ഇവിടെയുള്ളത് ഒരു ഓർഡിനൻസ് സർക്കാരാണ്. എട്ടും പത്തും തവണ ആവർത്തിച്ചതുപ്പോലെ 32 ഓർഡിനൻസുകളാണ് ബാക്കിയുണ്ട്. ന്യായമായി ഇരിക്കാൻ നമുക്ക് സമയമുണ്ടോ? അലഹബാദ് ഹൈക്കോടതി എന്താണ് വിധിച്ചത്? ഓർഡിനൻസിനു പകരമൊരു ബിൽ കൊണ്ടുവന്ന് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സഭയെ അഭിമുഖീകരിക്കാനുള്ള തന്റേടം കാണിക്കാതെ ആവർത്തിച്ചാവർത്തിച്ച് പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾകൊണ്ട് ഭരണം നടത്താൻ ഗവൺമെന്റ് മുതിരുകയാണെങ്കിൽ ആ നടപടി രേണഘടനയോട് കാണിക്കുന്ന ചതിവ് ആയിരിക്കും, അധികാര ദുർവിനിയോഗമായിരിക്കും എന്നാണ് അലഹബാദ് ഹൈക്കോടതി വിധി. ഞങ്ങൾ പറഞ്ഞു വൈകുന്നേരം ഇരിക്കലല്ല, ആഗസ്റ്റും സെപ്തംബറും കൂടി ഇരിക്കാമെന്ന്. ഞങ്ങൾ തയ്യാറാണ്. നിങ്ങൾ തയ്യാറല്ല. നിങ്ങൾക്ക് ഓർഡിനൻസ് രേണമാണ് ഈ രാജ്യത്ത് ആവശ്യം; ജനാധിപത്യത്തെ കശാപ്പ് ചെയ്യാൻ; പഞ്ചായത്ത് ഇലക്ഷൻ നീട്ടിവെക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മറ്റൊരു കാര്യം പറയുകയാണ്. ഈ രാജ്യത്ത് ക്രമസമാധാനമുണ്ടോ? 1982-ൽ ഹിന്ദു മുസ്ലീം ജാതി മത വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ച് അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന നിങ്ങൾ എല്ലാ ജാതിയേയും മതത്തേയും പ്രോൽസാഹിപ്പിക്കുന്നു. നമ്മുടെ കെ.പി.സി.സി. പ്രസിഡണ്ടിന് ഇപ്പോൾ ഒരു ബോധോദയമുണ്ടായി. ഒരു ജാതിയും ഒരു മതവും വേണ്ട, ഏകകക്ഷി ഭരണം മതിയെന്ന്. അതു പോലെ രാജീവ് ഗാന്ധിയിൽ വിശ്വാസം വേണമത്രെ. ഞാൻ ചോദിക്കട്ടെ പഞ്ചാബിൽ എന്താണ് നടന്നത്? നിങ്ങൾ ഭിന്ദ്രൻവാലയെ പ്രോൽസാഹിപ്പിച്ചില്ലേ? ജാതി മത വർഗ്ഗീയ ശക്തികളെ പ്രോൽസാഹിപ്പിച്ചു കൊണ്ടുള്ള ഭരണമല്ലേ നടക്കുന്നത്? ഞാൻ ചോദിക്കട്ടെ ഡൽഹിയിലാണെങ്കിൽ പട്ടാളം, ജനസംഘം, ശൂലം, കത്തി, വാൾ എല്ലാമുണ്ട്. ഈ രാജ്യത്ത് കൊലപാതകങ്ങൾ നിത്യസംഭവങ്ങളായി മാറിയിട്ടുണ്ട്. ക്ഷേത്ര ധ്വംസനം ആണ് നടക്കുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെ മൂന്ന് മാല പോയി. ഇന്നുവരെ കണ്ടുപിടിച്ചോ? കോടിക്കണക്കിനു രൂപയുടെ മാല കട്ടുകൊണ്ടുപോയി. നിങ്ങൾക്ക് പിടിക്കാൻ കഴിഞ്ഞോ? സുകുമാരക്കുറുപ്പ് എവിടെ പോയി? അതുപോലെ ലോക്കപ്പ് കൊലപാതകങ്ങൾ 18 എണ്ണമാണ്. ഈ തരത്തിൽ ക്രമസമാധാനത്തെ മുഴുവൻ തകർത്തു നിങ്ങൾ.

കാർഷികോൽപ്പന്നങ്ങൾക്ക് വില കൊടുത്തുകൊണ്ട് ഈ രാജ്യത്തിലെ ജനങ്ങളുടെ ജീവിതത്തെ അഭിവൃദ്ധിപ്പെടുത്താൻ വല്ല നടപടിയും നിങ്ങൾ സ്വീകരിച്ചോ? നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചതിനെതിരായി നമ്മൾ ഇവിടെ പോരാടി. ഇന്നലെ വാക്കൗട്ട് വരെ നടത്തി. എന്നാൽ മന്ത്രി അടക്കം ഒരു കാര്യം ചെയ്തു. വില വർദ്ധിച്ചു എന്നു സമ്മതിച്ചു. അതിൽ ഞങ്ങൾക്ക് കൃതജ്ഞതയുണ്ട്.

ഏഴാം പദ്ധതിയുണ്ടോ? ആറാം പദ്ധതിയുടെ സ്പിൽ ഓവറല്ലേ ഏഴാം പദ്ധതി? അതുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്താൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? ഏഴ് പദ്ധതിയിലേക്ക് കടന്നിട്ടുള്ള നമുക്ക് ഇത് സാധിക്കുന്നില്ല. ഇവിടെ കെ.പി.സി.സി. പ്രസിഡണ്ട് ഒരു പ്രസ്താവന നടത്തി. നിങ്ങളുടെ കക്ഷിയുടെ യോജിപ്പ് എന്താണ്? ഞങ്ങളുടെ കക്ഷിയെപറ്റിയല്ലേ നിങ്ങൾ എപ്പോഴും പറയാറുള്ളത്. എന്താണ് സോ" പറഞ്ഞത്? ഏകാധിപത്യമാണെന്നാണ്. സുലൈമാൻ സേഠിന്റെ സ്റ്റേറ്റ്മെന്റ് എന്താണ്? നിർഭാഗ്യകരമാണ് പത്മരാജന്റെ അഭിപ്രായം. രണ്ടു ദശാബ്ദക്കാലത്തെ പഴയ അനുഭവങ്ങൾ മറന്ന് ദിവാസ്വപ്നം കാണുകയാണ് പത്മരാജൻ ഇത് സേഠിന്റെ സ്റ്റേറ്റ്മെൻറാണ്. ഭരണമുന്നണിയുടെ സുഗമമായ പ്രവർത്തനത്തെ ഇത് ഉലയ്ക്കും. ഇത്തരം പുലമ്പലുകൾ ജനാധിപത്യ തത്വങ്ങൾക്കെതിരാണ്. സോഷ്യലിസ്റ്റ് ജനാധിപത്യ പ്രവണതയാണ്. നിങ്ങൾ കേൾക്കണം. പുലമ്പലാണ്. ഇനി നമ്മുടെ പത്മരാജൻ പറഞ്ഞതെന്താണ്? ശ്രീ. ഹസ്സനും ശ്രീ. വയലാർ രവിക്കും ശ്രീ. തോപ്പിൽ രവിക്കും കൊടുത്ത മറുപടി എന്താണെന്നറിയാമോ? ചില തീരുമാനങ്ങൾ എല്ലാവർക്കും സ്വീകാര്യമായില്ലെന്നുവരാം. എന്നാൽ എൻ. ജി. ഒ. അസോസിയേഷൻ പൊതുവാളിന്റെ ഭാഗമാണ് കാണേണ്ടത്. ജൂലൈ 18-ലെ മലയാള മനോരമയിൽ കൊല്ലത്ത് പൊതുവാൾ സംഘടിപ്പിച്ച സമ്മേളനത്തിൽ സർവ്വശ്രീ വയലാർ രവിയും തോപ്പിൽ രവിയും കെ.പി. നൂറുദ്ദീനും പ്രസംഗിച്ചതായിവന്ന വാർത്തയെ പരാമർശിച്ച് പത്മരാജൻ പറഞ്ഞു പത്രങ്ങളിൽ കണ്ടതു ശരിയാണെങ്കിൽ ഇത്തരം പ്രവണതകൾ ഒരിക്കലും പൊറുപ്പിച്ചുകൂടാത്തതാണ്. നിങ്ങൾ ശ്രീമാൻ കരുണാകരനെതിരായി വിളിച്ച

LIBRARY ARCHIVES Kerala Legislative Assembly

മുദ്രാവാക്യമെന്താണ്? ''ആസനത്തിൽ ഒരാലു മുളച്ചാൽ അതിനെ തണലായി കാണുന്ന കരുണാകരാ'' എന്നാണ്. മന്ത്രിമാരിൽ വിശ്വാസമില്ലാതായി. ഇവിടെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക മേഖലകളെ മുഴുവൻ തകർച്ചയിലേക്ക് നയിക്കുന്ന ഒരു ഗവൺമെൻറാണിത്. നാലു കൊല്ലം കഴിഞ്ഞു. ഇനിയും നിലനിൽക്കാൻ അവകാശമില്ല. ഒരു റഷ്യൻ നാടോടിക്കഥ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ജാതി മത വർഗ്ഗീയ ശക്തികൾക്കെതിരായി പോരാടുന്നാണ് ഞങ്ങൾ നിൽക്കുന്നത്. ജാതി മത വർഗ്ഗീയ ശക്തികളാണ് ലീഗും കോൺഗ്രസുമെല്ലാം. ജയിച്ചാലും തോറ്റാലും അതിവിടെ പ്രശ്നമല്ല. ഇവിടെ പല ബഹുമാനപ്പെട്ട നേതാക്കൻമാരും പ്രസംഗിക്കാറുണ്ട്. ഞങ്ങൾ നാലു കൊല്ലം ഭരിച്ചു, നാലു കൊല്ലം മുഖ്യമന്ത്രിയായിരുന്നു ശ്രീ. കരുണാകരൻ എന്നൊക്കെ. ഇനിയും അഞ്ചുകൊല്ലം ഭരിക്കുമെന്നു പറഞ്ഞു. ആയിക്കോളിൻ. ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു ഇനിയും ഞങ്ങൾ അഞ്ചു കൊല്ലം ഭരിക്കുമെന്ന് ഇങ്ങിനെ പറയുന്നതിനെപ്പറ്റി ഒരു കഥയുണ്ട്. എന്താണെന്നു പറഞ്ഞാൽ പണ്ട് ഒരു പരുന്ത് കാക്കയോട് ചോദിച്ചു. കാക്കേ! നീ 300 കൊല്ലംവരെ ജീവിക്കുന്നതെങ്ങിനെ എന്ന്. കാക്കയാണ് ഏറ്റവും കൂടുതൽ നാൾ ജീവിക്കുന്നത്. ഈ ഭൂമിയിൽ എനിക്ക് 33 കൊല്ലത്തെ ആയുസ്സേ ഉള്ളൂ എന്ന് പരുന്ത് പറഞ്ഞു. അപ്പോൾ കാക്ക പറഞ്ഞു, ഏടോ പ്രഭോ! അത് എൻറെ ഭക്ഷണത്തിൻറെ മെച്ചംകൊണ്ടാണ് എന്ന്. എന്നിട്ട് രണ്ടുപേരുംകൂടി സഞ്ചരിച്ചു. എന്താണ് കാക്കയുടെ ഭക്ഷണമെന്ന് പരുന്തിന് അറിയണം. അങ്ങിനെ നോക്കിയപ്പോൾ അഴുകാൻ തുടങ്ങിയിരുന്ന കഴുതയുടെ ജഡം കണ്ടു. രണ്ടുപേരും അതിൻറെ മുകളിൽ പോയി കുത്തിയിരുന്നു. കാക്ക ആ ജഡം ആർത്തിയോടെ തിന്നുകൊണ്ടു പറഞ്ഞു 'ഹാ' എന്തൊരു സ്വാദ് എന്ന്. ചീഞ്ഞുനാറി അഴുകിക്കൊണ്ടിരിക്കുന്ന ജഡമാണ്. ഉടനെ പരുന്ത് ഒന്നു കൊത്തി. പെട്ടെന്ന് പറന്നുയർന്നുകൊണ്ട് പരുന്ത് പറഞ്ഞു, കാക്കേ! എൻറെ സുഹൃത്തെ! ചീഞ്ഞളിഞ്ഞ നാറിയ ശവം തിന്ന് 300 കൊല്ലം ജീവിക്കുന്നതിനേക്കാൾ ഭേദം നല്ല ഭക്ഷണം കഴിച്ച് അൽപ്പായുസ്സായാലും നല്ലതെന്ന്. അതുകൊണ്ട് നിങ്ങൾ 300 കൊല്ലം ഭരിച്ച് ചീഞ്ഞളിഞ്ഞ ശവം തിന്ന് ജീവിക്കുവിൻ. ഞങ്ങൾ പ്രതിപക്ഷത്തിരുന്ന് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി പോരാടും.

ശ്രീ. എം. ജിനദേവൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുകയാണ്. കേന്ദ്രഗവൺമെൻറ് അനുദിനമെന്നോണം പ്രഖ്യാപിച്ച് ഈ മണ്ണിൽ കാലുകുത്താൻ അനുമതി നിഷേധിച്ച കുവൈറ്റികളെ ഇവിടെ സ്വീകരിച്ചാനയിച്ച് അവർക്ക് വിരുന്നു നൽകി ദേശീയ പതാക വെച്ച കാറിൽ കൊണ്ടുനടന്ന് ഈ സംസ്ഥാനത്തിൻറെയും രാജ്യത്തിൻറെയും രഹസ്യങ്ങൾ അവർക്ക് ചോർത്തിക്കൊടുത്ത രാജ്യദ്രോഹികളായ രണ്ടു മന്ത്രിമാരാണ് ശ്രീ. യു. എ. ബീരാനും ശ്രീ. ഇ. അഹമ്മദും. ഈ കുവൈറ്റികളിൽനിന്നും കനത്ത പ്രതിഫലം പറ്റിക്കൊണ്ടാണ് അവർ അതു ചെയ്തത് എന്നു ഞാൻ വിശ്വസിക്കുന്നു. ഇവരുടെ ഈ ദേശദ്രോഹ നടപടികൾക്ക് കൂട്ടുനിന്ന ഒരു മുഖ്യമന്ത്രിയാണ് ശ്രീ. കരുണാകരൻ. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ കുപ്രസിദ്ധമായ പഞ്ചാബ് മോഡൽ പ്രസംഗത്തെത്തുടർന്ന് അന്നു മന്ത്രിയായിരുന്ന ശ്രീ. ബാലകൃഷ്ണപിള്ള സത്യപ്രതിജ്ഞാലംഘനം നടത്തിയിട്ടുണ്ടോ എന്നു പരിശോധിച്ച് തീർപ്പു കൽപ്പിക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ആ ചുമതല നിർവ്വഹിക്കാതെ സത്യപ്രതിജ്ഞാലംഘനം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാതെയാണ് വീണ്ടും ശ്രീ. ആർ.ബാലകൃഷ്ണപിള്ളയെ ഈ മന്ത്രിസഭയിൽ എടുത്തത്. ഭരണഘടനയെ ലംഘിച്ച് നിയമങ്ങളും, ചട്ടങ്ങളും മറികടന്നും മന്ത്രിമാർ അധികാരമേൽക്കുന്ന സമയത്ത് ചെയ്ത സത്യപ്രതിജ്ഞയുടെ അന്തസ്സത്ത ഉൾക്കൊള്ളാതെയുമാണ് ഈ മന്ത്രിമാരും മുഖ്യമന്ത്രിയും ഇവിടെ ഭരണം നടത്തുന്നത്. സർ, അതുകൊണ്ടുതന്നെ ഈ മന്ത്രിസഭക്ക് ഭരണഘടനാപരമായും ധാർമ്മികമായും അധികാരത്തിൽ തുടരാൻ അവകാശമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത്, 1982-ലെ തിരഞ്ഞെടുപ്പുകാലത്ത് ജനങ്ങളുടെ മുമ്പിൽവെച്ച തിരഞ്ഞെടുപ്പ് പ്രകടനപത്രികയുണ്ട്. ആ തിരഞ്ഞെടുപ്പ് പത്രികയിൽ ജനങ്ങളോട് വാഗ്ദാനം ചെയ്ത കാര്യങ്ങളിൽ ഒന്നുപോലും നിറവേറ്റാൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് ഇപ്പോഴും ഏതാണ്ട് കുഴിയിലേക്ക് കാലു നീട്ടിയിരിക്കുന്ന അവസ്ഥയിലാണ്. സർ, മനുഷ്യന്റെ തലയ്ക്കും, തെങ്ങിന്റെ കുലയ്ക്കും സംരക്ഷണം നൽകും എന്നായിരുന്നു ഇവരുടെ മുഖ്യ അവകാശവാദം. ഇന്ന് ഇവിടെ മനുഷ്യന്റെ തലയ്ക്കും, തെങ്ങിന്റെ കുലയ്ക്കും രക്ഷയുണ്ടോ? ക്രമസമാധാനനില ഇത്രയധികം തകർന്ന് താറുമാറായ ഒരു കാലഘട്ടം ഇതുവരെ ഉണ്ടായിട്ടില്ല. ഇതുപോലെ ഒരു അരക്ഷിതബോധം ജനങ്ങളിൽ ഉളവായ കാലഘട്ടവും ഉണ്ടായിട്ടില്ല.

സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്ത് കൊലപാതകങ്ങളും, പിടിച്ചുപറി, മോഷണം, ബലാൽസംഗങ്ങളും, ദേവാലയ ആക്രമണങ്ങളും, വിഗ്രഹമോഷണങ്ങളും, രാഷ്ട്രീയ കൊലപാതകങ്ങളും എല്ലാം അടിക്കടി വർദ്ധിച്ചുവരുന്നു. ലോക്കപ്പ് മർദ്ദനങ്ങളും ലാത്തിച്ചാർജുകളും സർവ്വ സാധാരണമായിത്തീർന്നിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇവിടെ നടന്നിട്ടുള്ള രാഷ്ട്രീയകൊലപാതകങ്ങൾ 130 ആണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അനുഭാവികളായിട്ടുള്ള 68 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന്റെ കണക്കനുസരിച്ച് 407 ബലാൽസംഗങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. 280 ദേവാലയ കവർച്ചകളും 52 വിഗ്രഹമോഷണങ്ങളുമുണ്ടായിട്ടുണ്ട്. ക്ഷേത്രത്തിലും പള്ളികളിലുമായി 1204 മോഷണങ്ങൾ നടന്നിരിക്കുന്നു. 35 വെടിവെയ്പ്പുകളുണ്ടായി. അതിൽത്തന്നെ 10 പേർ മരിച്ചിട്ടുണ്ട്. 15 പേരെ പോലീസ് ലോക്കപ്പിലിട്ട് തല്ലിക്കൊന്നു. മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഏറ്റെടുത്തതിനുശേഷം ആർ.എസ്.എസ്.കാർ ഈ സംസ്ഥാനത്ത് ഉടനീളം അഴിഞ്ഞാടുകയാണ്. സർ, അവരുടെ ഡ്രില്ലും ആയുധ പരിശീലനവും ഒക്കെ നിർബാധം നടക്കുന്നു. ട്രേഡ് യൂണിയനുകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും പൊതുയോഗങ്ങൾ കയ്യേറുന്നു. നിരപരാധികളെ വെട്ടിയും കുത്തിയും കൊല്ലാൻ ശ്രമിക്കുന്നു. എന്റെ ജില്ലയിലെ വണ്ടൻമേട്ടിലും, കൊല്ലം ജില്ലയിലെ നൂറനാട്ടും, കുലശേഖരപുരത്തും പുതിയകാവിലുമെല്ലാം ഉണ്ടായ ആർ.എസ്.എസ് കാരുടെ ആക്രമണങ്ങളിൽ ഒരാളെപ്പോലും ഇതുവരെ പിടികൂടിയിട്ടില്ല. ഇവിടെ കൊലപാതകികളേയും, കവർച്ചക്കാരേയും, ബലാൽസംഗക്കാരേയും, മറ്റ് ക്രിമിനൽ കുറ്റവാളികളേയും പിടികൂടി നിയമത്തിനേറെയും കോടതിയുടേയും മുമ്പിൽ കൊണ്ടുവരണമെങ്കിൽ വമ്പിച്ച ജനകീയ പ്രക്ഷോഭണങ്ങൾ ഈ സംസ്ഥാനത്ത് ഉണ്ടാകണം എന്നുള്ള അവസ്ഥയാണുണ്ടായിരിക്കുന്നത്. ഈ സഭയിലെ ഒരംഗമായ ശ്രീ. കാനം രാജേന്ദ്രൻ സാലി

LIBRARY ARCHIVES Kerala Legislative Assembly

വധക്കേസ്സിന്റെ അന്വേഷണത്തിന് ഒരു ഉത്തരവിടുന്നതിനുവേണ്ടി ഒരാഴ്ചക്കാലം കവുകച്ചാൽ പോലീസ് സ്റ്റേഷനുമുമ്പിൽ ഉപവസിക്കേണ്ടിവന്നു.

സർ, ഇവിടെ കേന്ദ്രവുമായി സഹകരിക്കുന്ന ഒരു ഗവൺമെന്റ് വരണമെന്നുള്ളതായിരുന്നു 1982-ലെ തിരഞ്ഞെടുപ്പുകാലത്ത് ഇവർ പറഞ്ഞത്. കേന്ദ്രവുമായി എല്ലാ രംഗത്തും സഹകരിക്കുന്ന ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനത്ത് ഇന്ന് അധികാരത്തിലുള്ളത്. ഇക്കഴിഞ്ഞ നാലു കൊല്ലവും രണ്ടു മാസവും കേന്ദ്രവുമായി എല്ലാ രംഗത്തും സഹകരിച്ചുപോന്ന ഈ ഗവൺമെന്റിന് അതിന്റെ പേരിൽ ഈ സംസ്ഥാനത്തിനെന്തെങ്കിലും ഒരു പ്രത്യേകമായ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞോ? ഒന്നും കഴിഞ്ഞിട്ടില്ല. എന്തെങ്കിലും നേട്ടം അവർക്ക് പ്രത്യേകമായി കേന്ദ്ര സഹകരണത്തിന്റെ പേരിൽ നേടിയെന്ന് അവകാശപ്പെടാനില്ല. കേന്ദ്രത്തിൽനിന്ന് അരിവിഹിതം നേടിയെടുത്ത് സമ്പൂർണ്ണ റേഷൻ വിതരണം ചെയ്യുമെന്ന് അവകാശപ്പെട്ട നിങ്ങൾക്ക് ഒരു മണി അരി കൂടുതൽ വാങ്ങാൻ കഴിഞ്ഞിട്ടില്ല. അതുപോകട്ടെ ഇവിടെ നിലവിലുണ്ടായിരുന്ന തോതിൽപോലും നിങ്ങൾക്ക് അരി കൃത്യമായി റേഷൻ കടകളിലൂടെ നൽകാൻ കഴിഞ്ഞിട്ടില്ല. പ്രതിവർഷം 20 ലക്ഷം ടൺ അരി പുറമെനിന്ന് കിട്ടിയാൽ മാത്രമേ ഈ സംസ്ഥാനത്തിന്റെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയുള്ളൂ. ഈ സംസ്ഥാനത്തിന്റെ ഭക്ഷ്യ കമ്മി നികത്തിത്തരാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്വവും കേന്ദ്രഗവൺമെന്റിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റാൻ കേന്ദ്രത്തിന്റെ മേൽ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്തിന്റെ അവകാശങ്ങൾ കണക്ക് പറഞ്ഞ് വാങ്ങുന്നതിനു പകരം നിങ്ങൾ ഇവിടെ റേഷൻ വെട്ടിക്കുറച്ചു. 320 ഗ്രാം അരി വിതരണം ചെയ്തുകൊണ്ടിരുന്നത് ഇപ്പോൾ 200 ഗ്രാമാക്കി ചുരുക്കി. ഈ 200 ഗ്രാം അരിപോലും കൃത്യമായി നിങ്ങൾ വിതരണം ചെയ്തിട്ടില്ല. റേഷൻ അരിക്കും, ഗോതമ്പിനും, പഞ്ചസാരക്കും, മണ്ണെണ്ണക്കും എല്ലാം നിങ്ങൾ പല പ്രാവശ്യം വില വർദ്ധിപ്പിച്ചു. പൊതു മാർക്കറ്റിൽ അരിയുടെ വില ഉയർത്താനും, ഭക്ഷ്യസാധനങ്ങളുടേയും അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കാനും ഇത് കാരണമായിട്ടുണ്ട്. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള എല്ലാ വസ്തുക്കളുടേയും വില ഇക്കഴിഞ്ഞ നാലു വർഷക്കാലത്ത് താങ്ങാനാവാത്തവിധം വർദ്ധിച്ചിരിക്കയാണ്. വില വർദ്ധനവ് ഉണ്ടായിട്ടില്ല വില കുറയുകയാണ് ചെയ്തത് എന്ന് ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. യു. എ. ബീരാൻ ഈ സഭയിൽ പറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്ത ശുദ്ധ അസംബന്ധമാണ്. എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില അമ്പരപ്പിക്കുന്നവിധം വർദ്ധിക്കുകയുണ്ടായി. ഇക്കഴിഞ്ഞ ഒരു മാസത്തിനുള്ളിൽതന്നെ അരിക്ക് കിലോഗ്രാമിന് 90 പൈസയും, പഞ്ചസാരക്ക് 40 പൈസയും, വെളിച്ചെണ്ണക്ക് 14 രൂപയും, കടലെണ്ണക്ക് 3 രൂപയും, മുളകിന് 2 രൂപയും, മല്ലിക്ക് 6 രൂപയും, വെളുത്തുള്ളിക്ക് 10 രൂപയും, ഉണക്കമൽസ്യത്തിന് 6 രൂപയും വില വർദ്ധിച്ചിട്ടുണ്ട്. ഇങ്ങനെ എല്ലാ സാധനങ്ങളുടേയും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്നതിന്റെ രണ്ട് ഇരട്ടിയും, മൂന്നിരട്ടിയും ആയി ഇപ്പോൾ നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്. കുത്തക മുതലാളിമാർക്കും ഭൂപ്രഭുക്കൻമാർക്കും വേണ്ടി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിപ്പോരുന്ന സാമ്പത്തിക നയങ്ങളുടെ ഫലമായി വിലക്കയറ്റവും നാണയപ്പെരുപ്പവും മഹാഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ചെറുന്ന സാധാരണ ജനങ്ങളുടെ ജീവിതത്തെ തകർത്തുകൊണ്ടിരിക്കുന്നു. ഈ പ്രശ്നത്തിനു ദേശീയാടിസ്ഥാനത്തിൽ മാത്രമേ ഫലപ്രദമായി പരിഹാരം കാണാൻ കഴിയൂ എന്നത് നേരാണ്. എങ്കിൽപോലും 1980-82 കാലത്ത് ഈ സംസ്ഥാനത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് വിലക്കയറ്റം നിയന്ത്രിക്കാൻ വേണ്ടി പൊതു വിതരണമേഖല ശക്തിപ്പെടുത്തുകയും മറ്റു പല നടപടികളും കൈക്കൊള്ളുകയും ചെയ്തിരുന്നു. രാഷ്ട്രീയ പ്രതിയോഗികളുടെ പോലും പ്രശംസ പിടിച്ചുപറ്റിയ ഒരു നടപടി ആയിരുന്നു അത്. ശ്രീ. നായനാർ ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പാക്കിയ പൊതുവിതരണ സംവിധാനം ഈ ഗവൺമെൻറ് തകർത്തുകളഞ്ഞിരിക്കുന്നു. ഊഹക്കച്ചവടക്കാർക്കും കരിഞ്ചന്ത വ്യാപാരികൾക്കും ഈ സംസ്ഥാനത്തെ സാധാരണ ജനങ്ങളെ കൊള്ളയടിക്കുവാൻ അവസരം തുറന്നുകൊടുക്കുകയാണ് ഈ ഗവൺമെൻറ് ചെയ്തിരിക്കുന്നത്.

സർ, വിലക്കയറ്റം കൊണ്ടും, നികുതി ഭാരം കൊണ്ടും, പൊറുതി മുട്ടിയ ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ മേൽ ഇക്കഴിഞ്ഞ നാലു വർഷക്കാലയളവിൽ അനേകം പുതിയ നികുതികൾ അടിച്ചേൽപ്പിച്ച് അവരുടെ നട്ടെല്ലൊടിക്കുകയാണ് ഈ ഗവൺമെൻറ് ചെയ്തിരിക്കുന്നത്. നിങ്ങളുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ നെൽക്കൃഷി പ്രോൽസാഹിപ്പിക്കുമെന്നും, വിത്തും, വളവും ഒക്കെ വില കുറച്ചു നൽകുമെന്നും ആണ് പറഞ്ഞിരുന്നത്, എന്നാൽ ഇവിടെ അങ്ങിനെയൊന്നും ചെയ്തിട്ടില്ല. ഇവിടെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനാവശ്യമായ മേഖലകളിൽ റെഗുലേറ്റഡ് മാർക്കറ്റുകൾ സ്ഥാപിക്കുമെന്ന് തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതെല്ലാം വെറും പ്രഖ്യാപനങ്ങൾ മാത്രമായി അവശേഷിക്കുകയാണ് ചെയ്തിരിക്കുന്നത്. കുത്തക മുതലാളിമാർക്കും, ബഹുരാഷ്ട്ര കുത്തകക്കാർക്കുംവേണ്ടി റബ്ബറും, കൊക്കോയും, വെളിച്ചെണ്ണയുമെല്ലാം ഇവിടെ കേന്ദ്ര ഗവൺമെൻറ് യഥേഷ്ടം ഇറക്കുമതി ചെയ്യുന്നു. ഈ സംസ്ഥാനത്തെ കൃഷിക്കാരും സംസ്ഥാനത്തിൻെറ കാർഷിക സമ്പദ്ഘടനയും തകരുന്നത് കാണാൻ കൈയും കെട്ടി നോക്കിയിരിക്കുകയാണ് നിങ്ങൾ. ഇവിടെ ഗവൺമെൻറ് ഈ വർഷംതന്നെ നാൽപ്പത്തേഴായിരം ടൺ റബ്ബർ ഇറക്കുമതി ചെയ്തു. ഇറക്കുമതി നിറുത്തുകയില്ലെന്നും, ആഭ്യന്തരമാർക്കറ്റിൽ റബ്ബറിൻെറ വില ഉയരാതിരിക്കാൻവേണ്ടി ഈ വർഷം ഇനിയും കൂടുതലായി ഇറക്കുമതിയുണ്ടാകുമെന്നും കേന്ദ്ര വാണിജ്യ വകുപ്പ് സഹമന്ത്രി ശ്രീ. ബഹ്മദത്ത് കഴിഞ്ഞ ദിവസം പാർലമെൻറിൽ പറയുകയുണ്ടായി. ഇവിടെ നാളികേര കർഷകർ തകർന്നുകൊണ്ടിരിക്കുമ്പോഴാണ് കൊപ്രയും, വെളിച്ചെണ്ണയും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. ഇത്തരം നടപടികളോട് ഒന്ന് പ്രതികരിക്കാൻ പോലും ഈ ഗവൺമെൻറിന് കഴിയുന്നില്ല. നെൽക്കൃഷിക്കാർക്ക് നൽകുമെന്ന് പറഞ്ഞ വളം സബ്സിഡി, പമ്പിങ് സബ്സിഡി ഇതൊന്നും നൽകിയിട്ടില്ല. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, പ്രകൃതിക്ഷോഭങ്ങൾ ഇതിൽപ്പെട്ട് കൃഷിനാശം സംഭവിക്കുന്ന കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുമെന്ന് ഈ ഗവൺമെൻറ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതുവരെ അങ്ങനെ ഒരു ഫണ്ട് രൂപീകരിക്കുകയോ, അങ്ങനെ ഒരു സഹായം കർഷകർക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല. പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി പ്രത്യേക പരിഗണന നൽകുമെന്നും ഈ ഗവൺമെൻറ് പറഞ്ഞതാണ്. എന്നാൽ ഈ ഗവൺമെൻറ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കപ്രദേശത്തിനും പ്രത്യേക പരിഗണന നൽകി അവയുടെ വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചിട്ടില്ല. ഒരു സമയ ബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ മലയോര കൃഷിക്കാർക്ക് പട്ടയം നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ ഗവൺമെൻറ് ഈ സംസ്ഥാനത്തെ മുഴുവൻ മലയോര കൃഷിക്കാരേയും വഞ്ചിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

സർ, അതിരൂക്ഷമായ തൊഴിലില്ലായ്മയെ നേരിടുന്ന ഈ സംസ്ഥാനത്ത് ഒരാൾക്കുപോലും പുതുതായി തൊഴിൽ നൽകാൻ ഈ ഗവൺമെൻറിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെൻറ് ഈ സംസ്ഥാനത്തിന് വാഗ്ദാനം ചെയ്തിരുന്ന റെയിൽവെ കോച്ച് ഫാക്ടറിയടക്കം പല സ്ഥാപനങ്ങളും ഇന്ന് അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നതിൽ ഈ ഗവൺമെൻറിന് യാതൊരു ഉൽക്കണ്ഠയുമില്ല. താലൂക്കുതോറും ഒരു വ്യവസായം എന്ന് അവരോട് ചെയ്ത വാഗ്ദാനം നിറവേറ്റാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. അത് ജനങ്ങളെ പറ്റിക്കാൻവേണ്ടിയുള്ള ഒരു അടവു മാത്രമായിരുന്നു. കൂടാതെ ഈ ഗവൺമെൻറ് അധികാരത്തിൽവരുന്ന സമയത്തു നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അനേകം ചെറുകിട വ്യവസായ യൂണിറ്റുകളും ഈ നാലു കൊല്ലത്തിനിടയിൽ അടച്ചുപൂട്ടിയിട്ടുണ്ട്. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന മുപ്പതിനായിരം ചെറുകിട വ്യവസായ യൂണിറ്റുകളിൽ പകുതിപോലും ഇന്ന് പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെല്ലാംതന്നെ അടച്ചുപൂട്ടി. അതുപോലെ വൻകിട ആധുനിക വ്യവസായങ്ങളിൽ പലതും പൂട്ടിക്കിടക്കുന്നു. ഉദാഹരണമായി മാവൂർ റയോൺസ് അടക്കമുള്ള ഫാക്ടറികൾ. അവ തുറന്ന് പ്രവർത്തിക്കാൻ ഫലപ്രദമായി യാതൊരു നടപടിയും ഈ ഗവൺമെൻറ് കൈക്കൊണ്ടിട്ടില്ല. കയർ, കൈത്തറി, കശുവണ്ടി, കളിമൺപാത്രം, പരമ്പുനെയ്ത്ത്, മൽസ്യബന്ധനം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ലക്ഷക്കണക്കിനു തൊഴിലാളി കുടുംബങ്ങളെ ഈ ഗവൺമെൻറ് അനാഥമാക്കിയിരിക്കുകയാണ്. ഈ സംസ്ഥാനത്ത് ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗമായ ഈ പരമ്പരാഗത വ്യവസായങ്ങളും തകർന്നു മണ്ണടിഞ്ഞുകൊള്ളട്ടെ എന്നതാണ് ഈ ഗവൺമെൻറിൻറെ സമീപനം. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു മുൻഗണന കൊടുത്തുകൊണ്ടുമാത്രമേ ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻപോലും കഴിയൂ. നായനാർ ഗവൺമെൻറ് തുടങ്ങിവെച്ച പരിപാടികളും നിക്ഷിപ്ത താൽപ്പര്യക്കാരുടേയും ഇടത്തട്ടുകാരുടേയും താൽപര്യത്തിനുവേണ്ടി ഈ ഗവൺമെൻറ് ഉപേക്ഷിച്ചിരിക്കുകയാണ്. അതുപോലെ തൊണ്ടുസംഭരണവും, തോട്ടണ്ടിയുടെ കുത്തകസംഭരണവും എല്ലാം ഈ ഗവൺമെൻറ് ഉപേക്ഷിച്ചു. ഗുരുതരമായ തൊഴിലില്ലായ്മയുടെ ഫലമായി നിത്യനരകത്തിലാണ്ടു കിടക്കുന്ന തൊഴിലാളികളെ സഹായിക്കാൻ യാതൊരു വിധമായ ആശ്വാസനടപടിയും ഈ ഗവൺമെൻറിൻറെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മുൻപ് ഈ സംസ്ഥാനം ഭരിച്ച ഗവൺമെൻറുകളും ഓരോ കാലത്തും ആവിഷ്കരിച്ചു നടപ്പിലാക്കിപ്പോന്ന ജനക്ഷേമകരമായ പരിപാടികളെല്ലാംതന്നെ ഈ ഗവൺമെൻറ് ഉപേക്ഷിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളികൾ, തൊഴിൽരഹിതർ, വിധവകൾ, വികലാംഗർ, ക്ഷയരോഗികൾ, അവശകലാകാരൻമാർ തുടങ്ങി ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട അനേകം പേർക്ക് ലഭിച്ചിരുന്ന പെൻഷൻ ആനുകൂല്യങ്ങൾ ഈ ഗവൺമെൻറ് തടഞ്ഞുവെക്കുകയും പുതിയതായി ആർക്കും ഈ ആനുകൂല്യം നൽകാതിരിക്കുകയും ചെയ്തു. ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., സെൽഫ് എംപ്ലോയ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളെല്ലാം ഇന്ന് കോൺഗ്രസ് ഐ. ക്കാരുടെ പോക്കറ്റ് പദ്ധതികളായി അധഃപതിച്ചിരിക്കുകയാണ്. പൗരസ്വാതന്ത്ര്യവും, ജനാധിപത്യ അവകാശങ്ങളും ഈ ഭരണത്തിന്റെ കീഴിൽ അങ്ങേയറ്റം ചവിട്ടിമെതിക്കപ്പെടുന്നു. ഈ ഗവൺമെൻറിന് ജനാധിപത്യത്തോടും ജനാധിപത്യ സംവിധാനങ്ങളോടും അങ്ങേയറ്റം അറപ്പും വെറുപ്പുമാണുള്ളത്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും അതിന്റെ കാലാവധി തീർന്ന ദിവസംതന്നെ പിരിച്ചുവിടാൻ എന്തൊരു വ്യഗ്രതയായിരുന്നെന്നോ ഈ ഗവൺമെൻറിന്. ഈ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ അവർക്ക് ധൈര്യമില്ല. ഹൈക്കോടതി പറഞ്ഞിട്ടുപോലും തെരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെൻറ് കൂട്ടാക്കുന്നില്ല. സർ, പ്രീ-ഡിഗ്രി ബോർഡ് സമരം വന്നപ്പോഴ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന യൂണിവേഴ്സിറ്റി സിൻറിക്കോറുകളെ സസ്പെൻറ് ചെയ്തു. ആ സസ്പെൻഷൻ ഇതുവരേയും പിൻവലിച്ചിട്ടില്ല.

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ, ഒരു ജനാധിപത്യ സംവിധാനത്തിൽ വിവിധ ജനവിഭാഗങ്ങൾക്ക് തങ്ങളുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടി പ്രക്ഷോഭങ്ങളും സമരങ്ങളും

11 a.m.] സംഘടിപ്പിക്കാനുള്ള അവകാശമുണ്ട്. ജനാധിപത്യത്തോട് തരിമ്പെങ്കിലും ബഹുമാനമുള്ള ഒരു ഗവൺമെൻറാണെങ്കിൽ അത്തരം സമരങ്ങളോടും പ്രക്ഷോഭങ്ങളോടും അനുഭാവപൂർവ്വമായ ഒരു സമീപനം കൈകൊള്ളുമായിരുന്നു. ജനകീയ പ്രക്ഷോഭങ്ങളോടും സമരങ്ങളോടും തികച്ചും ശത്രുതാപരമായ ഒരു സമീപനമാണ് ഈ ഗവൺമെൻറ് കൈക്കൊള്ളുന്നത്. ഈ നിയമസഭാസമ്മേളനം തുടങ്ങിയതിനുശേഷം ഓരോ ദിവസവും നൂറുകണക്കിനും ആയിരക്കണക്കിനും പലവിഭാഗങ്ങളിലുംപെട്ട ആളുകൾ ഈ സെക്രട്ടേറിയറ്റുനടയിൽ ധർണ്ണയും സത്യാഗ്രഹവുമൊക്കെ നടത്തിക്കൊണ്ടിരിക്കുന്നു. കയർ തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കോളേജ് അദ്ധ്യാപകർ, യൂണിവേഴ്സിറ്റി ജീവനക്കാർ, എൻ. ജി. ഒ.മാർ, അധ്യാപകർ, മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാർ, വിവിധ വിഭാഗം കൃഷിക്കാർ, വികലാംഗർ, ചെത്ത്-മദ്യ-വ്യവസായത്തൊഴിലാളികൾ, വണിക്-വൈശ്യർ എന്നുവേണ്ട സമസ്ത ജനങ്ങളും ഈ ഗവൺമെൻറിന്റെ നയസമീപനങ്ങളോട് എതിർപ്പും പ്രതിക്ഷേധവും രേഖപ്പെടുത്തികൊണ്ട് ഓരോ ആവശ്യങ്ങളുമായി ഈ സെക്രട്ടേറിയറ്റ് കവാടത്തിൽ നിൽക്കുകയാണ്. വമ്പിച്ച ജനകീയപ്രക്ഷോഭണങ്ങളുടെ ഒരു വേലിയേറ്റമാണിവിടെ നടക്കുന്നത്. കരിനിയമങ്ങൾകൊണ്ടും ഉരുക്ക് മുഷ്ടി ഉപയോഗിച്ചും ഈ ജനമുന്നേറ്റത്തെ ഐക്യ ജനാധിപത്യ മുന്നണിക്ക് തടയുവാൻ കഴിയുന്നില്ല. എം.വി. രാഘവൻ എന്ന കച്ചിത്തുരുമ്പിൽ പിടിച്ച് രക്ഷപ്പെടാമെന്നും കരുതേണ്ട. ഈ അവിശ്വാസപ്രമേയത്തെ പരാജയപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞേക്കും. ഈ സ്ഥാനത്തെ രണ്ടേമുക്കാൽകോടി ജനങ്ങളും നിങ്ങൾക്കെതിരായി അവിശ്വാസം പാസാക്കി കഴിഞ്ഞു. ഇനി രാജിവച്ചു ഇറങ്ങിപ്പോവുകയാണ് നല്ലത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി പുറംതള്ളിയ എം.വി. രാഘവനെ പൊക്കിയെടുത്ത് അയാൾക്ക് ചുറ്റും ഒരു പരിവേഷം സൃഷ്ടിച്ചെടുത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെ പിളർക്കാമെന്നും, അതുവഴി ഇടത്പക്ഷജനാധിപത്യ മുന്നണിയെതന്നെ ക്ഷീണിപ്പിക്കാമെന്നുമാണ് നിങ്ങളുടെ വ്യാമോഹം. ആ വ്യാമോഹം ഇവിടെ നടക്കാൻ പോകുന്നില്ല. ജാതി-മത-രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ച് സാമ്രാജ്യവാദികളും ഇന്ത്യയെ ശിഥിലീകരിക്കാൻ പല വിധത്തിലും പരിശ്രമിക്കുകയാണ്. പഞ്ചാബ്, അഹമ്മദാബാദ്, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന കലാപങ്ങളും ഇതിനുദാഹരണങ്ങളാണ്. മത മൗലികതയും ജാതി-മത-രാഷ്ട്രീയവും രാജ്യത്തിനു വരുത്തിവയ്ക്കുന്ന ആപത്ത് എത്ര വലുതാണെന്ന് ഏറെ വിശദീകരിക്കേണ്ടയാവശ്യമില്ല. എല്ലാപേർക്കും ബോദ്ധ്യമുള്ള കാര്യങ്ങളാണ്. ഐക്യജനാധിപത്യമുന്നണി ജാതി-മത-രാഷ്ട്രീയകൂട്ടുകെട്ടുകൊണ്ട് പ്രബുദ്ധമായ ഈ കേരളത്തെ നാശത്തിന്റെ ശവപ്പറമ്പിലേയ്ക്കാണ് നയിക്കുന്നത്. ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുമെന്നും തെരഞ്ഞെടുപ്പ് നടത്തി വീണ്ടും അധികാരത്തിൽ വരുമെന്നും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ ഊറ്റംകൊള്ളുന്നതുകണ്ടു. 1982-ലെ തെരഞ്ഞെടുപ്പിൽ കേവലം 95,000 വോട്ടിന്റെ ഭൂരിപക്ഷം മാത്രമാണ് ഐക്യജനാധിപത്യ മുന്നണിക്കുണ്ടായിരുന്നത്. അന്ന് നിങ്ങളോടൊപ്പം നിന്നിരുന്ന പല ജനവിഭാഗങ്ങളും ഇന്ന് നിങ്ങളോടൊപ്പമില്ല. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത, കൈയിൽകിട്ടിയ അധികാരം മോഷ്ടിക്കാനും കക്കാനും കൈയിട്ടുവാരാനും വേണ്ടിമാത്രം വിനിയോഗിച്ച നിങ്ങളെ, ഇനിയൊരു തെരഞ്ഞെടുപ്പുണ്ടായാൽ ജനങ്ങൾ തിരസ്കരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തെരഞ്ഞെടുപ്പെന്ന കുരുക്ഷേത്രഭൂമിയിൽവച്ച് നമുക്കിനി കാണാം. ആ രണഭൂമിയിലെത്തുമ്പോൾ ഉത്തരനെപ്പോലെ ഭയന്നോടരുതെന്നാണ് എനിക്ക് ശ്രീമാൻ തച്ചടിയോടും ഭരണകക്ഷിക്കാരോടും പറയാനുള്ളത്. ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.വി. പത്മരാജൻ : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു. ഈ പ്രമേയത്തിന്റെ മൗലികമായ ചില ന്യൂനതകളെപ്പറ്റി ഇവിടെ ടി. എസ്. ജോൺ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ നിയമപരമായ വശത്തെപ്പറ്റി ഞാൻ പറയുകയല്ല. നിയമപരമായ വശത്തെപ്പറ്റി അങ്ങ് റൂളിംഗ് നൽകി കഴിഞ്ഞു. അതുകൊണ്ട് നിയമപരമായി ആ ആക്ഷേപങ്ങൾ ഈ ഘട്ടത്തിൽ നിലനിൽക്കുമെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ രാഷ്ട്രീയമായി ആ ആരോപണങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ സഭ ആരംഭിക്കുന്ന അവസരത്തിൽ ഇങ്ങനെയൊരു അവിശ്വാസപ്രമേയം അവതരിപ്പിക്കണമെന്ന് ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കോ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ ഉദ്ദേശമുണ്ടായിരുന്നില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നുപറയുമ്പോൾ അഭിപ്രായ വ്യത്യാസമുണ്ടാകുമോയെന്ന് എനിക്കറിഞ്ഞുകൂടാ. ശ്രീമാൻ നായനാർ നയിക്കുന്ന പാർട്ടിയെപ്പറ്റിയാണ് ഞാൻ പറയുന്നത്. പക്ഷേ പിന്നീട് ഇവിടെ ഈ ഗവൺമെന്റിന്റെ കമ്മിഷൻസിനെപ്പറ്റിയും ഒമിഷൻസിനെപ്പറ്റിയും വളരെയധികം ആരോപണങ്ങൾ ഉന്നയിക്കാൻ അവസരങ്ങൾ ലഭിച്ചതിനുശേഷം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ട ശ്രീ. എം.വി. രാഘവൻ ഒറ്റ വാചകത്തിൽ ഒരു അവിശ്വാസപ്രമേയത്തിനു നോട്ടീസ് കൊടുത്തപ്പോൾ ആ അവിശ്വാസപ്രമേയം അവതരിപ്പിക്കുമ്പോൾ എഴുന്നേറ്റുനിൽക്കേണ്ട ഗതികേടിൽനിന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ രക്ഷിക്കാൻ വേണ്ടിമാത്രം ഒരു അവിശ്വാസപ്രമേയം തല്ലിക്കൂട്ടി അവതരിപ്പിച്ചതല്ലേ ? മറ്റ് കക്ഷികളും രാഘവന്റെ പ്രശ്നങ്ങളൊക്കെ സി.പി.എമ്മിന്റെ ആഭ്യന്തരപ്രശ്നങ്ങളാണെന്ന വ്യാഖ്യാനമാണ്—ശ്രീ. വാസുദേവമേനോനും മറ്റും—ഇപ്പോൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം നിങ്ങൾ പറഞ്ഞുതീർത്തുകൊള്ളുക. എനിക്ക് തർക്കമില്ല. എം.വി. രാഘവന്റെ പ്രശ്നങ്ങളോട് ഞങ്ങൾക്ക് വലിയ താൽപ്പര്യമൊന്നുമില്ല. അത് വേറെ കാര്യമാണ്. പക്ഷേ എം.വി. രാഘവന്റെ പ്രശ്നത്തിൽ താൽപ്പര്യമുണ്ടായാലും ഇല്ലെങ്കിലും മറ്റ് കക്ഷികളും, ശ്രീ. ബേബിജോണിന്റെയും ശ്രീ. ചന്ദ്രശേഖരന്റേയും, ശ്രീ. കെ.പി പ്രഭാകരന്റേയുമൊക്കെ കക്ഷികളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഈ ഗതികേടിൽനിന്ന് രക്ഷപ്പെടുത്താൻവേണ്ടി, ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കാൻ വേണ്ടി നിർബന്ധിതരായി എഴുന്നേറ്റു നിൽക്കുകയാണുണ്ടായത്. അതാണിതിന്റെ പശ്ചാത്തലം.

സർ, അവിശ്വാസപ്രമേയം ഏത് ഘട്ടത്തിലും അവതരിപ്പിക്കാനുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. പ്രതിപക്ഷത്തിന് എപ്പോഴും അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ അവകാശം ഉണ്ട്. തോൽക്കും, ആ പ്രമേയം പാസ്സാകുകയില്ലെന്നറിഞ്ഞുകൊണ്ടുതന്നെ അവതരിപ്പിക്കുന്നുള്ള അവകാശമുണ്ട്. ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ കയറ്റാനും ഗവൺമെന്റിനെതിരെ കുറ്റപത്രം ഉന്നയിക്കാനുമൊക്കെ അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ അവകാശമുണ്ട്. പക്ഷേ ഇന്നിപ്പോൾ ഈ ഗവൺമെന്റിനെതിരെ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനേക്കാളുപരി, അവിശ്വാസപ്രമേയം പ്രഖ്യാപിക്കുന്നതിനേക്കാളുപരി പ്രതിപക്ഷങ്ങൾ തമ്മിലുള്ള അവിശ്വാസപ്രമേയത്തിന്റെ പ്രതിഫലനമാണ് ഇന്ന് വന്നിരിക്കുന്നത്. വളരെ വിരസമായ ആവർത്തനവിരസമായ ആരോപണങ്ങളുമായിട്ടാണ് ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നിരിക്കുന്നതെന്നുള്ളത് വളരെ പ്രത്യക്ഷമാണ്. രാഘവന്റെ അവിശ്വാസപ്രമേയം ഒറ്റവാചകത്തിലായിരുന്നു. എങ്ങനെ അവിശ്വാസപ്രമേയം എഴുതണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ചട്ടങ്ങളൊന്നുമില്ല. പക്ഷേ ഇവിടെ നാലഞ്ച് പ്രശ്നങ്ങൾ വന്നു. അതൊക്കെ എത്രയോ പ്രാവശ്യം ഈ സഭയിൽ ചർച്ച ചെയ്തതാണ്. കുറൊറി പ്രശ്നാഞ്ഞപ്പറ്റി ഈ സഭയ്ക്കകത്തുതന്നെ അടിയന്തിരപ്രമേയംവഴി, ശ്രദ്ധക്ഷണിക്കൽവഴി, സമരംവഴി, പുറത്ത് ബഹുജനപ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കാനുള്ള പരിശ്രമങ്ങൾ വഴിയൊക്കെ എത്രയോതവണ പറഞ്ഞതാണ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളതിൽ എന്തെങ്കിലുമൊരു പുതുമ വേണ്ടേ ? അപ്പോൾ ഒന്നാമത്തെ പ്രശ്നം കുറൊറികളുടെ പ്രശ്നമായിരുന്നു. രണ്ടാമത്തെ പ്രശ്നം ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിൽ കയറ്റിയതിനെപ്പറ്റിയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഒരു കാര്യം പുണ്ടിക്കാണിക്കുവാനുണ്ട്. അതിന്റെ വസ്തുത എന്താണ് ? ശ്രീ. ബാലകൃഷ്ണപിള്ളയുടെ പ്രശ്നത്തെപ്പറ്റി എന്റെയും എന്റെ പാർട്ടിയുടെയും നിലപാട് വ്യക്തമാക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. അദ്ദേഹം എറണാകുളത്തുവച്ച് കേരളാ കോൺഗ്രസിന്റെ ഒരു സമ്മേളനത്തിൽ പ്രസംഗിച്ചു. ആ പ്രസംഗത്തിന്റെ റിപ്പോർട്ട് അടുത്ത ദിവസം പത്രങ്ങളിൽ വന്നു. ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തതിനകത്ത് പ്രകോപനപരമായും വിവാദപരമായും ചില പ്രസ്താവനകൾ ഉണ്ടായിരുന്നു. അന്നാണ് ശ്രീമാൻ കാർത്തികേയന്റെ ഒരു സ്റ്റേറ്റുമെന്റ് വന്നത്. അങ്ങനെ ഒരു പ്രസ്താവന ശ്രീ. ബാലകൃഷ്ണപിള്ള ഇറക്കിയിട്ടുണ്ടെങ്കിൽ അദ്ദേഹം രാജിവയ്ക്കണമെന്നായിരുന്നു ശ്രീ. കാർത്തികേയന്റെ സ്റ്റേറ്റുമെന്റ്. പക്ഷേ ശ്രീ. കാർത്തികേയൻ ആ പ്രസ്താവന ഇറക്കുന്നതോടൊപ്പ തന്നെ ശ്രീ. ബാലകൃഷ്ണപിള്ള ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടില്ല, എന്റെ പ്രസംഗം തെറ്റായിട്ടാണ് റിപ്പോർട്ടുചെയ്തിട്ടുള്ളതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അന്ന് തന്നെ പത്രക്കാരെ വിളിച്ചുകൂട്ടി ആവർത്തിച്ചുപറഞ്ഞപ്പോഴും ഞങ്ങളുടെ പാർട്ടി ഔദ്യോഗികമായിട്ടെടുത്ത തീരുമാനം ശ്രീ. ബാലകൃഷ്ണപിള്ള രാജി വയ്ക്കണമെന്ന ഒരു ഡിമാൻറും, മുൻപോട്ട് വയ്ക്കുന്നില്ല എന്നാണ്. ഇതാണ് കോൺഗ്രസ് എടുത്ത തീരുമാനം. ഇതാണ് വസ്തുത. ഈ വസ്തുത മറച്ചുവച്ചുകൊണ്ടാണ് ഇവിടെ ഈ പ്രചരണം നടത്തുന്നത്.

ശ്രീ. കെ.പി. പ്രഭാകരൻ : ശ്രീ. ബാലകൃഷ്ണപിള്ള രണ്ടുതവണ വിശദീകരണം കൊടുത്തിട്ടും മുഖ്യമന്ത്രി അത് സ്വീകരിച്ചിരുന്നില്ലെന്നുള്ള വസ്തുത നിഷേധിക്കാൻ പറ്റുമോ ?

ശ്രീ. സി.വി. പത്മരാജൻ : ഇത് സംബന്ധിച്ച് ശ്രീ. ബാലകൃഷ്ണപിള്ള രാജിവയ്ക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടില്ല. രാജിവയ്ക്കാനുണ്ടായ സാഹചര്യമെന്താണ് ? ഇവിടെ ചില ആളുകൾ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടു. പക്ഷേ ഞങ്ങളുടെ പാർട്ടി ഔദ്യോഗികമായി യുത്തുകോൺഗ്രസ് പ്രസിഡൻറായിരുന്ന കാർത്തികേയനോടുതന്നെ ഫിഷ്യൽ സ്റ്റാൻറ് ഇതാണെന്ന് പറഞ്ഞു. അതിനുശേഷം അദ്ദേഹം പ്രസ്താവന ഇറക്കിയിട്ടില്ല. പക്ഷേ ആരോ ഹൈക്കോടതിയിൽ കേസ് കൊടുത്തു. ആ കേസിൽ ഒബ്സർവേഷൻ ഉണ്ടായി. ശ്രീ. ബാലകൃഷ്ണപിള്ള രാജിവച്ചു. അത് ഡിവിഷൻ ബഞ്ചിൻറെ മുമ്പിൽ വന്നു. അതിന് ഒരു തീരുമാനമുണ്ടായി. ആ തീരുമാനമാണ് സർ ഇന്നിവിടെ വായിക്കാനിടയായത്. അതിനകത്ത് പറഞ്ഞിരിക്കുന്നത് It is a legal question to be decided by the Chief Minister and the Governor. ചീഫ് മിനിസ്റ്ററും ഗവർണ്ണറും തീരുമാനിച്ചു. അത് ലീഗൽ കാസ്റ്റിനായിട്ടുതന്നെ തീരുമാനിച്ചു. അതിന് കാലതാമസം വന്നുകൂടുന്നു. അത് പൊളിറ്റിക്കൽ കാസ്റ്റിനാണെന്ന് കേരളാ കോൺഗ്രസ് പറഞ്ഞിട്ടുമുണ്ട്. പക്ഷേ ലീഗൽ കാസ്റ്റിനാണെന്ന് മുഖ്യമന്ത്രി പറഞ്ഞു ..... (ബഹളം) .. അസാസ്ഥമായിട്ട് കാര്യമില്ല. ബാലകൃഷ്ണപിള്ളയെ ഇഷ്ടപ്പെടാത്തവർ അസാസ്ഥരായിട്ടുകാര്യമില്ല. ഇവിടെ സംഭവിച്ചതെന്താണ് സർ ? മുഖ്യമന്ത്രി ഇത് നിയമപരമായിട്ടുള്ള ഒരു പ്രശ്നമാണെന്ന് പറഞ്ഞു. പൊളിറ്റിക്കൽ പ്രശ്നമാണെന്ന് കേരളാ കോൺഗ്രസ് പറഞ്ഞു. നിയമപരമായിട്ട് പരിശോധിച്ചു. സുപ്രീം കോടതിയിലെ റിട്ടയേർഡ് ജഡ്ജി മാത്യുവിൻറെ അഭിപ്രായം കിട്ടി. ജാനകിയമ്മയുടെ അഭിപ്രായം കിട്ടി. ബാലകൃഷ്ണപിള്ളയെ തിരിച്ചെടുത്തു.

സർ, ഒരു രാഷ്ട്രീയ നേതാവ്, ഒരു മന്ത്രി ഒരു പ്രസ്താവന യിറക്കി. ഒരു നേതാവ് ആരോ ആയിക്കോട്ടെ. ഞാൻ അങ്ങനെയൊരു പ്രസ്താവന ചെയ്തിട്ടില്ല എന്ന് പറഞ്ഞാൽ അത് മുഖവിലയ്ക്ക് എടുക്കാനുള്ള സാമാന്യ മര്യാദ ഇന്ന് നമ്മുടെ രാഷ്ട്രീയതലത്തിൽ ഉണ്ടാകേണ്ടതാണ്. ആ മര്യാദ സ്വീകരിച്ചുകൊണ്ട് തന്നെയാണ് ശ്രീ. ബാലകൃഷ്ണപിള്ള രാജിവയ്ക്കണമെന്ന് ആവശ്യപ്പെടാതിരുന്നത്. ഇപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത് ? ഇപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ള മന്ത്രിയായി. അദ്ദേഹം ഇവിടെ ഈ സഭയിൽ വന്ന് ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞു. സപ്ലിമെൻററി ഗ്രാൻറുകളും, ധനാഭ്യർത്ഥനകളും അവതരിപ്പിച്ചു. അതിന് അദ്ദേഹം മറുപടി പറഞ്ഞു. ഇതെല്ലാം കഴിഞ്ഞതിനുശേഷം ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം തീരുമാനിച്ചപ്പോൾ തോന്നിയ ഒരു പേയിൻറ് ശ്രീ. ബാല കൃഷ്ണപിള്ളയാണ്. ഇതല്ലേ അതിനുള്ളിലെ വസ്തുത. ഇതിൽ കൂടുതൽ പ്രസക്തിയെന്താണ് ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാര്യത്തെസംബന്ധിച്ച്. ഇതിനേക്കാൾ കൂടുതൽ രാജ്യദ്രോഹം പ്രസംഗിച്ചു എന്ന്. അവകാശപ്പെടുന്ന ആളുകൾ അപ്പുറത്തിരിപ്പില്ലേ? നമ്മുടെ രാഷ്ട്രീയ രംഗത്തില്ലേ? ഞാൻ ആ കാര്യത്തിലേക്ക് കടക്കുന്നില്ല. ശ്രീ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചോ ഇല്ലയോ എന്നുള്ള കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. ഞങ്ങളുടെ സ്റ്റാൻറ് വളരെ വ്യക്തമാണ്. ചില പത്രക്കാർ പറഞ്ഞു പ്രസംഗിച്ചുവെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനമെടുത്തത് ശരിയാണോ അല്ലയോ എന്നുള്ളകാര്യം ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ഞാൻ ആ കാര്യത്തിലേക്ക് കടക്കുന്നില്ല. പക്ഷേ ഇന്ന് അതൊരു അവിശ്വാസ പ്രമേയത്തിൻറെ കാരണമാക്കിത്തീർക്കുന്നതിലുള്ള പരിഹാസ്യത, അതിനെപ്പറ്റിയാണ് ഞാൻ പറയുന്നത്.

സർ, മൂന്നാമത്തെ കാര്യം പ്രീ-ഡിഗ്രി ബോർഡിൻറെ രൂപീകരണത്തെപ്പറ്റിയല്ല. ആ വാചകം വായിച്ചാൽ അറിയാം പ്രീ-ഡിഗ്രി ബോർഡിന് എതിരായിട്ട് നടത്തിയ സമരത്തെതുടർന്ന് ഉണ്ടായ പ്രതികാര നടപടികൾ പിൻവലിക്കാത്തതിനെ സംബന്ധിച്ച് ഇവിടെ ശ്രീമതി ഗൗരിയമ്മയടക്കം നിരാഹാരസത്യാഗ്രഹം കിടക്കേണ്ടിവന്ന ഒരു സാഹചര്യത്തെ സംബന്ധിച്ചാണ് അവിശ്വാസപ്രമേയം ഇവിടെ കൊണ്ടുവന്നതെന്ന്. ഇതിനെപ്പറ്റിയെന്ത് പറയാനാണ്. പ്രീ-ഡിഗ്രി ബോർഡിനെപ്പറ്റി അന്ന് പറഞ്ഞിരുന്നെങ്കിൽ അതിനെപ്പറ്റി പറയാമായിരുന്നു. അതിനെപ്പറ്റി ഞങ്ങളുടെ പാർട്ടിയുടെ നിലപാട് വ്യക്തമാക്കാമായിരുന്നു. ഇത് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു സമീപനവുമല്ല. നേരെ മറിച്ച് വർഷങ്ങളായിട്ട് കോത്താരി കമ്മീഷൻ റിപ്പോർട്ട് വരുന്നതിനു മുമ്പ്, ശ്രീ. ആർ. ശങ്കറിൻറെ ഭരണകാലത്ത് 10+2+3 എന്ന ഭരണസംവിധാനം ഇവിടെ ഏർപ്പെടുത്തുകയും, ആ +2 എന്നുപറയുന്ന സീനിയർ കോളേജുകളിൽ നിലനിർത്തുകയും ചെയ്തു. അതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞത് ഈ സമരം ഉണ്ടായിക്കഴിഞ്ഞപ്പോൾ സ്വാഭാവികമായിട്ട് കുറെ ആശങ്ക പ്രൊഫസർമാർക്കും, ലക്ചറർമാർക്കും, അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും ഉണ്ടായി എന്നാണ്. ആ ആശങ്ക വലിയ കാര്യമൊന്നുമല്ല. വിദ്യാർത്ഥികൾക്ക് അത് നല്ലതാണ്. അത് പോകട്ടെ. കുറേ ആശങ്കയുണ്ടായി. സമരം ചെയ്ത് ഒരു ഘട്ടംവരെ വന്നപ്പോൾ, ഞാൻ സജീവമായി രംഗത്തിറങ്ങിയിട്ടില്ലെങ്കിൽപോലും ശ്രീ. ഉമ്മൻചാണ്ടിയും ഡോ. കെ. സി. ജോസഫും കൂടി മുന്നോട്ടുകൊണ്ടുവന്ന ഒരു ഒത്തുതീർപ്പുവ്യവസ്ഥയുണ്ടായിരുന്നു. അതിൽ പറഞ്ഞിട്ടുണ്ട് പ്രീ-ഡിഗ്രി കോളേജ് തലത്തിൽ നിന്ന് മാറുകയില്ല എന്ന്. പ്രീ-ഡിഗ്രി ബോർഡ് വരുന്നതുകൊണ്ട് ഉണ്ടാകുന്ന അസൗകര്യങ്ങളെപ്പറ്റി പരിശോധിക്കാനായിട്ട് വൈസ് ചാൻസലർമാരുടെ കമ്മിറ്റി വയ്ക്കും. ആ കമ്മിറ്റി ജീവനക്കാരുമായിട്ട് ചർച്ചചെയ്യും. അങ്ങനെ ചർച്ചചെയ്തതിനുശേഷം രാഷ്ട്രീയ പാർട്ടികളുമായി ഞങ്ങൾ ചർച്ച ചെയ്യും. ഒരു ഓപ്പൺ മൈൻറോടുകൂടി പ്രശ്നങ്ങൾ ഒക്കെകാര്യം ചെയ്യാമെന്ന് പറഞ്ഞപ്പോൾ, സമരം പിൻവലിച്ച് പിറകോട്ടുപോകാൻ തയ്യാറാകാതെ പൊളിറ്റിക്കൽ ആയി സമരം നീട്ടിക്കൊണ്ടുപോയി, ദയനീയമായി പരാജയപ്പെടുത്തി. പ്രതികാര നടപടികൾ ക്ഷണിച്ചു വരുത്തിയോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഒടുവിൽ മാർക്ക് സീനിയർ

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്തുള്ള ഒരു കൺസോളിഡേഷനുവേണ്ടിയാണെങ്കിൽപോലും അഭിവന്ദ്യയായ ശ്രീമതി കെ. ആർ. ഗൗരിയമ്മയെ ഈ അസംബ്ലിയുടെ പടിക്കൽ ഏതാനും മണിക്കൂറുകളും കിടത്തുന്നതുവരെയുള്ള അപഹാസ്യമായ ഘട്ടം വരെ കൊണ്ടെത്തിച്ച ആ ചിത്രം വീണ്ടും ഇതേകാര്യത്തിന് കൊണ്ടുവരുന്നത് ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, നിങ്ങളാണ് കിടത്തിച്ചത്. അത് മനസ്സിലായില്ലേ? മുഖ്യമന്ത്രി എന്നോട് വാക്കുപറഞ്ഞത് ലംഘിച്ചു. അതുകൊണ്ട് മുഖ്യമന്ത്രിയാണ് എന്നെ ഇവിടെ കിടത്തിച്ചത്.

ശ്രീ. സി. വി. പത്മരാജൻ: മുഖ്യമന്ത്രി വാക്കുപറഞ്ഞോ ഇല്ലയോ എന്നുള്ള കാര്യത്തെപ്പറ്റി മുഖ്യമന്ത്രി നാളെ വരുമ്പോൾ അദ്ദേഹം പറയും. എനിക്ക് അതിനെപ്പറ്റി അറിഞ്ഞുകൂടാ. ഞാൻ അതിനെപ്പറ്റി അല്ല പറയുന്നത്. ഏതായാലും ഗൗരിയമ്മയുടെ നിരാഹാരസത്യാഗ്രഹം അവസാനിപ്പിച്ചതിൽ വളരെ സന്തോഷമുണ്ട്. അത് നീട്ടിക്കൊണ്ടുപോകുവാനുള്ള ആരോഗ്യം അവർക്ക് ഇല്ലാത്തതിൽ ഞങ്ങൾക്ക് ഉൽക്കണ്ഠയും ആശങ്കയുമുണ്ടായിരുന്നു എന്ന് മാത്രമേ എനിക്ക് അതിനെപ്പറ്റി പറയാനുള്ളൂ.

സർ, അടുത്ത ആരോപണം അഴിമതിയും ക്രമസമാധാനവും. കാലദേശങ്ങൾക്ക് അതീതമായി ഏതൊരു പ്രതിപക്ഷത്തിനും, ഏതൊരു ഭരണകക്ഷിക്കും എതിരായിട്ട് ഉന്നയിച്ച രണ്ട് ആരോപണങ്ങളാണ് നിയമസമാധാനം തകർന്നു, അഴിമതി കാണിച്ചു എന്നത്. എല്ലാക്കാലത്തും പ്രതിപക്ഷം പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഇത്. ഇവിടെ ക്രമസമാധാനത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഇവിടെ പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞതാണ്. എന്റെ സമയം മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ ഉള്ളതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ അഴിമതി ആരോപണങ്ങളും ഉന്നയിക്കുകയും അത് തെളിയിക്കാൻ പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെന്നും, ഞാനാണ് വാദി, ഞാനാണ് പ്രതി, ഞാനാണ് ഈ ആരോപണത്തിന്റെ പിതാവ് എന്നും പറയാൻപോലും ധൈര്യമില്ലാത്ത ആളുകളും അഴിമതി ആരോപണവുമായി ഇറങ്ങി തിരിച്ചിരിക്കുകയാണ്. നമ്മുടെ പൊതുരംഗത്തുനിന്ന് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവർ, സ്വഭാവശുദ്ധിയുള്ള ആളുകളും, ഭരണാധികാരികളായിട്ടു വരുന്ന ആളുകളും, പ്രതിപക്ഷനേതാക്കന്മാരായി വരുന്ന ആളുകളും, രാഷ്ട്രീയ പാർട്ടി നേതാക്കന്മാരായിട്ട് വരുന്ന ആളുകളും ഇവരെപ്പറ്റി പറയുന്നതിൽ യാതൊരു ഉത്തരവാദിത്വവുമില്ല. അങ്ങനെ ആരോപണം ഉന്നയിച്ചിട്ട് നീ പോയി തെളിയിക്കൂ എന്ന് പറയുന്ന ഒരു സമീപനം എടുക്കുന്നത് ഈ രാജ്യത്തെ പൊതുജീവിതം മലീമസമാക്കുകയാണ്. ആ പ്രക്രിയ കഴിഞ്ഞ 4 വർഷക്കാലമായി അപ്പുറത്തുനിന്ന് നടത്തുകയാണ്. ഇതിനുമുമ്പ് പലപ്പോഴും പറഞ്ഞുകേട്ടിട്ടുള്ളതും ഒരിക്കലും ഒരു ഗവൺമെന്റും നടപ്പിലാക്കാത്തതുമായിട്ടുള്ള അഴിമതി നിരോധനകമ്മീഷൻ നടപ്പിലാക്കിയത് ഈ ഗവൺമെന്റാണ്. ഇതിനകത്ത് നിങ്ങൾ എന്തു ചെയ്തു? ഇതിനകത്ത് ലൂപ്പ് ഹോൾസ് ഉണ്ടെന്നുപറഞ്ഞ് സഹകരിക്കാതിരിക്കയാണ്. ആ ലൂപ്പ് ഹോൾസ് പരിഹരിച്ചാൽ നിങ്ങൾ സഹകരിക്കുമോ? ഇല്ല, സഹകരിക്കുകയില്ല. അത് പരിഹരിക്കാൻ തയ്യാറാണ്. ഞങ്ങളുടെ സ്റ്റാന്റ്, അതാണ്. അഴിമതി നിരോധന കമ്മീഷനകത്ത്, എന്താണ് ലൂപ്പ് ഹോൾ? ഈ മന്ത്രിസഭയ്ക്കകത്ത് അതിനെക്കുറിച്ച് ചർച്ചചെയ്യാൻ തയ്യാറാണ്, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞാൻതന്നെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാം

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാണ്. പ്രതിപക്ഷങ്ങളും അഴിമതി നിരോധന കമ്മീഷനിൽ വരുത്ത ണമെന്നുപറയുന്ന ഭേദഗതികളും എന്താണ്? നമുക്ക് അത് ചർച്ചചെയ്യാം. ആവശ്യമുണ്ടെങ്കിൽ ഭേദഗതിവരുത്താം.

ശ്രീ. ബേബിജോൺ: സർ, അങ്ങയുടെ ശ്രദ്ധയിലേക്കുവേണ്ടി പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ തന്നെ പ്രതിപക്ഷങ്ങളും അവരുടെ അഭിപ്രായം പറഞ്ഞു. നിർഭാഗ്യവശാൽ അത് സ്വീകരിച്ചില്ല.

ശ്രീ. സി. വി. പത്മരാജൻ: സർ, പ്രതിപക്ഷങ്ങളും പറയുന്ന തെല്ലാം സ്വീകരിക്കാനൊക്കുകയില്ല. ഈ പ്രതിപക്ഷങ്ങളും പറയുന്നത് സ്വീകരിക്കാവുന്നതിലുള്ളതല്ല. ഈ മാതിരി കാര്യങ്ങളിൽ ഒരു കോൺസെൻസസ് ഉണ്ടാക്കുകയാണ് വേണ്ടത്. അതിനു ഞങ്ങളും തയ്യാറാണ്. ഇത് മാത്രമേ എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: സർ, തെറ്റിദ്ധരിച്ച് പ്രസംഗിക്കേണ്ടി വരുകയില്ല. പ്രസംഗിച്ചത് എന്താണെന്നോ; ഇന്ന് കമ്മീഷൻ ഇത് നടപ്പിലാക്കുന്നതിനുവേണ്ടി അവരുടെ റിപ്പോർട്ട് ആയി അവതരിപ്പിച്ചിരിക്കുന്ന ആ സംഗതികളും ഞങ്ങളും ഈ സഭയിലും നേരിട്ടും പറഞ്ഞ വസ്തുതകളാണെന്നുള്ളത് അറിയാമോ?

ശ്രീ. സി. വി. പത്മരാജൻ: സർ, അത് പരിഗണിക്കുന്നതിന് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം, ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള നോണഫൈഡ് ആയിട്ടുള്ള അമെൻറ്മെൻറ് സജസ്റ്റ് ചെയ്തതിൽ അത് അംഗീകരിക്കാൻ തയ്യാറാണ്. ഇതിനെപ്പറ്റി സംശയമൊന്നും വേണ്ട. ഇവിടെ ഇത്രയും കാര്യങ്ങളല്ലെയുള്ളൂ. ഈ 5 കാര്യങ്ങളും കഴിഞ്ഞാൽ പിന്നെ ശ്രീ. നായനാർ ഇവിടെ അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തിനകത്ത് എന്ത് കാര്യങ്ങളാണുള്ളത്? ഇതിൽ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമെന്താണ്? ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളും വിട്ടുപോയിയെന്നു after thought ഉണ്ടായതുകൊണ്ടാണ് ഇന്നലെ ശ്രീ. മൂസ്സക്കുട്ടിയെക്കൊണ്ട് ഇവിടെ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവിനെപ്പറ്റി ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ തയ്യാറായതിന്റെ രഹസ്യം എന്നുള്ളതാണ് വസ്തുത. അതുപോലുമില്ല. അപ്പോൾ എങ്ങിനെയെങ്കിലും അത് തല്ലിക്കൂട്ടിയേപറ്റൂ. എന്തിനാണ്? ശ്രീ. രാഘവനെ തോല്പിക്കാൻ വേണ്ടി അങ്ങനെയെങ്കിൽ അങ്ങനെയായിരിക്കട്ടെ. അതിൽ വിരോധമൊന്നുമില്ല. ഇന്ന് പ്രതിസന്ധി എവിടെയാണ്? ഞങ്ങളുടെ ഇടയിലല്ല. ഞങ്ങളുടെ ഇടയിൽ പ്രതിസന്ധിയൊന്നുമില്ല. മറെറാന്ന് നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഇന്നത്തെ പ്രസംഗത്തിൽ നിന്ന് എനിക്ക് കേൾക്കാൻ കഴിഞ്ഞ ഒരുകാര്യം ജാതി-മത വർഗ്ഗീയ ശക്തികൾക്ക് ഈ ഗവൺമെൻറ് അടിമപ്പെട്ടിരിക്കുകയാണെന്നുള്ളത് ഗുരുതരമായ ഒരു രാഷ്ട്രീയ ആരോപണമാണ്. ഞാൻ ശ്രദ്ധിക്കുകയായിരുന്നു അത്. എന്താണ് സർ ജാതി? ഞങ്ങളുടെ കൂടെ മുസ്ലീംലീഗ് ഉണ്ട്, കേരളാ കോൺഗ്രസ്സുണ്ട്, മറെറ് പല കക്ഷികളുമുണ്ട്. നിങ്ങൾക്ക് ജാതി-മത വർഗ്ഗീയ ശക്തികളെപ്പറ്റിയുള്ള നിർവ്വചനം എന്താണ്? ഇന്നത്തെ മറെറ് കക്ഷികളുടെ കാര്യം അവിടെ നില്ക്കട്ടെ. ഇന്നത്തെ മാതൃഭൂമിയിൽ (ജൂലൈ 30-ൽ) ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഒരു പ്രസ്താവനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, തമിഴ്നാട്ടിൽ മുസ്ലീംലീഗുമായി നിങ്ങൾക്ക് സഖ്യമുണ്ടാക്കാമെങ്കിൽ, ആ മുസ്ലീംലീഗ് വർഗ്ഗീയ ശക്തികളല്ല എന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിൽ ഇവിടെ ഞങ്ങൾ ഒരുമിച്ച് ഭരണത്തിലിരിക്കുന്നതിൽ എന്താണ് അപാകത? ശ്രീ. ഇ. എം. എസ്സിന്റെ മറ്റൊരു പ്രസ്താവന അതേ പ്രസംഗത്തിലുണ്ട്. ആർ. എസ്. എസ്സിന്റെ സ്വാധീനത്തിൽ നിന്ന് തികച്ചും വിമുഖമാകുന്ന ഭാരതീയ ജനതാപാർട്ടിയുമായി യോജിച്ച് തന്റെ പാർട്ടി ദേശീയ തലത്തിൽ പ്രതിപക്ഷ സഖ്യത്തിനെ എത്തിക്കുമെന്ന്. ആരാണ് ഇവിടത്തെ വർഗ്ഗീയ ശക്തികളെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞേ തീരൂ. ആരാണ് വിഘടിത ശക്തികൾ? കേരള കോൺഗ്രസ്സിന്റെ കാര്യത്തെപ്പറ്റി പിന്നീട് പറയാം. തമിഴ്നാട്ടിൽ നിങ്ങൾ 'ഡി. എം. കെ. യുമായി സഖ്യമുണ്ടാക്കി, ആന്ധ്രാപ്രദേശിൽ തെലുങ്കുദേശവുമായിട്ട് സഖ്യമുണ്ടാക്കി; തമിഴ്നാട്ടിൽ മുസ്ലീംലീഗുമായിട്ട് സഖ്യമുണ്ടാക്കി. ബി. ജെ. പി. യെ ക്ഷണിക്കുന്നു, വാ! നമുക്ക് ഒരുമിച്ച് പോകാം എന്നുപറഞ്ഞ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയൊക്കെ പോയി. ഇടതുപക്ഷ മുന്നണിയും പോയി. ബി. ജെ. പി. യെ ക്ഷണിച്ചുകൊണ്ടുള്ള പ്രതിപക്ഷ ഐക്യം. എന്ത് രാഷ്ട്രീയമാണ്? ശ്രീ. നായനാർക്ക് നാണം വേണ്ടേ, ഇവിടെ വന്നു ഞങ്ങളുടെ മുഖത്തുനോക്കി, ജാതീയ വർഗ്ഗീയ ശക്തികൾ എന്നു പറയാൻ.

ശ്രീ. ഇ. കെ. നായനാർ : സർ, ഇത് ഏതു പത്രത്തിലാണ് വായിച്ചത്".

ശ്രീ. സി. വി. പത്മരാജൻ : ഞാൻ വായിച്ചത് ജൂലൈ 30-ാം തീയതിയിലെ മാതൃഭൂമിയിൽ നിന്നാണ്. വേണമെങ്കിൽ വെരിഫൈ ചെയ്യാം. ഞാൻ വേറെയൊന്നും പറയാം. ഭിന്നവാലയുടെ ഗ്രൂപ്പിൽ പെട്ടയാളുകളുമായും ജമാ അത്ത് ഇസ്ലാം, ആർ. എസ്സ് എസ്സ്. ആ മാതിരിയുള്ള ചില പ്രഖ്യാപിതമായ വർഗ്ഗീയ സ്വഭാവമുള്ള ആളുമായിട്ടും ഞങ്ങൾ ഒരിക്കലും ബന്ധപ്പെടുകയില്ല, ഒരിക്കലും ബന്ധം ഉണ്ടാക്കിയിട്ടുമില്ല. നിങ്ങളുടെ അഭിപ്രായത്തിൽ ആരൊക്കെയാണ് വർഗ്ഗീയ വാദികൾ? ആ ഉപജാതി വിഭാഗത്തിലെ നക്സലൈറ്റ് ഗ്രൂപ്പുമായിട്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വളരെ നേരത്തെ സഖ്യമുണ്ടാക്കി. ആ ഉപജാതി പരാശക്തിയെന്നു പറഞ്ഞ നോക്കേണ്ട, മിസ്സോറമിന്റെ കാര്യവും പറയണ്ട. അതൊക്കെ ശരിയാണ്.

വർഗ്ഗീയ കക്ഷിയെ നമ്മൾ എങ്ങനെ നിർവ്വചിക്കും. ഒരു വിഘടിത കക്ഷിയെ എങ്ങനെ നിർവ്വചിക്കും. എന്താണ് അതിന്റെ മാനദണ്ഡം? കേരളത്തെ സംബന്ധിച്ച് ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതിൽ സംശയം വേണ്ട. ശ്രീ. ഇ. കെ. നായനാർ തന്നെ സമ്മതം തന്നതല്ലേ. ഇവിടെ കഥ പറഞ്ഞതല്ലേ, 300 കൊല്ലം കൂടെ ജീവിച്ചതുപോലെ. ഞങ്ങൾ ഭരിക്കുമെന്ന് പറഞ്ഞില്ലെ, വളരെ നന്ദി. 300 കൊല്ലമൊന്നും ഭരിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല; അത് സാദ്ധ്യവുമല്ല. പക്ഷേ അടുത്ത അഞ്ചു കൊല്ലത്തേക്ക് ഞങ്ങൾ ഭരിക്കും. ഞങ്ങൾ കാലാവധി പൂർത്തിയാക്കിയിട്ടോ, പൂർത്തിയാകുന്നതിന് മുൻപോ, ഞങ്ങൾ തിരഞ്ഞെടുപ്പിൽ ഒരു മുന്നണിയായിട്ട് തന്നെ മുന്നോട്ടുപോകും. അതിനെപ്പറ്റി സംശയിക്കേണ്ട. യാതൊരു സംശയവും വേണ്ട. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഒരു പാർട്ടിയോഗത്തിൽ നടത്തിയ രഹസ്യ പ്രസ്താവനയെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങൾ ഉയർന്നു വന്നിട്ടുള്ളതുകൊണ്ടാണ് ഞാൻ ഇത് വളരെ വ്യക്തമായി പറയുന്നത്. ആ മുന്നണിയെ സംബന്ധിച്ച് ഒരു കാര്യം കൂടി പറയാം. ആ മുന്നണിക്ക് ഒരു പ്രത്യേക ക്യാരക്ടറിസ്റ്റിക്സ് ഉണ്ടായിരിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അത് ഒരു വിരുദ്ധ മുന്നണിയായിരിക്കുകയില്ല. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയെന്നോ, മാർക്സിസ്റ്റ് വിരുദ്ധ മുന്നണിയെന്നോ, മറ്റ് ഏതെങ്കിലും വിരുദ്ധ മുന്നണിയെന്നോ ആയിരിക്കുകയില്ല, രചനാത്മകമായ ക്രിയാത്മകമായ പരിപാടികൾ ജനങ്ങളുടെ മുൻപിൽ വച്ചുകൊണ്ടുള്ള ദേശീയമായി യോജിക്കാൻ കഴിയുന്ന, ദേശീയമായ താൽപര്യങ്ങൾക്ക് അനുയോജ്യമായിട്ടുള്ള പരിപാടികളുള്ള കക്ഷികളുമായിട്ടുള്ള മുന്നണിയായിരിക്കും. അത് വരുമ്പോഴാണ് വർഗ്ഗീയ കക്ഷികൾ ആരെന്ന് നിങ്ങൾ ചോദിക്കുന്നത്. ഞാൻ അതിനെ സംബന്ധിച്ച് ഉത്തരം പറയാം. വർഗ്ഗീയ കക്ഷികൾ ആരാണ്, നിങ്ങൾ പറയൂ. എന്താണ് നിർവചനം. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ കൂടെ വന്നു, ഞങ്ങളുടെ കൂടെ വന്നു ഇപ്പോൾ ഒരുമിച്ചുവന്നു എല്ലാവരും ഞങ്ങളുടെ കൂടെയുണ്ട്. പക്ഷേ ഇന്നേവരെ പുരോഗമനപരമായ ഒരു പരിപാടി കൈക്കൊള്ളുന്നതിന് മുസ്ലീംലീഗ് പ്രതിബന്ധമായിട്ട് നിന്നിട്ടില്ല. മുസ്ലീംങ്ങളുടെ താൽപര്യത്തിനുവേണ്ടി അവർ വാദിക്കും. അങ്ങനെയരുതെന്ന് പറയാനൊക്കുകയില്ല. മുസ്ലീം എന്നു പറഞ്ഞതുകൊണ്ടുമാത്രം, അത് പറയാൻ നിർവ്വാഹമില്ല. ഇന്ത്യയുടെ പ്രത്യേക രാഷ്ട്രീയ സാഹചര്യം അതാണ്. സമൂഹത്തിന്റെ സാഹചര്യം അതാണ്. പിന്നോക്ക സമുദായങ്ങളും ന്യൂനപക്ഷങ്ങളുമുണ്ട്. അവർക്ക് പ്രാതിനിധ്യത്തിന്റെ പ്രശ്നങ്ങളുണ്ട്. അവർക്ക് അധികാരം പങ്കിടുന്നതിനുള്ള പ്രശ്നങ്ങളുണ്ട്. അവർ സംഘടിക്കേണ്ടതായിട്ടുവരും. അത് വേണോ വേണ്ടയോ എന്നുള്ളത് വോട്ടർ കാര്യമാണ്. സംഘടിച്ചു കഴിഞ്ഞാൽ അവരെ ദേശീയ ധാരയിൽ ലയിപ്പിച്ച് ചേർക്കത്തക്കവണ്ണം അവരുടെ ന്യായമായ പരാതികൾ കേട്ട് അവരേയും കൂടി ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്ന സമീപനം സ്വീകരിക്കണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന് പ്രത്യേകമായി ഉരുത്തിരിഞ്ഞു വന്നിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ ആ മുന്നണിയുമായിട്ട് മുന്നോട്ടു പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിന് മാറ്റമൊന്നും വരുത്തേണ്ട കാര്യമില്ല. ഒരു കാര്യം കൂടി പറഞ്ഞോട്ടെ. മുസ്ലീം ലീഗ് വർഗ്ഗീയമാണെന്ന് പറയുമ്പോൾ ശ്രീ. നായനാർ പറയൂ, അകാലിദൾ വർഗ്ഗീയമാണോ?

ശ്രീ. ഇ. കെ. നായനാർ : ആണ്.

ശ്രീ. സി. വി. പത്മരാജൻ : വർഗ്ഗീയതയുടെ മാനദണ്ഡമെന്താണ്? രണ്ടിനും ഞാൻ ഉത്തരം പറയാം. ഒരു കക്ഷിയെ വർഗ്ഗീയമാണോ അല്ലയോ എന്ന് മുദ്ര കുത്തുന്നത് എന്റെ അഭിപ്രായത്തിൽ അതിന്റെ പേര് നോക്കിക്കൊണ്ട് പാടില്ല, ഓരോ പരിപാടികളോട് അവർ സമീപിക്കുന്ന നയത്തെ ആശ്രയിച്ച് വേണം. അങ്ങനെയാണെങ്കിൽ ഒരു രാഷ്ട്രീയ താത്വികാചാര്യന്റെ അഭിപ്രായം തന്നെ ആധാരമായിട്ട് സ്വീകരിച്ചോട്ടെ. On what basis do you describe certain parties as communal? The question is not whether

LIBRARY ARCHIVES Kerala Legislative Assembly

we ascribe certain character to some parties or not. The question is that on certain occasions certain traits of character of particular party come to the forefront എന്നാണ് അദ്ദേഹം സ്ഥാപിക്കുന്നത്. 1977-ൽ ആർ. എസ്. എസ്കാർ ശ്രീമതി ഇന്ദിരാഗാന്ധിയെ എതിർക്കാനായിട്ട് മുന്നോട്ടുവന്നപ്പോഴും അവരുമായിട്ട് കൈകോർത്തു പിടിക്കാൻ ഇവിടത്തെ പ്രതിപക്ഷങ്ങൾ തയ്യാറായത് ആ ട്രെയിറ്റ് പുറത്തുകൊണ്ടുവന്നതുകൊണ്ടാണ്. അതിനെ സ്വീകരിച്ചിരിക്കുകയാണ്. അടുത്തതായി പറഞ്ഞിരിക്കുന്നു, So it is not a question of some party being denounced as this or that for all time to come or some being praised as this or that for all times to come എല്ലാ കാലഘട്ടത്തിലേക്കും ഒരു കക്ഷിയെ വർഗ്ഗീയം എന്നോ അല്ല എന്ന് പറഞ്ഞോ മുദ്രകുത്തുന്നത് ശരിയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു ചോദ്യം കൂടി. അകാലിദൾ വർഗ്ഗീയമാണോ എന്ന് ചോദിച്ചപ്പോൾ ശ്രീ. നായനാർ ആണ് എന്ന് പറഞ്ഞല്ലോ. Today, is the actual party a communal party? ശ്രീ. നായനാർ ശുദ്ധഗതിക്കാരനായതുകൊണ്ട് അദ്ദേഹം 'ആണ്' എന്ന് ഉത്തരം പറഞ്ഞു. അതിന്റെ ഉത്തരം എന്താണെന്ന് അറിയാമോ? The actual party today has two aspects. One aspect is positive, the second aspect is negative. Therefore, we cannot say whether it is communal or not. പ്രസ്താവന ഇ. എം. എസ്സിന്റെതാണ്. ഞാൻ എടുത്തുകൊണ്ടുവന്നിരിക്കുന്നത് പഴയ പ്രസ്താവനയല്ല. 1986 ജൂലായ് മാസം 13-ാം തീയതി സൺഡേ ഒബ്സർവറിക്ക് കൊടുത്ത ഒരു അഭിമുഖ സംഭാഷണത്തിൽ വർഗ്ഗീയ കക്ഷികൾ ആരാണെന്നും വർഗ്ഗീയ കക്ഷികളെ നിർവ്വചിക്കേണ്ടത് എങ്ങനെയാണെന്നും അകാലികൾ വർഗ്ഗീയ കക്ഷി ആണോയെന്നും ഒക്കെയുള്ള ഒരു അഭിപ്രായ പ്രകടനം നടത്തിയിരിക്കുകയാണ്. ഈ കളിയൊന്ന് നിറുത്തിക്കൂടെ നമുക്ക്.

സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വേറെയൊരു പ്രശ്നമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കകത്തുള്ള കാര്യത്തെപ്പറ്റി ചില അഭിപ്രായങ്ങൾ പറഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. ശ്രീ. എം വി. രാഘവൻ എടുത്തിരിക്കുന്ന നിലപാട് ഞങ്ങളെ സംബന്ധിച്ചിടത്തോളം തെറ്റാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. കോൺഗ്രസ്സിനെ എതിർക്കുന്നതിനുവേണ്ടി ഏതു കക്ഷിയുമായി കൂട്ടുകൂടി മുന്നോട്ടു പോകുക, കോൺഗ്രസ്സ് വിരുദ്ധ മുന്നണി ഉണ്ടാക്കുകയെന്ന് പറയുന്നത് തെറ്റായ, അസ്വീകാര്യമായ, രാജ്യദ്രോഹപരമായ നിലപാടാണ്. അതിന് വഴി വച്ചുകൊടുത്തിരിക്കുന്നത് ആരാണ്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി—ഇ. എം. എസ്സ്. ജനറൽ സെക്രട്ടറിയായിട്ടുള്ള പാർട്ടി ചിലപ്പോൾ ഒക്കെ നല്ല പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ നിർഭാഗ്യകരം എന്താണെന്ന് പറഞ്ഞാൽ, അത് നടപ്പിലാക്കാൻ വരുമ്പോഴേക്കും അവർ തെറ്റായ പാതയിൽ കൂടി പോയിട്ടുണ്ട്. ആ പ്രഖ്യാപനം ഞാൻ വായിച്ചോട്ടെ. അവരുടെ പാർട്ടി പരിപാടിയുടെ 108-ാമത്തെ പാരഗ്രാഫിൽ പറയുന്നത് '' ഒരു ചെറിയ കക്ഷിയായ കോൺഗ്രസ്സുമായി ഏതെങ്കിലും തരത്തിൽ തന്ത്രപരമായ ഐക്യത്തെയൊ, ഐക്യമുന്നണിയേയോ പറ്റി യാതൊരു വ്യാമോഹവും വച്ചുപുലർത്താതെ തന്നെ രാഷ്ട്രീയത്തിന്റെ യഥാർത്ഥ താൽപര്യങ്ങൾക്ക് ഇണങ്ങുന്ന എല്ലാ ലോകസമാധാന കോളണി

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധ പ്രശ്നങ്ങളിലും സാമ്രാജ്യത്വമായി ഒരുവിധത്തിലുമുള്ള എല്ലാ രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളിലും നമ്മുടെ പരമാധികാരത്തേയും സ്വതന്ത്ര വിദേശനയത്തേയും ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളിലും കോൺഗ്രസ്സ് ഗവൺമെന്റിനു നിർലോഭമായ സഹായം നൽകാൻ തൊഴിലാളി വർഗ്ഗം മടിക്കുകയില്ലായെന്നു പറഞ്ഞിട്ടുണ്ട്. ശരിയായ ലൈനാണ്. പക്ഷേ ഫലത്തിൽ വരുമ്പോൾ. എന്താണ് ചെയ്യുന്നത്.

അവരുടെ പാർട്ടി നയത്തിന്റെ നാലാം പാരഗ്രാഫിൽ ആദ്യം പറയുന്നത്, "ഏത് രാജ്യത്തേയും അവിടത്തെ ഗവൺമെന്റിന്റേയും വിദേശനയം അവസാന വിശകലനത്തിൽ ആഭ്യന്തര നയത്തിന്റെ പ്രക്ഷോഭം അഥവാ തുടർച്ച മാത്രമാണ്" എന്നാണ്. കുത്തക മുതലാളി വിരുദ്ധ നിലപാട് സ്വീകരിച്ചിരിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ, ഇവിടത്തെ ഇന്ത്യാഗവൺമെന്റിന്റെ ആഭ്യന്തര നയത്തെ കണ്ണുമടച്ച് എതിർക്കുകയെന്ന് പറഞ്ഞുകൊണ്ട്, അനുയായികളെ കിട്ടാൻ വേണ്ടി നിങ്ങൾ അവരുമായി ശൗബ്ദങ്ങളായി അനുവർത്തിച്ചു വന്നിരിക്കുന്ന തെറ്റായ നടപടികളുടെ ഭാഗമാണ്. അതുകൊണ്ട് കാലാകാലങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്ത് ഉണ്ടായിട്ടുള്ള പൊട്ടലുകൾ, ചീറ്റലുകൾ, വിള്ളലുകൾ, സി.പി.ഐ. ഉണ്ടായി, നക്സലൈറ്റ് ഉണ്ടായി, മറ്റൊരു ഗ്രൂപ്പായി ഇപ്പോൾ രാഘവൻ ഉണ്ടായിരിക്കുന്നു. ഇതുപോലെ പല തെറ്റുകളുണ്ട്. അതാണ് എനിക്ക് പറയാനുള്ളത്. ഈ അവിശ്വാസപ്രമേയത്തെപ്പറ്റി പറയുമ്പോൾ ഒരു ഉപന്യാസമത്സരത്തിൽ കവിഞ്ഞ പ്രാധാന്യമുണ്ടോ എന്നു എനിക്ക് സംശയമുണ്ട്. ആദ്യത്തെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. അവിശ്വാസപ്രമേയത്തെപ്പറ്റി കഴിഞ്ഞ 18-ാം തീയതിയിലെ ദേശാഭിമാനി പത്രത്തിൽ "അവിശ്വാസപ്രമേയത്തിനു മുൻപും പിൻപും" എന്നു പറഞ്ഞ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് തന്നെ ലേഖനം എഴുതിയിട്ടുണ്ട്. ചോദ്യങ്ങൾ ചോദിച്ചിരിക്കുന്നത് എം. വി. രാഘവനോടാണ്. രാഘവനും ഇ. എം. എസ്സും പി. കെ. വി.യും ഒക്കെക്കൂടെ തീരുമാനിക്കേണ്ട കാര്യങ്ങൾക്ക് എന്തിനാണ് ഈ ഗവൺമെന്റിനെ വലിച്ചിഴക്കുന്നത്. ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ.ഇ. ഇസ്മയിൽ: സർ, ഞാനിവിടെ ശ്രീ.ഇ.കെ.നായനാർ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ പിന്താങ്ങുന്നു. ഒരു ജനാധിപത്യ ഭരണത്തിൽ മന്ത്രിമാരും നേതാക്കൻമാരും സാംസ്ക്കാരികമായി, സദാചാരപരമായി, ധാർമ്മികമായി അഴിമതിക്കതീതമായി ഉന്നത നിലവാരം പുലർത്തേണ്ടതാണ്. എന്നാൽ കഴിഞ്ഞ നാലുവർഷം പൂർത്തിയാക്കിയ ഈ ഗവൺമെന്റ് കഴിഞ്ഞകാലങ്ങളിൽ നടപ്പിലാക്കിയ ജനദ്രോഹ നടപടികളും തൊഴിലാളിദ്രോഹ പ്രവർത്തനങ്ങളും സ്വജനപക്ഷപാതവുമൊക്കെ ഇതിനു മുമ്പും സഭയിൽ വളരെ വിശദമായി പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ശ്രീ. ഇ.കെ. നായനാർ ഇവിടെ ഇത് അവതരിപ്പിച്ചപ്പോഴും ഈ കാര്യങ്ങൾ വിശദീകരിച്ചതാണ്. വളരെ ശക്തമായ നിലയിൽ സഭയിൽ എത്രയോ പ്രാവശ്യം ഈ വിഷയം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ തൊഴിലാളികളുടെ പ്രശ്നങ്ങളൊന്നും പറയാനില്ലാത്തതുകൊണ്ടാണ് കുവൈറ്റികളുടെ പ്രശ്നവും ബാലകൃഷ്ണപിള്ളയുടെ പ്രശ്നവും വലിച്ചിഴക്കേണ്ടിവന്നതെന്നാണ് ബഹുമാനപ്പെട്ട കെ. പി. സി. സി. പ്രസിഡന്റ് സി.വി. പത്മരാജൻ പറഞ്ഞത്. എന്നാൽ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തെ സ്ഥിതി ഇവിടെ ഇതിനുമുമ്പ് ചർച്ചചെയ്യപ്പെട്ട വിഷയങ്ങളല്ലേ? നമ്മുടെ സംസ്ഥാനത്തിലെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിലെ പുനഃസംഘടനാപദ്ധതിയെയാകെ തകർത്തെറിഞ്ഞുകൊണ്ട് ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളെ ഇന്ന് പട്ടിണിയിലും പ്രയാസങ്ങളിലും പരിവട്ടങ്ങളുമായി കഴിയുന്നുവെന്നുള്ളത് ഈ സഭയിൽതന്നെ എത്രയോ പ്രാവശ്യം ഉന്നയിച്ചതാണ്. കൊല്ലത്തെ കശുവണ്ടി തൊഴിലാളികളെ അവരുടെ ന്യായമായ ചില ആവശ്യങ്ങൾക്കുവേണ്ടി ഇപ്പോഴും സമരത്തിലാണ്. അടഞ്ഞുകിടക്കുന്ന ഏകദേശം നൂറോളം ഫാക്ടറികളെ കഴിഞ്ഞ മൂന്നുനാലു വർഷമായി തുറന്നു പ്രവർത്തിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുപോലെ എത്രയേറെ വൻകിട ഫാക്ടറികളാണ് ഈ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നതെന്ന് ഞാൻ പറയേണ്ട കാര്യമില്ല, വിശദീകരിക്കേണ്ട കാര്യമില്ല.

സർ, പെരുമ്പാവൂർ റയോൺസിന്റെ കാര്യത്തിൽ തീരുമാനമായി എന്ന് പറയുന്നു. പക്ഷേ ആ സ്ഥാപനത്തിൽ പുക കണ്ടിട്ട് നാലു വർഷം കഴിഞ്ഞു. അവിടെ ഇനിയും പുകവരുമോയെന്ന് ജനങ്ങൾ വളരെ മൂകതയോടുകൂടി കാത്തിരിക്കുകയാണ്. അതുപോലെതന്നെ റൂബി റബ്ബർവർക്സ് ഇന്നും പൂട്ടിക്കിടക്കുകയാണ്. ഒറ്റയ്ലാ ഗ്ലാസ്സ് ഫാക്ടറിയുടെ സ്ഥിതിയും ഫോം മാറ്റിംഗ് കോർപ്പറേഷന്റെ പ്രവർത്തനവും അതുപോലെ തന്നെയാണ്. നൂറുകണക്കിന് വ്യവസായങ്ങൾ എന്നാണ് പൂട്ടിയിടേണ്ടിവരികയെന്ന് ഭയന്ന് വളരെ ഭീതിയോടുകൂടി തൊഴിലാളികൾ കഴിയുകയാണ്. തൊഴിലാളികൾ ഇന്ന് വളരെയേറെ പ്രതിസന്ധിയിലാണ്. മാവൂർ റയോൺസിലെ പ്രശ്നം ഞാൻ ഇവിടെ ഉന്നയിച്ചിരുന്നതാണ്. ഒരുകൊല്ലം കഴിഞ്ഞിട്ടും ആ പ്രശ്നത്തിന് തീരുമാനമുണ്ടാക്കുന്നതിന് കൂട്ടാക്കാത്ത ഈ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തിലെ മുതലാളിമാരുടെ കാവൽഭടൻമാരായി പ്രവർത്തിക്കുന്നുവെന്നത് ഇവിടെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അങ്ങനെ തൊഴിൽരംഗമാകെ ശ്മശാനമൂകമായി കിടക്കുന്ന അന്തരീക്ഷത്തിൽ തൊഴിൽപ്രശ്നമില്ലായെന്നു പറഞ്ഞ് വാചാലമായി പ്രസംഗങ്ങൾ അഴിച്ചുവിട്ടതുകൊണ്ട് കാര്യമില്ല. അത്രയേറെ ഭയനീയമായ ഒരു സ്ഥിതി ഇന്ന് തൊഴിൽമേഖലയിലുണ്ട്.

അതുപോലെതന്നെ കഴിഞ്ഞ നാലു വർഷക്കാലമായി നമ്മുടെ നാട്ടിൽ നടന്ന അഴിമതികളും സ്വജനപക്ഷപാതങ്ങളും അക്കമിട്ട് ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അഴിമതി ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അതെല്ലാം അഴിമതിക്കോടതിയിൽ പോകണമെന്നു പറഞ്ഞുകൊണ്ട് ഒഴിവാക്കിയിട്ടു കാര്യമില്ല. നമ്മുടെ സംസ്ഥാനം ഐക്യകേരളമായതിനുശേഷവും അതിനു മുമ്പും നിരവധി മുഖ്യമന്ത്രിമാർ ഈ സംസ്ഥാനം ഭരിച്ചിട്ടുണ്ട്. ആ മുഖ്യമന്ത്രിമാരിൽ കരുണാകരനെതിരായിട്ടല്ലാതെ ഇതുപോലെ ഒരു അഴിമതിയാരോപണം വേറെയാരുടെയെങ്കിലും പേരിൽ ഉണ്ടായിട്ടുണ്ടോ? പനമ്പിള്ളിയുടെ പേരിലാണ് അങ്ങനെ ഒരു ആരോപണമുണ്ടായത്. അദ്ദേഹം അത് ഈ രാജ്യത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ തയ്യാറായി. പട്ടവും പനമ്പള്ളിയും ആർ.ശങ്കറും ഇ.എം.എസ്സും അച്ചുതമേനോനുമൊക്കെ ഇരുന്ന കസേരയിൽ ഇപ്പോൾ മുഖ്യമന്ത്രിയുടെ വേഷംകെട്ടിയിരിക്കുന്ന കരുണാകരനെതിരെ ഈ നാലു വർഷക്കാലത്തിനിടയിൽ ഉയർന്നുവന്ന അഴിമതി ആരോപണങ്ങൾക്ക് കൈയും കണക്കുമില്ല. അതൊക്കെ പൂരിപക്ഷമുണ്ട് എന്നുള്ള ഒരൊറ്റ കാരണംകൊണ്ട് നിഷേധിക്കാൻ ശ്രമിക്കുന്നതിൽ അർത്ഥമില്ല. സർ, തൃശ്ശൂരിലെ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സന്തതസഹചാരിയും സുഹൃത്തുമായ , എഴുത്തച്ഛനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ ഇവിടെ നടപ്പിലാക്കിയ കാര്യങ്ങളും എത്രപ്രാവശ്യം ഉന്നയിക്കപ്പെട്ടതാണ്. ആ കാര്യത്തിൽ അന്വേഷിച്ചു് അതു് സംശുദ്ധമാണോയെന്നു് ഈ രാജ്യത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. ആദിവാസികളുടേയും ഹരിജനങ്ങളുടേയും താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് അവരെ ഉദ്ധരിക്കാനെന്ന പേരിൽ അദ്ദേഹത്തിന്റെ സുഹൃത്തു് മേനോനുവേണ്ടി അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ ഈ സഭയിൽ ഉന്നയിക്കപ്പെട്ടതല്ലേ? എഴുതിക്കൊടുത്ത അഴിമതിയായി ഉന്നയിക്കപ്പെടുമ്പോഴും അന്വേഷണം ഇല്ല. അതുപോലെ അദ്ദേഹത്തിന്റെ സ്വന്തം പയ്യന്നായ മാളയിലെ ആന്റോയ്ക്കുവേണ്ടി വ്യവസ്ഥാപിതമായ നിയമങ്ങളെല്ലാം മറികടന്നുകൊണ്ടു് ഡിസ്ട്രിക്ടിലറികൾ അനുവദിക്കാനെടുത്ത നടപടികൾ പ്രതിഷേധക്കൊടുങ്കാറ്റുയർത്തിയപ്പോൾ അതു് പിൻവലിക്കാനാവശ്യമായ നടപടികളെടുത്തതു് ഈ സഭയിൽ ഉയർന്നുവന്ന വിഷയമല്ലേ? അതുപോലെ എത്രയെത്ര സംഭവങ്ങൾ ഇവിടെയുണ്ടായി സർ. ഇത്തരം കാര്യങ്ങളൊന്നും ഇപ്പോഴിവിടെ പറയുന്നതു് പ്രസക്തമല്ലായെന്നാണു് ഭരണകക്ഷിക്കാർ പറയുന്നതെങ്കിൽ അതിൽ വല്ല കഴമ്പുമുണ്ടോ? അങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. ഈ കഴിഞ്ഞ ദിവസങ്ങളിൽ ആരോഗ്യവകുപ്പിൽ ഒരു ഡയറക്ടറുടെ നിയമനം നടന്നു. ആ ഡയറക്ടറുടെ നിയമനത്തിൽ വ്യക്തമായ അഴിമതി ഉണ്ടു്. കോടിക്കണക്കിനു് ഉറുപ്പിക ഡോക്ടർമാരുടെ സ്ഥലം മാറ്റങ്ങൾക്കു് വാങ്ങിയിട്ടുണ്ടെന്നു് ഇന്നു രാജ്യം മുഴുവനും പറയുന്ന ഒരു സ്ഥിതി വരുത്തിയില്ലേ? ഡയറക്ടറായി സുരേന്ദ്രനാഥിനെ നിയമിച്ചു. സുരേന്ദ്രനാഥിനെ ഡയറക്ടറായി നിയമിക്കാൻ അദ്ദേഹത്തിനുണ്ടായ ചേതോവികാരം എന്താണു സാർ? സാധാരണഗതിയിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമിക്കണം. അതുകൊണ്ടു് ഹൈക്കോടതിയിൽ കേസ്സുകൊടുത്തു. വിനോദിനി രാഘവൻ അപ്പീൽ പോയി. ആ അപ്പീൽ പോയപ്പോൾ കോടതിയുടെ ഡിവിഷൻ ബഞ്ചും അതുപോലെതന്നെ സിംഗിൾ ബഞ്ചും ഇതു് അവിഹിതമാണെന്നു പറഞ്ഞു. സീനിയോറിറ്റി അവിടെ ലില്ലിതോമസിനാണു്. രണ്ടാംറാങ്കാണു് ഇവർക്കു വരുന്നതു് പക്ഷേ അവർക്കനുവദിച്ചില്ല. എന്നാൽ ഇപ്പോൾ ഗവൺമെന്റുതന്നെ സുപ്രീംകോടതിയിൽ പോയി. സുപ്രീംകോടതിയുടെ വിധി 16-ാം തീയതി ഉണ്ടായി. ഗവൺമെന്റു് ഈ നിയമനത്തിൽ ചെയ്തതു് തെറ്റാണെന്നു് കോടതി പ്രഖ്യാപിച്ചു. അത്തരം നടപടികൾ ഇവിടെ ഉണ്ടായില്ലേ?

അതുപോലെതന്നെ ബോട്ടാണിക്കൽ ഗാർഡൻസിൽ സയന്റിസ്റ്റിന്റെ നിയമനത്തിൽ എത്രയോ നാണംകെട്ട അഴിമതിയാണു നടത്തിയതെന്നു് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുകയല്ലേ? ഇതിലൊക്കെ ആശ്രിതവൽസലനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുണാകരൻ അദ്ദേഹത്തിനിഷ്ടമുള്ള ആളുകൾക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ആളാണെന്നു് കഴിഞ്ഞകാല അനുഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുകയാണു് സർ. അത്തരം പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നു.

സർ, നമ്മുടെ സ്വസ്ഥാനത്തു് മതമൗലികവാദികളുടെ അഴിഞ്ഞാട്ടങ്ങളും പ്രവർത്തനങ്ങളും നിരുപദ്രവം നടന്നുവരുന്നു. പഞ്ചാബിലുണ്ടാകുന്ന പ്രശ്നങ്ങൾ, നമ്മുടെ സ്വസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലുണ്ടാകുന്ന സംഭവങ്ങൾ അതേക്കുറിച്ചാണു സർ, ഞാൻ വിരൽചൂണ്ടുന്നതു്. അത്തരം ഒരു സാഹചര്യത്തിൽ മുസ്ലീം ന്യൂനപക്ഷ സംരക്ഷണസമിതിയുടെ ഭാരവാഹികളെന്ന് നിലയിൽ ലീഗ് അസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഖാലിസ്ഥാന്റെ നേതാവു് ചൗഹാനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ കേരളത്തിൽ വരാനിടയായി. സാമ്രാജ്യത്വത്തിന്റെ ദാസൻമാരായി കേരളത്തിൽ വന്ന അവർ രണ്ട് ഇസ്ലാമായിപ്പോയി, അവരെ സ്വീകരിച്ചതും രണ്ട് ഇസ്ലാമായിപ്പോയി. അവർ കൊണ്ടുവന്ന പെട്ടികളിൽ എന്തെല്ലാം സാധനങ്ങളുണ്ടായിരുന്നുവെന്നത് പ്രശ്നമേയല്ല സർ. ഇന്ത്യാരാജ്യത്ത് വിഷം കുത്തിവയ്ക്കുന്ന ചില ആളുകൾ ഇവിടെ വരാൻ പാടില്ലെന്ന് പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ അവരെ ഇവിടെ ഗസ്റ്റ് ഹൗസിൽ താമസിക്കാൻ അനുവാദം കൊടുത്തത് മുഖ്യമന്ത്രിയാണ്. അത് ന്യായമായിരുന്നോ? ഇതുപോലെ രാജ്യത്തിന്റെ രഹസ്യങ്ങൾ ചോർത്താൻ ശ്രമിച്ച ആളുകൾക്കെതിരായി ഇതിനുമുമ്പും ഇന്ത്യയിൽ നടപടി ഉണ്ടായിട്ടുണ്ട്. ഗ്രാമസ്വരൂപിനെക്കുറിച്ചും പട്ടാളവൽക്കരണത്തെക്കുറിച്ചും അതുപോലെ കുമാർ നാരായണനെക്കുറിച്ചും പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. അത്തരം ആളുകൾക്കുവേണ്ട ഒത്താശചെയ്തുകൊടുക്കുന്നവർക്ക് മന്ത്രിക്കസേരയല്ല കൽത്തുറുങ്കാണ് യഥാർത്ഥത്തിൽ കൊടുക്കേണ്ടത്. അതുകൊണ്ട് ഈ സന്ദർഭത്തിൽ ഞാൻ പറയുന്നു, ഈ അവിശ്വാസപ്രമേയം ഗവൺമെന്റിനെതിരെ ഒരു ഭയാഹർജിയായെങ്കിലും അംഗീകരിക്കണം. മുന്നാം നൂറാണ്ടിൽ ആര്യട്ടേൻ പറഞ്ഞിട്ടുണ്ട് സർ, ഇത്തരം സാഹചര്യങ്ങളിൽ രാജ്യദ്രോഹ പ്രവർത്തനം നടത്തുന്ന, ജനവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്ന രാജ്യത്തിനും ജനങ്ങൾക്കും ഉപയോഗമില്ലാത്ത അത്തരം ആളുകളെ ആവശ്യമുണ്ടെങ്കിൽ കൊല്ലാനുള്ള അനുവാദം കൊടുക്കാമെന്ന്. ഈ സഭ അതിനെങ്കിലും അനുവദിക്കേണ്ടതാണു സർ. ഇവിടെ കുഴൽപ്പണക്കാരെ കൊണ്ടുവന്ന കാര്യത്തിൽ സാധാരണ ഗതിയിൽ നാലു വോട്ടിനുവേണ്ടിയും മന്ത്രിക്കസേരയ്ക്കുവേണ്ടിയും എന്തു കടുംകൈയും ചെയ്യാമെന്ന ഒരു നിലയിലേയ്ക്ക് പോകാൻ പാടില്ല. നമ്മുടെ സ്വന്തം സ്ഥാനത്തിൽ സ്വന്തം സഹോദരിമാരെ, സ്വന്തം അമ്മമാരെ, സ്വന്തം മക്കളെ ഒക്കെ സ്ഥാനമാനങ്ങൾ നിലനിർത്താൻവേണ്ടി ഉപയോഗിച്ചതായി സിനിമകളും കഥകളുമുണ്ട്. ശ്രീ. പി. കേശവദേവിന്റെ 'വില പനക്കാരൻ' എന്ന നോവലിൽ ചൂണ്ടിക്കാണിക്കുന്ന ഒരു വിഷയം സ്വന്തം മകളെ ഉപയോഗിച്ച് സമ്പന്നനാകാൻ ശ്രമിച്ചതാണ്. എന്നാൽ ഒരിക്കലും ഇന്ത്യാ രാജ്യം ഇക്കാലമത്രയും സ്വന്തം മാതാവിനെ പണയപ്പെടുത്തിക്കൊണ്ട് ഈ രാജ്യത്ത് തന്റെ സ്ഥാനമാനങ്ങൾ നിലനിർത്താൻ ശ്രമിച്ചിട്ടില്ല. അതിലേറെ കഠോരമായ ഒരു പ്രവൃത്തിയാണ് രാജ്യത്തെ പണയംവച്ചുപോലും തന്റെ മന്ത്രിക്കസേര നിലനിർത്താൻ കരുണാകരൻ ശ്രമിച്ചത്. ഇത്രയേറെ ജനദ്രോഹനടപടികൾ ചെയ്തുകൊണ്ട് രാജ്യത്തെപ്പോലും പണയപ്പെടുത്തിക്കൊണ്ട് ഭരണാധികാരം നിലനിർത്താൻ മതമൗലികവാദികൾക്ക് അവസരമുണ്ടാക്കി ജനദ്രോഹ പ്രവർത്തനങ്ങളുമായി നടക്കുന്ന കരുണാകരൻ ഗവൺമെന്റിന്റെ ഭയാഹർജിയായി ഇത് എടുക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ പ്രതിപക്ഷനേതാവിന്റെ പ്രമേയത്തെ എതിർക്കുകയാണ്. അതൊരു അവിശ്വാസപ്രമേയമാണെന്ന് എനിക്ക് അഭിപ്രായമില്ല. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് നേരത്തെ സംസാരിച്ചപ്പോൾ ഇവിടെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട നായനാർ കഴിഞ്ഞ രണ്ടുമാസത്തെ മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങൾ അവിടെനിന്നും വായിച്ചതുപോലെയാണ് എനിക്ക് തോന്നിയത്. ആ പ്രസംഗം അങ്ങോട്ട് തിരിഞ്ഞു നിന്നായിരുന്നെങ്കിൽ കുറച്ചുകൂടി നന്നാകുമായിരുന്നെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ഇവിടെ പറഞ്ഞതുപോലെ ഇതൊരു അവിശ്വാസപ്രമേയമല്ല. ഇതൊരു

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസപ്രമേയമാണ്. പ്രതിപക്ഷങ്ങളും തമ്മിലുള്ള വിശ്വാസം പരിശോധിക്കുകയാണ്. ഒരു വിശ്വാസപ്രമേയമാണ് ശ്രീ. നായനാർ ഇവിടെ അവതരിപ്പിച്ചത്.

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് എന്തായിരിക്കുകയാണ്? പ്രസിദ്ധനായ തത്വചിന്തകൻ ബർണാഡ്ഷായോട് ഒരു സുന്ദരി ഒരിക്കൽ പറഞ്ഞു; അങ്ങയുടെ ബുദ്ധിശക്തിയും എന്റെ സൗന്ദര്യവുമുള്ള ഒരു കുട്ടി ജനിക്കുകയാണെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന്. ബർണാഡ്ഷാ ഉടനേ തിരിച്ചു പറഞ്ഞു അതു തിരിച്ചായാലുള്ള സ്ഥിതി ഒന്നു ആലോചിച്ചു നോക്കൂ എന്ന്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനാധിപത്യസ്വഭാവവും എന്താണ്ട് ഇതു പോലെയായിരിക്കുകയാണ്. ബൂർഷ്വാ ഡെമോക്രസി എന്നു നിങ്ങൾ പറയുന്ന സകല തകർച്ചകളും കമ്മ്യൂണിസത്തിന്റെ സകല വീക്നസ്സും ചേർന്നതാണ് ഇന്നത്തെ തലതിരിഞ്ഞ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. നിങ്ങൾ അനുദിനം ബൂർഷ്വാപരമായി മരിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു് ഒരു വസ്തുതയാണ്. ഇപ്പോൾ എം.വി.ആറിന്റെ പ്രശ്നവുമുണ്ട്. ഇതുവരെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി ഞങ്ങളെല്ലാവരും മനസ്സിലാക്കിയിരുന്നത് കുറച്ചൊക്കെ അച്ചടക്കവും കെട്ടുറപ്പുമുള്ള പാർട്ടിയാണെന്നാണ്. ഇപ്പോൾ ആ ഭാഗത്തെ സ്ഥിതിയെന്താണ്? എം.എൽ.എ മാർ പരസ്പരം കുറ്റം പറയുന്നു. പരസ്പരം കാല് വാരാൻവേണ്ടി തക്കംപാർത്തിരിക്കുന്നു. പാർട്ടിയുടെ രഹസ്യങ്ങൾ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ചോർന്നുകൊണ്ടിരിക്കുന്നു. ഞാൻ ആരുടേയും പേരെടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. പാർട്ടിനേതാക്കന്മാരെക്കുറിച്ചുള്ള അമർഷം ഓരോരുത്തരും പ്രകടിപ്പിച്ചിട്ടു നടക്കുകയാണ്. ഒരു ചുക്കുമില്ല, കുരുമുളകുമില്ല എന്നൊക്കെ നമ്പൂതിരിപ്പാട് പറഞ്ഞെങ്കിലും ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ശ്രീ. എം.വി. രാഘവന്റെ പാർട്ടിയുടെ സെക്രട്ടേറിയേറ്റ് മെമ്പർമാരായ ചക്രപാണിയേയും, വാസുദേവമേനോനേയും പുറത്താക്കാനുള്ള ധൈര്യം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇല്ലാതായിരിക്കുകയാണ്. ഈ സ്ഥിതിയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എത്തിയില്ലേ? നിങ്ങൾ ആകെ അഴിഞ്ഞു, അച്ചടക്കമില്ലാതായിരിക്കുകയാണ്. ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 30-കളിൽ 30 കഴിഞ്ഞവരുടെ ഉപദേശം മാത്രമേയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. എന്താ ധൈര്യമില്ല എന്നു ഞാൻ പറഞ്ഞത് സത്യമല്ലേ? എം.വി.ആറിന്റെ പാർട്ടിയുടെ സെക്രട്ടറിയറ്റ് മെമ്പറായവരെ പുറത്താക്കാൻ ധൈര്യമില്ല. ഒരു ഫാക്ടാണ് ഞാൻ പറഞ്ഞത്. എം.വി.ആറിനെ പുറത്താക്കിയത് ഒരു ചായ കുടിച്ചതിന്റെ പേരിലും ചോറു വാങ്ങി തിന്നതിന്റെ പേരിലുമൊക്കെയല്ലേ? എന്നാലിപ്പോൾ എന്തുകൊണ്ട് ചക്രപാണിയേയും വാസുദേവമേനോനേയും പുറത്താക്കുന്നില്ല. മറുപടി പറയേണ്ട കാര്യമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ 30-കളിൽ 30 കഴിഞ്ഞവരുടെ ഉപദേശം മാത്രം സ്വീകരിച്ചതുകൊണ്ടാണ് മാർക്സിസ്റ്റ് പാർട്ടിക്ക് ഈ തകരാറെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും അതിനൊരു ഉപായം ഞാൻ പറയാം. എ.കെ.ജി. സെന്ററിൽ ഒരു കമ്പ്യൂട്ടർ കൂടി വാങ്ങിവച്ചു കഴിഞ്ഞാൽ ആ കമ്പ്യൂട്ടർ നോക്കുകയാണെങ്കിൽ പാർട്ടിയുടെ നയം ഇതിനെക്കാൾ കൂടുതൽ നന്നാകും.

ശ്രീ. പി.പി. തങ്കച്ചൻ: എ.കെ.ജി. സെന്ററിൽ ഒരു ലിഫ്റ്റ് വച്ച കാര്യം മെമ്പർക്കറിയാമോ? 80 വയസ്സായ ആളുകൾക്ക് നടന്നു കയറാൻ ബുദ്ധിമുട്ടായതുകൊണ്ട് അവർക്കുവേണ്ടി ഒരു ലിഫ്റ്റ് വാങ്ങിവെച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ പി.കെ. കുഞ്ഞാലിക്കുട്ടി: ഒരു കമ്പ്യൂട്ടർ കൂടി വാങ്ങിവച്ചാൽ അവിടെനിന്നു ഇപ്പോഴം വരുന്ന ബുദ്ധിയേക്കാൾ പാർട്ടിനയത്തിന് നന്നായിരിക്കും. ഇവിടെ ചില മെമ്പർമാർ ഞങ്ങൾ എം.വി.ആറിന് പണം കൊടുത്തെന്നു പറഞ്ഞു. മാർക്സിസ്റ്റ് നേതാക്കൻമാർ ഒന്നു ശ്രദ്ധിക്കണം. നിങ്ങളുടെ ക്രെഡിബിലിറ്റിയെ കാസ്റ്റ്റ

പങ്കെടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഇതു നിസ്സാരമായ കാര്യമല്ല. ഗൗരിയമ്മയും അച്യുതാനന്ദനുമടക്കമുള്ള ആളുകളും പോകുന്നുണ്ട്. ഞങ്ങളും രാജ്യദ്രോഹികളാണെന്നു പറയുമ്പോഴും ഞങ്ങളുടെ പശ്ചാത്തലവും നിങ്ങളുടെ പശ്ചാത്തലവും നോക്കണം. ഇൻഡ്യയും ചൈനയും തമ്മിൽ യുദ്ധമുണ്ടായപ്പോഴും ഡി.ഐ.ആർ. അനുസരിച്ച് ജയിലിൽ കിടന്നവരാണ് നിങ്ങളും.' അങ്ങനെയുള്ള നിങ്ങളും ഇൻഡ്യയും ചൈനയും തമ്മിൽ ഒരു അതിർത്തിയുദ്ധമുണ്ടായിക്കൊണ്ടിരുന്നപ്പോൾ ചൈനയിലായിരുന്നെന്നു പറഞ്ഞാൽ ഗൗരവമുള്ള കാര്യമാണ്. ഇതു കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട കാര്യമാണ്.

വർഗ്ഗീയവിരുദ്ധ വൈരുദ്ധ്യാത്മകതയും നമ്പൂതിരിപ്പാടും ബാക്കിയുള്ളവരും അവതരിപ്പിക്കാറുണ്ട്. അതിനെക്കുറിച്ച് ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. ഇവിടെ ബി.ജെ.പി.യും ആർ.എസ്.എസ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കെ.പി.സി.സി. പ്രസിഡന്റ് പറയുകയുണ്ടായി. ശ്രീ.തരമായ പല തെളിവുകളും അതിലുണ്ട്. മാർക്സിസ്റ്റ് ആർ.എസ്.എസ്. സംഘടനം ഇപ്പോഴില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ട്രേഡ് യൂണിയനും ബി.ജെ.പി.യുടെ ട്രേഡ് യൂണിയനായ ബി.എം.എസ്സും. ഒത്തു ചേർന്നുകൊണ്ട് ഇവിടെ സെക്കുലറിസത്തിനുവേണ്ടി സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ അടുത്തകാലത്ത് നാഗർകോവിലിലെ മണ്ടയ്ക്കാട് കൃസ്ത്യൻ മൽസ്യത്തൊഴിലാളികൾക്കെതിരായി ആക്രമണമുണ്ടായി. 19 പേർ അവിടെ മരിച്ചു. ആ 19 പേർ മരിച്ച സംഭവം ആർ.എസ്.എസ്. ആക്രമണമാണെന്നാണ് ഇതുവരെ ഞങ്ങളൊക്കെ മനസ്സിലാക്കിവച്ചിരുന്നത്. പക്ഷെ തമിഴ്നാട് നിയമസഭയുടെ മേശപ്പുറത്ത് വച്ച ജസ്റ്റിസ് വേണുഗോപാൽ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത് അവിടെ മാർക്സിസ്റ്റുകാരും ആർ.എസ്.എസ്.കാരും ഒന്നായി ചേർന്നുകൊണ്ട് ആ മൽസ്യത്തൊഴിലാളികൾക്കെതിരായി ആക്രമണം നടത്തിയെന്നാണ്.

തിരുവനന്തപുരം ജില്ലയിൽനിന്നുള്ള ആളുകളും ആ ആക്രമണത്തിൽ പങ്കെടുത്തിട്ടുണ്ടെന്നാണ് തമിഴ്നാട് നിയമസഭയുടെ മേശപ്പുറത്ത് വച്ച ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അപ്പോഴാ ഇതു കുറച്ചുകാലമായി തുടങ്ങിയിട്ട്. പ്ലാൻ ചെയ്തു വരുന്ന കാര്യങ്ങളാണ് ആർ.എസ്.എസ്.,ഉം ആയുള്ള ബന്ധം. ഇപ്പോൾ എം. വി. രാഘവൻ പോയാലും പ്രശ്നമില്ല. അതുപോലെതന്നെ അഖിലേന്ത്യാ ലീഗ് പോയാലും പ്രശ്നമില്ല. തലശ്ശേരിയിലൊക്കെ ആർ. എസ്. എസ്.ന്റെ വോട്ട് കിട്ടുമെന്ന് കോടിയേരി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ മനപ്പായസം ഉണ്ണണ്ടാ. കുരുക്ഷേത്രത്തിൽനിന്ന് കയറിവരാൻ വളരെ പ്രയാസമാണ്. ചെറുപ്പത്തിൽതന്നെ നമ്മുടെ കോടിയേരിയ ക്കൊക്കെ പെൻഷൻ വാങ്ങാമെന്ന് ഞാൻ ഈയവസരത്തിൽ അദ്ദേഹത്തെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുകയാണ്. എന്തായാലും ഈ ആർ.എസ്.എസ്. ബന്ധം അത്ര നല്ലതല്ല.

അതുപോലെതന്നെയാണ് ലീഗിന്റെ നേർക്കുള്ള നമ്പൂതിരിപ്പാടിന്റെ നയം. ഇവിടെ കെ.പി.സി.സി. പ്രസിഡന്റ് നേരത്തെ അകാലിദളുമായുള്ള നയത്തെക്കുറിച്ച് ചോദിച്ചു. ഒരു ഇൻറർവ്യൂവിനെപ്പറ്റി പറഞ്ഞു. ലീഗുമായുള്ള ബന്ധത്തെക്കുറിച്ച് അതേ ഇൻറർവ്യൂവിൽ അതേ സൺഡേ ഒബ്സർവറിൽ നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ട്. ഞാൻ സമയമില്ലാത്തതുകൊണ്ട് അതൊന്നും വായിക്കാനാഗ്രഹിക്കുന്നില്ല. അതിൽ പറഞ്ഞിരിക്കുന്നത് ലീഗുമായുള്ള ബന്ധം- ഇനിയും മാറാൻ സാദ്ധ്യതയുണ്ട് എന്നാണ്. അത് അടുത്ത പാർട്ടി കോൺഗ്രസ്സോടുകൂടി മാറിക്കൂടായ്കയില്ല എന്ന സിമ്പിൾ ഉത്തരമാണ്. ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇവിടെ വായിച്ചത്.. ഒരു സംഘടനയുടെ വർഗ്ഗീയത നിശ്ചയിക്കുന്നത് അതിന്റെ പിന്നിൽ അണിനിരന്നിട്ടുള്ള ആളുകളുടെ വർഗ്ഗീയ സ്വഭാവം കൂടി നോക്കിയിട്ടാണെന്നാണ് ഇ.എം.എസ്.. പറയുന്നത്. ഞങ്ങളുടെ നാട്ടിൽ മുസ്ലീമൊല്ലാക്ക എന്നു പറയുന്ന ഒരാളുണ്ട്. മതപരമായി എന്ത് തർക്കമുണ്ടെങ്കിലും, ശരി, എല്ലാവരും മുസ്ലീമൊല്ലാക്കയുടെ അടുത്ത് ഓടും. അവിടെ ചെന്ന് ഒരു ചെറിയ കൈമടക്ക് കൊടുത്താൽ ആവശ്യക്കാർക്ക് ആവശ്യത്തിനുള്ള അഭിപ്രായം എഴുതികൊടുക്കും. അതുപോലെയാണ് നമ്പൂതിരിപ്പാടിന്റെ സ്ഥിതി. തമിഴ്നാടിന് വേണ്ടത് വേറെ, ബംഗാളിന് വേണ്ടത് വേറെ, കേരളത്തിന് വേണ്ടത് വേറെ, ഇതുപോലെയല്ലേ? ഇതെല്ലാം ഇപ്പോഴും ഒരുതരം അപ്പച്ചന്റെ തമാശയാക്കി അദ്ദേഹം മാറ്റിയിരിക്കുകയാണ്. തമിഴ്നാട് സഖ്യത്തെക്കുറിച്ച് ഇവിടെ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞു: ഇന്നലെ വന്ന പ്രസ്താവനയാണ്. ''ഡി.എം.കെ. മുന്നണിയിൽ ലീഗ് ഉള്ളതുകൊണ്ട് ആ മുന്നണിയിൽനിന്ന് ഞങ്ങളും വിടുകയില്ല''. എന്താണ് ഇതിന്റെ അർത്ഥം? വലിയ ബുദ്ധി വിചക്ഷണൻമാർക്കുപോലും ഇതിന്റെ അർത്ഥം പിടികിട്ടുകയില്ല. ഇങ്ങനെയാണെങ്കിൽ ശ്രീ. എം.വി.രാഘവനെ ഞങ്ങളുടെ മുന്നണിയിൽ ചേർക്കാൻ യാതൊരു പ്രയാസവുമില്ല.. നമ്പൂതിരിപ്പാട് പറഞ്ഞ ഇതേനയം സ്വീകരിച്ചാൽ മതി. ''ലീഗുമായിട്ട് ഞങ്ങൾക്ക് സഖ്യമുണ്ട് പക്ഷേ കോൺഗ്രസ് ആ മുന്നണിയിൽ ഉള്ളതുകൊണ്ട് ഞങ്ങളും ആ മുന്നണിയിൽ ചേരാൻ ആഗ്രഹിക്കുന്നില്ല എന്ന് എം.വി.ആർ. നാളെ ഒരു പ്രസ്താവന കൊടുത്താൽ മതി. പ്രശ്നം തീർന്നില്ലേ? നമ്പൂതിരിപ്പാടിന്റെ അതേ ലൈൻ എടുത്താൽ മതി, നിങ്ങൾക്ക് ഒരൊറ്റ നയമേയുള്ളു. ജാതി ഏതായാലും തരക്കേടില്ല, മതമേതായാലും തരക്കേടില്ല, ആര് ഭിന്നിച്ചാലും തരക്കേടില്ല, സഹോദരങ്ങൾ തമ്മിൽ തല്ലാലും തരക്കേടില്ല, നിങ്ങൾക്ക് വോട്ട് വേണം. വോട്ടിനു വേണ്ടി . ഇപ്പോളിവിടെ ഇതേനിർവ്വാഹമുള്ളു. ഇപ്പോൾ ഇവിടെ ആർ.എസ്.എസ്.ന്റെ വോട്ട് കിട്ടണം.. അതുപോലെതന്നെ ഹൈന്ദവ വർഗ്ഗീയവാദികളുടെ വോട്ട് കിട്ടണം.. അതിനുള്ള നയം ഇവിടെ, തമിഴ്നാട്ടിൽ ഈ നയത്തിന് പ്രസക്തിയില്ല. അവിടെ ഡി.എം.കെ. മുസ്ലീം ലീഗ് ബന്ധം സുദ്ധമാണ്. കുറേക്കാലമായി ഉള്ളതാണ് അവിടെ നിങ്ങൾ പറഞ്ഞാൽ നടക്കില്ല. ഈ രീതിയിൽ തികഞ്ഞ അവസരവാദമല്ലാതെ മറ്റ് ഒരു നയം നിങ്ങളെ സംബന്ധിച്ചിടത്തോളമില്ല. പിന്നെ അപ്പുറത്ത് കുറേ ആളുകളിരിപ്പുണ്ട്. നമ്പൂതിരിപ്പാടും ആളുകളും പറയുന്നതുമാത്രം ഏറ്റ് പറയുന്നതിനുവേണ്ടി—ഇവിടെ മയിലിന്റെ രോഗത്തെക്കുറിച്ച് പറയാറുണ്ട്. ആൺമയിൽ നൃത്തം ചെയ്തു കണ്ടാലെ പെൺമയിലിന് ഉത്തേജനം ഉണ്ടാകാറുള്ളൂവെന്ന്. അതുപോലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് അച്യുതാനന്ദൻ നൃത്തം ചെയ്താലേ കെ.പി. പ്രഭാകരനും ഷൺമുഖദാസിനും എന്തെങ്കിലും പ്രതികരണം ഉണ്ടാകുകയുള്ളു. അല്ലാതെ അവർക്ക് യാതൊരു പ്രതികരണവുമില്ല. ആ രീതിയിലുള്ള ഒരു നയമാണ് നിങ്ങൾ എടുത്തു കൊണ്ടിരിക്കുന്നതെന്ന് പറയാതെ നിർവ്വാഹമില്ല. അവിടെ ഡാൻസ് ചെയ്തു കണ്ടാലേ ഇവിടെ പ്രതികരണം ഉണ്ടാകാറുള്ളൂ. ഇതെല്ലാം നിങ്ങൾക്ക് വിഴുങ്ങേണ്ടി വരുന്നല്ലോ. ഈ അവിശ്വാസപ്രമേയം തന്നെ നിങ്ങൾക്ക് വിഴുങ്ങേണ്ടി വന്നതല്ലേ? നിങ്ങളുമായി ആലോചിച്ചിട്ടാണോ ഈ അവിശ്വാസപ്രമേയം കൊടുത്തത്? അല്ല. പത്രങ്ങളിൽ മുഴുവൻ വന്നതാണ്. ഇവിടെ ഈ അവിശ്വാസപ്രമേയത്തെക്കുറിച്ച് നിങ്ങളോട് ആലോചിച്ചിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. ഈ കമ്മ്യൂണിസ്റ്റുകളുടെ പിന്നാലെ പോയാൽ അപകടമാണ്. ഇപ്പോൾ എന്താണ് സ്ഥിതി?

LIBRARY ARCHIVES Kerala Legislative Assembly

കെ.പി.സി.സി. പ്രസിഡൻറിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ വടി കൊടുത്ത് അടിവാങ്ങിയതുപോലെയായി. ഞങ്ങളെ സംബന്ധിച്ചിടത്തോളം with flying colours to the battle again നിങ്ങളെ സംബന്ധിച്ചിടത്തോളം കുരുക്ഷേത്രത്തിലേക്ക് പോകുകയും വേണം. അവിടെ ചെന്നാൽ ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ച് ആലോചിച്ച് വിഷമവും. ഈ ഒരു സ്ഥിതി എങ്ങനെയുണ്ടായി? ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. കാരണം കമ്മ്യൂണിസ്റ്റുകാരോട് തർക്കിച്ചിട്ട് കാര്യമില്ലെന്ന് അറിയാം. റിച്ചാർഡ് ക്രോസ്മാൻ എന്ന പ്രസിദ്ധനായ തത്ത്വചിന്തകൻ അദ്ദേഹത്തിന്റെ വിശ്വവിഖ്യാതമായ ഗ്രന്ഥത്തിൽ പറയുന്നുണ്ട് സത്യനിഷേധം കമ്മ്യൂണിസ്റ്റുകാരന് ഒരു സേവനം മാത്രമാണ്. മാത്രമല്ല, കമ്മ്യൂണിസ്റ്റുകാരോട് തർക്കിച്ചാലും രക്ഷയില്ല. നിങ്ങളുടെ തത്ത്വശാസ്ത്രം മാലോകർക്ക് മനസ്സിലാകുകയില്ല. ഇൻഡ്യയിലെ പരിതസ്ഥിതിയിൽ നിങ്ങൾക്ക് ഒരു പ്രസക്തിയുമില്ല. നിങ്ങളുടെ നയപരിപാടികൾ ഒരിക്കലും നിലനിൽക്കാത്തതാണ് എന്നു പറഞ്ഞു കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. കരുണാകരൻ സർക്കാരിന്റെ കഴിഞ്ഞകാല ചിത്രം പരിശോധിച്ചപ്പോൾ എല്ലാ മേഖലയിലും തുടർച്ചയായി നേരിട്ട പരാജയത്തിന്റെയും തകർച്ചയുടെയും പശ്ചാത്തലത്തിലാണ് ഈ മന്ത്രിസഭക്ക് തുടർന്ന് ഭരിക്കാൻ അവകാശമില്ലെന്ന് ഞങ്ങൾ പറയുന്നത്. ഈ കഴിഞ്ഞ ഒരു മാസക്കാലം വിവിധ വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചകൾ നടന്നപ്പോഴെല്ലാം ഓരോ രംഗത്തും ഓരോ വകുപ്പിലും സർക്കാരിന്റെ പ്രവർത്തനം എന്തുമാത്രം താറുമാറായിട്ടാണ് നടക്കുന്നതെന്നതിനെക്കുറിച്ച് സാമാന്യമായ ഒരു വിവരമാണ് നിഷ്പക്ഷമതികൾക്ക് ലഭിച്ചത്. ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് ഭരണപക്ഷത്തെ പ്രമുഖ കക്ഷിയായ കോൺഗ്രസ്-ഐ യുടെ തലവൻ ശ്രീ. സി. വി. പത്മരാജൻ സംസാരിച്ചപ്പോൾ ഈ ഭരണത്തിന്റെ നേട്ടങ്ങൾ; ഈ ഭരണമുന്നണി ഈ രാജ്യത്തെ ജനങ്ങൾക്ക് ഉണ്ടാക്കിയ പ്രതീക്ഷകൾ, അങ്ങനെ ഒരു നല്ല ചിത്രം വരച്ചുകാണിച്ചുകൊണ്ട് ഈ സർക്കാരിന് അധികാരത്തിൽ തുടരാൻ അവകാശമുണ്ടെന്ന് സ്ഥാപിക്കുമെന്നതായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചത്. അതിന് ഒരു നിമിഷംപോലും, അദ്ദേഹത്തിന് കഴിഞ്ഞില്ലാ എന്നുള്ളത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. അദ്ദേഹം ഒരു പാട് രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ കുറെ സാരോപദേശങ്ങൾ ഈ നിയമസഭയിലെ എല്ലാ കക്ഷികൾക്കും; നേതാക്കൻമാർക്കും നൽകുകയുണ്ടായി. അതിലൊന്ന് ഒരു രാഷ്ട്രീയ കക്ഷിയുടെ ഉത്തരവാദപ്പെട്ട ഒരാൾ ആവർത്തിച്ചാവർത്തിച്ച് ഒരു കാര്യം വ്യക്തമാക്കി കഴിഞ്ഞാൽ അത് മുഖവിലയ്ക്ക് എടുക്കുന്ന സാമാന്യനില രാഷ്ട്രീയ കക്ഷി നേതാക്കൻമാർ കാണിക്കണമെന്നാണ്. ആരെ ഉദ്ദേശിച്ചാണ് അദ്ദേഹം ഇത് പറഞ്ഞത്? ഇവിടെ ആർ. ബാലകൃഷ്ണപിള്ള താൻ രാജ്യദ്രോഹ പ്രസംഗം നടത്തിയിട്ടില്ല എന്ന് പലവട്ടം പലവട്ടം വ്യക്തമാക്കി, എന്നിട്ടും ആരും അത് മുഖവിലയ്ക്കെടുത്തില്ല. മുഖ്യമന്ത്രി ശ്രീ. കരുണാകരൻ അത് മുഖവിലയ്ക്കെടുക്കേണ്ടതായിരുന്നു എന്ന വസ്തുത മനസ്സിൽ വെച്ചാണ് ശ്രീ. പത്മരാജൻ ആ സാരോപദേശം നൽകിയതെങ്കിൽ ഞാൻ അതിൽ സന്തോഷിക്കുന്നു. അദ്ദേഹം "പിള്ളപ്രശ്നം"

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ വളരെയധികം സമയമെടുത്തു. അസാമാന്യമായി പാടുപെട്ടു. അദ്ദേഹം നിങ്ങളെ അങ്ങ് ഇരുത്തിക്കഴിഞ്ഞു എന്നാണ് ശ്രീ. കുഞ്ഞാലിക്കുട്ടി പത്മരാജനെപ്പറ്റി പറഞ്ഞത്. പാടുപെടുകയുണ്ടായി എന്ന കാര്യം സത്യംതന്നെ. "കെ. പി. സി. സി. യുടെ എക്സിക്യൂട്ടീവ് ബാലകൃഷ്ണപിള്ള രാജിവെക്കേണ്ടതില്ല, അദ്ദേഹം മന്ത്രിയായി തുടരുന്നതാണ് ശരി എന്ന് അഭിപ്രായപ്രകടനം നടത്തിയപ്പോഴും അത് വേണ്ടെന്ന് നേരത്തെ ആവശ്യപ്പെട്ട കാർത്തികേയൻ പിന്നീട് ഒന്നും മിണ്ടിയില്ല എന്ന് ശ്രീ. പത്മരാജൻ പറഞ്ഞു. എന്നാൽ കെ. പി. സി. സി. യുടെ എക്സിക്യൂട്ടീവ് തീരുമാനിച്ചതിനു ശേഷമാണ് കോൺഗ്രസ്—ഐ. എം. പി. മാർ പിള്ളയെ തിരിച്ച് മന്ത്രിസഭയിൽ എടുക്കുന്നതിനെ ഞങ്ങളും പല്ലും നഖവും ഉപയോഗിച്ച് എതിർക്കുമെന്ന് ശ്രീ. രാജീവ് ഗാന്ധിക്കും ഇവിടെനിന്ന് ഡൽഹിയിലേക്ക് അഭയം തേടിയ ശ്രീമാൻ എ. കെ. ആന്റണിക്കും നിവേദനം നൽകിയത്. മലയാള മനോരമ 23-8-85 ഈ വാർത്ത ഇങ്ങിനെ പ്രസിദ്ധീകരിച്ചു. അത് വായിക്കാം. "പിള്ളയെ തിരിച്ചെടുക്കരുത്—കോൺഗ്രസ്—ഐ. എം. പി. മാർ." "ബാലകൃഷ്ണപിള്ളയെ യാതൊരു കാരണവശാലും മന്ത്രിസഭയിൽ തിരിച്ചെടുക്കരുതെന്ന് കേരളത്തിൽനിന്നുള്ള കോൺഗ്രസ് എം. പി. മാർ ഒറ്റക്കെട്ടായി മുഖ്യമന്ത്രി കരുണാകരനേയും രാജീവ് ഗാന്ധിയേയും കണ്ട് നിവേദനം സമർപ്പിച്ചു". ഇതിന് എന്താണ് അർത്ഥം? കെ. പി. സി. സി. എക്സിക്യൂട്ടീവ് തീരുമാനം എടുത്തതിനുശേഷം ആ നിലപാട് ലംഘിച്ചുകൊണ്ട് എം. പി. മാർ വേറെ നിലപാട് സ്വീകരിച്ചു എന്നും അങ്ങനെ ഞാൻ (കെ. പി. സി. സി. പ്രസിഡന്റായ ഞാൻ) വായും പൊളിച്ച് മേൽപ്പോട്ട് നോക്കിനിന്നു എന്നുമാണോ ശ്രീ. പത്മരാജൻ പറഞ്ഞതിന്റെ അർത്ഥം. ആളുകളോട് പറയുന്നതിനും ഒരു നിലയും വിലയും വേണം, പ്രസിഡന്റ് ആണെന്നു കരുതി, വലിയ കക്ഷി നേതാവാണെന്ന് കരുതി, തോന്നുന്നതൊക്കെ വിളിച്ചുപറഞ്ഞാൽ അത് വിശ്വസിച്ചുകൊള്ളണമെന്ന് അദ്ദേഹം ശാഠ്യം പിടിക്കരുതെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയുവാനുള്ളത്.

അതുപോലെതന്നെ അദ്ദേഹം വർഗ്ഗീയ കക്ഷികളെക്കുറിച്ചും. ഇവിടെ ഒരു സ്റ്റഡി ക്ലാസ് എടുത്ത് അകാലിദൾ വർഗ്ഗീയമാണോ, കേരള കോൺഗ്രസ് വർഗ്ഗീയമാണോ, ലീഗ് വർഗ്ഗീയമാണോ എന്നൊക്കെ അദ്ദേഹം സ്വയം ചോദിച്ചു. സർ, പത്മരാജന്റെ പാർട്ടിയാണല്ലോ വർഗ്ഗീയതയെക്കുറിച്ചൊക്കെ വായ് തോരാതെ സംസാരിക്കുന്നത്. കഴിഞ്ഞ തവണ 1985-ൽ ബോംബെയിൽ നടന്ന എ. ഐ. സി. സി. സമ്മേളനത്തിൽ കോൺഗ്രസ്-ഐ. യുടെ അഖിലേന്ത്യാ പ്രസിഡന്റും ഇന്ത്യൻ പ്രധാനമന്ത്രിയുമായ ശ്രീ. രാജീവ് ഗാന്ധി വർഗ്ഗീയതക്കെതിരായി പോരാട്ടം നടത്തണം എന്ന് പ്രഖ്യാപിച്ചു. പത്മരാജൻ ഒന്ന് വിശദീകരിക്കാമോ നിങ്ങൾ പറയുന്ന വർഗ്ഗീയ കക്ഷി ആരാണ്? നിങ്ങൾ ഇവിടെ നേരത്തെ വായിച്ച ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചാൽ ഇന്ത്യയിൽ വർഗ്ഗീയ കക്ഷികളേ ഇല്ല എന്ന നിഗമനത്തിൽ ഈ രാജ്യത്തെ ആളുകൾ എത്തിച്ചേരണമെന്നാണോ പത്മരാജൻ പറയുന്നത്? അങ്ങനെയാണെങ്കിൽ രാജീവ് ഗാന്ധി വിഡ്ഢിത്തം പുലമ്പരുത് എന്ന് പറയാനുള്ള തന്റേടം നിങ്ങൾക്കില്ല. അതുകൊണ്ട് രാജീവ് ഗാന്ധി വർഗ്ഗീയതയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പ്രസംഗിക്കരുതെന്ന് അഭ്യർത്ഥിക്കുവാനുള്ള സാമാന്യ മര്യാദയെങ്കിലും നിങ്ങൾ കാണിക്കണം. ഇപ്പോൾ ഞാൻ അങ്ങോട്ട് ചോദിക്കുകയാണ് കോൺഗ്രസ്-ഐ യുടെ ഭാഷയിൽ ഇന്ത്യയിലെ വർഗ്ഗീയ വിഘടന വാദികൾ ആരാണ്? അവർ ആരാണെന്ന് പറഞ്ഞുകൊണ്ട് അവർക്കെതിരായി പോരാടണം. അവർക്ക് എതിരായി പോരാടാൻ രാജീവ് ഗാന്ധി നടത്തുന്ന നിലപാട് തെറ്റ്, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കുന്ന നിലപാട് ശരി എന്നൊക്കെ താങ്കൾ പറഞ്ഞാൽ തെറ്റും ശരിയും മനസ്സിലാക്കാൻ ജനങ്ങൾക്ക് കഴിയുമായിരുന്നു. കോൺഗ്രസ്-ഐ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട് എന്താണ്? ഇവിടെ അത്യാവശ്യം ഐക്യവും അഖണ്ഡതയുമാണ് എന്നൊക്കെ പറയുന്നു. നമ്മുടെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സ്ഥിതി എന്താണ്? പത്മരാജൻ വക്കീൽ അതൊന്നും പറഞ്ഞില്ല. വിഘടനവാദികളെ പ്രോത്സാഹിപ്പിക്കുക, വർഗ്ഗീയ വാദികളെ പ്രോത്സാഹിപ്പിക്കുക, അത് വോട്ടിനുവേണ്ടി, സീറ്റിനുവേണ്ടി, അധികാര കസേരയിൽ ഇരിക്കുന്നതിനുവേണ്ടി കോൺഗ്രസ്-ഐ സ്വീകരിച്ച നിരന്തരമായ നയവൈകല്യങ്ങളുടെ ഫലമായിട്ടാണ് ഇന്ന് ഇന്ത്യ കത്തിയെരിയുന്നത് എന്നുള്ള കാര്യം മനസ്സിലാക്കാനുള്ള വിവേകമെങ്കിലും കാണിക്കാത്തതുകൊണ്ടാണ് ഞങ്ങൾ ഇത് പറഞ്ഞുപോകുന്നത്.

സർ, എന്താണ് ഇവിടത്തെ സ്ഥിതി? ശ്രീ. ആർ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചത് മഹാപാപമാണെന്ന് എല്ലാവരും പറഞ്ഞു. അനുഭവം എന്താണ് തെളിയിക്കുന്നത്? മിസോറാമിൽ ലാൽഡെങ്കയുമായി കരാറുണ്ടാക്കി. ആരാണ് ഈ ലാൽഡെങ്ക? ആയുധമെടുത്തു പോരാടുന്ന, ഇൻഡ്യയോട് ഇൻഡ്യയുടെ ദേശീയ ഐക്യത്തോട്, ഇൻഡ്യയുടെ അഖണ്ഡതയെ വെല്ലുവിളിച്ചുകൊണ്ട് പോരാട്ടം നടത്തുന്ന ആ ലാൽഡെങ്ക പോരാട്ടം നടത്തിയതുകൊണ്ടാണോ കരാറുണ്ടാക്കിയതെന്ന് ഞാൻ ചോദിച്ചാൽ എന്നെ രാജ്യദ്രോഹിയെന്ന് വിളിച്ചുകളയും. പോരാട്ടം നടത്തിയവരോടാണ് നിങ്ങളുടെ ഒത്തുതീർപ്പ്. ശ്രീ. ലോംഗോവാളുമായി നിങ്ങൾ ഒത്തുതീർപ്പുണ്ടാക്കി. ഈ ഒത്തുതീർപ്പ് എടുത്തു ചാട്ടമാണെന്ന ആരോപണം ഉന്നയിച്ചത് ഞങ്ങളാരുമല്ല, ശ്രീ. തോപ്പിൽ രവിയുടെ നേതാവായ ശ്രീ. കമലാപതി ത്രിപാഠിയാണ്. ശ്രീ. കമലാപതി ത്രിപാഠി ശ്രീ. രാജീവ് ഗാന്ധിക്കെഴുതിയ ഒരു തുറന്ന കത്തിലൂടെ "പഞ്ചാബ് കരാർ ഉണ്ടാക്കാനും, ആസ്സാം കരാർ ഉണ്ടാക്കാനും താങ്കൾ കാണിച്ചിട്ടുള്ള ഈ എടുത്തുചാട്ടം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും", എന്നാണ് അദ്ദേഹം രാജീവ് ഗാന്ധിയെ ഓർമ്മിപ്പിച്ചിട്ടുള്ളത്.

ശ്രീ. സി. റ്റി. അഹമ്മദാലി: സർ, അങ്ങയുടെ പാർട്ടിയുടെ നേതാവായ ശ്രീ. ശരത് പവാർ രാജ്യത്തിന്റെ അഖണ്ഡതയെ തകർക്കുന്ന അതിർത്തിപ്രശ്നം കുത്തിപ്പൊക്കി അതിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: അതിർത്തിപ്രശ്നത്തിന്റെ പേരിൽ ഇപ്പോൾ ഇൻഡ്യയിൽ ശരത് പവാറിന്റെ നേതൃത്വത്തിൽ യാതൊരു സമരവും നടക്കുന്നില്ല. അതുകൊണ്ട് ഇല്ലാത്ത കാര്യങ്ങൾ ചോദിക്കരുത്.

സർ, ഞാൻ വീണ്ടും പറയുന്നു ആസ്സാം കരാറിന്റെ ശേഷം, പഞ്ചാബ് കരാറിന്റെ ശേഷം, അവിടങ്ങളിൽ തെരഞ്ഞെടുപ്പു നടന്നപ്പോൾ ശ്രീ. രാജീവ് ഗാന്ധിയുടെ ഒരു പ്രഖ്യാപനം ഉണ്ടായി. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പു ഫലം ഒരു ദേശീയ വിജയം ആണെന്നും ജനാധിപത്യ വിജയമാണെന്നും ആയിരുന്നു ആ പ്രഖ്യാപനം. വിഘടനശക്തികളും, വിഭാഗീയ ശക്തികളും ജയിക്കുന്നത്, ദേശീയ കക്ഷികളും പരാജയപ്പെടുന്നത്, ദേശത്തിന്റെ വിജയമാണെന്ന് പുലമ്പാനുള്ള രാഷ്ട്രീയ വിവേകം മാത്രമേ ഇൻഡ്യയുടെ ദേശീയനേതാക്കൻമാർക്കുള്ളുവെങ്കിൽ ഈ രാജ്യം ഇങ്ങനെയല്ല, കൂടുതൽ കൂടുതൽ അപകടത്തിലേയ്ക്കാണ് പോകുന്നതെന്ന് കാണാൻ പ്രയാസമില്ല. അങ്ങനെയൊരു അപകടകരമായ രാഷ്ട്രീയ സാഹചര്യം നിലനിൽക്കുമ്പോഴാണ് നിർഭാഗ്യവശാൽ ഇവിടെയും വിദേശപ്പരൻമാരെ വിരുന്നൂട്ടാനുള്ള വ്യഗ്രത കണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് സംഭവങ്ങളെ ഗൗരവത്തിൽ കാണണമെന്നും ആ സംഭവത്തിന്റെ അടിസ്ഥാനത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും കുറവാളികളെ ശിക്ഷിക്കുകയും വേണമെന്ന് പ്രതിപക്ഷരാഷ്ട്രീയകക്ഷികളും ഇവിടെ ആവശ്യപ്പെട്ടത്. പക്ഷേ ആ ആവശ്യത്തെ അംഗീകരിക്കാനോ, അതിന്റെ അർത്ഥത്തിൽ കാണാനോ ശ്രമിക്കാതെ മുസ്ലീം ലീഗിന്റെ ആവശ്യമെന്നുള്ള നിലയിൽ അതിനെ പരിഗണിക്കുകയും, മുസ്ലീം ലീഗിനെ പ്രീതിപ്പെടുത്തണമെന്നുള്ള നിലയിൽ ആ ആവശ്യത്തിനുമുമ്പിൽ ഒത്തുതീർപ്പു കാണിക്കുകയും ആ കേസന്വേഷണംപോലും അവിഹിതമായ വിധത്തിൽ സ്വാധീനിച്ച് തേയ്ക്കാൻവേണ്ടിയുള്ള ഗൂഢാലോചന അവിടെ നടത്തുകയും ചെയ്തു. ഈ നടപടിക്രമങ്ങൾക്ക് നേതൃത്വം നൽകിയത് ഈ മുഖ്യമന്ത്രിയാണ്. കോൺഗ്രസ്സിന്റെ നേതാവാണെന്ന് പറയുന്ന മുഖ്യമന്ത്രി അധികാരകസേരയെ ലാക്കാക്കിയുള്ള ഒത്തുതീർപ്പുകളും, വോട്ടിനുവേണ്ടിയുള്ള ഒത്തുതീർപ്പുകളും, വർഗ്ഗീയശക്തികൾക്കു കീഴടങ്ങുന്ന, രാജ്യദ്രോഹശക്തികൾക്കു കീഴടങ്ങുന്ന അവസരവാദപരമായ, ധിക്കാരപരമായ സമീപനം മാറാത്തിടത്തോളം കാലം ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുകയെന്ന് നിങ്ങൾ വിളിക്കുന്ന മുദ്രാവാക്യത്തിന് ഒരു കഴമ്പും ഉണ്ടാകാൻ പോകുന്നില്ലായെന്ന് ചൂണ്ടിക്കാണിക്കുകമാത്രമാണ് ഞാൻ ചെയ്യുന്നത്.

സർ, ദേശസ്നേഹം എന്നു പറയുന്നത് നേരത്തെ ശ്രീ. പത്മരാജൻ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ ആരുടേയും കുത്തകയൊന്നുമല്ല. ദേശത്തിന്റെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ശക്തികൾ ആര്? ദേശദ്രോഹികളെ ഒറ്റപ്പെടുത്തണം. ദേശദ്രോഹികളെ ഒറ്റപ്പെടുത്താനുള്ള കൂട്ടായ ശ്രമങ്ങൾക്ക് ഒറ്റ പരിഹാരമേയുള്ളൂ. ദേശത്തിന്റെ ഐക്യത്തിൽ വിശ്വസിക്കുന്ന ശക്തികൾ, ദേശീയ കാഴ്ചപ്പാടുള്ള രാഷ്ട്രീയകക്ഷികൾ, പുരോഗമന രാഷ്ട്രീയ സമീപനം സ്വീകരിക്കുന്ന ശക്തികൾ, ആ ശക്തികളുമായി കൈകോർത്തുപിടിച്ചുകൊണ്ടുള്ള ജനമുന്നേറ്റത്തിലൂടെ മാത്രമേ ദേശദ്രോഹശക്തികളെ നിയന്ത്രിക്കാനാവൂ. ഈ രാഷ്ട്രീയ സമീപനം സ്വീകരിച്ച ഞങ്ങളെ കല്ലെറിയാനാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ ആ കല്ലെറിയുന്ന കൈകൾക്ക് നാളെ തിരിച്ചടി കിട്ടുമെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്.

സർ, അതുപോലെതന്നെ ഇവിടെ മറ്റൊരു പ്രശ്നമുണ്ടായി. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ, ന്യായീകരിച്ചപ്പോൾ പത്മരാജൻ വക്കീൽ മറന്നുപോയ മറ്റൊരു കാര്യമുണ്ട്. മന്ത്രിയായി വീണ്ടും സത്യപ്രതിജ്ഞ ചെയ്തു അധികാരത്തിൽ വന്നതിനുശേഷം, കൊട്ടാരക്കരയിൽ നൽകിയ ഒരു സ്വീകരണത്തിൽ ആർ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചു. അതിങ്ങനെയാണ്. "ഈ രാജീവ് ഗാന്ധിയുണ്ടല്ലോ, ഈ രാജീവ് ഗാന്ധിയാണ് ഏറ്റവും വലിയ രാജ്യദ്രോഹി...." എന്ന്. എന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

പത്മരാജൻ വക്കീൽ ആർ. ബാലകൃഷ്ണപിള്ളയെ ന്യായീകരിക്കുന്നതൊക്കെ കേൾക്കുമ്പോൾ അയ്യയ്യോ ഈ ഗതികേട് പാവപ്പെട്ട പത്മരാജൻ വക്കീലിന് ഉണ്ടായല്ലോയെന്ന് തോന്നിപ്പോയി. കൊട്ടാരക്കരയിൽ പ്രസംഗിച്ച ഈ വാർത്ത മാതൃഭൂമി പത്രത്തിൽ അച്ചടിച്ച് വന്നതാണ്. ആ പ്രസംഗം കേട്ടതിനു ശേഷമാണോ കെ. പി. സി. സി. (ഐ) എക്സിക്യൂട്ടീവ് അദ്ദേഹത്തെ ന്യായീകരിക്കുകയാണ് നല്ലതെന്ന് തീരുമാനിച്ചതെങ്കിൽ എന്റെ കോൺഗ്രസ് (ഐ) സുഹൃത്തുക്കളെ, ഈ ഗതികേട് നിങ്ങൾക്ക് എങ്ങനെയുണ്ടായി എന്നു മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.

അതുപോലെതന്നെ ഞങ്ങൾ ഉന്നയിച്ച മറ്റൊരു പ്രശ്നത്തിലേക്ക് ഞാൻ കടക്കുകയാണ്. അഴിമതി ആരോപണങ്ങളെക്കുറിച്ച് ക്രമസമാധാനത്തെക്കുറിച്ച് ഞങ്ങൾ പറഞ്ഞതു സംബന്ധിച്ച് പത്മരാജൻ വക്കീൽ 'ഒരു സാരോപദേശം നൽകുന്നത് കേട്ടു. ഈ "അഴിമതി ആരോപണം ഏതു ഭരണകക്ഷിക്കെതിരേയും ഏതു പ്രതിപക്ഷകക്ഷിയും ഉന്നയിക്കാവുന്നതാണ്" എന്ന്. വലിയ തത്വമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അപ്പുറത്തിരിക്കുമ്പോഴും നിങ്ങൾ ഈ വിലകുറഞ്ഞ രാഷ്ട്രീയ അടവായിരുന്നു സ്വീകരിച്ചിരുന്നതെന്ന് ഇപ്പോൾ പത്മരാജൻ വക്കീലിന്റെ പ്രസ്താവനയിലൂടെ അസന്നിഗ്ദ്ധമായി തെളിയിച്ചിരിക്കുകയാണ്. അഴിമതി നിരോധന കമ്മീഷനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശം, അദ്ദേഹം അറിവില്ലാതെ പറഞ്ഞതാണെന്ന് ഞാൻ പറയുകയില്ല. പക്ഷേ, അദ്ദേഹം മൂടിവച്ചു പറഞ്ഞുവെന്നു മാത്രമേ ഞാൻ പറയുകയുള്ളൂ. 'എവിടെയാണ് ലൂപ്പ് ഹോൾ, അതിനെക്കുറിച്ച് നിങ്ങൾ നിർദ്ദേശം നൽകിയോ?' എന്നൊക്കെ അദ്ദേഹം ചോദിക്കുന്നതു കേട്ടു. അഴിമതിനിരോധന കമ്മീഷൻ അതിന്റെ വാർഷിക റിപ്പോർട്ടിൽ തന്നെ അസന്നിഗ്ദ്ധമായി ചൂണ്ടിക്കാണിച്ച വസ്തുതയുണ്ട്. 'ധാരാളം ലൂപ്പ് ഹോൾസ് ഉള്ളതുകൊണ്ട് കമ്മീഷനെ സമീപിക്കാൻ, പരാതി തരാൻ, അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ, ബഹുജനങ്ങൾക്ക് യാതൊരു കാരണവശാലും സാധിക്കുന്നില്ല. അതുകൊണ്ട് ചില മാറ്റങ്ങളെങ്കിലും അടിയന്തിരമായി ഈ കമ്മീഷന്റെ നിയമാവലികളിൽ വരുത്തണം' എന്ന് ആ റിപ്പോർട്ടിൽ അസന്നിഗ്ദ്ധമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് നിങ്ങൾ ശ്രദ്ധിച്ചോ; എന്തെങ്കിലും ചെയ്തോ? കമ്മീഷൻ നിലവിൽ വരുത്തുന്നതിനുവേണ്ടിയുള്ള ബില്ല് തയ്യാറാക്കുന്ന അവസരത്തിൽ ഞങ്ങൾ, പ്രതിപക്ഷത്തുനിന്നും സെലക്ട് കമ്മിറ്റിയിൽ വന്ന അംഗങ്ങൾ അക്കമിട്ട് ഓരോരോ കാര്യങ്ങളായി 'ഡിസ്സന്റിംഗ് നോട്ട്' എഴുതിയിട്ടുണ്ട്. ആ ഡിസ്സന്റിംഗ് നോട്ടിൽ പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾതന്നെയാണ് അഴിമതി അന്വേഷണ കമ്മീഷന്റെ വാർഷിക റിപ്പോർട്ടിൽ പരാമർശിച്ചത്. ആ കാര്യങ്ങൾ ശരിയാണെന്ന് അവർ അംഗീകരിച്ചു. അതൊന്നും കാണാതെയാണ് ശ്രീ. പത്മരാജൻ വക്കീൽ സംസാരിക്കുന്നത്. അദ്ദേഹത്തെ ഈ 'കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടു ചോറ് മാന്തിക്കുന്നതുപോലെ' കരുണാകരൻ ഏറെവും ഒടുവിൽ ചുടുചോറ് മാന്തിച്ചുവെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അങ്ങനെ ഈ കുട്ടിക്കുരങ്ങൻമാരെക്കൊണ്ട് ചുടുചോറു മാന്തിക്കുന്ന ഈ അവസരവാദികളെയും, ഭാഗ്യാന്വേഷികളെയും സംരക്ഷിക്കുന്ന, അഴിമതിക്കാരേയും, കൈക്കൂലിക്കാരേയും കൊള്ളക്കാരേയും സംരക്ഷിക്കുന്ന, അധികാരക്കസേര മാത്രം ലാക്കാക്കി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ ജനകീയ കോടതിയിൽ വിചാരണ ചെയ്യുന്നതിനുവേണ്ടിയാണ് ഈ അവിശ്വാസ പ്രമേയം ഞങ്ങൾ ഇവിടെ അവതരിപ്പിച്ചത്. നിങ്ങൾക്ക് ജനകീയ കോടതിയിൽ വിശ്വാസമുണ്ടെങ്കിൽ, രാജി വയ്ക്കൂ, പുറത്തു വരൂ,

LIBRARY ARCHIVES Kerala Legislative Assembly

കുരുക്ഷേത്രത്തിൽവച്ച് നമുക്ക് കാണാം എന്നുതന്നെയാണ് ഞാൻ പറയുന്നത്. ഈ അവിശ്വാസപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ശ്രീ. ശശീന്ദ്രൻ പറഞ്ഞതുപോലെ ഈ പറച്ചിലല്ലാതെ ഒന്നും നടക്കാൻ പോകുന്നില്ല. നിങ്ങൾ കഴിഞ്ഞ നാലരവർഷക്കാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഇതെല്ലാം. സത്യത്തിൽ ഈ മുന്നണിയ്ക്ക് ഗുരുവായൂരപ്പനോട് പ്രത്യേകം നന്ദിയുണ്ട്, നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഇ. കെ. നായനാരുടെ തലയിൽ ഇതുപോലുള്ള നിലാവ് ഉദിപ്പിക്കുന്നുവെന്ന് ഓർക്കുമ്പോൾ ഗുരുവായൂരപ്പനോട് നന്ദി പറയാതിരിക്കാൻ നിവർത്തിയില്ല. ഈ സഭ സമ്മേളിച്ച അന്നുമുതൽ നിങ്ങൾ പറയുന്ന കാര്യങ്ങൾക്കതീതമായി ഒരു കാര്യമെങ്കിലും പ്രത്യേകമായി എടുത്തുപറയാൻ ഈ അവിശ്വാസപ്രമേയംകൊണ്ട് കഴിഞ്ഞിട്ടുണ്ടോ? പ്രതിപക്ഷനേതാവ് ശ്രീ. നായനാർക്ക് കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട ബേബി ജോണും ഷൺമുഖദാസുമൊക്കെ സംസാരിക്കുമ്പോഴെങ്കിലും വേറെ കൂടുതലായിട്ട് എന്തെങ്കിലുമൊക്കെ പറയണമെന്ന് എനിക്കൊരു അപേക്ഷയുണ്ട്.

സർ, എന്താണ് ഇവർ ഇവിടെ പറയുന്നത്? 'കുവൈറ്റ്' പ്രശ്നം പറയുന്നുണ്ട്. കുവൈറ്റ് പ്രശ്നത്തിനുവേണ്ടി നിങ്ങൾ ഈ സഭയിൽ കുത്തിയിരിപ്പു സത്യാഗ്രഹം നടത്തിയവരല്ലേ? ഈ സംസ്ഥാനത്ത് വ്യാപകമായി പിക്കറ്റിങ്ങ് നടത്തിയവരാണ്. മന്ത്രിമാരെ റോഡിലിറങ്ങാൻ സമ്മതിക്കുകയില്ലായെന്നുപറഞ്ഞു സമരം നടത്തിയവരാണ്. പക്ഷേ സമരം നടത്തിയിട്ടും കൂട്ടുകിട്ടാൻ ജനങ്ങളെ കിട്ടാതെവന്നപ്പോൾ സമരം പിൻവലിക്കേണ്ട ഗതികേട് വന്നവരാണ് നിങ്ങൾ. കുവൈറ്റുകാരെ വന്നതാണല്ലോ വലിയ ആരോപണമായി പറയുന്നത്. പക്ഷേ ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ അമേരിക്കയിൽ നിന്നും ഒരു സി.ഐ.എ. ചാരൻ വന്നതിനെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? അതിനെപ്പറ്റി നിങ്ങൾക്ക് അഭിപ്രായമില്ലേ? ആ കാര്യങ്ങളും ഈ സഭയിൽ വന്നതാണ്. പക്ഷേ നിങ്ങൾ ഭരിച്ചപ്പോൾ അമേരിക്കയിൽനിന്ന് ഒരു സി ഐ. എ. ചാരൻ വന്നുവെന്നു കരുതി നിങ്ങൾക്ക് എതിരായി സമരം നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുകയില്ല. ഏതു ഗവൺമെൻറ് അധികാരത്തിലിരിക്കുമ്പോഴും ഇതുപോലുള്ള ചെറിയ പിഴവുകൾ സംഭവിച്ചു എന്നിരിക്കും. പിഴവുകൾ ഞങ്ങൾ അംഗീകരിക്കുന്നു. പിഴവുകൾ ഞങ്ങൾ സമ്മതിക്കുകയാണ്, പക്ഷേ ആ ഒരു പിഴവ് മുതലെടുത്തുകൊണ്ട് ആയുഷ്ക്കാലം മുഴുവൻ ഇതു പറഞ്ഞുകൊണ്ടിരുന്നാൽ എങ്ങനെയാണ് ഒക്കുന്നത്. വേറെ എന്തെങ്കിലും കാര്യം പറയാനുണ്ടോ? "കുവൈറ്റ് പ്രശ്നം" ഈ അവിശ്വാസപ്രമേയത്തിൽ ആകെ അവർക്ക് എടുത്തുകാണിക്കാനുള്ള പോയിൻറ് കുവൈറ്റ് പ്രശ്നമാണ്. അതിനു അതീതമായി ഒരു കാര്യവും പറയാൻ അവർക്ക് കഴിയുന്നില്ല. കുവൈറ്റ് പ്രശ്നം പറയുന്നതുപോലെതന്നെ ഈ രാജ്യത്തിലെ ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴും അനേകമനവധി ആളുകൾ ഈ സംസ്ഥാനത്ത് സന്ദർശനം നടത്തുകയും തിരിച്ചുപോവുകയും ചെയ്തിട്ടുണ്ട് എന്ന്. അതിനെപ്പറ്റി അഭിപ്രായം പറയാനുള്ള ബാദ്ധ്യതയിൽനിന്നും നിങ്ങൾ മാറിനിൽക്കരുത് എന്നു മാത്രമേ എനിക്ക് അപേക്ഷിക്കാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോഴും രാഷ്ട്രീയ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീ. ഇ. എം. എസ്സിന്റെ പല പ്രഖ്യാപനങ്ങളും ബുഹമാനപ്പെട്ട കെ.പി.സി.സി. പ്രസിഡണ്ട് ഇവിടെ പറഞ്ഞതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഈ സംസ്ഥാനത്ത് 5 മാസംകൂടുമ്പോഴും ഒന്ന് സന്ദർശനം നടത്തി ഡൽഹിയിലേക്ക് തിരിച്ചുപോയാൽ 5 കൊല്ലമല്ല, 10 കൊല്ലമല്ല അദ്ദേഹം ജീവിച്ചിരിക്കുന്നിടത്തോളം കാലം ഈ മുന്നണി തുടരും. നിങ്ങളാരും സംശയിക്കണ്ട. എന്റെ കാഴ്ചപ്പാടിൽ ശ്രീ. നായനാരോട് വ്യക്തമായ ശത്രുതയുള്ള മനുഷ്യനാണ് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്. ശ്രീ. നായനാരോടുള്ള വ്യക്തിപരമായ ശത്രുതകൊണ്ട് അദ്ദേഹം മന്ത്രിപദത്തിൽ വരുത് എന്നു നിർബന്ധമുള്ളതുകൊണ്ടാണ് ശ്രീ. ഇ.എം. ശങ്കരൻനമ്പൂതിരിപ്പാട് ഇതുപോലുള്ള കളി കളിക്കുന്നതെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മനസ്സിലാക്കണം.

ഇവിടെ അവിശ്വാസപ്രമേയത്തിൽ അടുത്തു പറഞ്ഞിരിക്കുന്ന കാര്യം എന്താണ്? നിങ്ങളുടെ പ്രമേയത്തിലെ ആ വാചകം തന്നെ മാറേണ്ടിയിരിക്കുന്നു. ''രാജ്യദ്രോഹത്തിന്റെ പേരിൽ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണ പിള്ള അധികാരത്തിൽ തുടരുന്നതിലും'' ശ്രീ. നായനാരോട് ആരാണ് ഈ വിവരക്കേട് പറഞ്ഞു തന്നത്. ആരാണ് ഒഴിവാക്കിയത്? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ആരും ഒഴിവാക്കിയതല്ല. ശ്രീ. ബാലകൃഷ്ണ പിള്ള പ്രത്യേക സാഹചര്യത്തിൽ രാജി വയ്ക്കുന്നത് തന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് ആവശ്യമാണെന്ന് ബോദ്ധ്യം വന്നതുകൊണ്ടാണ് കോടതി വിധിക്കുവേണ്ടി മാന്യമായി രാജിവച്ച് മാറിനിന്നത്. ശ്രീ. ബാലകൃഷ്ണ പിള്ളയെ ആരും ഒഴിവാക്കിയില്ല. ശ്രീ. ബാലകൃഷ്ണ പിള്ളക്കെതിരെ കോടതിയിൽനിന്ന് കമൻസ് വന്നപ്പോൾ കോടതിയുടെ വിധിയെ മാനിച്ചുകൊണ്ട് മാന്യതയുടെ അടിസ്ഥാനത്തിൽ, പാർട്ടി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം സ്വയം രാജി വച്ച് ഒഴിയുകയായിരുന്നു. അല്ലാതെ ആരും ഒഴിവാക്കിയതല്ല. ശ്രീ. ബാലകൃഷ്ണ പിള്ളയെ ഒഴിവാക്കണമെങ്കിൽ ഈ കേരള കോൺഗ്രസ് നിശ്ചയിക്കണം. വേറെ ആരു തീരുമാനിച്ചാലും നടക്കുകയില്ല. നിങ്ങൾ അതു മനസ്സിലാക്കണം. അതുകൊണ്ട് ഇപ്പോൾ പ്രശ്നം എന്താണ്? വീണ്ടും ശ്രീ. ബാലകൃഷ്ണപിള്ള അധികാരത്തിൽ വന്നപ്പോൾ ഈ സംസ്ഥാനത്തെ പ്രചാരണം എന്തായിരുന്നു. ധനകാര്യം വിട്ട ശ്രീ. കെ. എം. മാണിക്ക് സ്വൽപ്പം ആരോഗ്യക്കുറവുണ്ടായിരിക്കുന്നു എന്നാണ് നിങ്ങളുടെ പ്രചരണം. കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ പിള്ള പ്രശ്നം എടുത്തു പറഞ്ഞു. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള മന്ത്രിസഭയിൽ തിരിച്ചുവരണം എന്നത് കേരളാ കോൺഗ്രസ്സിന്റെ പ്രെസ്റ്റീജിന്റെ പ്രശ്നമാണ്. ഈ രാജ്യത്തെ വിഘടനവാദി എന്ന ആരോപണത്തിൽനിന്നും കേരളാ കോൺഗ്രസ്സിനെ രക്ഷപ്പെടുത്തി മതിയാകൂ. ഈ രാജ്യത്തെ പ്രതിപക്ഷവും മറ്റു ശക്തികളും യോജിച്ചുനിന്നുകൊണ്ട് കേരളാ കോൺഗ്രസ്സിനെ വിഘടനവാദികൾ എന്ന് ആരോപിക്കുമ്പോൾ അതിന് മറുപടി പറയാനുള്ള ബാദ്ധ്യത ഞങ്ങൾക്കുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: പ്രസംഗിക്കുമ്പോൾ ഒരേ ശ്വാസത്തിൽ അങ്ങോട്ടുമിങ്ങോട്ടും വൈരുദ്ധ്യമുള്ളതു പറയരുത്. ശ്രീ. ബാലകൃഷ്ണ പിള്ള സ്വയം പോയി. പിന്നെ കേരളാ കോൺഗ്രസ്സിന്റെ പ്രെസ്റ്റീജായി. ഇതെല്ലാം ഒരേ വാചകത്തിൽ പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഞാൻ പറയാം. കോടതിയിൽനിന്നും മാറി നിൽക്കുന്നതാണ് മാന്യത എന്നു പറഞ്ഞപ്പോൾ മാറി നിന്നു. ഡിവിഷൻ ബഞ്ചിന്റെ വിധിവന്നു. ശ്രീ. ബാലകൃഷ്ണപിള്ളയെ അകത്തു കയറ്റണമെന്ന് കേരളാ കോൺഗ്രസ്സുകാർ ആഗ്രഹിച്ചു. ഇത് വളരെ വ്യക്തമായി പറയുകയാണ്.

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇവിടെ മുഖ്യമന്ത്രിയായിരുന്നപ്പോൾ അന്നത്തെ മന്ത്രിമാരായ ശ്രീ. ടി. വി. തോമസ്സിന്റെ പേരിലും ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ പേരിലും അഴിമതി ആരോപണങ്ങൾ ഉണ്ടെന്നു പറഞ്ഞപ്പോൾ അവർ സ്വയം രാജിവച്ചു പോവുകയും ശ്രീ. നമ്പൂതിരിപ്പാട് മുള്ളാ കമ്മീഷനെ നിയോഗിക്കുകയും ചെയ്തു. മുള്ളാ കമ്മീഷന്റെ റിപ്പോർട്ട് വരുന്നതിനുമുമ്പുതന്നെ അവർ തിരിച്ചുവരികയും ചെയ്ത കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പി. സി. ജോർജ്: ആ വസ്തുതകൂടി ഓർമ്മിച്ചുകൊണ്ട് ശ്രീമതി ഗൗരിയമ്മ സംസാരിക്കണം. കോടതിയിൽനിന്ന് ഒരു വിധി വന്നപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ള സ്വയം മാറിനിൽക്കാൻ തയ്യാറായി.

ശ്രീമതി. കെ. ആർ. ഗൗരി: ഇങ്ങനെ അപമാനകരമായ കാര്യം പറയരുത്. ശ്രീ. ടി. വി. തോമസ് മുള്ളാ കമ്മീഷന്റെ റിപ്പോർട്ട് വന്നതിനുശേഷം മാത്രമാണ് മന്ത്രിസഭയിൽ വന്നത്. അതിനുമുമ്പ് വന്നിട്ടില്ല. അതുകൊണ്ട് ഈ പ്രസ്താവന മെമ്പർ പിൻവലിക്കണം.

ശ്രീ. പി. സീതിഹാജി: പിൻവലിക്കുന്നില്ല. ഞാൻ ഉത്തരവാദിത്വത്തോടുകൂടിത്തന്നെ പറയുന്നു. 1970-ലെ തെരഞ്ഞെടുപ്പു കഴിഞ്ഞ് ശ്രീ. ചേലാട്ട് അച്യുതമേനോൻ മുഖ്യമന്ത്രിയായി. ശ്രീ. പി. എസ്. ശ്രീനിവാസനും, ശ്രീ. എൻ. ഇ. ബലറാമും ബദൽ മന്ത്രിമാരായി മന്ത്രിസഭയിൽ വന്നു. അതിനുശേഷം 1971-ൽ സി. പി. ഐ. കമ്മിറ്റി കൂടുകയും കമ്മിറ്റിയുടെ തീരുമാനപ്രകാരം ശ്രീ. ശ്രീനിവാസനും, ശ്രീ. ബലറാമും രാജിവക്കുകയും ശ്രീ. എം. എൻ. ഗോവിന്ദൻനായരും, ശ്രീ. ടി. വി. തോമസ്സും മന്ത്രിസഭയിൽ വീണ്ടും വരുകയും ചെയ്തു. അന്ന് ശ്രീമതി ഗൗരിയമ്മ നിയമസഭയിൽ ഇല്ലായിരുന്നു. പുറത്തായിരുന്നു.

ശ്രീ. പി. സി. ജോർജ്: അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ശ്രീ. ബാലകൃഷ്ണപിള്ള സ്വയം ഒഴിഞ്ഞുനിന്നെങ്കിൽ ഇ വീണ്ടും അധികാരത്തിൽ കൊണ്ടുവരേണ്ടത് കേരളാകോൺഗ്രസ്സിന്റെ പ്രസ്റ്റീജിന്റെ പ്രശ്നമാണെന്ന്. അതിൽ തർക്കമില്ല. 10-35 വർഷം കമ്മ്യൂണിസ്റ്റ്, പ്രസ്ഥാനത്തിനുവേണ്ടി ക്ഷയിച്ചു ചെയ്തു നടന്ന പാവപ്പെട്ട രാഘവനിട്ട് ഒരു തൊഴി കൊടുക്കുന്നതുപോലെ 1966-ൽ കേരളാ കോൺഗ്രസ്സ് ഉണ്ടായപ്പോൾ, കേരളാ കോൺഗ്രസ്സിനെ ശക്തിയായി വളർത്തിക്കൊണ്ടുവന്ന പ്രിയങ്കരനായ നമ്മുടെ ജനനേതാവ് ശ്രീ. ബാലകൃഷ്ണപിള്ളയെ ചവിട്ടിത്താഴ്ത്തുന്ന നന്ദികെട്ട പാർട്ടിയല്ല കേരളാ കോൺഗ്രസ്സ് എന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ശ്രീ. രാഘവനോട് ചെയ്തതുപോലെ ഞങ്ങൾ ശ്രീ. പിള്ളയോട് ചെയ്യുകയില്ല. നിങ്ങൾ പറയുമല്ലോ കേരളാ കോൺഗ്രസ്സ് വർഗ്ഗീയവാദികളുടെ പാർട്ടിയാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ കൂടെയുള്ള ഏക സുന്ദരനായ ഒരു ക്രിസ്ത്യാനിയല്ലാത്ത നേതാവ് എന്ന നിലയിൽത്തന്നെയാണ് ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ മന്ത്രിസഭയിലേക്ക് കൊണ്ടുവരണമെന്ന് ഞങ്ങൾ ആഗ്രഹി ച്ചത്. അതിൽ എന്താണ് തെറ്റ്.

പിന്നെ ഇവിടെ പറയുന്നത് പ്രീ-ഡിഗ്രി സമരമാണ്, ഗൗരിയമ്മ ഇവിടെ സത്യാഗ്രഹം കിടന്നു. പാതിരാക്ക് കാലുവേദനിച്ചപ്പോൾ ഞാനും വേദനയോടുകൂടിവന്ന് കാല് തിരുമ്മിത്തന്നു. എനിക്ക് അതിൽ സന്തോഷമേയുള്ളു. പക്ഷേ ഗൗരിയമ്മ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങളെപ്പോലെ ഇത്രയും പ്രായവും പക്വതയും പാരമ്പര്യവുമുള്ള ഒരു ജന നേതാവ്, ഞാൻ ഏറ്റവും ബഹുമാനിക്കുന്ന രാഷ്ട്രീയനേതാവ്, എന്തിനു വേണ്ടി ഇവിടെ സത്യാഗ്രഹം കിടന്നു. നിങ്ങൾക്ക് എന്തെങ്കിലും നേടാൻ കഴിഞ്ഞോ? ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് എടുത്ത തീരുമാനം, അത് ഈ രാജ്യത്തെ ജനങ്ങൾക്ക് ഉപകാരപ്രദമാണെന്ന് ബോദ്ധ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ നിങ്ങൾ പ്രീ-ഡിഗ്രി സമരത്തെ, +2 സമരത്തെ രാഷ്ട്രീയ സമരമാക്കി മാറ്റാനുള്ള ഗൂഢോദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ശ്രീ. രാഘവനെ ചവിട്ടാ നുള്ള മാർഗ്ഗമാക്കി ആ സമരത്തെ മാറ്റാനുള്ള ശ്രമം നടത്തി, നിങ്ങൾ നിരാഹാര സത്യാഗ്രഹം കിടന്നാൽ ഞങ്ങൾ കടന്നുവരും, നിങ്ങൾ വേദനയോടുകൂടി കിടക്കുന്നതു കാണുമ്പോൾ ഞങ്ങൾക്ക് മനഃപ്രയാസമുണ്ടാകും. നിങ്ങൾക്ക് കാലു മരവിക്കുന്നു എന്നുപറഞ്ഞാൽ ഞങ്ങൾ കാലു തിരുമ്മിത്തരും. യാതൊരു ബുദ്ധിമുട്ടും ഇല്ല. പക്ഷേ നിങ്ങൾ ചെയ്തത് മഹാപാപം, 10 ദിവസക്കാലം ഈ നിയമ സഭാനടപടികളെ സ്തംഭിപ്പിക്കുകയായിരുന്നു ഈ സമരത്തിലൂടെ നിങ്ങൾ ചെയ്തത് എന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. ആ വസ്തുത ആലോചിക്കുമ്പോൾ ഈ സഭയോടും ഈ സംസ്ഥാനത്തെ ജനങ്ങളോടും നിങ്ങൾ ദ്രോഹം ചെയ്തു എന്ന കാഴ്ചപ്പാടാണ് എനി ക്കുള്ളത്. പ്രീ-ഡിഗ്രി ബോർഡ് എന്നു പറയുമ്പോൾ നിങ്ങൾക്ക് ഹാലിളക്കമാണ്. എന്തിനാണ് എന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. എന്തിനുവേണ്ടി അത് ചെയ്യുന്നു. +2 എന്നു പറയുന്നത് സ്വകാര്യ മുതലാളിമാർക്ക് അടിയറവെക്കാൻ ആണെന്നുപറയുന്നു. ഞാൻ എൻെറ കാഴ്ചപ്പാട് പറയാം. ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ സ്കൂളുകളിലും +2 കൊടുത്താലും ഞങ്ങൾക്കാർക്കും എതിർപ്പില്ലായെന്ന് ഞാൻ പരസ്യമായി പറയുകയാണ്. ഫാദർ വള്ളമറ്റം പറഞ്ഞതുപോലുള്ള കള്ളക്കച്ചവടത്തിലൊന്നും ഞങ്ങളില്ല. നിങ്ങളാരും പേടിക്കേണ്ട. വള്ള മറ്റം പറഞ്ഞത് കേരളാ കോൺഗ്രസ്സിൻെറ അഭിപ്രായമല്ല. അദ്ദേഹം അത് ഈ അടുത്ത കാലത്ത് നിഷേധിച്ചിട്ടുണ്ട്. അതി ലേക്ക് ഞാൻ കടക്കുന്നില്ല. ഈ നിലയിൽ ആലോചിക്കുമ്പോൾ ഈ അവിശ്വാസപ്രമേയത്തിന് എന്താണ് പ്രസക്തി. കഴിഞ്ഞ ദിവസങ്ങളി ലെല്ലാം ചർച്ച ചെയ്ത കാര്യങ്ങൾ, അർത്ഥവത്തല്ലായെന്ന് എല്ലാ വരും അംഗീകരിച്ച കാര്യങ്ങൾ, ആ കാര്യങ്ങൾതന്നെ പറഞ്ഞുകൊണ്ട് അവിശ്വാസപ്രമേയവുമായി ഈ സഭയിലേക്ക് വന്നിരിക്കുന്നത് ഈ കരുണാകരൻ ഗവൺമെൻറിൽ വിശ്വാസം അർപ്പിക്കുന്നതിന് ജനങ്ങൾക്ക് അവസരം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് എന്നുള്ള കാഴ്ചപ്പാടാണ് എനിക്കുള്ളത്. നിങ്ങൾ ശ്രീ. രാഘവനെ നശിപ്പിക്കാൻ വേണ്ടി ശ്രീ. രാഘവൻ കൊണ്ടുവന്ന അടിയന്തിര പ്രമേയം കണ്ടുകഴിഞ്ഞപ്പോൾ, അതിനു മറുപടി വേണമല്ലോ, മരുന്നു വേണമല്ലോ. അതിന് ശ്രീ. നമ്പൂതിരിപ്പാട് ഉപദേശിച്ചുതന്ന ഈ മടയത്തരം അവതരിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും പിൻവലിച്ചുപോകുന്നത് നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളോട് ചെയ്യുന്ന നല്ല കാര്യം ആയിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, സാമുദായിക വിഘടന ശക്തികളുമായി വിയോജിക്കുന്നതിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച നിലപാടിനെതിരെ ശ്രീ. രാഘവനെ എടുത്തുപയോഗിച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ വ്യാപകമായി പ്രചരണം നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനത്തിന്റെ നേതാവ് ശ്രീ. സി.വി. പത്മരാജൻ ഈ അവിശ്വാസ പ്രമേയത്തിന്റെ പ്രസക്തിയെ ചോദ്യം ചെയ്തുകൊണ്ട് സംസാരിച്ചു. ഇവിടെ എന്റെ സുഹൃത്ത് പി.സി. ജോർജ്ജും ഈ പ്രമേയത്തിന്റെ പ്രസക്തിയിൽ ഊന്നിത്തന്നെ സംസാരിച്ചു. ഈ അവിശ്വാസപ്രമേയത്തിന് ഒരു വിധത്തിൽ പ്രസക്തിയില്ലായെന്ന് വേണമെങ്കിൽ ഞാൻ സമ്മതിക്കാം. എന്താണ് കാരണം? ഈ ഭാഗത്തുനിന്നും ഇത്തരത്തിൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ശ്രീമാൻ കരുണാകരൻ, ഐക്യമുന്നണി ഗവൺമെന്റിന്റെ നേതാവ് മുഖ്യമന്ത്രി ശ്രീമാൻ കരുണാകരൻ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽപ്പെട്ടവർക്ക് എതിരെ അവിശ്വാസം പ്രകടമായി രേഖപ്പെടുത്തിക്കഴിഞ്ഞിരുന്നു എന്ന സത്യം നമുക്ക് നിഷേധിക്കാൻ കഴിയുമോ?

കരുണാകരൻ മന്ത്രിസഭയിലെ പ്രമുഖനായ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. വയലാർ രവിയെ അദ്ദേഹത്തിന്റെ കഴിവില്ലായ്മകൊണ്ട്, ഈ സംസ്ഥാനത്തിന്റെ ക്രമസമാധാനം താറുമാറാക്കിയതിന്റെ ഉത്തരവാദിത്വം ചുമത്തിക്കൊണ്ട് അദ്ദേഹത്തിനെതിരായി അവിശ്വാസം രേഖപ്പെടുത്തി മന്ത്രിസഭയിൽ നിന്ന് പുകച്ചുചാടിച്ച ശ്രീ. കരുണാകരൻ യഥാർത്ഥത്തിൽ അദ്ദേഹത്തിന് മന്ത്രിസഭയിലുള്ള അവിശ്വാസം രേഖപ്പെടുത്തുകയല്ലേ ചെയ്തത്? നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവ് ശൂഷ്ക്കിച്ചുപോകത്തക്ക വിധത്തിൽ ഈ രാജ്യത്ത് വെട്ടിപ്പും തട്ടിപ്പും, നികുതിപിരിവിൽ നടത്തിക്കൊണ്ടിരുന്ന ഒരു സംവിധാനം വ്യാപകമാക്കി നമ്മുടെ ധനകാര്യ രംഗത്ത് ഫലപ്രദമായ വിധത്തിൽ മിസ്മാനേജ്മെന്റ് നടത്തിയെ ശ്രീ. മാണിക്കെതിരായി മുഖ്യമന്ത്രി കരുണാകരൻ അവിശ്വാസം രേഖപ്പെടുത്തിയില്ലേ? അങ്ങനെ മാണിയിൽ നിന്ന് ധനകാര്യവകുപ്പ് എടുത്തുമാറ്റി ശ്രീമാൻ തച്ചടി പ്രഭാകരനെ ഏൽപ്പിച്ചുകൊണ്ട് തന്റെ സഹപ്രവർത്തകനായ, പ്രഗൽഭനായ ശ്രീ. മാണിയിൽ അവിശ്വാസം രേഖപ്പെടുത്തിയില്ലേ?

അതുപോലെ ശ്രീ. ബാലകൃഷ്ണപിള്ളയെക്കുറിച്ച് ഇവിടെ വളരെ ആവേശത്തോടുകൂടി പറയുന്നതുകേട്ടു. ശ്രീ: കാർത്തികേയൻ ശ്രീ. ബാലകൃഷ്ണപിള്ളയെക്കുറിച്ച് ആരോപണം ഉന്നയിച്ചപ്പോഴത്തന്നെ ഞങ്ങൾക്കു തോന്നി അദ്ദേഹത്തെ പറഞ്ഞയക്കാൻ പാടില്ലെന്ന്. ശ്രീ. ബാലകൃഷ്ണപിള്ള രാജ്യദ്രോഹിയാണെന്ന് സംസ്ഥാനമൊട്ടാകെ നിന്ന് പ്രചരണം നടത്തി മുദ്രകുത്തി. എന്നിട്ട് മന്ത്രിസഭയിൽ നിന്നും പുറത്താക്കുന്ന സാഹചര്യങ്ങളെല്ലാം ഒപ്പിച്ചുകഴിഞ്ഞ ഒരു കൊല്ലം അദ്ദേഹത്തെ വെയിറ്റിംഗ് ലിസ്റ്റിൽ നിറുത്തി. ശ്രീ. ജോർജ്ജ് പറഞ്ഞതുപോലെ ആംട്ടിമേറം കണ്ട് പേടിച്ചാണോ തിരിച്ചെടുത്തത്? അല്ല, ഒരു ആംട്ടിമേറം കൊണ്ടുമല്ല. ശ്രീ. ബാലകൃഷ്ണപിള്ള മുഖ്യമന്ത്രി കരുണാകരന്റെ കാലിൽ വാലും കാലും തൊട്ട് ഉരുമ്മി വിശ്വാസ്യത പ്രഖ്യാപിച്ചതിനുശേഷം മാത്രമാണ് തിരിച്ചെടുത്തത്. എന്നിട്ട് ഇവിടെ കനമായി പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ നമ്മുടെ എക്സൈസ് വകുപ്പുമന്ത്രിയെയും മന്ത്രിസഭയിൽനിന്നും പുകച്ചു ചാടിച്ചില്ലേ? ശ്രീ. ശ്രീനിവാസന്റെ സുഹൃത്തായിരുന്ന വാസുദേവനെക്കൊണ്ട്, ഐക്യമുന്നണി സംവിധാനത്തിന്റെ മുഖ്യമന്ത്രി, കരുണാകരൻ അന്യായം കൊടുപ്പിച്ച് ശ്രീ. ശ്രീനിവാസനെ "ഒരു പാവം ആനേറാ" യാക്കി മാറ്റി അദ്ദേഹത്തിൽ അവിശ്വാസം രേഖപ്പെടുത്തി. ഞങ്ങളുടെ അവിശ്വാസപ്രമേയത്തിന് പ്രസക്തി കുറവാണെന്നുള്ളത് ശരിയാണ്, ഞാൻ സമ്മതിക്കുന്നു. നിയമസമാധാനത്തിന്റെ തകർച്ച, സാമ്പത്തിക മാനേജ്മെന്റിൽ വന്ന വീഴ്ച, നികുതിപിരിവിൽ ഉണ്ടായ വെട്ടിപ്പും തട്ടിപ്പും; നമ്മുടെ ഖജനാവ് ശുഷ്കമായത്, സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങളാകെ സ്തംഭിച്ചത്, കുടിശ്ശികകൊടുക്കാൻവേണ്ടി സപ്ലിമെന്ററി ഗ്രാന്റുമായി ഈ സഭയുടെ മുമ്പിൽ വരേണ്ട ഗതികേട് ശ്രീ. തച്ചടി പ്രഭാകരനുണ്ടായത്, പൊതുമേഖല വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനം മൂലധനമില്ലാതെ തകർന്നുകൊണ്ടിരിക്കുന്നത്; ഇതിനെല്ലാം എന്തു നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്?

നമ്മുടെ ക്ഷേമമേഖലയിലെ പൊതുവിതരണശൃംഖലയെ സഹകരണമേഖലക്ക് അടിയറ വയ്പ്പിക്കുന്നു. എന്നിട്ട് ഇവിടെ വന്ന് പൊതുവിതരണ ശൃംഖലയുടെ എണ്ണവും റേഷൻ കടകളുടെ എണ്ണവും പറയുകയാണ്. ഇന്ന് ശ്രീ. സി. ജി. ജനാർദ്ദനൻ ഇവിടെ പറഞ്ഞു, തിരുവനന്തപുരത്തെ ഒരു ഹോട്ടലിൽ അഞ്ചുരൂപക്ക് ഉണ്ടുകൊണ്ടിരുന്നത്. ഇന്നലെ ചെന്നപ്പോൾ അഞ്ചര രൂപ കൊടുത്താൽ മാത്രമേ ഉണ്ണാൻ കഴിയൂ എന്നുള്ള വിധത്തിൽ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. അത് നിയന്ത്രിക്കാൻ കഴിയാതെ ഈ അവിശ്വാസപ്രമേയത്തിന് എന്തു പ്രസക്തിയുണ്ടെന്നു ചോദിക്കാൻ ഈ ഗവൺമെന്റിനെ നിയന്ത്രിക്കുന്ന പ്രസ്ഥാനത്തിന്റെ ഉടുപ്പുമിട്ട്, രംഗത്തിറങ്ങിയെന്നുപറഞ്ഞാൽ എത്ര അപഹാസ്യമാണ്? എല്ലാവിധത്തിലും ഇങ്ങനെ ജനങ്ങളെ ശ്വാസംമുട്ടിച്ചു ദ്രോഹിക്കുന്ന കരുണാകരൻ സർക്കാർ വീണ്ടും അഞ്ചുകൊല്ലം കൂടി ഭരിക്കുമെന്ന് ഈ സഭയിൽ പറയാൻ ബഹുമാന്യനായ സി.വി. പത്മരാജൻ തയ്യാറായതുകണ്ടപ്പോൾ പഴയ മലർപ്പൊടിക്കാരൻ ബ്രാഹ്മണന്റെ കൂർമ്മതയാണ് ഓർമ്മവരുന്നത്. ശ്രീ. കരുണാകരൻ ഓരോ മന്ത്രിമാരേയും—ശ്രീമതി കമലം, ശ്രീ. ശിവദാസൻ, ശ്രീ. സുന്ദരം തുടങ്ങിയ മന്ത്രിമാരെ—കുടത്തിലാക്കിക്കൊണ്ട് ഓരോരുത്തരേയും എല്ലയെ തല്ലിക്കൊല്ലുന്നതുപോലെ കുടത്തിലടച്ചുകൊല്ലും, എന്നിട്ട് ജനങ്ങളുടെ മുമ്പിൽ ചെല്ലാൻ കഴിയുമോ? അഞ്ചുകൊല്ലം വീണ്ടും ഭരിക്കുമെന്ന പ്രഖ്യാപനവുമായി ജനങ്ങളുടെ മുമ്പിൽ ചെല്ലാൻ ഇവർക്ക് നാണമില്ലേ?

ഇവിടെ പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് പറഞ്ഞു. ഒരു ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ചിലത് ചെയ്യാൻ പോകുന്നുവെന്നാണ് പറഞ്ഞത്. ഈ ദേശീയ വിദ്യാഭ്യാസ നയമെന്താണെന്ന് കേൾക്കണോ? അതിന്റെ ആകെ തുക, ഈ ദേശീയ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഉള്ള പ്രധാന ഭാഗം.....
The main task is to strengthen the base of the pyramid which might touch billions at the turn of the century. Equally it is important to ensure that such task of the pyramid is among the best in the world.
ഈ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അന്തഃസത്ത ഈ ശതാബ്ദി

LIBRARY ARCHIVES Kerala Legislative Assembly

കടക്കുമ്പോഴും വിദ്യാഭ്യാസമേഖലയാകുന്ന പിരമിഡിന്റെ അടിത്തറ ബലപ്പെടുത്തുക എന്നുള്ളതാണ്. ആ അടിത്തറയെക്കുറിച്ച് പറയാനില്ല. എന്നാൽ പിരമിഡിന്റെ തലപ്പത്തിരിക്കുന്ന കുറേപ്പേർ ലോകത്തിലെ ഏറ്റവും മെച്ചപ്പെട്ടവരായിരിക്കണം. അതിൽ ഈ രാജ്യത്തെ സമ്പന്ന വിഭാഗത്തിന്റെ സന്തതികളും, ഏറ്റവും പ്രഗൽഭരായി വളരുന്നതിനു വേണ്ടിയുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി ഇവിടെ പ്രീ-ഡിഗ്രി ബോർഡ് കൊണ്ടുവരാൻ ശ്രമിച്ചു. അതിനെ അനുകൂലിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ഇവിടെ വർഗ്ഗീയതയെക്കുറിച്ച് പറഞ്ഞു. ഒരു മന്ത്രി ഒരു വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ആ മന്ത്രിയെ നിയന്ത്രിക്കുന്നു എന്ന് അവകാശപ്പെടുന്ന ഒരു പ്രസ്ഥാനത്തിന്റെ പ്രമുഖനായ ഒരു വക്താവ് ആയ ഫാദർ വള്ളമറ്റം പറയുന്നു, ഈ പ്രീ-ഡിഗ്രി ബോർഡിനെ സർവ്വാത്മനാ പിന്തുണക്കേണ്ടത് നമ്മുടെ മൗലികമായ കടമയാണെന്ന്. ഇതിന്റെ വമ്പിച്ച നേട്ടം നമുക്കുണ്ടെന്ന് പറയാനുള്ള ധാർഷ്ട്യം സമുദായ പ്രസ്ഥാനത്തിന്റെ നേതാവ് ഈ കേരളത്തിൽ നിന്ന് പ്രകടിപ്പിച്ചു. കേരളത്തിന്റെ മണ്ണിൽനിന്ന് ഇത്തരം ധാർഷ്ട്യം പ്രകടിപ്പിക്കാൻ ഒരു സമുദായ പ്രസ്ഥാനത്തിന്റെ നേതാവ് തയ്യാറായി യെന്നുപറഞ്ഞാൽ അതിനപ്പുറത്ത് ഐക്യമുന്നണി മന്ത്രിസഭയുടെ സമുദായ മത മേധാവിത്വമുദ്രയെക്കുറിച്ച് മറെറന്തെങ്കിലും പറയാനുണ്ടോ? ഇവിടെ കോൺഗ്രസ്സ് ജനാധിപത്യത്തിൽ വിശ്വസിക്കുന്നുവെന്ന് പറയുകയുണ്ടായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ആക്രമിച്ചുകൊണ്ട് മുസ്ലീംലീഗിലെ ചില സുഹൃത്തുക്കൾ പറഞ്ഞു, ഞങ്ങൾ വിപ്ലവത്തിൽ പങ്കാളികളാകില്ല എന്ന്. മാപ്പിളലഹള എന്ന കാർഷിക വിപ്ലവത്തിൽ പങ്കാളികളായവരും ഈ ലീഗുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഞാൻ അതിലേക്ക് കടക്കുന്നില്ല. ഈ രാജ്യത്ത് ജനാധിപത്യത്തെ ഭരണകക്ഷികളും ഒരു ശവപ്പെട്ടിക്കകത്ത് ആക്കിയിരിക്കുകയാണ്, പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളില്ല; ബി.ഡി.സി.കളില്ല. ഏറ്റവും ഒടുവിലായി യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റുമില്ല, അതിനെ സസ്പെൻഡ് ചെയ്തു. എന്നിട്ട് ജനാധിപത്യത്തെക്കുറിച്ച് അവകാശവാദങ്ങൾ മുഴക്കുന്നു. ജനാധിപത്യത്തെ ശവപ്പെട്ടിയിലാക്കി അവസാനത്തെ ആണിയും അടിച്ചിരിക്കുകയാണ്. മിനിഞ്ഞാന്ന് പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരുന്ന ശുദ്ധ ജല വിതരണ അധികാരം പോലും തെരഞ്ഞെടുക്കപ്പെട്ട സമിതികളിൽനിന്നും എടുത്ത് ജല അതോറിറ്റിയിൽ നിക്ഷിപ്തമാക്കി. അങ്ങനെ ആ ശവപ്പെട്ടിയിലെ അവസാനത്തെ ആണിയും തറച്ചിരിക്കുന്നു. ഈ ശവപ്പെട്ടിയും ചുമന്നുകൊണ്ട്, വരുന്ന തെരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിക്കാൻ ചെന്നാൽ ജനങ്ങൾ ചൂലെടുത്ത് അടിച്ചുപുറത്താക്കും. ഈ കിരാതൻമാരുടെ പാദസ്പർശമേറെതറ അവർ ചാണകം മെഴുകി വൃത്തിയാക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഈ രാജ്യത്തെ അഴിമതിയുടെ കുഴിമാടമാക്കി മാറ്റിയിരിക്കുന്നു. ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അങ്ങനെയുള്ളവർക്ക് ജനങ്ങളെ അഭിമുഖീകരിക്കാൻ "അഞ്ചുകൊല്ലം കൂടി ഞങ്ങൾ തരുന്നു" എന്ന് അവകാശപ്പെട്ടുകൊണ്ട് ജനങ്ങളെ സമീപിക്കാൻ അവകാശമില്ലാത്തതുകൊണ്ട് ഈ അവിശ്വാസപ്രമേയത്തിന് പ്രസക്തിയുണ്ട് എന്ന് വ്യക്തമാക്കിക്കൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, കെ.പി. പ്രഭാകരനും ബേബിജോണും, ഷൺമുഖദാസും, ചന്ദ്രശേഖരനും മറ്റും വളരെ ഗൗരവമായി ആലോചിക്കേണ്ട സമയമായിരിക്കുന്നു. നിങ്ങടെ കൂടെ കിടന്നിരുന്നവരെ ഓരോരുത്തരേയും എവിടെക്കൊണ്ടുചെന്നെത്തിക്കുന്നു എന്നു മനസ്സിലാക്കി സമചിത്തതയോടുകൂടി ആലോചിക്കേണ്ട സമയമാണിപ്പോൾ. കെ.പി.സി.സി. പ്രസിഡൻറിന്റെ പ്രസംഗത്തിനുശേഷം ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് അപകടത്തിൽചെന്നെത്തിയെന്ന് ചിന്തിക്കാൻ കഴിവുള്ള ആളുകളെല്ലാം ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. കെ.പി സി.സി. പ്രസിഡൻറ് ഇന്ന് അർത്ഥശങ്കയ്ക്ക് ഇടമില്ലാത്തവിധം നടത്തിയ പ്രഖ്യാപനത്തിന്റെ ഫലമായി ഈ തെരഞ്ഞെടുപ്പിൽ നിങ്ങളുടെ എന്ത് പ്രഖ്യാപനങ്ങളുണ്ടായാലും ഒരു ടിക്കറിലധികം ചോറിവിടെയും കൂറവിടെയും എന്ന് പറഞ്ഞ് നിൽക്കുന്ന ആളുകൾക്ക് കിട്ടുന്ന സീറ്റിൽ കൂടുതൽ കിട്ടുകയില്ലാ എന്നുറപ്പാണ്. യാതൊരു സംശയവും ഇക്കാര്യത്തിൽ ഇല്ലെന്നുറപ്പാണ്. ഈ ഉറപ്പിന് പ്രസക്തമായ രണ്ട് പോയിൻറുകളെക്കുറിച്ച് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഒന്നാമത് പ്രീഡിഗ്രി ബോർഡിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പ്രീഡിഗ്രി ബോർഡിനെക്കുറിച്ച് നിങ്ങൾ പറയുന്നതിൽ ആത്മാർഥതയുണ്ടോ ? പ്രീഡിഗ്രി ബോർഡിന്റെ ദോഷത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞതു തിരുത്താൻ തയ്യാറുണ്ടോ ?. അങ്ങനെയാണെങ്കിൽ 1957-ൽ നിങ്ങളുടെ ഗവൺമെൻറ് അന്ന് നടത്തിയ നിയമ നിർമ്മാണ വഴി ഈ രാജ്യത്തെ വരുമാനത്തിന്റെ 45 ശതമാനം എന്നാണു വിദ്യാഭ്യാസ കച്ചവടക്കാരിൽ ചെന്ന് എത്തുന്നത് നിയന്ത്രിക്കാൻ നിങ്ങൾ എന്തെങ്കിലും ചെയ്തുവോ ? പാവം അവസാനം ഞങ്ങളുടെ ഗൗരിയമ്മയെകൊണ്ടു പോയി പടിക്കൽ കിടത്തി. അത് അവസാനത്തെ അടവാണ്. ആ അടവ് നമ്മുടെ നാട്ടിൽ വിജയിക്കാൻ പോകുന്നില്ല. ശ്രീമതി ഗൗരിയമ്മ ഒരു കാര്യം മറക്കുകയില്ല. ഈ രാജ്യത്ത് ഗൗരിയമ്മയെ ഒരു വലിയ ജനശക്തി അംഗീകരിക്കുന്നു. ആ അംഗീകരിക്കുന്ന ജനവിഭാഗങ്ങളുടെ വികാരത്തിനെതിരായി ഓരോ ദിവസവും കമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്തുകൊണ്ടിരിക്കുന്ന പ്രഖ്യാപനങ്ങൾക്ക് പരിഹാരാർത്ഥം ഗൗരിയമ്മയെത്തന്നെ കൊണ്ടുപോയി പടിക്കൽ കിടത്തിയാൽ ഞങ്ങളുടെ ആളുകൾ ഉറക്കെ ചിന്തിക്കും. ഇവിടെ എന്താണെന്നും വർഗ്ഗീയതക്കെതിരെ നടക്കുന്നത് എന്ത് പ്രശ്നമാണെന്നും ആളുകൾ ചിന്തിക്കും. എസ്. ആർ പി. വർഗ്ഗീയകക്ഷിയാണോ ? ഗൗരിയമ്മ പറയുമോ ? എസ്.എൻ.ഡി.പി. വർഗ്ഗീയ കക്ഷിയാണോ ? ശ്രീനാരായണഗുരുദേവൻ വർഗ്ഗീയവാദിയാണോ ? അവസാനം നിങ്ങൾ നടത്തിയ പ്രസംഗം എന്താണ്. കോൺഗ്രസുകാർ ഡൽഹിയിൽ ചെന്ന് ശ്രീ. ആർ. ശങ്കർ ലോറി വിഴുങ്ങിയെന്ന് പറഞ്ഞതായി പ്രസംഗിച്ചുവത്രേ. എന്തിനുവേണ്ടിയാണ് ? ഞങ്ങളെ മുഴുവൻ സ്ഥിരമായി അപമാനിക്കാൻ. രക്തസാക്ഷികളായ നിരവധി നിരവധി പിന്നോക്കക്കാരന്റെ ജീവൻ കൊടുത്ത് വളർത്തിയെടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് താങ്ങും തണലുമായി നിന്ന ജനവിഭാഗം, ആ ജനവിഭാഗക്കാരിൽ ഒരുത്തനായ ശ്രീ. ആർ. ശങ്കർ ലോറി വിഴുങ്ങിയെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോട് പറഞ്ഞുവെന്ന് പറഞ്ഞു. എന്താണ് ശ്രീ. ആർ ശങ്കർ ചെയ്ത തെറ്റ്. പ്രയോറിറ്റി ലിസ്റ്റിൽ നിന്നും മാറിയിട്ട് അദ്ദേഹം ഒരു ലോറി കൊടുത്തു. അതാണ് ശ്രീ. ആർ. ശങ്കറിനെ കുറ്റക്കാരനായി ചിത്രീകരിക്കാൻ കാരണം. എസ്.എൻ.ഡി.പി. യെ വർഗ്ഗീയവാദിയാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗുരുദേവനെ വർഗ്ഗീയവാദിയാക്കുന്നു. എസ്.ആർ.പി. യെ വർഗ്ഗീയവാദിയാക്കുന്നു. ഈ രാജ്യത്തെ മനുഷ്യരെ മുഴുവൻ വർഗ്ഗീയവാദികളാക്കുന്നു. ഇ.എം.എസിനോട് എനിക്ക് ഒരു കാര്യമേ പറയാനുള്ളു., ശരണമയ്യപ്പാ, ഗുരുദേവാ ശരണമയ്യപ്പാ, ഗുരുവായൂരപ്പാ, ഇ.എം.എസിന് ജീവൻ കാടുക്കണേ, ഇ.എം.എസ് നിലനിൽക്കണേ, ഇ.എം.എസ് ജീവിക്കുന്നിടത്തോളകാലം ഞങ്ങൾക്ക് ഒരപകടവുമില്ല, ഈ മുന്നണി നിലനിൽക്കും. ഈ മുന്നണി വളരും ഈ മുന്നണി വിജയിക്കും. അശേഷം ആശങ്കവേണ്ട. ആ കാര്യങ്ങളൊക്കെ തുറന്ന് പറഞ്ഞുകൊണ്ട്, ഞാൻ നേരത്തെ പറഞ്ഞ നാലുപേരും ഒന്ന് ചിന്തിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, പി.കെ.വി. ചിന്തിച്ചതുപോലെ ചിന്തിച്ചുതുടങ്ങണമെന്ന്, പറഞ്ഞുകൊണ്ട്, ഈ അവിശ്വാസപ്രമേയത്തെ വിശ്വാസത്തോടുകൂടി അവതരിപ്പിക്കാത്ത ഈ അവിശ്വാസപ്രമേയത്തെ നഖശിഖാന്തം എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ.ജി.ആർ. കർത്ത : സർ, ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. അങ്ങാടിയിൽ തോറ്റാൽ അമ്മയോട് എന്നൊരു പഴഞ്ചൊല്ലുണ്ട്. സ്വന്തം മുന്നണിയിൽ അഭിപ്രായവ്യത്യാസങ്ങൾ വന്നു. സ്വന്തം കക്ഷിയിൽ അഭിപ്രായവ്യത്യാസങ്ങൾവന്നു അത് എവിടെയെങ്കിലും ഒന്നു പറഞ്ഞു തീർക്കണ്ടേ അതിന് കണ്ടുപിടിച്ച സ്ഥലം ഈ നിയമസഭയാണ്. ഇതിൽ എന്തെങ്കിലും കഴമ്പുണ്ടോ ? എഴുതിയ കടലാസിനുപോലും വിലയില്ലാത്ത അവിശ്വാസപ്രമേയമാണ് ഇന്ന് ഈ സഭയിൽ അവതരിപ്പിച്ചത്. ഈ അവിശ്വാസ പ്രമേയത്തിൽ പറയുന്ന മൂന്ന് കാര്യങ്ങളും പല അവസരങ്ങളിലും ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അങ്ങാടിയിൽ തോറ്റാൽ അമ്മയോട് എന്നമ്മാതിരി ഇത് അവതരിപ്പിച്ച ആളിനുതന്നെ യാതൊരു വിശ്വാസവുമില്ലാത്ത സ്വന്തം പാർട്ടിയിലുള്ള അവിശ്വാസംകൊണ്ട് അവതരിപ്പിച്ചതാണ്. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ഇത് പ്രതിപക്ഷത്തിന്റെ 16-ാം അടിയന്തിരപ്രമേയമാണ്. മരണം നടന്നുകഴിഞ്ഞാൽ അനന്തരക്രിയയ്ക്ക് 16-ാം അടിയന്തിരമെന്നാണ് ഞങ്ങൾ പറയുന്നത്. ഇടതുമുന്നണിയുടെയും ഇടതുമുന്നണിയിലുള്ള ഘടകകക്ഷികളുടെയും അവസാന പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചത്. കാരണം, ഇനി വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ പ്രതിപക്ഷം ഇല്ലെന്നാണല്ലോ സാധാരണ രാഷ്ട്രീയ ചിന്തകൻമാർ അഭിപ്രായപ്പെടുന്നത്. മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, പശ്ചിമബംഗാളിൽ ഇന്ന് മാർക്സിസ്റ്റ് പാർട്ടി പിളരാൻ പോകുന്നു. അതുപോലെ ത്രിപുരയിലും മാർക്സിസ്റ്റ് പാർട്ടി പിളരുമെന്നാണ് പറയുന്നത്. ശ്രീ. എം.വി. രാഘവന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു ദേശീയ കമ്മ്യൂണിസ്റ്റ് പാർട്ടി ആയിത്തീരാൻ പോകുന്ന സന്ദർഭമാണിപ്പോഴുള്ളത്.

സർ, പ്രതിപക്ഷ ഘടകകക്ഷികൾക്ക് വളരെയേറെ നിരാശാണ്. ഉദാഹരണത്തിന് കോൺഗ്രസ്സ് എസ് സിന്റെ കണ്ണൂർ ജില്ലാ പ്രസിഡന്റുതന്നെ രാജിവച്ചു. സി.പി.ഐ. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് യോജിക്കണമെന്ന് എത്രയോ

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യം സി.പി.ഐ. യുടെ സ്റ്റേറ്റ് കമ്മിറ്റി ആവശ്യപ്പെട്ടതാണ്. സി.പി.ഐ. മാർക്സിസ്റ്റിൽ ലയിക്കണമെന്ന സി.പി.ഐ. യുടെ അഭിപ്രായത്തോട്, മാർക്സിസ്റ്റ് പാർട്ടി വഴങ്ങാതിരിക്കുന്ന ഒരു ദുർഗ്ഗതിയാണ് സി.പി.ഐ.-യെ സംബന്ധിച്ചുള്ളത്. നേരെമറിച്ച് ഇന്നത്തെ സാഹചര്യത്തിൽ ഒരു പക്ഷേ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വഴങ്ങിയേക്കും. കാര്യമായിട്ട് സ്റ്റേറ്റ് കമ്മിറ്റി ആവശ്യപ്പെട്ടാൽ ഈ സന്ദർഭത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വീര്യം നികത്താൻവേണ്ടി സി.പി.ഐ യെ കൂടി ചിലപ്പോൾ ലയിപ്പിക്കുമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. സർ, തിരഞ്ഞെടുപ്പ് വരാൻപോകുകയാണ്. ഐക്യജനാധിപത്യമുന്നണി ജനോപകാരപ്രദമായ പല നല്ലകാര്യങ്ങളും ഇവിടെ ചെയ്തതിന്റെ ഫലമായി വരാൻപോകുന്ന തിരഞ്ഞെടുപ്പിന്റെ ഫലം 12 മണിയാകുമ്പോൾ റേഡിയോയിൽ നിന്നും ഐക്യ ജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥികൾ വൻഭൂരിപക്ഷത്തോടുകൂടി വിജയിച്ചിരിക്കുന്നുവെന്നും ഈ കോലാഹലങ്ങളൊക്കെ കാണിക്കുന്ന അളുകൾ ദയനീയമായി പരാജയപ്പെട്ടുമെന്നും നമുക്ക് കേൾക്കാൻ കഴിയും. സർ, ഇവിടെ ഈ നിയമസഭാകവാടത്തിൽ ഇരുന്നുനോക്കി പിന്നീട് ഇവിടെത്തന്നെ കിടന്നു. പക്ഷേ ഈ സെക്രട്ടറിയേറ്റിലുള്ളവരാരും അറിയാതെയാണ് ഇറങ്ങിപ്പോയത്.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. മല എലിയെ പ്രസവിച്ചു എന്നു പറയുന്നതു പോലെയാണ് നമ്മുടെ പ്രതിപക്ഷനേതാവ് ഒരു വിലപകാവ്യത്തിന്റെ പ്രതീതി ജനിപ്പിക്കുമാറ് ''അനന്തമജ്ഞാതമവർണ്ണനീയം'' എന്നു പറയാവുന്ന തരത്തിൽ ഈ വിലാപകാവ്യവുമായി നിയമസഭയിലേക്ക് കടന്നുവന്നത്. ഈ നിയമസഭയിൽ വടി കൊടുത്ത് അടി മേടിച്ചിട്ടുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ വടി കൊടുത്ത് അടി മേടിച്ചിട്ട് ദീനദീനം വിലപിച്ച സംഭവം കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്രയും ദയനീയമായി ഉണ്ടായിട്ടില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്രയേറെ ക്ഷേമപ്രവർത്തനങ്ങളും നടത്തി ജനവിശ്വാസം ആർജ്ജിച്ച ഒരു ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചിട്ടുണ്ടോ? അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ എം. എൽ. എ. മാർക്ക് ഇതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചിരുന്ന കാലഘട്ടത്തിൽപോലും നടത്താനാകാത്ത രീതിയിലുള്ള ക്ഷേമപ്രവർത്തനങ്ങളും നടത്തി നിയമസഭാമണ്ഡലത്തിലേയ്ക്ക് കടന്നുചെല്ലുവാനുള്ള വേദി ഒരുക്കിയത്. ശ്രീ. കരുണാകരൻ ഗവൺമെന്റാണെന്നുള്ള കാര്യം വിസ്മരിക്കരുത്. ശ്രീ. പങ്കജാക്ഷൻ പറഞ്ഞതുപോലെ അവിശ്വാസപ്രമേയത്തിനു പ്രസക്തിയില്ല. ഇതൊരു വിശ്വാസപ്രമേയമാണ്. ശ്രീ. അച്ച്യുതനന്ദനു സി.പി.എം.ൽ ആരൊക്കെ ഉറച്ചു നില്ക്കുന്നു എന്നു ഉറപ്പുവരുത്താൻ, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിൽ ഉള്ളുതുറന്നു ആഹ്ലാദിക്കുന്ന, സന്തോഷിക്കുന്ന സി.പി.ഐ.യെ നിലയ്ക്കു നിർത്താൻ, മറ്റു പല ഘടകകക്ഷികളെ, പൊതു ശത്രുക്കളെ ചൂണ്ടിക്കാണിച്ച് കൂടെ നിർത്താൻ വേണ്ടി കൊണ്ടുവന്ന വിശ്വാസപ്രമേയമാണ് ഇത്. ശ്രീ. എം. വി. രാഘവൻ ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ പ്രതിപക്ഷ നേതാവ്, കുവൈറ്റികളുടെ പേരുപറഞ്ഞ്, പ്രീ-ഡിഗ്രി ബോർഡിന്റെ പേരുപറഞ്ഞ്, ബാലകൃഷ്ണപിള്ളയുടെ പേരു പറഞ്ഞ്, ഇത്രയും ഒരു പ്രമേയവുമായി ഇവിടെ വരുമായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയത്തിന്റെ അവതാരകൻ യഥാർത്ഥത്തിൽ ശ്രീ. എം. വി. രാഘവനാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് അണികളും പൊഴിഞ്ഞുപോകുമെന്നു കണ്ടപ്പോൾ അതൊന്ന് പിടിച്ചു നിർത്താൻ വേണ്ടിയുള്ള ഒരു തന്ത്രവുമായാണ് ഈ പ്രമേയവുമായി മുന്നോട്ടു വന്നിരിക്കുന്നത്.

സർ, ഒരു കാര്യം വളരെ വ്യക്തമായി അപ്പുറത്തിരിക്കുന്നവർ ചിന്തിക്കണം. ഇന്ന് അപ്പുറത്ത് 60 പേർ ഇരിപ്പുണ്ടെന്നു പറഞ്ഞു. ഇപ്പുറത്ത് 80 പേരുണ്ട്. അവിശ്വാസപ്രമേയത്തിൽ 60 പേർ വോട്ടു ചെയ്തിരിക്കും. ഫലത്തിൽ 57 പേരെയുള്ളൂ. ശ്രീ. എം.വി. രാഘവൻ, ശ്രീ. ചക്രപാണി, ശ്രീ വാസുദേവമേനോൻ എന്നിവർ അവരുടെ കൂട്ടത്തിലില്ല. ഇനിയും പലരും പൊഴിഞ്ഞുപോകും. അവർ പൊഴിഞ്ഞു പോകാതിരിക്കാൻ വേണ്ടി സി. പി. ഐ.യുടെ സെക്രട്ടറി ഇന്ന് പറഞ്ഞിരിക്കുന്നത്, ഞങ്ങളുടെ കാര്യം ഞങ്ങൾ തുറന്നു പറയുമെന്നാണ്. അവരെ വിരട്ടിയിരിക്കുയാണ്. മറ്റ് പല ഘടകകക്ഷികളെയും വിരട്ടിയിരിക്കുകയാണ്. ഇപ്പോൾ അവർ പറയുന്നത് കോൺഗ്രസ്സുകാരോട് സ്നേഹം പ്രകടിപ്പിക്കാൻ പോവുകയാണ് എന്നാണ്. അതാണ് ശ്രീ. സി. ജി. ജനാർദ്ദനൻ പറഞ്ഞപോലെ ബേബിജോൺ ആലോചിക്കണം, ശ്രീ. പി.കെ. വാസുദേവൻ നായർ ആലോചിക്കണം, ശ്രീ. ചന്ദ്രശേഖരൻ ആലോചിക്കണം, ശ്രീ. ഷൺമുഖദാസ് ആലോചിക്കണം, കൂടെ നില്ക്കണമോയെന്ന്. കൂടെ നില്ക്കുന്നവരെ തള്ളിപ്പറഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു പ്രതിപക്ഷ മുന്നണിയുടെ നേതാവ് എന്നുള്ള രീതിയിൽ ഈ വിലാപകാവ്യം അനവസരത്തിലാണ്. ജനക്ഷേമകരമായ നടപടികളുമായി ഈ രാജ്യത്തെ ആർത്തന്മാരുടെ, അവശന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ച ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ക്ഷേമ പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്, എന്നുമാത്രമല്ല ഇനിയും അങ്ങനെ മുന്നോട്ടുപോകാനുള്ള അവസരങ്ങളും ഉണ്ടാകുമെന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുകയാണ്. വർഗ്ഗീയതയെ മുതലെടുത്താണ് നിങ്ങളും അധികാരത്തിൽ വന്നത്. അത് നിലനിർത്തിയാണ് അധികാരം നിലനിർത്തുന്നത്. നിങ്ങളുടെ സ്വന്തം ശവക്കുഴി തോണ്ടുന്നപോലെയാണ് ഇത്. പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം തന്നെ അതിന്റെ ഒരു വിഷവിത്താണ്. ഇവിടെ ശ്രീ. ജോർജ്ജ് നേരത്തെ പറഞ്ഞു, പ്രീ-ഡിഗ്രി ബോർഡ് ആരുവേണമെങ്കിലും എടുത്തോട്ടെ, ഏതു സ്കൂളിനു വേണമെങ്കിലും കൊടുത്തോട്ടെയെന്ന്. ഘടക കക്ഷികളായ നിങ്ങളും ഒന്നാലോചിക്കണം. ഇതിന്റെ ആപത്ത് നിങ്ങളും ശരിക്ക് മനസ്സിലാക്കിയിട്ടുണ്ടോ ? ഒരു 'പ്ലസ് 2' തുടങ്ങണമെങ്കിൽ ഏകദേശം 5—6 ലക്ഷം രൂപയെങ്കിലും ചെലവുവരും. നമ്മുടെ കേരളത്തിൽ എത്ര സ്കൂളുകൾക്ക് ഇത് സാധിക്കും? ശ്രീ. ടി. എം. ജേക്കബിന്, അറിയാം; ഇത് സാധിക്കുന്നത് ആർക്കാണെന്ന്. ഒരു പ്രത്യേക സമുദായത്തിലുള്ള ആളുകൾക്ക് മാത്രമെ ഈ സ്കൂളുകൾ അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് പ്രീ-ഡിഗ്രി ബോർഡിൽ പ്രീ-ഡിഗ്രിയാണ് അടിസ്ഥാന വിദ്യാഭ്യാസം. ഇവിടെ കളക്ടറാകുന്നതിനും, എൻജിനീയർ ആകുന്നതിനും, ഡോക്ടർ ആകുന്നതിനും, എന്തിന് ഒരു ക്ലാർക്കാകുന്നതിനുവരെ പ്രീ-ഡിഗ്രി യാണ് അടിസ്ഥാന വിദ്യാഭ്യാസം. അത് ഒരു പ്രത്യേക സമുദായത്തിന്റെ കയ്യിൽ പോയിച്ചേരുന്നതാണ് ഇന്നത്തെ ശ്രീ. ജേക്കബിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വീദ്യോഭ്യാസനയം.. അതിന് എസ്. എൻ. ഡി. പി. യും എൻ. എസ്. എസ്സും മുസ്ലീം ലീഗും സമ്മതിക്കണോ? നിങ്ങൾ ഒന്നാലോചിക്കണം. അതിന്റെ ഫലമെന്താണ്? ഇവിടെ വരാൻ പോകുന്ന എല്ലാ ഉദ്യോഗങ്ങളും പ്രത്യേക സമുദായത്തിന്റെ കൈയിലായി മാറും. എല്ലാവർക്കും അഡ്മിഷൻ കിട്ടില്ലേ എന്ന് നിങ്ങൾ ചോദിക്കും. കിട്ടുകയില്ല. സയൻസിന് അപ്പൈ ചെയ്താൽ ചരിത്രത്തിനേ അഡ്മിഷൻ കിട്ടുക യുള്ളു. മറ്റു സമുദായത്തിലുള്ളവർക്ക് വളരാനുള്ള അവസരംകൂടി ഇല്ലാതാക്കാനുള്ള ഒരേർപ്പാടാണ് ഇത്. ഇതിനെ നിങ്ങളൊക്കെ അനുകൂലി ക്കുന്നുണ്ടോ? നിങ്ങളുടെ സമുദായത്തിന് ദോഷം വരുന്ന രീതിയിൽ ഈ പ്രവർത്തനത്തെ നിങ്ങൾ സഹായിക്കാനാണ് ഭാവമെങ്കിൽ ഞങ്ങൾക്ക് അതിൽ വിരോധമില്ല. ഈ ബോർഡുകൊണ്ടുതന്നെ നിങ്ങളുടെ മുന്നണി യിൽ നിങ്ങൾക്ക് നിൽക്കാൻ സാധിക്കുകയില്ല. ഈ ബോർഡിനെ നിങ്ങൾ അനുകൂലിക്കുകയാണെങ്കിൽ, ഈ മുന്നണിയിൽ നിങ്ങൾ തുടർന്നാൽ നാട്ടിൽ ജനങ്ങളുടെ അടുത്ത് പോകാൻ നിങ്ങൾക്ക് വളരെ വിഷമം വരും.

അതുപോലെ തന്നെ നമ്മുടെ രാജ്യത്തെ വ്യവസായ തകർച്ചയുടെ കാര്യം പറഞ്ഞപ്പോൾ പവർ കട്ടിന്റെ കാര്യം പറഞ്ഞു. ഇത് വാസ്തവത്തിൽ ഇവിടെ വേണോ? പവർകട്ടിനെപ്പറ്റി ജൂലൈ 2-ാം തീയതി 167-ാമത്തെ ചോദ്യമായി ശ്രീ. വി.സി. കബീർ ചോദിച്ചപ്പോൾ മന്ത്രി മറുപടി പറഞ്ഞത് വൈദ്യുതി വില കുന്നില്ലെന്നാണ്. ഇടുക്കിയിൽ നിന്ന് 1985-86-ൽ 128 ദശലക്ഷം യൂണിറ്റ് വൈദ്യുതി കർണ്ണാടകത്തിന് കൊടുത്തു. അവിടത്തെ വ്യവസായികളിൽ നിന്ന് കമ്മീഷൻ മേടിച്ചിട്ടാണ് കൊടുത്തത്. അതുമാത്രമല്ല, 1986 ഏപ്രിൽ മുതൽ മേയ് 31 വരെ മാത്രം 7 ദശലക്ഷം യൂണിറ്റ് വൈദ്യുതി വിറ്റിട്ടുണ്ട്. ഞാൻ അത് ഒരു ആരോപണമായി ഉന്നയിക്കുകയാണ്. അത് നിങ്ങൾക്ക് നിഷേധിക്കുവാൻ സാധിക്കുമോ? അതിന് തെളിവുകൾ തരാൻ ഞാൻ തയ്യാറാണ്. അങ്ങനെ ഈ രാജ്യത്തെ വ്യവസായത്തെ, കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഒക്കെ നശിപ്പി ച്ചിട്ട് വ്യവസായികളോട് കമ്മീഷൻ മേടിച്ചുകൊണ്ട് ചെയ്തിട്ട് അതൊന്നും ഞങ്ങൾ കണ്ടില്ല, ഇതൊന്നും പറയാൻ പാടില്ലെന്നാണ് പറയുന്നത്.

അതുമാത്രമല്ല, നമ്മുടെ മന്ത്രിമന്ദിരങ്ങളുടെ സ്ഥിതി നോക്കിയാൽ അവിടെയെല്ലാം കള്ളക്കടത്തിന്റെ കേന്ദ്രമായി മാറിയിരിക്കയാണ്. രണ്ടു ദിവസം മുമ്പ് എറണാകുളം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ്, അസി സ്റ്റന്റ് കളക്ടർ, കസ്റ്റംസിന് കൊടുത്ത ചാർജ്ജ് ഷീറ്റിൽ പറയുന്നത്, നാണക്കേടാണ്. അത് ഈ മന്ത്രിസഭയ്ക്ക് അപമാനമാണ്. ഇത്രയും രാജ്യദ്രോഹം നടത്താൻ പറ്റുമോ? മന്ത്രിമന്ദിരങ്ങളിൽ കള്ളക്കടത്തു നടക്കുകയോ? മന്ത്രിമന്ദിരങ്ങൾ തന്നെ കള്ളക്കടത്തു നടത്തുന്നതിന് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കയാണ്. ഇന്നലെ എറണാകുളം അഡീഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതി യിൽ ഒരു കേസു വന്നു. മന്ത്രി ശ്രീ. യു. എ. ബീരാന്റെ മകൻ യു. എ. നാസറാണ് കേസിലെ രണ്ടാം പ്രതി. കേസിന്റെ ചാർജ്ജ് ഷീറ്റിൽ പറയുന്നത് നാസർ സിംഗപ്പൂർ, മാലി എന്നിവിടങ്ങളിലേക്ക് ഫ്രീ എയർ ടിക്കറ്റ് കൊടുത്ത് ആളുകളെ അയച്ച് സാധനങ്ങൾ കള്ള ക്കടത്തുനടത്തി ഇവിടെ കൊണ്ടുവരുന്നുവെന്നാണ്. നാസറിന്റെ പ്രേരണ യാലാണ് ഈ ബിസിനസ് നടത്തുന്നതെന്ന് 6-ാം പ്രതിയായ ഹംസ പ്രസ്താവിച്ചതായി ചാർജ്ജ് ഷീറ്റിൽ പറയുന്നുണ്ട്. കേസിലെ ഒന്നും രണ്ടും പ്രതികൾ ക്രിമിനൽ ഗൂഢാലോചന നടത്തി ഇങ്ങനെ സാധനങ്ങൾ കൊണ്ടുവരുന്നതിന് എയർ ട്രാവൽ കോർപ്പറേഷൻ എന്നൊരു സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണെന്ന് ചാർജ്ജ് ഷീറ്റിൽ പറയുന്നുണ്ട്. ഒന്നും രണ്ടും പ്രതികൾ 25,000 രൂപ വച്ച് ഷെയറെടുത്താണ് ഈ സ്ഥാപനം തുടങ്ങിയിരിക്കുന്നത്. അതിൽ ഒന്നാം പ്രതിക്ക് 2500 രൂപ ശമ്പളവും, ശ്രീ. ബീരാന്റെ മകന് 2000 രൂപ ശമ്പളവും, കണക്കാക്കിയാണ് ഇവർ എടുക്കുന്നത്. അതിൽ മന്ത്രിയുടെ ഫോൺ നമ്പർ ഉപയോഗിച്ചുതന്നെ പല സാധനങ്ങളും വിറ്റുകൊടുത്ത കാര്യവും ചാർജ്ജ് ഷീറ്റിൽ പറയുന്നുണ്ട്. അതു മാത്രമല്ല ഒന്നും രണ്ടും പ്രതികളുടെ നേതൃത്വത്തിൽ സിംഗപ്പൂരിൽനിന്നും സാധനങ്ങൾ ഇന്ത്യയിലേക്ക് കള്ളക്കടത്തു നടത്തുന്ന ഗൂഢ സംഘമാണ് ഈ കേസിലെ പ്രതികളെന്നും, കസ്റ്റംസ് ആക്ടിൽ 135-ാം വകുപ്പനുസരിച്ച് അവർ കുറ്റം ചെയ്തുവെന്നും ചാർജ്ജ് ഷീറ്റിൽ വ്യക്തമാക്കുന്നു. നാസറിന്റെ സ്റ്റേറ്റ്മെന്റിൽ, താൻ മന്ത്രി മന്ദിരത്തിലാണ് താമസിക്കുന്നതെന്നും, അവിടെയാണ് കുറെക്കാലമായി സ്ഥിരതാമസമെന്നും വളരെ വ്യക്തമായി പറയുന്നുണ്ട്. ആ മന്ത്രി മന്ദിരങ്ങൾ കള്ളക്കടത്തിന്റെ കേന്ദ്രമായി മാറുകയാണ്. സർ, ഇതിനു മുമ്പ് നമ്മുടെ കമലോത്തിയുടെ വീട്ടിൽ നടന്നതെന്താണെന്നറിയാമോ? മന്ത്രി മന്ദിരങ്ങൾപോലും കള്ളക്കടത്തിനായിട്ട് ഉപയോഗിക്കുന്നത് ലജ്ജാകരമായ നടപടിയാണ്. ഇത്രയും മോശപ്പെട്ട ഒരു മന്ത്രിസഭ നിങ്ങളുടെ അധികാരം നിലനിർത്താൻ വേണ്ടി, രാജ്യത്തെ നശിപ്പിക്കാൻ കൂട്ടുനില്ക്കുന്ന ഈ മന്ത്രിസഭയ്ക്കെതിരായി കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ഈ അവിശ്വാസപ്രമേയം ഗവൺമെന്റിനെതിരെയുള്ള അവിശ്വാസമല്ലായെന്നുള്ളതിന് കെ.പി.സി.സി. പ്രസിഡണ്ടിന്റെ പ്രസംഗത്തെക്കാൾ മറ്റൊരു തെളിവ് ഞാൻ ഈ സഭയിൽ ഹാജരാക്കേണ്ടതില്ല. സർ, മാർക്സിസ്റ്റ് പാർട്ടിയിൽ പിളർപ്പുണ്ടായപ്പോൾ ഗവൺമെന്റിന്റെ ഏറ്റവും വലിയ വിമർശകനായ ശ്രീ. എം. വി. രാഘവൻ ഒരു അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി. ശ്രീ. എം. വി. രാഘവൻ മാർക്സിസ്റ്റ് നേതൃത്വത്തിന്റെയും, ഇതുമുന്നണിയുടെയും പിടിപ്പുകേടും, പോക്കണക്കേടും കൊണ്ട് സഹികെട്ടാണ് ഈ ഗവൺമെന്റിനെതിരായി അവിശ്വാസപ്രമേയത്തിന് നോട്ടീസ് കൊടുത്തത്. ശ്രീ. എം. വി. രാഘവന്റെ പ്രമേയം, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിലും ശ്രീ. അച്യുതാനന്ദനിലും, ശ്രീ. ഇ. കെ. നായനാരിലും ഉള്ള അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയമായിരുന്നു. എം. വി. രാഘവനെ തള്ളയ്ക്കാൻ വേണ്ടി ശ്രീ. ഇ. കെ. നായനാരോട് അവിശ്വാസപ്രമേയം കൊടുത്തോൻ മാർക്സിസ്റ്റ് പാർട്ടി നിർദ്ദേശിച്ചു. എം. വി. രാഘവനിലും, കൂട്ടരിലും ഉള്ള അവിശ്വാസം രേഖപ്പെടുത്തുന്ന നായനാരുടെ പ്രമേയം ഈ സഭ കഴിഞ്ഞാൽ മാർക്സിസ്റ്റ് പാർട്ടി പുറത്താക്കാൻ പോകുന്ന അവരുടെ അണികൾക്കിടയിൽ നടത്താൻപോകുന്ന നിർവീര്യലീലയ്ക്കും പാർലിമെന്ററി വ്യാമോഹത്തിനുമെതിരെയുള്ള മാർക്സിസ്റ്റ് പ്രചരണത്തിന്റെ മുൻകൂർ നടപടിയാണ്. അതോടൊപ്പം തന്നെ മാർക്സിസ്റ്റ് എം. എൽ. എ. മാർ നേതൃത്വത്തെ സംശയത്തോടും, അവിശ്വാസത്തോടും കൂടി കാണുകയാണ് നായനാരുടെ ഈ പ്രമേയം മാർക്സിസ്റ്റ് എം. എൽ. എ. മാരുടെ ഒരു വിശ്വാസ പ്രമേയം കൂടിയാണ്. സർ, ഇതു നായനാരെക്കൊണ്ടു തന്നെ അവതരിപ്പിക്കാൻ കാരണമുണ്ട്. എസ്. എൽ. പുരം സദാനന്ദൻ, നിങ്ങൾക്ക് പരിചയമുള്ള പേരാണ്. അദ്ദേഹത്തിന്റെ ഈ അപ്രത്യക്ഷമാകൽ

LIBRARY ARCHIVES Kerala Legislative Assembly

നാടകത്തിന്റെ പേര് 'കുറച്ച് അറിയുക ഏറെ വിശ്വസിക്കുക' എന്നതാണ്. സർ, നായനാരുടെ കാര്യത്തിൽ ഞാൻ അതിന് ഒരു ഭേദഗതി വരുത്തുന്നു. 'കൂടുതൽ അറിവും കുറഞ്ഞ വിശ്വാസവുമുള്ള ഒരാളാണ്' ശ്രീ. ഇ. കെ. നായനാർ. അദ്ദേഹത്തിന് മാർക്സിസ്റ്റ് പാർട്ടിയിലെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ച് നല്ല അറിവാണുള്ളത്. അതുകൊണ്ട് നായനാരിലുള്ള വിശ്വാസം കൂടി മാറ്റുരച്ചു നോക്കാൻ വേണ്ടിയാണ്. നായനാരെക്കൊണ്ടു തന്നെ ഇത് കൊണ്ടുവരാൻ കാരണം. നായനാർ, അങ്ങ് കടുംകൈയാണ് ചെയ്തത്. നമ്മുടെ നാട്ടിലെ ഒരു ചൊല്ല് ഞാൻ ഇവിടെ പറയാം. ''നമ്പിയവരെ നടപ്പുരയിൽ കൈവിടരുതെന്ന്'' അതുപോലെ അങ്ങയെ നമ്പിയവരെയെല്ലാം നടപ്പുരയിൽ കൈവിട്ട് മാർക്സിസ്റ്റ് നേതൃത്വത്തിന്റെ ചൊൽപ്പടിക്ക് വഴങ്ങി ഇവിടെ ഇപ്പോൾ അവിശ്വാസപ്രമേയവുമായി വന്നിരിക്കുകയാണ്. ഇത് ഒരു ബദൽ അവിശ്വാസപ്രമേയമായതുകൊണ്ട് ഇത് ഗവൺമെന്റിനു എതിരെയുള്ള പ്രമേയമല്ല. ഇത് അവതരിപ്പിക്കേണ്ടത് തൃശ്ശൂരിലെ തേക്കിൻകാട് മൈതാനത്തിലോ, തിരുവനന്തപുരത്തെ എ.കെ.ജി. സെന്ററിലോ ആയിരുന്നു. ഈ സഭയുടെ വിലപ്പെട്ട സമയം അപഹരിച്ചുകൊണ്ട് ഇവിടെ ഈ പ്രമേയം അവതരിപ്പിക്കേണ്ടതില്ലായിരുന്നു. മാർക്സിസ്റ്റ് നേതൃത്വത്തിലുണ്ടായിട്ടുള്ള ആശയ കുഴപ്പങ്ങളുടെയും, പിളർപ്പിന്റെയും അടിസ്ഥാനത്തിൽ അവരുടെ പരസ്പര വിശ്വാസത്തിൽ നിന്ന് ഉടലെടുത്ത ഈ വിശ്വാസ പ്രമേയം ഉൽപ്പാർട്ടി ജനാധിപത്യത്തിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയിൽ ഉരുണ്ടുകൂടിയ അന്തഃഛിദ്രങ്ങളുടെ അവസാനത്തെ രൂപമാണ്.

ശ്രീ. പി. സീതിഹാജി: നായനാർ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയം പാർട്ടിയിൽ അദ്ദേഹത്തിന്റെ പേരിലുള്ള വിശ്വാസ പ്രമേയം ആണെന്ന് ബഹുമാനപ്പെട്ടമെമ്പർക്കറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: അതാണ് നായനാരെ കൊണ്ടുതന്നെ ഈ പ്രമേയം അവതരിപ്പിച്ചത്, ശ്രീമതി ഗൗരിയമ്മ പ്രീ-ഡിഗ്രി ബോർഡ് സമരത്തിനതിരെ സത്യാഗ്രഹം കിടന്നതിനെ കുറിച്ച് ഞാൻ ഇവിടെ പറഞ്ഞില്ലേ? സർ, കഴിഞ്ഞ തവണ മുഖ്യമന്ത്രി സ്ഥാനം വന്നപ്പോൾ ഗൗരിയമ്മക്ക് ആരോഗ്യമില്ലെന്ന് പറഞ്ഞാണ് നായനാരെ ചുമതലപ്പെടുത്തിയത്. നിരാഹാരം കിടക്കുന്ന കാര്യം വന്നപ്പോൾ ആരോഗ്യമില്ലാത്ത ഗൗരിയമ്മയെ തിരഞ്ഞെടുത്തു. അതാണ് സർ, അവരുടെ സമീപനം? പക്ഷേ നായനാർ അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ കാരണമുണ്ട്. നായനാരിൽ അച്ച്യുതാനന്ദനും, സഖാവ് ഇ. എം. എസ്സിനുമൊക്കെ അവിശ്വാസമുണ്ട്. അതിന്റെ ഒരു വിശ്വാസ പ്രമേയമായിട്ടാണ് നായനാരെ തന്നെ ഈ ചുമതല ഏൽപ്പിച്ചത്. സർ, ഉൽപ്പാർട്ടി ജനാധിപത്യത്തെക്കുറിച്ചുള്ള ചർച്ചയാണല്ലോ ഇവിടെ നടന്നത്. ഞാൻ പറയുന്നു മാർക്സിസ്റ്റ് പാർട്ടിയിൽ ഉൽപ്പാർട്ടി ജനാധിപത്യമല്ല ഉൽപ്പാർട്ടിയമനാധിപത്യമാണ് ഇപ്പോൾ നടമാടുന്നത് എന്നതിനു തെളിവാണ് ഈ ചർച്ചകൾ. അതുകൊണ്ട് മനസാ വാചാ കർമ്മണാ ഈ ഗവൺമെന്റിനു എതിരായിട്ടുള്ള അവിശ്വാസമല്ല.

ശ്രീ. തോപ്പിൽ രവി: 300 വർഷക്കാലം അധികാരത്തിൽ വരികയില്ല, വരാൻ സാദ്ധ്യമല്ല എന്ന് ഉറപ്പിച്ചതിനു ശേഷം ഇടറുന്ന കണ്ഠത്തിൽ ബഹുമാനപ്പെട്ട നായനാർ ഇവിടെ പറഞ്ഞതിനു ശേഷവും അദ്ദേഹത്തെ ഈ ശവത്തിൽ കുത്തുന്നതുപോലെ കുത്തി നോവിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : ഈ അവിശ്വാസംകൊണ്ട് ഈ ഗവൺമെൻറിനു് ഒരു പോറൽ പോലും ഏൽക്കാൻ പോകുന്നില്ല. നമ്മുടെ കടൽപ്പുറത്തു് കടല വറുത്തിച്ചു് കരുവാടു് തിന്നാമെന്നു് ആഗ്രഹിച്ചു നടക്കുന്ന ചില പട്ടികളുണ്ടു്. അങ്ങനെയുള്ള ശ്വാന രാജാക്കൻമാരെ പോലെയാണു് കടൽ വറുത്തിച്ചു് കരുവാടു് തിന്നാൻ ആഗ്രഹിക്കുന്ന മാർക്സിസ്റ്റുകാർ ഈ പ്രമേയവുമായി ഇവിടെ വന്നിരിക്കുന്നതു്. സർ, ഈ ഗവൺമെൻറിൻെറ നേതൃത്വം കണ്ടു്, കുരിശു കണ്ടു് വിരണ്ടോടുന്ന ചെകുത്താനെപ്പോലെയാണു് ഇവിടത്തെ പ്രതിപക്ഷ പാർട്ടികളും വിരണ്ടോടുന്നതു്. ഇത്രയും നേരം സംസാരിച്ചിട്ടു് എന്തെങ്കിലും കാര്യഗൗരവമായി ഈ ഗവൺമെൻറിനെതിരായി ഇവിടെ ഉന്നയിക്കാൻ ഈ പ്രതിപക്ഷത്തിനു് സാധിച്ചോ? ഇപ്പോഴും മാർക്സിസ്റ്റു് പാർട്ടിയിൽ എന്താണു് നടക്കുന്നതു്? കേരള രാഷ്ട്രീയത്തിലെ ഗതകാല സ്മരണയെന്നു് പറയുന്നതു് എന്താണു്? ബഹുമാനപ്പെട്ട ഗൗരിയമ്മയോടു് എനിക്കു് വളരെയധികം ബഹുമാനമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : ഹസ്സൻെറ തൊലിയെപ്പറ്റി പനമ്പള്ളിയുടെ തൊലിപോലെയാണെന്നു് പറയാറുണ്ടു്; അതുപോലെയാണു് കാണാമൂഗത്തിൻേറയും തൊലി. അതുപോലെയുള്ളതുതന്നെയാണു് ഈ മന്ത്രിസഭയുടേയും തൊലി.

ശ്രീ. എം. എം. ഹസ്സൻ : നിങ്ങൾ ഓരോ കാലത്തും മാറി മാറി പറയുന്ന കാര്യങ്ങളെക്കുറിച്ചു് കേൾക്കുമ്പോൾ എൻെറ തൊലിക്കട്ടിയിൽ മാത്രമല്ല ഗൗരിയമ്മയുടെ തൊലിക്കട്ടിയിലും എനിക്കു് സംശയമുണ്ടു്.

സർ, ആരാണു് ഇവിടത്തെ ബൂർഷ്വ എന്നതിലാണു് ഇപ്പോൾ തർക്കം? ഒരു കാലത്തു് ഇവർ പറഞ്ഞു ബൂർഷ്വ ജനാധിപത്യത്തെയും, സാമ്പത്തിക വ്യവസ്ഥിതിയേയും എതിർത്തുകൊണ്ടാണു് മാർക്സിസ്റ്റു് പാർട്ടി തുടങ്ങിയതെന്നു്. കോൺഗ്രസ്സാണു് യഥാർത്ഥ ബൂർഷ്വ എന്നൊക്കെയാണു് ആദ്യം പറഞ്ഞതു്. എന്നാൽ 1964-ൽ പാർട്ടി പിന്നിച്ചപ്പോൾ ഡാങ്കേയാണു് ബൂർഷ്വ, ടി.വി. യാണു് ബൂർഷ്വ, എം. എൻ. ആണു് ബൂർഷ്വ, പി. ടി. പുന്നൂസാണു് ബൂർഷ്വ, ആർ. സുഗതനാണു് ബൂർഷ്വ എന്നൊക്കെ പറഞ്ഞാണു നടന്നതു്. എന്നാൽ ഈ പ്രമുഖരായ നേതാക്കൻമാർ മൺമറഞ്ഞപ്പോൾ ഇ. എം. എസ്. പറയുന്നു രാഘവനാണു് ബൂർഷ്വ. രാഘവൻ പറയുന്നു ഇ. എം എസ്. ആണു് ബൂർഷ്വായെന്നു്. സർ, കുരുടനും കുരുടനും കൂടി കുരുടാത്തമാടി കുഴിയിൽ വീണതുപോലെ ബൂർഷ്വായെ കണ്ടുപിടിക്കാൻ ഉള്ള തമ്മിൽത്തല്ലാണു് ഇന്നു് ഗതകാല രാഷ്ട്രീയ സംഭവവികാസമായി മാർക്സിസ്റ്റു് പാർട്ടിയിൽ നിലനിൽക്കുന്നതു്. നായനാർ ഇവിടെ വാ തോരാതെ സംസാരിച്ചല്ലോ? ഞങ്ങളൊക്കെ വിശ്വസിക്കുന്ന മാർക്സിസത്തിൽ ലോകമെങ്ങും ഒരു മുഖമേയുള്ളൂവെന്നാണു്. ഇവിടെ വർഗ്ഗീയതക്കും, വിഘടന വാദത്തിനുമെതിരായി ചന്ദ്രഹാസമിളക്കുന്ന മാർക്സിസ്റ്റു് പാർട്ടിക്കു് ഇന്ത്യയിൽ എത്ര മുഖങ്ങളുണ്ടെന്നു് ഈ സഭയുടെ മുൻപിൽ മറച്ചു വയ്ക്കാൻ ശ്രമിച്ചാലും കേരളത്തിലേയും, ഇന്ത്യയിലേയും ജനങ്ങളുടെ മുൻപിൽ.....നിങ്ങൾക്കു് മറച്ചു വയ്ക്കാൻ കഴിയുമോ? പുത്തൻ ആട്ടിൻ തോലണിഞ്ഞുകൊണ്ടു് ഇന്നു് മാർക്സിസ്റ്റു് പെന്നായയു് കേരളത്തിൽ പ്രത്യക്ഷപ്പെടുകയാണു്. വർഗ്ഗീയതക്കെതിരായി സംസ്കരിക്കുന്നവരാണു്. ഇന്നലെ ഇ. എം. എസ്.

കോയമ്പത്തൂരിൽ പറഞ്ഞ ഒരു കാര്യം പത്മരാജൻ വക്കീൽ ഇവിടെ അനുസ്മരിപ്പിച്ചു. എന്താണെന്നോ തമിഴ്നാട്ടിലെ ഐക്യം ഇനിയും തുടർന്നു പോകുമെന്നാണ്. നിങ്ങൾക്ക് എട്ടുകാലി മമ്മൂഞ്ഞുകളെ പോലെ സംസാരിക്കാൻ നാണമില്ലേ? ഗൗരിയമ്മേ? മാർക്സിസ്റ്റ് പാർട്ടിയുടെ പ്രിയതമയാണ് തമിഴ്നാട്ടിലെ ഡി. എം. കെ. ആ പ്രിയതമയ്ക്ക് രഹസ്യ കാമുകനിൽ ഒരു അവിഹിത ഗർഭമുണ്ടായപ്പോൾ ആ കൊച്ചിന്റെ പിതൃത്വം ഞങ്ങൾക്കാണെന്ന് പറയുന്ന എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ നാണം കെട്ട ഒരു രാഷ്ട്രീയ സമീപനമല്ലേ നിങ്ങൾ എടുത്തിരിക്കുന്നത്? അവിടെ മാത്രമാണോ? ഇപ്പോൾ നമ്പൂതിരിപ്പാട് നാടുനീളെ നടന്ന് വിശദീകരിക്കുന്നു. 1965-ൽ നമ്മൾ ലീഗുമായി രഹസ്യ ധാരണയുണ്ടാക്കി. അത് ശരിയാണ്. 1967-ൽ കേരളാ കോൺഗ്രസ്സുകാരുമായി കൂടി കോൺഗ്രസ്സിലെ ഒരു വിഭാഗവുമായി കൂടി എന്നിട്ട് പറയും ഞങ്ങൾ ചെയ്തതെല്ലാം ശരിയാണെന്ന്. പക്ഷേ ഇപ്പോൾ ഇവിടെ കേരളാ കോൺഗ്രസ്സ് വർഗ്ഗീയകക്ഷിയാണ്. മുസ്ലിംലീഗ് ഒരു വർഗ്ഗീയ കക്ഷിയാണ്. അവരോട് കൂട്ടുകൂടാൻ പാടില്ല. അണികൾക്ക് ഇതൊന്നും ഹിക്കുന്നില്ല. അണികൾക്ക് ഇത് മുഴുവനും ഉൾക്കൊള്ളാൻ കഴിയുന്നില്ല. രാഷ്ട്രീയ ലാഭത്തിനുവേണ്ടി കാലാകാലങ്ങളിൽ അവസരവാദപരമായ ഒരു രാഷ്ട്രീയ സമീപനമല്ലാതെ ആദർശസമ്പന്നമായ ഒരു രാഷ്ട്രീയ സമീപനം എന്നെങ്കിലും നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? സി. പി. ഐ. എം. എന്ന് പറയുന്നത് കൺവീനിയൻസ് പാർട്ടി ഓഫ് ഇന്ത്യയാണ്. അല്ലാതെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ അല്ല കൂടാതെ ബ്രാക്കറ്റിൽ ഒരു എം. ഇട്ടുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയാകുമെന്നാണോ നിങ്ങൾ വിശ്വസിക്കുന്നത്? ഞാൻ ചോദിക്കട്ടെ ആർ. എസ്. എസ്. എസ്സിനേക്കാൾ ശക്തമായ ഹിന്ദു വികാരം ആളിക്കത്തിക്കാൻ ശ്രമിക്കുന്ന ദേശാഭിമാനങ്ങളാകുന്ന ശ്രീ. എൻ. ടി. രാമറാവുവിന്റെ ഏക സഖ്യകക്ഷി ആരാണ്? 1984-ൽ എൻ. ടി. രാമറാവുവിനെ അധികാരത്തിൽ നിന്ന് നിഷ്കാസിതനാക്കാൻ ശ്രമിച്ചപ്പോൾ കോൺഗ്രസ്സ് ഇതര കക്ഷികളെല്ലാം അവരുടെ കൂടെയുണ്ടായിരുന്നു. അലഹബാദിലെ വർഗ്ഗീയ ലഹളകളെക്കുറിച്ച് സംസാരിക്കുമ്പോൾ ഇന്ന് അവർ കലി തുള്ളുകയാണ്. ഹൈദ്രാബാദിൽ വർഗ്ഗീയ ലഹളയുണ്ടാക്കിയതിന്റെ പിന്നിൽ പ്രവർത്തിച്ച എൻ. ടി. രാമറാവുവിന് 1984-ലെ ഹൈദ്രാബാദ് മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ പിന്തുണ നൽകിയ ഇന്ത്യയിലെ ഏക ദേശീയ പാർട്ടി മാർക്സിസ്റ്റ് പാർട്ടി മാത്രമാണ്. സർ, ആന്ധ്രയിലെ പ്രാദേശിക പാർട്ടിയുടെ വക്താവായ എൻ. ടി. രാമറാവുവിനെ നിങ്ങൾക്ക് ജയ് വിളിക്കാം. "ഓം, എൻ. ടി. രാമറാവു ഭഗവാൻ കീ ജയ്" എന്നാണ് ഇ. എം. എസ്. വിളിക്കുന്നത്. അതിൽ വർഗ്ഗീയതില്ല അല്ലേ? വർഗ്ഗീയ സമരത്തെയാണോ അവർ പിന്താങ്ങുന്നത്.

സർ, ഞാൻ വേറൊരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ജീവനാംശ ബില്ലിനെ എതിരായി നിങ്ങൾ സംസാരിച്ചു. മത മൗലിക വാദത്തിനെതിരായി നിങ്ങൾ സംസാരിച്ചു, ശരിയത്തിനെതിരായി നിങ്ങൾ സംസാരിച്ചു. കൂടാതെ ജീവനാംശ ബില്ലിനെ ജീവൻ കൊടുത്തും രക്ഷിക്കുമെന്ന് പ്രഖ്യാപിച്ച നിങ്ങൾ പാർലമെന്റിൽ ജീവനാംശ ബില്ലിനെ വോട്ട് ചെയ്തവരാണ്. കാശ്മീരിലെ ഫറൂക്ക് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള നാഷണൽ കോൺഫറൻസ്, ആ

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ കോൺഫ്രൻസിനെ നിങ്ങൾ പിന്താങ്ങുന്നില്ലേ? പിൻതാങ്ങിയില്ലേ? കാശ്മീരിലെ പ്രോളിറേറിയേറ്റ് വിപ്ലവത്തിന്റെ ആചാര്യനാണ് ഫാറൂക്കെന്ന് നിങ്ങൾ ഉച്ചൈസ്തരം പാടി നടന്നില്ലേ? ഇന്ന് നിങ്ങൾ നിങ്ങളുടെ നേതാക്കൻമാരോട് ചോദിക്കൂ ജീവനാംശ ബില്ലിന് അനുകൂലമായി വോട്ട് ചെയ്തില്ലേയെന്ന്. സി.പി.എം. ഇവിടെ വിപ്ലവന വാദത്തിനെതിരായി കലി തുള്ളുന്നു. ആർ. ബാലകൃഷ്ണപിള്ളക്കെതിരായി സംസാരിക്കുന്നു. നിങ്ങൾക്കറിയാമോ ഓപ്പറേഷൻ ബ്ലൂ സ്റ്റാർ നടന്നപ്പോൾ ഇന്ത്യയിൽ ആദ്യമായി അതിനെ അപലപിച്ചത് എൻ. ടി. രാമറാവു മാത്രമാണ്. ചൈതന്യ രഥവുമായി സുവർണ്ണ ക്ഷേത്രത്തിലേക്ക് പോകാൻ തയ്യാറായി. ആ എൻ. ടി. രാമറാവുവിനെ തലയിലോറ്റി നടക്കുന്നവരാണ് നിങ്ങൾ. ഗൗരിയമ്മ കേൾക്കണം, ആസ്സാം ഗണപരിഷത്തുമായി കൂടുന്നതിൽ തെറ്റില്ലെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ കൽക്കട്ടയിൽ ചേർന്ന 12-ാം കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രമേയത്തിൽ അസന്നിഗ്ദ്ധമായി നിങ്ങൾ എഴുതി വച്ചിട്ടില്ലേ? നിങ്ങളാണോ വിഘടന വാദത്തിനെതിരായി സംസാരിക്കുന്നത്? ശ്രീ. എൻ. ടി. രാമറാവുവുമായിട്ടുള്ള സഹവാസം കൊണ്ടാണോ? ഒന്ന് ഞാൻ ചോദിക്കുകയാണ്. മാതൃ രാജ്യ സ്നേഹത്തെക്കുറിച്ച് സംസാരിക്കുന്ന മാർക്സിസ്റ്റ് പാർട്ടി കഴിഞ്ഞ രണ്ടു ദിവസം സ്റ്റേറ്റ് കമ്മിറ്റി കൂടി സാമ്രാജ്യത്വ ഭീഷണിക്ക് എതിരായി, അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായി, ആഗോള യുദ്ധ ഭീഷണിക്കെതിരായി, പ്രമേയങ്ങൾ പാസ്സാക്കി. എന്നാൽ എന്റെ സ്നേഹിതൻ കുഞ്ഞാലിക്കുട്ടി ഇവിടെ പറഞ്ഞതുപോലെ അരുണാചൽപ്രദേശിൽ നിങ്ങൾ ഈ പ്രമേയം പാസ്സാക്കിയതിനു ശേഷം, എട്ട് കിലോമീറ്റർ ദൂരത്തിൽ ചൈനീസ് പട കടന്നുവന്ന് നമ്മുടെ അതിർത്തി കൈയടക്കി. ഇന്നത്തെ കേരള കൗമുദി പത്രത്തിൽ കടന്ന് കയറിയ ഭാഗത്ത് ചൈന കരം പിരിക്കുന്നുവെന്നുവരെ ആക്ഷേപമുണ്ടായിരിക്കുന്നതായി വാർത്ത വന്നിരിക്കുന്നു. ഈ ചൈനീസ് കൈയേറ്റത്തെക്കുറിച്ച്, അതിർത്തി കൈയ്യടക്കിയ ചൈനീസ് ആക്രമണത്തെക്കുറിച്ച് ഒരു വരി പ്രതിഷേധ പ്രമേയമെങ്കിലും, ഗൗരിയമ്മേ, നിങ്ങളുടെ സമ്മേളനത്തിൽ പാസ്സാക്കാൻ കഴിഞ്ഞോ? ഇന്ത്യാ മഹാസമുദ്രം സമാധാന മേഖലയാക്കണമെന്ന നിങ്ങൾ പ്രമേയങ്ങൾ പാസ്സാക്കി. പക്ഷേ ഇന്ത്യാ ഉപഭൂഖണ്ഡം സമാധാന മേഖലയാക്കാമെന്ന പ്രമേയം നിങ്ങൾ ഇതുവരെ പാസ്സാക്കിയിട്ടുണ്ടോ? ഇന്ത്യയുടെ അഖണ്ഡതയും, ഇന്ത്യയുടെ അതിർത്തികളും ഏറ്റവും വലിയ വൈഷമ്യങ്ങൾ നേരിട്ട സന്ദർഭങ്ങളിൽ ഇന്ത്യ ഇന്ത്യയുടേതെന്നും, ചൈന ചൈനയുടേതെന്നു പറഞ്ഞ് വസ്തുതകൾ വളച്ചൊടിച്ചവരാണ് നിങ്ങൾ. കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണെന്ന് ഒരിക്കലും പറയാൻ കഴിയാത്ത ഇവരാണോ മാതൃ രാജ്യത്തെക്കുറിച്ചും രാജ്യസ്നേഹത്തെക്കുറിച്ചുമൊക്കെ പറയുന്നത്? ഭരതാംബയുടെ ചോര കുറിച്ച് വളരുന്ന കൊതുകുകളാണ് നിങ്ങൾ. 'കൊതുക് ഉതിയാൽ വിളക്കണയുമോ' എന്നൊരു ചൊല്ലുണ്ട്. അതുപോലെ നിങ്ങൾ ഉതിയാൽ അണയുന്ന വിളക്കല്ല ഞങ്ങൾ. ഞങ്ങൾ നായനാർ പറഞ്ഞതുപോലെ അഞ്ചു വർഷമല്ല ആയിരം തിരികളിൽ 50 കൊല്ലം പ്രകാശിക്കുന്ന വിളക്കാണ്. കഴിഞ്ഞ തവണ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന സഖാവ് പിരപ്പൻകോട് മുരളി എഴുതിയ ഒരു കവിത പാടിക്കൊണ്ടാണ് അവസാനിപ്പിച്ചത്. ഇത്തവണ മലയാളത്തിലെ പ്രസിദ്ധ കവിയായ അക്കിത്തം

LIBRARY ARCHIVES Kerala Legislative Assembly

പാടിയ നാല് വരി പാട്ട് പാടിക്കൊണ്ട് അവസാനിപ്പിക്കട്ടെ. അക്കിത്തം ഒരു നമ്പൂതിരി കവിയാണ്. നിങ്ങൾ എന്തിനാണ് അസ്വസ്ഥരാകുന്നത്. ആ പാട്ട് ഇപ്രകാരമാണ്. "പുസ്തക ജ്ഞാനവും വച്ച് ചോരയുള്ള മനുഷ്യരെ വാഴയെപ്പോലെ വെട്ടുന്ന ഞാനാം പാതാള ഭൈരവൻ". ഈ പാതാള ഭൈരവൻ ആരാണ്? കേരളത്തിലെ രാഷ്ട്രീയ ഗുരുവെന്ന് വിശേഷിപ്പിച്ച, തികഞ്ഞ അവസരവാദത്തിന്റെ മൂർത്തീഭാവമെന്ന് പരേതനായ ശ്രീ. കെ. ബാലകൃഷ്ണൻ വിശേഷിപ്പിച്ച, രാഷ്ട്രീയാചാര്യനെന്ന് മാർക്സിസ്റ്റുകാർ വിശേഷിപ്പിക്കുന്ന, സഖാവ് നമ്പൂതിരിപ്പാടിന്റെ മുഖമായയും ഈ പാതാള ഭൈരവന്റെ മുഖമായയും ഒരുപോലെയാണ് എന്ന് ഞാൻ പറയുകയാണെങ്കിൽ എന്നെ ആരും കുറ്റപ്പെടുത്തരുത്: സർ, മാർക്സിസ്റ്റ് പാർട്ടിയിൽ ഈ പാതാള ഭൈരവൻ ചോരയുള്ള മനുഷ്യരെ വാഴയെപ്പോലെ അറുപ്പിച്ചുകൊണ്ടിരിക്കുന്നു. അതാണ് നിങ്ങളുടെ പ്രശ്നം.

ഈ അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പ് ആദ്യം ചെയ്യേണ്ടതെ എന്താണ്? നിങ്ങളുടെ പാർട്ടിയിലില്ലാത്ത, രാഘവന്റെ പാർട്ടിയിലുള്ള വാസുദേവമേനോനേയും ചക്രപാണിയേയും നിങ്ങളുടെ ബഞ്ചിൽ ഇരുത്തിയിരിക്കുന്ന നാണം കെട്ട മാർക്സിസ്റ്റുകാരെ, ആദ്യം അവരെ പുറത്താക്കൂ. എന്റെ കുട്ടിക്കാലത്ത് ദ്വയാംഗ മണ്ഡലം ഞാൻ കേട്ടിട്ടുണ്ട്. ഡ്യൂവൽ മെമ്പർഷിപ്പ് ഞാൻ ആദ്യം കേൾക്കുകയാണ്. വാസുദേവ മേനോനും ചക്രപാണിക്കും മാർക്സിസ്റ്റ് പാർട്ടിയിൽ മെമ്പർഷിപ്പുണ്ട്. അവർ രാഘവന്റെ കർമ്മ സമിതിയിലെ അംഗങ്ങളുമാണ്. വലിയ ആണത്തം പ്രസംഗിക്കുന്ന, വീമ്പിളക്കുന്ന മാർക്സിസ്റ്റ് പാർട്ടി, അച്ചടക്കം അടിമത്തമല്ലെന്നു പറയുന്ന മാർക്സിസ്റ്റ് പാർട്ടി രാഘവൻ പോയാൽ ഒരു ചുക്കും വരാനില്ലെന്ന് പറഞ്ഞ നിങ്ങൾക്ക് ആണത്തമുണ്ടെങ്കിൽ അവരെ പുറത്താക്കൂ. ഞങ്ങൾക്ക്. രാഘവനുവേണ്ടി വക്കാലത്തില്ല. കോൺഗ്രസ്സ് വിരോധം പറയുന്ന രാഘവനെ അനുകൂലിക്കുന്ന ഗതികേട് ഞങ്ങൾക്കില്ല. മാർക്സിസ്റ്റ് പാർട്ടി ഒന്നു മനസ്സിലാക്കണം മാർക്സിസ്റ്റ് പാർട്ടി ഇന്ന് എത്തിച്ചേർന്നിരിക്കുന്ന ഗതികേടിൽ നിന്ന് രക്ഷ പ്രാപിക്കാൻ വേണ്ടി ഈ അവിശ്വാസ പ്രമേയവുമായി ഇവിടെ വന്ന് ജനജീവിത സ്പർശിയായ ഒരു കാര്യത്തെക്കുറിച്ചും പറയാനില്ലാതെ ഇരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൾ തമ്മിലുള്ള പരസ്പര അവിശ്വാസത്തിന്റെ പേരിലുള്ള ഈ പ്രമേയം ഈ ഗവൺമെന്റിന് എതിരായിട്ടുള്ളതല്ല. ഈ ഗവൺമെന്റിന് എതിരായിട്ടുള്ള അവിശ്വാസ പ്രമേയമല്ലാത്തതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായിട്ട് എതിർക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുകയാണ്. അപ്പുറത്തുനിന്ന് കെ.പി.സി.സി. പ്രസിഡന്റ് പത്മരാജന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ ആദ്യം വിചാരിച്ചത് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് ശ്രീ. പാണക്കാട് ശിഹാബ് തങ്ങൾ പ്രസംഗിക്കുകയാണെന്നാണ്. അവസാനം എനിക്ക് ഒരു സന്തോഷമുണ്ടായി. ഐക്യജനാധിപത്യ മുന്നണിയിലെ ഡെയ്ലി വേജസ്കാരെയെല്ലാം സ്ഥിരപ്പെടുത്തും എന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനം വളരെ നന്നായി. അപ്പുറത്തു നിന്ന് കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം കേട്ടപ്പോൾ പ്രസിദ്ധ

LIBRARY ARCHIVES Kerala Legislative Assembly

ഹാസ്യസാമ്രാട്ടായ, തലശ്ശേരിക്കാരൻ സഞ്ജയൻ പറഞ്ഞതാണ് എനിക്ക് ഓർമ്മവന്നത്. ഇറാലിയുടെ ആക്രമണം സഹിക്കാം, ഉള്ളു പൊള്ളയായ മുസ്ലീം ലീഗിന്റെ വേദാന്തമാണ് സഹിക്കാൻ വയ്യാത്തത്. അതുപോലെയാണ് കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്. അദ്ധ്വാനിക്കുന്ന കേരളത്തിലെ ജനവിഭാഗങ്ങളുടെ വികാരമാണ് നായനാർ അവതരിപ്പിച്ച ഈ അവിശ്വാസ പ്രമേയത്തിൽ ഉൾക്കൊള്ളുന്നത്. കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും എതിരായിട്ട് ഭരണം നടത്തുന്ന ഒരു സർക്കാരാണ് ഇവിടെ 30 മാസമായി ഭരിച്ചുകൊണ്ടിരിക്കുന്നത്. അപ്പുറത്തുനിന്നു സംസാരിച്ച ആരും ഭരണമുന്നണിയുടെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞില്ല. കേരളത്തിലെ പ്രമുഖ പത്രമായ മാതൃഭൂമി, മനോരമ, കേരളകൗമുദി; ഇന്നാട്, ദീപിക എന്നീ പത്രങ്ങളുടെ നാലുകൊല്ലത്തിനകം ഉള്ള മുഖപ്രസംഗം വായിച്ചു നോക്കിയാൽ ഈ ഗവൺമെൻറിനെതിരായി നായനാർ അവിശ്വാസപ്രമേയം അവതരിപ്പിക്കേണ്ടതില്ല. ഈ ഗവൺമെൻറിനെതിരായി ഘടകകക്ഷികൾ തന്നെ പരസ്പരം അവിശ്വാസം പ്രകടിപ്പിച്ചിരിക്കുന്നു. ഇവിടെ ഒരു നേട്ടവും ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇവിടെ 50 മാസക്കാലം ഭരിച്ചതിന്റെ നേട്ടം ശ്രീ. കരുണാകരൻ 66 പ്രാവശ്യം ഡൽഹി യാത്ര നടത്തി എന്നുള്ളതാണ്. 26 പ്രാവശ്യം ഹെലികോപ്റ്ററിൽ യാത്ര നടത്തി എന്നുള്ളതാണ് കരുണാകരന്റെ ഭരണത്തിന്റെ മറ്റൊരു നേട്ടം. 14 പ്രാവശ്യം പ്രതിപക്ഷ ചർച്ചക്കു വേണ്ടി ഡൽഹിയിലേക്ക് കരുണാകരൻ പറന്നത് മറ്റൊരു നേട്ടമാണ്. ഈ നാലുകൊല്ലക്കാലത്തിനിടയിൽ ധാരാളം അഴിമതി ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. ഇവിടെ ഓരോ മന്ത്രിമാരും അന്യോന്യം മൽസരിക്കുകയാണ്. ആരാണ് ഏറ്റവും വലിയ കള്ളൻ, എന്നുള്ള കാര്യത്തിലാണ് മൽസരം. ആരാണ് ഏറ്റവും വലിയ അഴിമതിക്കാരൻ എന്നുള്ള കാര്യത്തിലാണ് മൽസരം. ആരാണ് ഏറ്റവും വലിയ ഉളുപ്പില്ലാത്തവൻ എന്നുള്ള കാര്യത്തിലാണ് മന്ത്രിമാർ തമ്മിൽ മൽസരം നടക്കുന്നത്. മുഖ്യമന്ത്രിയുടെ ചിറകിനുള്ളിൽ അഴിമതിക്കാരെല്ലാം സുരക്ഷിതരാണ്. 12 കോടി രൂപയുടെ അഴിമതി നടത്തി എന്ന് സി.ജി. ജനാർദ്ദനൻ പറഞ്ഞ ശ്രീനിവാസൻ ഐക്യജനാധ്യപത്യ മുന്നണിയിൽത്തന്നെ ഇപ്പോഴും ഇല്ലേ? അഴിമതി കാണിച്ചു എന്നു പറയുന്ന ശിവദാസൻ അവിടെ മന്ത്രിക്കസേരയിൽ ഇരിക്കുന്നില്ലേ? പൈപ്പ് കുംഭകോണത്തിലൂടെ കോടികണക്കു വെട്ടിവിഴുങ്ങിയ ഗംഗാധരൻ കോൺഗ്രസ് 'ഐ'യുടെ ലീഡറല്ലേ? സിമന്റ് കുംഭകോണത്തിലൂടെ കോടികണക്കു സമ്പാദിച്ച് സ്വിസ് ബാങ്കിൽ നിക്ഷേപിച്ച അഹമ്മദ് അവിടെയില്ലേ? അഴിമതി ആരോപണത്തിന് വിധേയനായ പിള്ളയെ നിങ്ങൾ രക്ഷിച്ചില്ലേ? കക്കി കുംഭകോണത്തിലൂടെ കോടികണക്കു തട്ടിയ നൂറുദ്ദീനെ രക്ഷിച്ചില്ലേ? മുഖ്യമന്ത്രിപോലും അഴിമതിക്കാരനാണെന്ന് കേരളത്തിലെ ജനങ്ങളുടെ ഇടയിൽ സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുകയാണ്. അവിടെ ഇതിനെ എതിർക്കാൻ ആരും ഇല്ല. എല്ലാവർക്കും അതിന്റെ പങ്കുവേണം. ലീഗിന് ഇതിനെ എതിർക്കാൻ സാധിക്കുമോ?

"ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം"

ഇതാണ് ലീഗിന്റെ മുദ്രാവാക്യം. നമ്മുടെ ഉപമുഖ്യമന്ത്രി ശ്രീ. നഹാസാഹിബ് കോൺട്രാക്ടർമാരിൽ നിന്നും നേരിട്ടു പിരിക്കുകയല്ലേ? പത്രത്തിൽ വാർത്ത വന്നില്ലേ? ചേറുവ പാലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടറായ പി.കെ. അബ്ദുൽഖാദറിൽ നിന്നും 25,000 രൂപ നഹാസാഹിബ് നേരിട്ട് വാങ്ങിയത് മാതൃഭൂമി പത്രം പ്രസിദ്ധീകരിച്ചില്ലേ? ഇതിന്റെ ഫലം എന്താണ്? ചേറ്റുവ പാലത്തിന്റെ ചെലവ് 2.38 കോടി രൂപ ആയിരുന്നുവെങ്കിൽ അത് മൂന്നരക്കോടിയായി വർദ്ധിച്ചു എന്നുള്ളതാണ് ഈ സംഭാവനപ്പിരിവിന്റെ നേട്ടം. കാസർകോഡ് ജില്ലാ ലീഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 92,000 രൂപയാണ്. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് എഞ്ചിനീയർമാരും കൂടി നൽകിയെന്ന് വരവ് ചെലവ് കണക്കിൽ എഴുതിവച്ചിരിക്കുന്ന രാഷ്ട്രീയ പാർട്ടികളല്ലേ ഈ സംസ്ഥാനം ഇന്നു ഭരിച്ചുകൊണ്ടിരിക്കുന്നത്. റേഷൻ മൊത്ത വ്യാപാരം സഹകാര്യവ്യക്തികളെ ഏൽപ്പിച്ചതിന്റെ പേരിൽ ഓരോ ആളിൽ നിന്നും ഒരു ലക്ഷവും രണ്ടു ലക്ഷവും വാങ്ങി രണ്ടു കോടിയോളം രൂപ സമ്പാദിച്ചിരിക്കുന്നു എന്ന് മാതൃഭൂമി പത്രം ആക്ഷേപിച്ചില്ലേ? ഈ അഴിമതി ആരോപണം കേട്ട് കേരളം മടുക്കുകയാണ്. എല്ലാറ്റിനും അതിരുണ്ട്. ശാന്തസമുദ്രത്തിനും കൂടി ഒരു കരയുണ്ട്. കാലത്തിനും പോലും അവസാനമുണ്ട്. ഇവർക്ക് അഴിമതിയുടെ കാര്യത്തിൽ യാതൊരതിരുമില്ല. എല്ലാ സീമകളും ലംഘിച്ചു കൊണ്ടുള്ള അഴിമതിയാണ് നടക്കുന്നത്. ഇതെല്ലാം കണ്ടാൽ പറയാതിരിക്കാൻ സാധിക്കുമോ? നമ്മളെല്ലാം കുരുടൻമാരാണോ? നമ്മളെല്ലാം ബധിരൻമാരാണോ? എങ്കിൽ കാണാതേയും കേൾക്കാതേയും കഴിയാമായിരുന്നു. ഏറ്റവും വലിയ അഴിമതിക്കാരും കൊള്ളക്കാരുമായ കായംകുളം കൊച്ചുണ്ണിയും ഇത്തിക്കരപക്കിയും മുളമൂട്ടിലച്ചനിയും ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ നമ്മുടെ സാക്ഷാൽ കരുണാകരന്റെ കാൽക്കീഴിൽ വന്ന് നിങ്ങളും ഞങ്ങളെ തോൽപ്പിച്ചല്ലോ എന്നു പറഞ്ഞ് കെട്ടിപ്പിടിക്കുമായിരുന്നു. അത്രമാത്രം അഴിമതിയാണിവിടെ നടന്നു കൊണ്ടിരിക്കുന്നത്.

സർ, സ്വന്തം സ്ഥാപനമായ നവസാഹിതി പബ്ലിക്കേഷൻസ് വഴി 50 ലക്ഷം രൂപ ലാഭമുണ്ടാക്കി എന്നുള്ളതിന്റെ പേരിൽ എൻസൈക്ലോപീഡിയ ഡയറക്ടർ ഡോക്ടർ വെള്ളായണി അർജ്ജുനനെ നീക്കം ചെയ്യണമെന്നും സ്വത്ത് കണ്ടുകെട്ടണമെന്നും പി.എ.സി. യുടെ 106-ാം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടും എന്തെങ്കിലും നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായോ? ഹസ്സനെപ്പോലെയുള്ളവർ ഈ ഗവൺമെന്റിനെ ന്യായീകരിക്കും. ഹസ്സന്റെ ഹൗസിംഗ് സൊസൈറ്റി സിമന്റ് വാങ്ങിയതിന്റെ പേരിൽ ലക്ഷങ്ങൾ വെട്ടിവിഴുങ്ങി എന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ട്. അതുപോലെയുള്ളവർ ഈ ഗവൺമെന്റിനെ ന്യായീകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ഒരു ഗവൺമെന്റിന്, ഒരു മുന്നണിയ്ക്ക് ഏറ്റവും പ്രധാനമായിട്ട് വേണ്ടത് ഘടക കക്ഷികളും തമ്മിലുള്ള പരസ്പര വിശ്വാസമാണ്. ഇവിടെ ഘടക കക്ഷികളും തമ്മിൽ പരസ്പര വിശ്വാസമുണ്ടോ? ഘടക കക്ഷികളും തമ്മിൽ യാതൊരൈക്യവുമില്ല. എല്ലാവരും അന്യോന്യം എതിർക്കുകയാണ്. കെ.പി.സി.സി. പ്രസിഡന്റ് പത്മരാജൻ പറഞ്ഞു രാജീവ് ഗാന്ധിയുടെ നയവും പരിപാടിയും അംഗീകരിക്കുന്നവർ മാത്രം ഈ ഐക്യജനാധിപത്യ മുന്നണിയിൽ മതിയെന്ന്. അപ്പോൾ ഉമ്മർ ബാഫക്കി തങ്ങൾ എന്താണ് പറഞ്ഞത്? ഞങ്ങൾ മിനിമം പരിപാടിയുടെ പേരിലാണ് യോജിപ്പ്, രാജീവ് ഗാന്ധിയെ എതിർക്കും എന്നുപറഞ്ഞു. രാജീവിനെ എതിർക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് സേട്ട് പറഞ്ഞത്. രാജീവ്ഗാന്ധി തെറ്റു ചെയ്യാത്ത ആളല്ലെന്ന് ലൂക്കോസ് പറഞ്ഞില്ലേ? രാജീവ്ഗാന്ധി മഹാവിഷ്ണുവല്ലെന്ന് പിള്ള പറഞ്ഞില്ലേ? ഇവരെല്ലാം കൂടി പ്രസ്താവന ഇറക്കിയതുകൊണ്ട് കെ.പി.സി.സി. പ്രസിഡൻറ് ഇപ്പോൾ ഒളിവിൽ പോയി. ഇതിനെതിരായി പ്രതികരിക്കാൻ കെ.പി.സി.സി. യ്ക്ക് സാധിക്കുന്നില്ല. ഏകകക്ഷിഭരണമെന്നാണ് ചെന്നിത്തലയുടെ മുദ്രാവാക്യം.

സർ, ഇപ്പോൾ കെ.പി.സി.സി. പ്രസിഡൻറ് പറയുന്നത് ആരെയും ഞങ്ങൾ ഒഴിവാക്കാൻ പോകുന്നില്ല എന്നാണ്. മുസ്ലീം ലീഗും കേരളാകോൺഗ്രസ്സും കോൺഗ്രസ്സ് (ഐ) യെ സംബന്ധിച്ചിടത്തോളം എരിമാങ്ങാ പോലെയാണ്. ഒരേ സമയത്ത് കണ്ണിൽ വെള്ളം ഊറും നാവിൽ രുചിയും. അതുകൊണ്ട് എരിമാങ്ങാ പോലുള്ള ഒരു അനുഭവം ആണ് കോൺഗ്രസ് ഐ-ക്ക് കേരളാ കോൺഗ്രസ്സും ലീഗും. അവരെ ഉപേക്ഷിക്കാൻ സാധിക്കുകയില്ല. ഇവിടെ ബാലകൃഷ്ണപിള്ളയെ വരെ മന്ത്രിയാക്കിയില്ലേ? പഞ്ചാബ് മോഡൽ പ്രസംഗം നടത്തിയതിൻെറ പേരിലാണ് പിള്ള പുറത്തായത്. ബാലകൃഷ്ണപിള്ള എന്താണ് പ്രസംഗിച്ചത്, പഞ്ചാബ് മോഡൽ സമരം ചെയ്യണം. വേണമെങ്കിൽ പ്രധാനമന്ത്രിയേയും കൊല്ലാം എന്നു പ്രസംഗിച്ച പിള്ള അപ്പുറത്ത് മന്ത്രി സ്ഥാനത്ത് ചാടിക്കൂടിയിരിക്കുകയാണ്. ഇതിൽ അതിശയിക്കാനില്ല. മിസ്സോറാമിലെ ലാൽഡംഗ—ഇന്ത്യാ രാജ്യത്തിനെതിരായി യുദ്ധം പ്രഖ്യാപിച്ച് ബ്രിട്ടനിൽ അഭയം തേടിയ ലാൽഡംഗയെ മുഖ്യമന്ത്രിയാക്കിയവരാണ് ഈ കോൺഗ്രസ്സുകാർ. അതുകൊണ്ട് ബാലകൃഷ്ണപിള്ളയെ മാത്രമല്ല, ആ ഭിന്ദ്രൻവാല മരിച്ചുപോയതുകൊണ്ടാണ് അല്ലെങ്കിൽ പഞ്ചാബിൽ മുഖ്യമന്ത്രി ആയി ആ ഭിന്ദ്രൻവാലയെ നിശ്ചയിക്കാൻ കോൺഗ്രസ് മടിക്കുമായിരുന്നില്ല.

സർ, സി.പി.എം-ലെ അഭിപ്രായ വ്യത്യാസത്തിൻെറ പേരിലാണ് ഇപ്പോൾ അവർക്ക് ഒരു തുരുമ്പ് കിട്ടിയിരിക്കുന്നത്. അവർ ഇപ്പോൾ രാഘവൻെറ പേരിൽ ആണ് പുതിയ ആദർശം കണ്ടിട്ടുള്ളത്. രാഘവൻെറ പാർട്ടി മാർക്സിസ്റ്റ് പാർട്ടിയുമല്ല കമ്മ്യൂണിസ്റ്റ് പാർട്ടിയുമല്ല എന്ന് ആ പാർട്ടിയെ കുറിച്ച് അറിയാം എന്നുള്ളവർക്ക് എല്ലാം അറിയാം. പനിനീർ പൂവ് പറിച്ചെടുത്ത് കടിച്ചു ചവച്ചിറക്കി മീതെ ഒരിറക്ക് വെള്ളം കുടിച്ചാൽ മുകളിൽ എപ്പോഴും പനിനീരിൻെറ വാസന ഉണ്ടാകും എന്നു കരുതുന്ന വിഡ്ഢികൾക്ക് മാത്രമേ അതിനെ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് വിളിക്കാൻ സാധിക്കുകയുള്ളൂ. ഘടകകക്ഷികൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം പോട്ടേ, കോൺഗ്രസ്സ് പാർട്ടിക്കുള്ളിൽ ഐക്യം ഉണ്ടോ? കോൺഗ്രസ്സ് പാർട്ടിയിൽ അഭിപ്രായ ഐക്യം ഉള്ളതുകൊണ്ടാണോ വയലാർ രവി മന്ത്രി സ്ഥാനത്തു നിന്ന് രാജിവച്ചത്. കോൺഗ്രസ് പാർട്ടിയിൽ അഭിപ്രായ ഐക്യം ഉള്ളതുകൊണ്ടാണോ ഉമ്മൻചാണ്ടി കൺവീനർ സ്ഥാനം രാജിവച്ചത്. കോൺഗ്രസ്സുകാരായ നിങ്ങൾക്ക് ഒറ്റക്കെട്ടായി പ്രഖ്യാപിക്കാൻ സാധിക്കുമോ? ഗംഗാധരൻ രാജിവയ്ക്കണമെന്ന് യൂത്ത് കോൺഗ്രസ്സുകാർ, ചെന്നിത്തല മന്ത്രിയായപ്പോൾ യൂത്ത് കോൺഗ്രസ്സുകാർ നാറികളെന്ന് ഗംഗാധരൻ. ഇതാണ് ആ പാർട്ടിയ്ക്കകത്തുള്ള ഐക്യം. കോൺഗ്രസ്സ് (ഐ)-ലെ ഐക്യത്തിൻെറ ലക്ഷണമാണ് കേരളത്തിലുടനീളം കെ.എസ്.യു. ക്കാർ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ നടത്തിക്കൊണ്ടിരിക്കുന്ന അടി. കെ.എസ്.യു വിന്റെ പ്രസിഡന്റ് സെക്രട്ടറിയുടെ കഴുത്തിൽ കുത്തി പിടിക്കുന്നതാണ് ഇവർ തമ്മിലുള്ള ഐക്യം. ഐക്യത്തിന്റെ ഒരു ഉദാഹരണം കേൾക്കണോ? എൻ.ജി.ഒ. അസോസിയേഷന്റെ സമ്മേളനത്തിൽ കരുണാകരൻ പങ്കെടുത്ത് പ്രസംഗിച്ചത്- എന്താണെന്നറിയാമോ? ഈ സംഘടനയ്ക്കാണ് അംഗീകാരം എന്ന് മുഖ്യമന്ത്രി പ്രസംഗിച്ചു. അതിന് മറുപടിയായിട്ട് തോപ്പിൽ രവി പ്രസംഗിക്കുന്നു അറിവില്ലാത്തവരും അല്പന്മാരും, അഹങ്കാരികളും അമ്പലക്കാളകളെ പോലെ മദിച്ചു നടക്കട്ടെ. ഇതുമാത്രമാണോ? ഈ രാത്രി അവസാനിക്കുകയും സത്യത്തിന്റെ സൂര്യൻ ഉദിക്കുകയും ചെയ്യും. അതുവരെ ഒരു പീഡനം അനുഭവിക്കുന്ന കാലമായി കരുതി നമുക്ക് മുന്നോട്ടു പോകാം എന്നല്ലേ തോപ്പിൽ രവി പ്രസംഗിച്ചത്. രാജാവ് നഗ്നനാണെങ്കിൽ, നഗ്നൻ എന്നു വിളിക്കാൻ ചങ്കൂറ്റം വേണം എന്ന് തോപ്പിൽ രവി പറഞ്ഞു. തോപ്പിൽ രവിയ്ക്ക് അതിന് ചങ്കൂറ്റം ഉണ്ടോ? കരുണാകരനെ വിളിക്കാൻ ചങ്കൂറ്റമുണ്ടോയെന്ന് ഞാൻ രവിയോട് ചോദിക്കുകയാണ്. രവി മറെറാന്നുകൂടി പറഞ്ഞു 'അമ്മേ ഞങ്ങളം പോകുന്നു, മന്ത്രിയായി തിരിച്ചു വരാം' എന്നതാണ് ഇപ്പോഴത്തെ കോൺഗ്രസ്സിന്റെ മുദ്രാവാക്യമെന്ന്. അങ്ങനെ മന്ത്രിയായ ആ ചെന്നിത്തല ഉണ്ടല്ലോ, ആ സാക്ഷാൽ ചെന്നിത്തലയാണ് കേരള രാഷ്ട്രീയം ചർച്ച ചെയ്യാൻ ഡൽഹിയിൽ പ്രധാനമന്ത്രിയുടെ അടുത്തേയ്ക്ക് പോയത്. കെ.പി.സി.സി. പ്രസിഡന്റ് പത്മരാജൻ രാജിവച്ചു പോകുന്നതല്ലേ നല്ലത്. കെ.പി.സി.സി. പ്രസിഡന്റ് അറിയാതെ കെ.പി.സി.സി. സെക്രട്ടറിയായിട്ട് കാർത്തികേയനെ നിശ്ചയിച്ചു. പ്രസിഡന്റ് ഞാൻ പ്രധാനമന്ത്രിയുടെ അടുത്തു പോയി പറയുമെന്ന് പറഞ്ഞപ്പോൾ കരുണാകരൻ പറഞ്ഞു, നീ വലിയ വർത്തമാനമൊന്നും പറയണ്ട, നിന്നെയും നിശ്ചയിച്ചത് അങ്ങനെ തന്നെയാണെന്ന് പത്മരാജനോട് തിരിച്ചു പറഞ്ഞു. ആ പാർട്ടിയാണ് ഞങ്ങളുടെ പാർട്ടിയിൽ—മാർക്സിസ്റ്റ് പാർട്ടിയിൽ—അഭിപ്രായ വ്യത്യാസം എന്നു പറഞ്ഞുകൊണ്ട് ഇപ്പോൾ വലിയ പ്രചാരവേലയുമായി രംഗത്ത് ഇറങ്ങിയിട്ടുള്ളത്.

എൻ.ജി.ഒ. അസോസിയേഷന്റെ സമ്മേളനത്തിൽ കരുണാകരനെ കുറിച്ച് നൂറുദ്ദീൻ എന്താണ് പറഞ്ഞത് എന്ന് അറിയാമോ? ഒരു മുഖ്യമന്ത്രിക്ക് എതിരായി ഈ മന്ത്രിസഭയിൽ മറെറാരു മന്ത്രി പറഞ്ഞത്, മകൻ മഹൻ രേഖ ലംഘിച്ച്, ഇങ്ങോട്ടു വെടി വച്ചാൽ അങ്ങോട്ടു വെടി വയ്ക്കാതെയിരിക്കാൻ സാധിക്കുമോ എന്നാണ് കെ.പി. നൂറുദ്ദീൻ ചോദിച്ചത്. മുഖ്യമന്ത്രിയും മന്ത്രിയും തമ്മിൽ അവിശ്വാസം രേഖപ്പെടുത്തിയിട്ടുള്ള ഒരു മന്ത്രിസഭ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ, ഈ ഗവൺമെന്റിനെ ഭരിക്കാൻ അർഹതയുണ്ട് എന്ന് പറയുന്നതിൽ എന്താണ്, അർത്ഥമുള്ളത്. മന്ത്രിസഭ തന്നെ എന്തൊരു മന്ത്രിസഭയാണ്. മുൻപൊരിക്കൽ പ്രതിപക്ഷ നേതാവായിരുന്ന സഖാവ് ടി.വി. തോമസ് തിരു-കൊച്ചി നിയമസഭയിൽ ഞങ്ങളെക്കൊണ്ട് ഒന്നു ഭരിപ്പിച്ചു നോക്ക് എന്ന് പറഞ്ഞപ്പോൾ ടി.വി. തോമസ്സിനോട് പനമ്പിള്ളി ചോദിച്ചു; ഭരണം എന്നു പറഞ്ഞാൽ ചീട്ടുകളിയാണോ എന്ന്. ആ പനമ്പിള്ളിയുടെ ശിഷ്യൻ സാക്ഷാൽ കരുണാകരൻ കേരളം ഭരിക്കുമ്പോൾ ചീട്ടുകളി എത്രമാത്രം കൗതുകമുള്ള ഒരു കലയാണ് എന്ന് നമുക്ക് തോന്നിപ്പോകും. ചീട്ടുകളിയേക്കാൾ താണ ഒരു

LIBRARY ARCHIVES Kerala Legislative Assembly

രേണമാണ് ഈ സംസ്ഥാനത്ത് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സ് (ഐ) അപ്പുറത്തിരുന്ന് പറയുന്നത് ഞങ്ങൾ ഹിന്ദു വർഗ്ഗീയതയെ പ്രീണിപ്പിക്കാൻ പോകുന്നു എന്നാണ്. ഹിന്ദു വർഗ്ഗീയതയെ പ്രീണിപ്പിക്കാനല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടി ഒരു നയം സ്വീകരിച്ചിട്ടുണ്ട്. കോൺഗ്രസ്സ് (ഐ)-യെ തോൽപ്പിക്കാൻ വർഗ്ഗീയ വാദികളുമായി മാർക്സിസ്റ്റ് പാർട്ടി കൂട്ട് കൂടുകയില്ല. വർഗ്ഗീയ വാദികളെ തോൽപ്പിക്കാൻ കോൺഗ്രസ്സ് (ഐ)-യുമായി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി കൂട്ട് കൂടുകയില്ലയെന്നു പറഞ്ഞ് അസന്നിഗ്ദ്ധമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതു കേൾക്കുമ്പോൾ അപ്പുറത്ത് നിൽക്കുന്ന പല ആളുകൾക്കും വിഷമം ഉണ്ടാകും. കുഞ്ഞാലിക്കുട്ടി നേരത്തേ പറഞ്ഞു, മാർക്സിസ്റ്റ് പാർട്ടി ഹിന്ദു വർഗ്ഗീയ വാദികളെ പ്രീണിപ്പിക്കാൻ പോകുന്നു, ഹിന്ദു വർഗ്ഗീയ വാദികളുടെ വോട്ടിന് വേണ്ടി. ശ്രമിക്കുന്നു എന്ന്. ഞങ്ങൾക്ക് ഹിന്ദു വാദികളുടെ വോട്ട് വേണ്ട, ഞങ്ങൾക്ക് മുസ്ലീം വർഗ്ഗീയ വാദികളുടെ വോട്ട് വേണ്ട, ഞങ്ങൾക്ക് കൃസ്ത്യൻ വർഗ്ഗീയ വാദികളുടെ വോട്ടും വേണ്ട. ഞങ്ങൾ ഈ രാജ്യത്ത് മതേതര ജനാധ്യപത്യ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ വേണ്ടിയാണ് ഇന്നു ശ്രമിച്ചു കൊണ്ടിരിക്കുന്നത്. തലശ്ശേരിയിൽ മുസ്ലീങ്ങളെ ആർ.എസ്.എസ്.കാർ വേട്ടയാടിയപ്പോൾ രക്ഷിക്കാൻ മാർക്സിസ്റ്റ് പാർട്ടി മാത്രമേ ഉണ്ടായിരുന്നുള്ളുയെന്ന് ജസ്റ്റിസ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്ന് തലശ്ശേരിയിലെ ആർ.എസ്.എസ്..കാർ മുസ്ലീങ്ങളുടെ ജീവൻ ഒടുക്കാൻ വേണ്ടി വന്നപ്പോൾ ലീഗ് പ്രമാണിമാർ കെ.പി. ചെറിയമമ്മുകേയിയുടെ കോഴിക്കൂട്ടിൽ പോയി ഒളിച്ചിരിക്കുകയാണ് ചെയ്തതെന്ന് കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ള ആളുകളാണ് ഇപ്പോൾ ന്യൂനപക്ഷത്തിന്റെ പേരിൽ ഞങ്ങൾക്ക് എതിരായി രംഗത്ത് വന്നിട്ടുള്ളത്. മാർക്സിസ്റ്റ് പാർട്ടി ന്യൂനപക്ഷ അവകാശങ്ങൾ എല്ലാകാലത്തും സംരക്ഷിക്കുന്ന പാർട്ടിയാണ്. മാർക്സിസ്റ്റ് പാർട്ടി ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പൊരുതുന്ന ഒരു പാർട്ടിയാണ്. ആ പാർട്ടിയുടെ മുഖത്ത് നോക്കി ആ പാർട്ടി ഹിന്ദു വർഗ്ഗീയ വാദികളെ പ്രീണിപ്പിക്കുന്നു, ഒരു പ്രത്യേക മതത്തിനുവേണ്ടി നടക്കുന്നു എന്ന് പ്രചരിപ്പിച്ചാൽ അത് അസ്ഥാനത്തായിപ്പോകും. ഈ പാർട്ടി രൂപം കൊണ്ടത് തന്നെ.....

ശ്രീ. ഒ. ഭരതൻ: ഹിന്ദു വർഗ്ഗീയവാദികൾക്ക് എതിരായി മത ന്യൂനപക്ഷത്തിൽപ്പെട്ടിരുന്ന സാധാരണ മുസൽമാൻമാരെ രക്ഷിക്കുന്നതിനുവേണ്ടി പള്ളിക്ക് മുൻപിൽ ആക്രമണം നടന്നപ്പോൾ വിരിമാറ് കാണിച്ചുകൊടുത്ത യു. കെ. കുഞ്ഞിരാമന്റെ പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് ബാലകൃഷ്ണനറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ യു.കെ. കുഞ്ഞിരാമൻ പാർട്ടിയാണെന്നു മാത്രമല്ല ആ പാർട്ടി ഏതെങ്കിലും മതത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണെന്നു പറഞ്ഞാൽ ഈ രാജ്യത്ത് വിശ്വസിക്കാൻ ആളുകളെ കിട്ടുകയില്ല. ഏതെങ്കിലും ഒരു മതത്തിനെതിരായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയല്ല മാർക്സിസ്റ്റ് പാർട്ടി. ഏതെങ്കിലും ഒരു മതത്തെ എതിർക്കാൻ വേണ്ടി ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയല്ല മാർക്സിസ്റ്റ് പാർട്ടി. ഈ പാർട്ടി എല്ലാ മതത്തിലുമുള്ള സാധാരണക്കാരന്റെ ആവശ്യങ്ങൾക്കുവേണ്ടി പൊരുതും. ഇന്ത്യയിൽ കോളിളക്കം ഉണ്ടാക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്തെ വെല്ലുവിളിച്ചു കൊണ്ട് കണ്ണൂർ സെൻട്രൽ ജയിലിലെ തൂക്കുമരം കയറിയ 4 സഖാക്കളുടെ കൂട്ടത്തിൽ പ്രഗൽഭനായ അബൂബേക്കർ കൂടിയുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു പാർട്ടിയെ കുറിച്ച് ഒരു മതത്തിന്റെ പാർട്ടിയാണെന്നു പറഞ്ഞാൽ ഈ രാജ്യത്താരും വിശ്വസിക്കാൻ പോകുന്നില്ല. അപ്പുറത്തുള്ള പത്മരാജൻ പറഞ്ഞു, ഞങ്ങൾ 5 കൊല്ലം കൂടി ഭരിക്കും. പൂതിയാണ് 5 കൊല്ലംകൂടി ഭരിക്കാൻ. 5 കൊല്ലം കൂടി ഈ ഗവൺമെന്റ് ഭരിച്ചാൽ ഈ നാടിന്റെ സ്ഥിതി എന്താകും? ഇന്ത്യയിലാകെ തകർന്നുകൊണ്ടിരിക്കുന്ന കോൺഗ്രസ് (ഐ)-ക്ക് ഇനി അധികാരത്തിൽ വരാൻ സാധിക്കുമോ? 1984-ൽ രാജീവ്ഗാന്ധിയുടെ ഗവൺമെന്റിന് ജനങ്ങൾ അർപ്പിച്ച വിശ്വാസം ഇന്ന് ആ ഗവൺമെന്റിനില്ല. കോൺഗ്രസ് പാർട്ടി ഇന്ത്യയിലാകെ തകർന്നില്ലേ? ബംഗാളിൽ പ്രണാബ്കുമാർ മുക്കർജി കുറെ കോൺഗ്രസ് എം.എൽ.എ. മാരെയും കൊണ്ട് പോയി. കർണ്ണാടകത്തിലെ ഗുണ്ടുറാവു അവിടെ ഒരു ഗുണ്ടു പൊട്ടിച്ച് കുറേ എം.എൽ.എ.-മാരേയും കൊണ്ടു പോയി. കമലാപതിത്രിപാഠി കോൺഗ്രസ്സിന്റെ വർക്കിംഗ് പ്രസിഡന്റു എന്നാണ് പേര്. പക്ഷേ അദ്ദേഹത്തിന് വർക്കിംഗുമില്ല, പ്രസിഡമില്ല. രണ്ടുമില്ലാത്ത ഒരു പ്രസിഡന്റാണ് കമലാപതിത്രിപാഠി, ആ കമലാപതിത്രിപാഠി കാശിയിൽ പോയി അവിടെനിന്ന് പ്രധാനമന്ത്രിക്ക് ഒരു കത്തെഴുതിയതിന്റെ പേരിൽ രാജ്യസഭാ മെമ്പർ സ്ഥാനം പോലും നിഷേധിച്ചവരാണ് ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ ആഭ്യന്തരകാര്യത്തെക്കുറിച്ചും, മാർക്സിസ്റ്റ് പാർട്ടിയുടെ ജനാധിപത്യത്തെക്കുറിച്ചും വലിയ വാചാലമായി അപ്പുറത്ത് സംസാരിച്ചു കൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ പാർലമെന്റ് പാസ്സാക്കിയ കാലുമാറ്റ നിരോധന നിയമം ഉണ്ടായിരുന്നില്ലെങ്കിൽ രാജീവ്ഗാന്ധിതന്നെ കേന്ദ്രത്തിൽ അധികാരത്തിൽ ഇരിക്കുമായിരുന്നില്ല. ഞങ്ങളുടെ പാർട്ടി ഒന്നോ, രണ്ടോ എം.എൽ.എ.-മാർ പാർട്ടി വിട്ടു പോയതുകൊണ്ട് തകർന്നു പോകുന്ന പാർട്ടിയല്ല. പി. ബി. അശോക് മിത്ര രാജിവച്ചു പോയി, 2 എം.എൽ.എ.-മാരെ പാർട്ടി പുറത്താക്കി, 300-ഓളം പാർട്ടി മെമ്പർമാരെ വിവിധ കുറ്റത്തിന് പാർട്ടി പുറത്താക്കി. എന്നിട്ടാണ് പശ്ചിമ ബംഗാളിൽ നഗരസഭയിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നത്. ആ തിരഞ്ഞെടുപ്പിൽ 75 മുനിസിപ്പാലിറ്റികളിൽ 56 മുനിസിപ്പാലിറ്റികളിൽ വമ്പിച്ച വിജയം നേടിയെടുക്കാൻ കഴിഞ്ഞ പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. അതുകൊണ്ട് രണ്ടോ, മൂന്നോ ആളുകൾ പാർട്ടിവിട്ടു പോയതുകൊണ്ട് തകരുന്ന പാർട്ടിയല്ല ഈ പാർട്ടി. കേരളത്തിൽ പതിൻമടങ്ങു ശക്തിയോടുകൂടി ഉയർന്നു വരാനാണ് പോകുന്നത്. ഈ മന്ത്രിസഭയേയും കേരളത്തെ മുച്ചൂടും മുടിച്ചു കൊണ്ടിരിക്കുന്ന ഈ ഭരണത്തേയും നാടുകടത്താൻ കഴിയുന്ന ഒരു ജനാധിപത്യ പ്രസ്ഥാനമായി, ഇടതുപക്ഷ പ്രസ്ഥാനം ഈ രാജ്യത്ത് ഉയർന്നുവരാൻ പോകുകയാണ്. അതുകൊണ്ട് നിങ്ങൾ ഇറങ്ങുന്നില്ലെങ്കിൽ നിങ്ങളെ ഇറക്കാൻ കഴിയുന്ന ഒരു പ്രസ്ഥാനം ഈ രാജ്യത്ത് വളർത്തി എടുക്കാൻ ആണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ അവിശ്വാസപ്രമേയം എന്നു ചൂണ്ടിക്കാണിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.വി. ജോസഫ്: സർ, ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ നായനാരുടെ പേരിൽ പബ്ലിക് ന്യൂയിസൻസിനു കേസ് എടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഈ രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ ഗവൺമെൻറ് കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് അതിന് ക്രിയാത്മകമായ പിന്തുണ നൽകുന്നതിനു പകരം ആറാറുമാസം കൂടുമ്പോൾ അവിശ്വാസപ്രമേയത്തിൻറെ നേർച്ചയുമായി വന്ന് ഈ സഭയുടെ സമയം കളയുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. തൻറെ ഭാര്യയോട് പ്രണയാഭ്യർത്ഥന നടത്തിയ കാമുകനെ ചെരിപ്പൂരി അടിക്കുന്നത് നേരിട്ട് കണ്ട ഭർത്താവ് പിന്നീടും അവളുടെ ചാരിത്ര്യത്തിൽ സംശയം തോന്നി അവളെ പീഡിപ്പിക്കുന്നതുപോലെയാണ് ശ്രീ. നായനാരുടെ അവിശ്വാസപ്രമേയത്തെപ്പറ്റി എനിക്ക് തോന്നിയത്. ഗവൺമെൻറിൻറെ എല്ലാ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനങ്ങളും കൂലങ്കഷമായി ചർച്ചചെയ്ത് വോട്ടെടുത്ത് സീതയെപ്പോലെ അഗ്നിപ്രവേശനം ചെയ്ത് ചാരിത്ര്യശുദ്ധി തെളിയിച്ചിട്ടുള്ള ഈ ഗവൺമെൻറിൻറെ വിശ്വാസ്യതയെ വീണ്ടും ചോദ്യം ചെയ്യുന്നത് ആനയുടെ നേർക്ക് പടക്കം എറിയുന്ന ചെറുപ്പക്കാരുടെ പ്രവണതയ്ക്കു തുല്യമാണെന്നാണ് എനിക്ക് തോന്നുന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഏത് ഗവൺമെൻറ് ചെയ്തിട്ടുള്ളതിനേക്കാളും കൂടുതൽ ജനക്ഷേമകരമായ കാര്യങ്ങൾ ഈ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. യശശ്ശരീരനായ എ. എൻ. ഗോവിന്ദൻ നായർ മൂന്നു വർഷംകൊണ്ട് 45,000 വീടുകൾ തീർത്തുവെങ്കിൽ ആറുമാസംകൊണ്ട് ഈ ഗവൺമെൻറ് ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കാൻ പോവുകയാണ്. ഹരിജന—ഗിരിജനങ്ങൾക്ക് സഹായങ്ങൾ വാരിക്കോരി കൊടുത്തുകൊണ്ടിരിക്കുകയാണ്.

സർ, ഇവിടെ ബഹുമാന്യനായ പങ്കജാക്ഷൻ ധനകാര്യമാനേജുമെൻറിൻറെ കാര്യം പറഞ്ഞു. കാലാകാലങ്ങളിലുണ്ടായിരുന്ന ഗവൺമെൻറുകൾ ഉണ്ടാക്കിവച്ചിരുന്ന ബാദ്ധ്യതകൾ, എട്ടാം ധനകാര്യകമ്മീഷൻറെ അനുകൂലമല്ലാത്ത വിധി ഈ പ്രതികൂല സാഹചര്യങ്ങളെയെല്ലാം നേരിട്ടുകൊണ്ട് ഉന്നതമായ ധനകാര്യ മാനേജുമെൻറുമൂലം നൂറു കോടിയിൽപരം രൂപ ഈ രാജ്യത്ത് ബാങ്ക് ബാലൻസുണ്ടാക്കിക്കൊടുക്കത്തക്കവിധത്തിൽ ധനകാര്യ മാനേജുമെൻറ് ഭംഗിയായി നടപ്പിലാക്കിയ ഒരു ഗവൺമെൻറാണിത്. അതുപോലെ വിദ്യാഭ്യാസരംഗത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസമേഖലയുടെ പുരോഗതി ഇങ്ങനെ നാലു വർഷംകൊണ്ട് ജനക്ഷേമകരമായ പ്രവർത്തനം നടത്തി 5-ാം വയസ്സിലേക്ക് കടക്കുകയാണ്. ഒരു തിരഞ്ഞെടുപ്പിനെ നേരിട്ടുകൊണ്ട് ബഹുഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരുമെന്നുള്ള അഭിനിവേശത്തോടുകൂടി ആത്മാഭിമാനത്തോടുകൂടി പ്രവർത്തിക്കുന്ന ഈ ഗവൺമെൻറിനെതിരെ, ഇങ്ങനെയുള്ള അവിശ്വാസപ്രമേയം കൊണ്ടുവരുന്നത് അവരുടെ ബലഹീനത, ദയനീയസ്ഥിതി മൂടിവയ്ക്കാനുള്ള ശ്രമമാണ് എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. മാർക്സിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ സ്ഥിതി മറച്ചുവയ്ക്കാനാണ് ഇതുപോലെയുള്ള പ്രമേയം കൊണ്ടുവന്നത്. ശ്രീ. എം.വി. രാഘവനെ ഞങ്ങൾ സഹായിക്കുന്നു, അല്ലെങ്കിൽ ശ്രീ. എം.വി. രാഘവനെ ഞങ്ങൾ ഉപയോഗിക്കുന്നു എന്നൊക്കെയുള്ള ചില പരാമർശനങ്ങളുണ്ടായി. ഇവിടെ പല വ്യക്തികളും പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഞങ്ങൾക്ക് അതിന്റെ ആവശ്യമൊന്നുമില്ല. ഐക്യ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം പല ആളുകളും പറഞ്ഞതുപോലെ സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ജീവിച്ചിരിക്കുന്നിടത്തോളം കാലം യാതൊന്നും ഭയപ്പെടാനില്ല. ഗുരുവായൂരപ്പൻ ആശ്രിത വൽസലനാണ്. മാസത്തോറും ശ്രീ. കരുണാകരൻ അദ്ദേഹത്തിന്റെ അടുത്തു പോകുന്നുണ്ട്. അതുകൊണ്ട് ഐക്യജനാധിപത്യമുന്നണിക്ക് എപ്പോഴെല്ലാം കോട്ടങ്ങളുണ്ടായാലും അപ്പോഴെല്ലാം ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ അദ്ദേഹം കേരളത്തിലേക്ക് അയയ്ക്കുന്നുണ്ട്. ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നു എന്ന് ഇ.എം.എസ്. അറിയുകയുണ്ടായി. അതുകൊണ്ട് മിനിഞ്ഞാന്നുതന്നെ അദ്ദേഹം തമിഴ്നാട്ടിൽ വച്ച് പ്രസ്താവനയിറക്കി. അവിടെയുള്ള മുസ്ലീംലീഗുമായിട്ടുള്ള ഐക്യം ഞങ്ങൾ വിടുന്നതല്ല എന്നു പറഞ്ഞു. ബഹുമാന്യനായ നായനാർക്ക് അല്ലെങ്കിൽ ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്ന മാർക്സിസ്റ്റു പാർട്ടിക്ക് ബുദ്ധിമുട്ടുണ്ടാക്കുവാൻവേണ്ടി മനപ്പൂർവ്വമായി മിനിഞ്ഞാന്നുതന്നെ അവിടെ ഇങ്ങനെയുള്ള പ്രസ്താവന ഇറക്കിക്കഴിഞ്ഞിരുന്നു. കല്ലുരുട്ടി മുകളിലേക്ക് കൊണ്ടുപോയിട്ട് താഴോട്ടു ഉരുട്ടിയിട്ടിട്ട് ആർത്തു ചിരിക്കുന്ന നാറാണത്തു ഭ്രാന്തനെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. രാഷ്ട്രീയ രംഗത്ത് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിനെപ്പോലെ മറ്റൊരു നാറാണത്തു ഭ്രാന്തനെ, ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഛിന്നഭിന്നമാക്കുന്ന ഒരു നാറാണത്തു ഭ്രാന്തനെ ഇന്ത്യയിലേതെങ്കിലും ഭാഗത്തു കാണുവാൻ സാധിച്ചിട്ടുണ്ടോ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കസ് കൂടാരത്തിൽ കടന്നുകൂടിയിരിക്കുന്ന ഘടകകക്ഷികളോട് ഞങ്ങൾക്ക് സഹതാപം തോന്നുകയാണ്. ഇന്ന് ശ്രീ. പി.കെ. വാസുദേവൻ നായർ വീണ്ടും പറഞ്ഞിട്ടുണ്ട്. രാഘവൻ പ്രശ്നത്തിന്റെ പേരിൽ മുന്നണിയിലെ ഘടകകക്ഷിയായ സി.പി.ഐ.-യെ ആക്ഷേപിക്കുവാൻ പ്രസംഗവേദിയും പത്രപംക്തിയും വൻതോതിൽ ദുരുപയോഗപ്പെടുത്തുന്നതിനെപ്പറ്റി പി. കെ. വി. ആക്ഷേപിച്ചു. സ്വന്തം തെറ്റിനെ മനസ്സിലാക്കാതെ മറ്റുള്ളവരെ പഴി ചാരുന്നാണ് മാർക്സിസ്റ്റുപാർട്ടി പലപ്പോഴും ശ്രമിക്കുന്നത്. ഈ പ്രവണത അനാരോഗ്യകരമാണ്. പി.കെ. വാസുദേവൻ നായരുടെ ഇന്നത്തെ പ്രസ്താവനയാണിത്. പല കാരണങ്ങളും പറഞ്ഞ് സി.പി.ഐ.-യെപ്പോലെയുള്ള പാർട്ടികളെ തൊഴിച്ച് പുറത്താക്കാനുള്ള ശ്രമം നടക്കുകയാണ്. ജോലിയുള്ള ചില പെൺകുട്ടികൾ, നേഴ്സ്മാരോ ടീച്ചർമാരോ ഒക്കെയായിരിക്കും, അവർ ചില വീടുകളിൽ കറവപ്പശുക്കളാണ്. ആ പെൺകുട്ടികളെ കല്യാണം കഴിപ്പിക്കുവാൻ കാരണവൻമാർക്ക് സമ്മതമില്ല. ഈ പെൺകുട്ടികളെ കല്യാണം കഴിപ്പിക്കുവാനായി ഭല്ലാളൻമാർ ആരെങ്കിലും കടന്നുവന്നാൽ അവരുടെ പിതാക്കൻമാർ പറയും അവരെക്കിപ്പോൾ കല്യാണമൊന്നും ആവശ്യമില്ലാ എന്ന്. ഒരു പുരുഷന്റെ കരവലയത്തിലമർന്ന് ചുടുചുംബനത്തിനുവേണ്ടിയുള്ള ദാഹവുമായി കഴിയുന്ന ആ ഉദ്യോഗസ്ഥകളുടെ സ്ഥിതിയാണ് നമ്മുടെ ഘടകകക്ഷികൾക്കും പറ്റിയിരിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിക്ക് ഇവിടെ ഭരിക്കണമെന്നില്ല. അവർ ഭരിച്ച കാലം മുഴുവൻ പരാജയമായിരുന്നു. അവർക്ക് ഭരിക്കാൻ അറിയാൻ പാടില്ല. കൂടാതെ നായനാർ ഇവിടെ മുഖ്യമന്ത്രിയായിരിക്കുന്നത് ഇ.എം.എസ്സിന് ഇഷ്ടമില്ല. ഇങ്ങനെയുള്ള ഒരു സാഹചര്യംകൊണ്ട് ഞാൻ ഇവിടെ പറഞ്ഞതുപോലെ സ്വന്തം പെൺമക്കൾക്ക് കല്യാണം ആവശ്യമില്ല, അവർ കല്യാണം ഇഷ്ടപ്പെടുന്നില്ല എന്നു പറഞ്ഞ് ഓഫർ മുഴുവനും തള്ളിക്കളയുന്ന

LIBRARY ARCHIVES Kerala Legislative Assembly

പിതാവിനെപ്പോലെ ഇവിടെ ഇ.എം.എസ്സും അദ്ദേഹത്തിന്റെ കൂട്ടരുംകൂടി ഇടതുപക്ഷമുന്നണിക്ക് ഇവിടെ ഭരിക്കാനുള്ള അവസരം അല്ലെങ്കിൽ മുന്നോറാനുള്ള അവസരം മനപ്പൂർവ്വമായി തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

സർ, സി.പി.ഐ.-യുടെ സ്ഥിതിതന്നെ നമുക്കറിയാം. ജനാധിപത്യ മുന്നണിയുടെ തൊഴുത്തിൽ പുല്ലും വെള്ളവും കഴിച്ച് കൊഴുത്തു തടിച്ചിരുന്ന സി.പി.ഐ. ഇന്ന് മുള്ളു കുത്തിയാൽ രണ്ടുവശവും കാണുന്ന നിലയിൽ, അത്ര ദയനീയ സ്ഥിതിയിൽ കടന്നു വന്നിട്ടില്ലേ? ഡി.വൈ.എഫ്.ഐ.-യുടെ ചെറുപ്പക്കാർക്ക് ചെരിപ്പും ചൂലും ശേഖരിക്കാനുള്ള ജോലിയല്ലേ അവർ കൊടുത്തിരിക്കുന്നത്? അവരെല്ലാം കൂട്ടംകൂട്ടമായി ആ കൂട്ടത്തിൽനിന്നും മറുഭാഗത്തേക്ക് പോകുന്ന കാഴ്ചയാണ് നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്നത്. ആറു പ്രാവശ്യം ഈ നിയമസഭയിൽ കൊല്ലംകോട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച ശ്രീ. വാസുദേവമേനോൻ.....

ശ്രീ. വി. ദിനകരൻ: മാർക്സിസ്റ്റു പാർട്ടിയിൽ നിന്നും പോയ സി.കെ. ചക്രപാണിയും, വാസുദേവമേനോനും ഇന്നും അവരുടെ പാർലമെന്ററി പാർട്ടിയിൽ ഇരിക്കുകയാണ്. അതേസമയത്ത് അവർ പുതിയ പാർട്ടിയുണ്ടാക്കി, അതിന്റെ സംസ്ഥാനക്കമ്മിറ്റിയിൽ വരികയും ചെയ്തു. അവരെ പുറത്താക്കുന്നതിനുവേണ്ടി മാർക്സിസ്റ്റു പാർട്ടി സംസ്ഥാനക്കമ്മിറ്റിയിൽ തീരുമാനമെടുക്കാൻ വന്നപ്പോഴും ഭൂരിപക്ഷമില്ലാതെ വന്നതുകൊണ്ടാണ് അവരെ പുറത്താക്കാതെയിരിക്കുന്നതെന്ന കാര്യം അങ്ങേക്കറിയാമോ?

ശ്രീ. വി.വി. ജോസഫ്: അത് അറിയാവുന്ന കാര്യമാണ്.

ശ്രീ. വാസുദേവമേനോൻ ആറു കൊല്ലത്തോളം കൊല്ലംകോട് നിയോജകമണ്ഡലത്തെ തുടർച്ചയായി പ്രതിനിധീകരിച്ച മെമ്പറാണ്. കഴിഞ്ഞ ദിവസം എം.എൽ.എ. ക്വാർട്ടേഴ്സിൽ അദ്ദേഹം ഭക്ഷണം കഴിക്കാൻ വന്നിരിക്കുമ്പോഴും അദ്ദേഹത്തിന്റെ അടുത്ത് വന്നിരുന്ന് ഭക്ഷണം കഴിക്കാൻപോലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മറ്റു എം.എൽ.എ.-മാർ മടി കാണിച്ചു. അദ്ദേഹമാണെന്നു കണ്ടു കഴിഞ്ഞാൽ പെട്ടെന്ന് ആ കസേരയിൽ നിന്നും എണീറ്റുപോയി അപ്പുറത്തിരിക്കുകയാണ്. അവർക്കെല്ലാം പേടിയാണ്. ആ ഭയത്തിന്റെ പുകമറയിൽ, സംശയത്തിന്റെ പുകമറയിലാണ് ഇന്നു മാർക്സിസ്റ്റ് പാർട്ടിയിലെ എം.എൽ.എ.-മാരെല്ലാം കഴിയുന്നത്. ഇവർക്ക് നാളെ എന്തു സംഭവിക്കും, അടുത്ത പ്രാവശ്യം സീറ്റു കിട്ടുമോ, അടുത്ത പ്രാവശ്യം ജയിക്കുമോ എന്നുള്ള സംശയം ഇന്ന് അവരെയെല്ലാം ബാധിച്ചിരിക്കുകയാണ്. അങ്ങനെയുള്ള ഒരു സ്ഥിതിയാണ് മാർക്സിസ്റ്റു പാർട്ടിയിലെ നേതാക്കൻമാർക്കും എം.എൽ.എ.-മാർക്കും ഉണ്ടായിട്ടുള്ളത്. നാളെ അവർക്ക് എന്തു സംഭവിക്കും, നാളെ തിരഞ്ഞെടുപ്പിൽ നിന്നാൽ ജയിക്കുമോ, സീറ്റു കിട്ടുമോ ഇങ്ങനെയുള്ള പരസ്പരമായ അവിശ്വാസത്തിന്റെ പുകമറയിൽ ആണ് ആ പാർട്ടിയിലെ മുഴുവൻ എം.എൽ.എ.-മാരും സ്ഥിതിചെയ്യുന്നത്. യേശുക്രിസ്തു മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ അനുയായികളെ, അപ്പോസ്തലൻമാരെ വിളിച്ച് നിങ്ങളെല്ലാം പോയി എന്റെ സുവിശേഷം പ്രസംഗിക്കുവിൻ എന്നു പറഞ്ഞ് ലോകമെങ്ങും പറഞ്ഞയച്ചു. കേരളത്തിൽ ഇന്ന് മാർക്സിസത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ, ഇ.എം.എസ്. പറഞ്ഞയച്ചിരിക്കുന്നത് ആരെയാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നറിയാമോ? വർഷങ്ങളായി ഈ പാർട്ടിയെ വളർത്തിയെടുത്ത, ഈ പാർട്ടിക്കുവേണ്ടി ചോരയും നീരുമൊഴുക്കിയ എം. വി. രാഘവനേയും വാസുദേവമേനോനേയും ചക്രപാണിയേയുമൊക്കെ വിട്ടിട്ട് കോൺഗ്രസ് സംസ്കാരത്തിന്റെ പൈതൃകം പേറുന്ന ടി.കെ. ഹംസയെപ്പോലെയുള്ള ആളുകളെയാണ്. മാർക്സിസത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ ഇ.എം.എസ്സിന്റെ അനുയായികളായി, അപ്പോസ്തലൻമാരായി അവരാണ് ഇന്നു കേരളമൊട്ടാകെ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ നിന്നും ഈ പാർട്ടിക്കുണ്ടായിരിക്കുന്ന തകർച്ച എത്രമാത്രമാണെന്നു നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ പാർട്ടിക്കുവേണ്ടി ചോരയും നീരും കളഞ്ഞ് പ്രവർത്തിച്ചിട്ടുള്ള ആളുകളെയെല്ലാം ഉപേക്ഷിച്ചിട്ട് ഹംസയെപ്പോലെയുള്ള ആളുകളെ മാർക്സിസത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ അപ്പോസ്തലൻമാരായി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും അച്യുതാനന്ദനും കൂടി കേരളത്തിലേക്ക് അയച്ചു കൊണ്ടിരിക്കുന്നു. ഇവരുടെ സുവിശേഷ പ്രസംഗം ആളുകൾ, പ്രത്യേകിച്ച് പ്രബുദ്ധരായ ജനങ്ങൾ തള്ളിക്കൊണ്ടിരിക്കുന്ന കാഴ്ചനാം കണ്ടുകൊണ്ടിരിക്കുകയാണ്. പഴയ കുറെ അഴിമതിയുടെ കഥകൾ, കുറെ വാചകങ്ങൾ, കുറെ ചപ്പടാച്ചികൾ ഇങ്ങനെ ചർവ്വിതചർവ്വണം നടത്തിയതല്ലാതെ. ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ ഒന്നും പറയാതെ അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ഏറ്റവുമധികം അവിശ്വാസമുള്ളത് ഈ അവിശ്വാസപ്രമേയത്തിന്റെ അവതാരകനുതന്നെയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ അവിശ്വാസപ്രമേയത്തിൽ നിഷ്കളങ്കനായ ശ്രീ. നായനാർക്ക് യാതൊരു വിശ്വാസവുമില്ലെന്നുള്ളത് വളരെ വ്യക്തമായ വസ്തുതകളാണ്. ബഹുമാനപ്പെട്ട ശ്രീ. എം. വി. രാഘവനിൽനിന്നുണ്ടായ ഒരു ശക്തമായ രാഷ്ട്രീയ പ്രഹരത്തിന്റെ ഫലമായി സ്തബ്ധരായിരിക്കുന്ന ഒരു പരിതഃസ്ഥിതിയിലാണ് ഇങ്ങനെയുള്ള ഒരു അവിശ്വാസപ്രമേയത്തിന് അദ്ദേഹം നിർബന്ധിതനായത്. ജനിക്കുന്നതിനുമുമ്പുതന്നെ ജീവൻ നഷ്ടപ്പെട്ട ഈ അവിശ്വാസപ്രമേയവുമായി അദ്ദേഹം വന്നത് ശ്രീ. രാഘവനെ ഒന്ന് കൊച്ചാക്കുകയെന്നുള്ളതിൽ കവിഞ്ഞ് യാതൊരു ഉദ്ദേശവുമില്ലെന്നുള്ളത് ഇവിടെ ഇതിനകം വ്യക്തമായിട്ടുള്ള ഒരു കാര്യമാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും, പ്രതിപക്ഷനേതാവും ഇതിനുമുമ്പും പല പ്രാവശ്യം അവിശ്വാസപ്രമേയവുമായി ഈ സഭയിൽ വന്നിട്ടുണ്ട്. പക്ഷേ ഈ രാജ്യത്തെ ജനങ്ങളുടെ വിശ്വാസത്തിൽ അടിമുടി ഉറച്ചുനിന്നുകൊണ്ട് ഈ സംസ്ഥാനത്ത് ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിധം കാലാവധി പൂർത്തിയാക്കാൻ പോകുന്ന ഒരു സർക്കാർ ആണ് ഇത്, കഴിഞ്ഞ നാല് വർഷക്കാലവും നിരവധി ജനോപകാരപ്രദമായ പരിപാടികൾ ആവിഷ്കരിച്ച് അത് 100 ശതമാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്. അങ്ങനെ അഭിമാനകരമായ നേട്ടങ്ങൾ പിന്നിട്ട്, നാലു വർഷം കടന്ന് 5-ാം വയസ്സിലേക്ക് കാലൂന്നുന്ന ഈ ജനാധിപത്യ മുന്നണിയുടെ സർക്കാരിൽ ജനങ്ങൾക്ക് വിശ്വാസമുണ്ട്. ആ ജനങ്ങളുടെ വിശ്വാസവുമായി ഞങ്ങൾ മുന്നോട്ടുപോവുകതന്നെ ചെയ്യുമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ സഭയ്ക്ക് സർക്കാരിൽ വിശ്വാസമില്ലെന്നു പറയുവാൻ വേണ്ടി ഏറ്റവും ഗൗരവതരമായ പ്രശ്നങ്ങൾ എന്ന് വിചാരിച്ച് മാർക്സിസ്റ്റ് പാർട്ടിയുടേയും പ്രതിപക്ഷപാർട്ടിയുടേയും നേതാവ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങളെന്താണ്? ഈ സഭയിൽ വളരെയേറെ ചർച്ചചെയ്ത് ചർവ്വിതചർവ്വണം നടത്തിയിട്ടുള്ള കുവൈറ്റി പ്രശ്നം, ബാലകൃഷ്ണപിള്ള പ്രശ്നം ഇതൊക്കെയാണ്. ഇതല്ലാതെ ഗൗരവമായ ഒരു പുതിയ പ്രശ്നവും ഇവിടെ അവതരിപ്പിക്കാൻ ഈ അവിശ്വാസപ്രമേയ കർത്താവിന് സാധിച്ചിട്ടില്ല എന്നുള്ളത് ഈ സഭ മാത്രമല്ല ഈ രാജ്യവും മനസ്സിലാക്കുന്ന ഒരു വസ്തുതയാണ്. ഈ കുവൈറ്റികളെക്കുറിച്ച് വളരെയേറെ സംസാരിച്ച ആദ്യം ബഹുമാനപ്പെട്ട എം. വി. രാഘവൻ ആയിരുന്നു. എന്നാൽ ആ കുവൈറ്റികളിൽനിന്ന് വാങ്ങിയ കാശാണ് ശ്രീ. എം വി. രാഘവൻ ഇപ്പോഴും ഉപയോഗിക്കുന്നതെന്നാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ശ്രീ. കേശവൻ മിനിയാന്ന് ഇവിടെ പറഞ്ഞത്. അപ്പോഴും ആരെപ്പറ്റിയും എന്ത് വേണമെങ്കിലും എപ്പോഴും വേണമെങ്കിലും പറയാൻ യാതൊരു സങ്കോചവും ഇല്ലാത്ത പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് ഇവിടെ മനസ്സിലാക്കിയിട്ടുണ്ട്. ഇവിടെ ഇങ്ങനെ ചാരൻമാർ ചാരൻമാർ എന്നു പറഞ്ഞ് നാടു നീളെ നടക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് വന്ന ഒരു പത്രത്തിലെ വാർത്തയാണ് എനിക്ക് ഓർമ്മ വരുന്നത്. ഒരു പതിനാലു വയസ്സുകാരിയെ മാനഭംഗപ്പെടുത്തിയ പ്രതിയെ പിടികൂടാൻവേണ്ടി പോലീസുകാർ ശ്രമിച്ചു. അവസാനം ആ പ്രതിയെ പിടികിട്ടിയപ്പോഴും വ്യക്തമായ കാര്യം, ഈ പ്രതിയെ പിടി കൂടാൻവേണ്ടി പോലീസിന്റെകൂടെയും, ജനങ്ങളുടെകൂടെയും മുന്നണിയിൽനിന്ന് പ്രവർത്തിച്ചയാളാണ് ഈ പ്രതിയായി പിടിക്കപ്പെട്ടത് എന്നതായിരുന്നു. ഈ സംഭവമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചാരൻമാരെക്കുറിച്ചും രാജ്യദ്രോഹികളെക്കുറിച്ചുമൊക്കെ പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത്. അതേ സമയം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷമായി കേരള സംസ്ഥാനത്തിൽ വർഗ്ഗീയത്വം ആളിക്കത്തിക്കുന്നതിനുവേണ്ടി വളരെയേറെ ആസൂത്രിതമായ പ്രവർത്തനങ്ങൾ നടത്തുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന് ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുവൈറ്റികളുടെ പ്രശ്നവും അതുപോലെതന്നെ ഇവിടെയുള്ള വഖഫ് ബോർഡിന്റെ പ്രശ്നവും ശരിഅത്ത് പ്രശ്നവുമൊക്കെ പറഞ്ഞ് നമ്മുടെ രാജ്യത്ത് മുസ്ലീം സമുദായത്തിനെതിരായി ഇവിടെയുള്ള മറ്റ് സഹോദര സമുദായങ്ങളിൽ വർഗ്ഗീയ വിഷം ആളിക്കത്തിക്കുന്നതിനുവേണ്ടിയുള്ള വളരെയധികം ശക്തമായ പ്രവർത്തനങ്ങൾ ആണ് കഴിഞ്ഞ മൂന്ന് നാല് വർഷങ്ങളായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ നടത്തുന്നത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു തീക്കളിയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് എനിക്ക് ഈ സഭയിൽകൂടി കേരളത്തിലെ മനുഷ്യസ്നേഹികളോട് പറയാനുള്ളത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ മുസ്ലീം വിരോധത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ഈ വർഗ്ഗീയ പ്രചരണത്തിന് എതിരായിട്ട് ഈ രാജ്യത്തെ ജനങ്ങൾ മുന്നോട്ടുവരണമെന്നാണ്, ഇവിടെ ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വർഗ്ഗീയത്വത്തിനെതിരാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടും വിഘടനവാദികൾക്ക് എതിരായിട്ടും വലിയ ധാർമ്മികരോഷം കൊള്ളുകയാണ്. ഇതിന് എതിരായിട്ടുള്ള അഭിപ്രായങ്ങൾ കേരളത്തിൽ മാത്രമാണ് ഒതുങ്ങിനിൽക്കുന്നത് എന്നുള്ളതും എല്ലാവരും മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യമാണ്.

ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ ആന്ധ്രയിൽ ഏറ്റവും വലിയ വർഗ്ഗീയ വാദിയായ സിനിമാനടനുമായിട്ടാണ് കൂട്ടുകെട്ട്. അതുമാതിരിതന്നെ ആസ്സാമിൽ ആസ്സാം ഗണപരിഷത്തുമായി ചേരാൻ പോകുന്നു. അതുപോലെ ബി. ജെ. പി. യുമായിട്ട് വേണമെങ്കിൽ ആകാം എന്നാണ് ശ്രീ. നമ്പൂതിരിപ്പാട് പറയുന്നത്. ഇവരാണ് തത്വാധിഷ്ഠിത രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നത്. ശ്രീ. എം. വി. രാഘവന്റെ ചില പ്രസ്താവനകളും എടുത്തുകൊണ്ട് തത്വാധിഷ്ഠിത രാഷ്ട്രീയത്തിനുവേണ്ടി ഞങ്ങളും നിലകൊള്ളുന്നു എന്നു പറയുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേത് വേശ്യയുടെ ചാരിത്ര്യപ്രസംഗമല്ലാതെ എന്താണെന്ന് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ വർഗ്ഗീയവാദികളെന്നു പറയുന്ന ഞങ്ങളോട് തമിഴ്നാട്ടിൽ ഒത്തുകൂടി മുന്നണി രൂപീകരിച്ചു. ആ മുന്നണിയിൽനിന്ന് എന്തായാലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പുറത്തുപോവുകയില്ലെന്ന് മിനിഞ്ഞാന്നുപോലും ശ്രീ. നമ്പൂതിരിപ്പാട് പ്രഖ്യാപിച്ചിരിക്കുകയുമാണ്. അത് മാത്രമാണോ? ഇന്നലത്തെ ഹിന്ദുവിൽവന്ന റിപ്പോർട്ട് എന്താണ്? അതിൽ പറയുന്നത് "Even without Mr. Raghavan's support, the Muslim League and the Kerala Congress, the CPI (M) in Kerala could return to power in the next elections". എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ മുസ്ലീം ലീഗുമായിട്ടും കേരളാ കോൺഗ്രസ്സുമായിട്ടുമൊക്കെ വേണമെങ്കിൽ അടുത്ത ഇലക്ഷനിൽ കൂട്ടുകൂടി അധികാരത്തിലേക്ക് വരാമെന്നാണ്. മനസ്സിൽ കുറെയൊക്കെയുണ്ട് എന്നതാണ് ഇതുകൊണ്ട് മനസ്സിലാകുന്നത്. ഇവിടെ തത്വാധിഷ്ഠിത രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞു. എന്താണ് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞത്. സെക്രട്ടറി എന്താണ് പറഞ്ഞത്? 1965-ൽ മുസ്ലീം ലീഗുമായി ചേർന്നത്, അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടായ പിളർപ്പിന്റെ ഫലമായി രൂപംകൊണ്ട ഞങ്ങളുടെ പുതിയ പാർട്ടിക്ക് ശക്തി സംഭരിക്കാൻവേണ്ടിയാണെന്നാണ്. അതിന്റെ അർത്ഥമെന്താണ്? അങ്ങനെ പുതിയ പാർട്ടികൾക്ക് ശക്തി സംഭരിക്കണമെങ്കിൽ താൽക്കാലികമായ വർഗ്ഗീയതയേയും വിഘടനവാദികളേയും ഒക്കെ കൂട്ടുപിടിക്കണമെന്നല്ലേ ഇതിന്റെ അർത്ഥം? അന്ന് സി. പി. ഐ. യെ തോൽപ്പിക്കാൻവേണ്ടി മുസ്ലീംലീഗുമായി കൂടിയത് ശരിയായിരുന്നോ? അങ്ങനെ സ്വന്തം രക്ഷക്കുവേണ്ടി സ്വയം ശക്തി പ്രാപിക്കുന്നതിനുവേണ്ടി വർഗ്ഗീയ വാദികളോടുകൂടി ചേരാമെന്ന് ശ്രീ. നമ്പൂതിരിപ്പാടും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും തന്നെ സമ്മതിച്ചിരിക്കുകയാണ്. അതിന്റെ പേരിൽ പിന്നെ ശ്രീ. രാഘവനെ വിമർശിക്കുന്നത് എന്തിനാണ്? വർഗ്ഗീയവാദികളെന്നു പറഞ്ഞാൽ മുസ്ലീം ലീഗുകാരും, വിഘടനവാദികളെന്നു പറഞ്ഞാൽ അത് കേരളാ കോൺഗ്രസ്സും ഇതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ സിദ്ധാന്തം. 70 കോടി ജനങ്ങളുള്ള ഇൻഡ്യാരാജ്യത്ത് വേറെ ഒരു ജീവിയും വർഗ്ഗീയ വാദികളോ വിഘടന വാദികളോ ആയിട്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിഘണ്ടുവിലില്ല. ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ വിധത്തിൽ വിഘടന വാദവും വർഗ്ഗീയതയെക്കുറിച്ചുള്ള പ്രസംഗങ്ങളും നടത്തുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മറ്റു പല സംസ്ഥാനങ്ങളിലും ചുളുവിൽ അധികാരത്തിൽ വരുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുകയാണ്. 1964-ലും 1965-കാലത്തുമൊക്കെ മുസ്ലീം ലീഗ് ന്യൂനപക്ഷ സമുദായത്തിന്റെ പാർട്ടിയാണ്, പിന്നോക്ക സമുദായത്തിന്റെ പാർട്ടിയാണെന്നൊക്കെ പറയുമ്പോൾ ഞങ്ങളും വിശ്വസിച്ചത് ആത്മാർത്ഥമായി പറയുകയാണെന്നാണ്. ഇപ്പോൾ ശ്രീ. അച്യുതാനന്ദൻ പറയുന്നത് അതൊക്കെ തൽക്കാലത്തെ നേട്ടങ്ങൾക്കു വേണ്ടിയായിരുന്നുവെന്നാണ്. ഇതാണോ തത്വാധിഷ്ഠിത രാഷ്ട്രീയം? ഇതിനെ കപട രാഷ്ട്രീയമെന്നാണ് പറയേണ്ടത്. അല്ലാതെ ഇത് തത്വാധിഷ്ഠിത രാഷ്ട്രീയമല്ല.

അതുമാത്രമിരിക്കട്ടെ വേറെ ഒരു കാര്യം എനിക്ക് പറയാനുള്ളത് ഈ രാജ്യത്തെ മുസ്ലീം ലീഗിനോടും കേരളാ കോൺഗ്രസ്സിനോടും, ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ധീരധീരം പ്രഖ്യാപിക്കുകയാണ്. ഈ പ്രഖ്യാപനത്തിന്റെ പ്രസക്തി എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. കേരളാ കോൺഗ്രസ്സ് അവരുടെ മുന്നണിയിൽനിന്ന് പോയിട്ട് വർഷങ്ങളേറെയായി. മുസ്ലീം ലീഗിന്റെ ഒരു ഘടകമുണ്ടായിരുന്നു, അവരും പോയിട്ട് കാലം കുറേയായി. എന്നിട്ട് ഇപ്പോഴും പറയുകയാണ് ഞങ്ങൾക്ക് ഇവരുമായി യാതൊരു ബന്ധവുമില്ലെന്ന്. ഈ പറയുന്നതിന്റെ പൊരുൾ കോൺഗ്രസ്സ് ഈ വക പാർട്ടികളുമായി ഒരു ബന്ധവുമുണ്ടാക്കരുതെന്നുള്ള അപേക്ഷയല്ലേ? വേറെയെന്തൊരു പ്രസക്തിയാണ് ഇതിനുള്ളത്? നിങ്ങളുടെകൂടെ കേരളാകോൺഗ്രസ്സോ മുസ്ലീം ലീഗോ ഇല്ല. എന്നിട്ടും ഞങ്ങൾക്ക് അവരുമായി യാതൊരു ബന്ധവുമില്ലെന്ന് ആവർത്തിച്ചാവർത്തിച്ച്, ഇവിടെ പറയുന്നത് കോൺഗ്രസ്സേ നിങ്ങൾ ഇവരെ കൂട്ടരുതേ, ഞങ്ങളെ ചതിക്കരുതേ എന്നല്ലേ? വേറെയെന്താണ് ഇതിന്റെ അർത്ഥം, എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ മുസ്ലീം ലീഗും കേരളാകോൺഗ്രസ്സും അതുപോലെയുള്ള ജനാധിപത്യമുന്നണിയുമെല്ലാം ഒന്നിച്ചുനിന്നാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരിക്കലും ഒരു രക്ഷയുമില്ലെന്ന് അറിയാം. അതുകൊണ്ട് അതിനെ എങ്ങനെയെങ്കിലും പൊളിക്കാൻവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. കുറേ വർഷങ്ങൾക്കുമുമ്പ് ബംഗാളിൽ എന്താണ് സർ നടന്നത്? കുറേ വർഷങ്ങൾക്കുമുമ്പ് ബംഗാളിൽ അജയ് മുഖർജിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ മുസ്ലീം ലീഗിലെ മന്ത്രിമാരുമുണ്ടായിരുന്നു. അതുപോലെതന്നെ മുസ്ലീംലീഗിനോടൊപ്പം ബംഗാ കോൺഗ്രസ്സിനെപ്പോലെയുള്ള ചില ജനാധിപത്യപാർട്ടികളും ഉണ്ടായിരുന്നു. എന്നാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്നിവിടെ പറയുന്നതുപോലെ ജനാധിപത്യവും മതേതരത്വവും എന്നുള്ള ചില മനോഹരമായ മുദ്രാവാക്യങ്ങളേ പറഞ്ഞ് ചില ആളുകളിൽ ഉണ്ടാക്കിയ വ്യാമോഹത്തിന്റെ ഫലമായി ആ ജനാധിപത്യമുന്നണി തകരുകയുണ്ടായി. എന്തായിരുന്നു ഫലം? ജനാധിപത്യകക്ഷികൾ പിന്നീടൊരിക്കലും ബംഗാളിൽ അധികാരത്തിൽ വന്നില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തുടർച്ചയായി കഴിഞ്ഞ 10 വർഷങ്ങളായി ബംഗാളിൽ ഭരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ജനാധിപത്യകക്ഷികളിൽ വിള്ളൽ ഉണ്ടാക്കിയാൽ, അതിനെ തകർത്താൽ ഇവിടെയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്ഥിരമായി അധികാരത്തിൽ വരാമെന്നുള്ള വ്യാമോഹമാണ്. മുസ്ലീം ലീഗിനും കേരളാ കോൺഗ്രസ്സിനുമെതിരായിട്ടുള്ള ഈ പ്രചരണത്തിന് യാതൊരർത്ഥവുമില്ലെന്ന് പറയാനാഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. അതുപോലെത്തന്നെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ ഹിന്ദു വർഗ്ഗീയ വാദികളുടെ പിൻതുണയോടുകൂടി വേഗത്തിൽ വളരാനും ശക്തിപ്രാപിക്കാനും ആഗ്രഹിക്കുകയാണ്. ചില ആളുകൾ ഉണ്ട്, വേഗത്തിൽ പണമുണ്ടാക്കാൻവേണ്ടി കള്ളക്കടത്തും കരിഞ്ചന്തയുമൊക്കെ നടത്തും. അതുപോലെ രാഷ്ട്രീയത്തിൽ കള്ളക്കടത്തും കരിഞ്ചന്തയുമൊക്കെ നടത്തി വേഗത്തിൽ അധികാരത്തിൽ വരാനുള്ള ഒരു തന്ത്രമാണ് ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ളത്. കോൺഗ്രസ്സുമായിട്ടുപോലും ബന്ധപ്പെടാനുള്ള വ്യഗ്രത, ഭൂരിപക്ഷസമുദായങ്ങളുമായി ചങ്ങാത്തം കെട്ടാനുള്ള വ്യഗ്രത അങ്ങനെ വളരെയധികം വിഷമങ്ങളില്ലാതെ വേഗത്തിൽ അധികാരത്തിൽ വരാനുള്ള വെമ്പൽമൂലമാണ് ഇന്ന് ഭൂരിപക്ഷ സമുദായങ്ങളുടെ പിൻതുണക്കുവേണ്ടി പാടുപെടുന്നതെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

മറ്റൊരുകാര്യംകൂടി എനിക്ക് പറയുവാനുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇവിടെ പെട്ടെന്നൊരു ഭരണമാറ്റം ആവശ്യമില്ലെന്നുള്ളത് വളരെ വ്യക്തമാണ്. ഐക്യജനാധിപത്യമുന്നണിയെ കാലാവധി പൂർത്തിയാക്കുന്നതിനുവേണ്ടി സഹായിച്ച ഏറ്റവും വലിയൊരു ഘടകം നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പാർട്ടിയുമായിരുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഐക്യജനാധിപത്യമുന്നണി പല പരീക്ഷണഘട്ടങ്ങളേയും നേരിട്ടപ്പോഴും സന്ദർഭോചിതമായ സഹായങ്ങളും നൽകിയതിന് നന്ദി പറയാതെ പോകുന്നത് ശരിയല്ല. ഈ ഐക്യജനാധിപത്യ മുന്നണി നിലനിൽക്കണമെന്നും ഈ രാജ്യത്ത് പെട്ടെന്നൊരു ഭരണമാറ്റം ഉണ്ടാകുന്നതിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആഗ്രഹിക്കുന്നില്ലെന്നുള്ളതിനും പ്രധാന കാരണം പെട്ടെന്നൊരു ഭരണമാറ്റം വന്നാൽ അത് അവരെ സഹായിക്കുകയില്ലെന്ന് അവർക്കറിയാമെന്നുള്ളതുകൊണ്ടാണ്.

മറ്റൊരുകാര്യം ശ്രീ. ബേബിജോൺ ശ്രദ്ധിക്കുന്നതിനുവേണ്ടി പറയുവാനുണ്ട്. കുറേക്കാലം പ്രതിപക്ഷത്തിരുന്നാൽ മറ്റ് പ്രതിപക്ഷ പാർട്ടികളുടേതിനേക്കാൾ കൂടുതൽ പ്രതിപക്ഷത്ത് തങ്ങളുടെ അണികളെ പിടിച്ചുനിറുത്താൻ കഴിവുള്ള പാർട്ടി തങ്ങളുടെ പാർട്ടിയാണെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കരുതുന്നു. അതുകൊണ്ട് കുറെക്കാലം പ്രതിപക്ഷകക്ഷികളെ തങ്ങളോടൊപ്പമിരുത്തി പ്രതിപക്ഷത്തിരുന്ന് സാവകാശത്തിൽ അവരുടെ അണികളെ പിടിച്ചെടുക്കാമെന്നാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കണക്കുകൂട്ടുന്നത്. അതുകൊണ്ടാണ് ഒരു ഭരണമാറ്റത്തിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ പറഞ്ഞത്. അതൊക്കെ നമ്പൂതിരിപ്പാടിന്റെ ചില നയപരമായ കാഴ്ചപ്പാടിന്റെ ഫലമായുണ്ടാകുന്ന അബദ്ധങ്ങളാണ് ഇതെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ചില സംഭവങ്ങളിൽനിന്ന് ഇത് അബദ്ധങ്ങളല്ല, അറിയാതെയുള്ള കാര്യങ്ങളല്ല അറിഞ്ഞുകൊണ്ട് മനഃപൂർവ്വമായിട്ടുള്ള ഒരു ഒളിച്ചുകളിയാണിതെന്ന് ഇന്ന് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്പാധിഷ്ഠിത രാഷ്ട്രീയം പറഞ്ഞുകൊണ്ട് സഖാവ് എം. വി. രാഘവനെതിരായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചില കാര്യങ്ങളൊക്കെ പറയുന്നുണ്ട്. ഇവിടെ മുപ്പതുമുപ്പത്തഞ്ചുകൊല്ലം ഈ പാർട്ടിക്കുവേണ്ടി ജീവിച്ചവരുടെ ചോര മുഴുവൻ ഊറ്റിക്കുടിച്ചതിനുശേഷം വലിച്ചെറിഞ്ഞ ചില മനുഷ്യക്കോലങ്ങൾ ഈ സഭയിൽ ഉണ്ട്, അവരുടെ കഥകൾ ഒന്നു മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു മെമ്പർ കല്യാണം കഴിക്കണമോ കഴിക്കണ്ടയോ എന്നും കല്യാണം കഴിക്കുന്നെങ്കിൽ ആരെയായിരിക്കണമെന്നുപോലും നിശ്ചയിക്കുന്ന അത്രമാത്രം വ്യക്തിജീവിതത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ഒരു പാർട്ടിയാണ് സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. മുപ്പതുമുപ്പത്തഞ്ചുകൊല്ലത്തെ സേവനത്തിന്റെ ഫലമായി ഇന്ന് രക്തം കുടിച്ച് പുറത്തേയ്ക്ക് എറിഞ്ഞ ചില ആളുകളുണ്ട്. ഞാൻ കുടിച്ച രക്തം പച്ചവെള്ളമായിരുന്നുവെന്ന് ഒരു രക്തരക്ഷസും ഇതുവരെ പറഞ്ഞിട്ടില്ല. എന്നാൽ മുപ്പതുമുപ്പത്തഞ്ചുകൊല്ലം ഹൃദയരക്തംവരെ പാർട്ടിക്കുവേണ്ടി സമർപ്പിച്ചു പ്രവർത്തിച്ച എം. വി. രാഘവൻ കള്ളനായിരുന്നുവെന്നും വഞ്ചകനായിരുന്നുവെന്നുമാണ് ഇപ്പോൾ അവർ പറയുന്നത്. ഇന്ന് പിശാചിനെപ്പോലും തോൽപ്പിക്കുകയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. അതിന്റെ കുൽസിതത്തിലും അതിന്റെ കുടിലതയിലും അതിന്റെ ക്രൂരതയിലും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഇന്ന് എല്ലാപേരെയും കവച്ചുവച്ചിരിക്കുകയാണെന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് അയഥാർത്ഥങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള അനവസരത്തിൽ അവതരിപ്പിച്ചിട്ടുള്ള അപ്രസക്തമായ ആത്മാർത്ഥതയില്ലാത്ത ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നു. അപ്പുറത്തുനിന്ന് ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിച്ച എന്റെ ബഹുമാന്യ സുഹൃത്തുക്കളാരുംതന്നെ ഈ ഗവൺമെന്റിനെ അതിന്റെ നയങ്ങളുടേയും പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിൽ സംരക്ഷിക്കുവാൻ ഒരു ശ്രമം നടത്തിയില്ലെന്നുള്ളതു വളരെ ശ്രദ്ധേയമാണ്. കേരളത്തിൽ കഴിഞ്ഞ നാലുവർഷമായി ആർക്കും വേണ്ടാത്ത—രക്ഷാകർത്താവില്ലാത്ത ഒരു ഗവൺമെന്റ്, ജനങ്ങൾക്കെതിരായി ദിനമെന്നോണം ജനദ്രോഹ നടപടികളുമായി മുന്നോട്ട് പോകുന്ന ഒരു ഗവൺമെന്റ്—ആ ഗവൺമെന്റ് അധികാരത്തിൽനിന്ന് പുറത്തുപോകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇവിടെ ഗവൺമെന്റിന്റെ നയങ്ങളെ സംരക്ഷിക്കാതെ ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിച്ച സ്നേഹിതന്മാർ ചൂണ്ടിക്കാണിച്ചത് രാഷ്ട്രീയമായി അവർ ചെയ്യുന്നതു ശരിയാണെന്നാണ്. വർഗ്ഗീയ ശക്തികളുടേയും പ്രാദേശിക ചിന്താഗതിക്കാരുടേയും, തട്ടുവരയിലെ ഒരേകാന്ത തടവുകാരനായി കോൺഗ്രസ്സ് പാർട്ടി മാറിയിരിക്കുകയാണ്. കോൺഗ്രസ്സ് പാർട്ടിയുടെ പ്രസിഡന്റ് ശ്രീ. പത്മരാജന് ഇങ്ങനെയൊരു അവിശ്വാസപ്രമേയമുള്ളതുകൊണ്ട് പ്രസംഗിക്കാൻ കഴിഞ്ഞുവെന്നത് ഒരു നേട്ടമായി ഞാൻ കാണുന്നുണ്ട്. അദ്ദേഹം ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് ചില പ്രസ്താവനകൾ നടത്തുകയുണ്ടായി. ആരുമായും എപ്പോഴും, എങ്ങിനെയും കൂട്ടുകൂടാമെന്ന് കോൺഗ്രസ്സ് പറഞ്ഞിട്ടുണ്ടത്രെ. കെ. പി. സി. സി. പ്രസിഡന്റിന്റെ പ്രസ്താവന എല്ലാ കോൺഗ്രസ്സുകാരും മുഖവിലയ്ക്കെടുക്കുമോ എന്നെനിക്ക് സംശയമുണ്ട്. അങ്ങനെ മുഖവിലയ്ക്കെടുക്കുമെങ്കിൽ ബോംബെ എ. ഐ. സി. സി. സമ്മേളനത്തിൽ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. രാജീവ് ഗാന്ധിയുടെ പ്രസംഗവും ഇവിടത്തെ കെ. പി. സി. സി. പ്രസിഡന്റിന്റെ പ്രസംഗവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? വർഗ്ഗീയവാദികളുടെ പിന്തുണയോടുകൂടിയല്ലാതെ, പ്രാദേശിക കക്ഷികളുടെ പിന്തുണയോടുകൂടിയല്ലാതെ അരനാഴികനേരം അധികാരത്തിലിരിക്കുവാൻ കഴിയാത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറാണ് ഈ സംസ്ഥാനത്തുള്ളത്. കോൺഗ്രസ്സിന്റെ ദേശീയ പാരമ്പര്യത്തെക്കുറിച്ചൊക്കെ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ഇന്ത്യാരാജ്യത്ത് വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടിയുള്ള നടപടികളെ സ്വീകരിക്കുന്നതിൽ കോൺഗ്രസ്സ് പുറകിലാണെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? പഞ്ചാബ് പ്രശ്നത്തിന്റെ പിന്നിൽ ആരാണുള്ളത്? വർഗ്ഗീയത കുത്തിപ്പൊക്കി നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കുമെതിരായ ഒരു സമരമാക്കി അതിനെ വളർത്തിയെടുക്കുന്നതിൽ ഗണ്യമായ സംഭാവന നൽകാൻ കഴിഞ്ഞ ദേശീയ രാഷ്ട്രീയപാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. പഞ്ചാബ് പ്രശ്നത്തിൽ പരിഹാരമുണ്ടാക്കിക്കഴിഞ്ഞതിനുശേഷം ആ പഞ്ചാബ് കരാർ നടപ്പിലാക്കുന്നതിനെതിരായി നിൽക്കുന്നത് പ്രതിപക്ഷത്തുള്ള യാതൊരു രാഷ്ട്രീയ കക്ഷിയുമല്ല, നിങ്ങളുടെ കോൺഗ്രസ്സ് മാത്രമാണ്. ഹരിയാനയിലെ മുഖ്യമന്ത്രിയെ മാറ്റി. അദ്ദേഹം കോൺഗ്രസ്സുകാരൻ അല്ലേ? പുതിയ മുഖ്യമന്ത്രിയെവച്ച് പഞ്ചാബ് കരാർ നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞോ? പഞ്ചാബ് കരാർ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. പഞ്ചാബ് കരാർ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ആസ്സാമിൽ നിങ്ങൾ ലാൽഡങ്കെയുമായി പുതിയ കരാറുണ്ടാക്കി. ലാൽഡങ്കെ പറഞ്ഞിട്ടുണ്ട് പഞ്ചാബിൽ കളിച്ചകളി എന്നോട് പറ്റുകയില്ലെന്ന്. ഈ കരാർ നടപ്പിലാക്കിയില്ലെങ്കിൽ വച്ച ആയുധം ഞാൻ വീണ്ടും എടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ ദേശീയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ കഴിവില്ലാത്ത ഒരു ദേശീയ രാഷ്ട്രീയ പാർട്ടിയാണ് ഇവിടെ ഭരിക്കുന്നത്. അതും പാളിച്ചകളുടെ ഫലമായി. ഇന്ത്യാരാജ്യത്തിന്റെ രാഷ്ട്രീയത്തിൽത്തന്നെ വളരെയേറെ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഈ കേരളത്തിന്റെ നാലതിർത്തിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് വർഗ്ഗീയതക്കെതിരായി സംസ്കാരിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന കാര്യം ഞങ്ങൾ മനസ്സിലാക്കുന്നു. വർഗ്ഗീയ രാഷ്ട്രീയ കക്ഷികളുടെ സ്വാധീനത്തിനുവഴങ്ങി നിങ്ങൾ എന്തെല്ലാമാണ് ഇവിടെ കാട്ടിക്കൂട്ടുന്നത്.

കുവൈറ്റുകാരെക്കുറിച്ചു പറഞ്ഞു. അനഭിമതരായ കുവൈറ്റികളുടെ കേരള സന്ദർശനത്തെക്കുറിച്ചന്വേഷണം നടത്തുമെന്ന് ഈ സംസ്ഥാന നിയമസഭയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ്. ആ അന്വേഷണം എവിടെവരെയായി? അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തിന്റെ കാലാസ് എവിടെവരെയായി? ആ ഫയൽ എവിടെയെത്തി? ആ അന്വേഷണം പൂർത്തിയാക്കുന്നതിനുമുമ്പ് ആ കുറ്റവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിങ്ങൾ സർവ്വീസിൽ തിരിച്ചെടുത്തില്ലേ? ആ കേസ്സിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നുകണ്ട് സസ്പെൻറ് ചെയ്ത ഇൻറലിജൻസ് ഹെഡ്കാർട്ടേഴ്സ് ഡി.എസ്.പി., ബി. കൃഷ്ണൻകുട്ടിയുടെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുത്തില്ലേ? ജൂലായ് മാസം 31-ാം തീയതി റിട്ടയർ ചെയ്യുന്ന ആളായതുകൊണ്ട് ആ ഡി. എസ്. പി.ക്ക് കഴിഞ്ഞ ക്യാബിനറ് അന്വേഷണം നടത്തുമെന്നു. ഐ. പി. എസ്. റാങ്കു കൊടുത്തു. കുവൈറ്റ് പ്രശ്നത്തെപ്പറ്റി അന്വേഷണം നടത്തുമത്രെ. അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കണ്ടതിന്റെപേരിൽ സസ്പെൻറ് ചെയ്ത ഉദ്യോഗസ്ഥനെ ഐ.പി.എസ്. കൊടുത്ത് തിരിച്ചെടുത്തിരിക്കുകയാണ്. ഹോം ഡിപ്പാർട്ടുമെൻറിൽ സർക്കുലർ അയച്ചില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധിയെ വർഗ്ഗീയവാദിയായി ചിത്രീകരിച്ച ഖാലിഫ് സാബിർ എഡിറ്റർചെയ്തിട്ടുള്ള 'The Muslim of India' എന്ന പ്രസിദ്ധീകരണം, ഇന്ത്യാഗവൺമെന്റ് നിരോധിച്ച ആ പ്രസിദ്ധീകരണം കേരളത്തിലൊരിടത്തും കണ്ടുപോകരുതെന്നുപറഞ്ഞ് ഇവിടത്തെ ഹോം ഡിപ്പാർട്ടുമെന്റ് ഒരു സർക്കുലർ അയച്ചതാണ്. ആ പ്രസിദ്ധീകരണം ആരുടേതാണു സർ? അൽ-റഫായി ചെയർമാനായുള്ള വേൾഡ് മുസ്ലീം മൈനോറിറ്റി കമ്മീഷന്റെ ഉടമസ്ഥതയിലുള്ളതാണ് ആ പ്രസിദ്ധീകരണം. ഇവിടെയെത്തിയ കുവൈറ്റ് പൗരന്മാർക്ക് അദ്ദേഹവുമായുള്ള ബന്ധത്തെക്കുറിച്ച് കേരളത്തിലെ ഹോം ഡിപ്പാർട്ടുമെന്റിന് അറിയില്ലെന്നു പറയുവാൻ കഴിയുമോ? നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ അറിവോടും സമ്മതത്തോടുംകൂടി രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറായിട്ടുള്ള ആളുകൾക്ക് സഹായം ചെയ്യുന്ന ഒരു ഗവൺമെന്റാണു സർ, ഈ സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്നത്. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി ഇവിടെ ചോദിച്ചു പഴയകാര്യങ്ങളല്ലാതെ പുതിയ കാര്യങ്ങളൊന്നും പറയാനില്ലേയെന്ന്. ഇതൊക്കെ ലഘുവായി കാണാൻ കഴിയുമോ? നമ്മുടെ രാജ്യത്തിന്റെ ദേശീയ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഈ കാര്യങ്ങൾ ലളിതമായി കാണാൻ കഴിയുകയില്ല. അതുകൊണ്ടാണ് ഇതിന് പ്രാധാന്യമുണ്ട് എന്നു പറയുന്നത്. കേരളത്തിലെ കോൺഗ്രസ്സുകാരെ സംബന്ധിച്ചിടത്തോളം അവർക്ക് എങ്ങിനെയെങ്കിലും അധികാരത്തിൽ ചടഞ്ഞുകൂടിയിരിക്കുന്നതിനു വേണ്ടി എന്തു വിട്ടുവീഴ്ചയും ചെയ്യാൻ അവർ തയ്യാറാകുമെന്നുള്ളതിന്റെ ഉദാഹരണമാണ് സർ, ഇന്നത്തെ കെ. പി. സി. സി. പ്രസിഡന്റിന്റെ പ്രസംഗം. ഞാനത് ഗൗരവമായിട്ട് എടുക്കുന്നില്ല. കാരണം രാജീവ് ഗാന്ധിപോലും അദ്ദേഹത്തെ ഗൗരവമായിട്ട് കാണുന്നില്ലല്ലോ? അദ്ദേഹം കെ. പി. സി. സി. പ്രസിഡന്റിനെ രാഷ്ട്രീയ ചർച്ചയ്ക്ക് വിളിക്കുന്നതിനുപകരം രമേശ് ചെന്നിത്തലയെ ചർച്ചയ്ക്ക് വിളിച്ച് ചർച്ചയൊക്കെ പൂർത്തിയാക്കിയിരിക്കുകയാണ്. എന്തിനാണു സർ, ഇങ്ങനെ ഉരുളി പണയംവച്ചതുപോലെ കെ.പി. സി.സി പ്രസിഡന്റ് ഇരിക്കുന്നത്. പുതുതായി വാങ്ങിയ 25 ലക്ഷം രൂപയുടെ പുതിയ കെട്ടിടത്തിന്റെ മോന്തായത്തിൽ അദ്ദേഹത്തിന് കെട്ടിത്തൂങ്ങിചത്തുകൂടെ? ശ്രീ. ഹസ്സൻ വളരെ ആവേശത്തോടുകൂടി ഇവിടെ പ്രസംഗിച്ചു. ജീവനാംശ നിയമമുള്ളതുകൊണ്ട് ഹസ്സന് വളരെയടുത്ത നാളിൽതന്നെ ജീവനാംശത്തിനുവേണ്ടി കരുണാകരനെതിരായിട്ട് കേസ്സു കൊടുക്കാൻപോകുന്ന കാലം വരാൻ പോകുകയാണ്. ഉമ്മൻചാണ്ടി എവിടെ സർ? അദ്ദേഹം വ്യക്തിപരമായ ചില കാരണങ്ങളാൽ രാജിവച്ചു. എന്റെ അടുത്ത സുഹൃത്തായതുകൊണ്ട് എന്തെങ്കിലും അസുഖമുണ്ടോയെന്ന് അദ്ദേഹത്തോടു ചോദിച്ചു. ഒരസുഖവും അദ്ദേഹത്തിനില്ല, പക്ഷേ മിണ്ടാൻ പാടില്ലത്രെ?

സർ, അപ്പുറത്തിരുന്ന് അവിശ്വാസപ്രമേയത്തെ എതിർക്കുന്ന ഐക്യജനാധിപത്യമുന്നണിയിലെ ആളുകൾക്ക് വിശ്വാസത്തോടുകൂടി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ? അങ്ങനെ വിശ്വാസത്തോടുകൂടി പ്രവർത്തിക്കാൻ കഴിയുന്നില്ലായെന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ ഉണ്ട്. പ്രാദേശിക രാഷ്ട്രീയ കക്ഷികളുമായും വർഗ്ഗീയ കക്ഷികളുമായും നിങ്ങൾ കൂട്ടുണ്ടാക്കി. എൻ. ഡി. പി. ഇപ്പോൾ എവിടെയാണ്? എൻ. ഡി. പി. യുടെ മന്ത്രി രാജിവച്ചു. അവധിയെടുത്ത് നൈജീരിയയിൽ ജോലിക്കു പോയാലും തിരിച്ചു വരുമ്പോൾ പ്രവേശിപ്പിക്കും സർ. ഇവിടെ എൻ. ഡി. പി. മന്ത്രി അവധിയിലായിരുന്നു. എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോഴും എൻ. ഡി. പി.ക്ക് മന്ത്രി ഉണ്ടോ? അവസാനമിപ്പോൾ കർത്തായുടെ കണ്ണും രാമചന്ദ്രൻനായരുടെ മൂക്കും രാമചന്ദ്രൻപിള്ളയുടെ രൂപവുമുള്ള ഒരു എൻ. ഡി. പി. മന്ത്രിയെ നിർമ്മിക്കാൻവേണ്ടി കാനായി കുഞ്ഞിരാമന് ഓർഡർ കൊടുത്തിരിക്കുകയാണ്. അതാണ് എൻ. ഡി. പി. യുടെ മന്ത്രി. എസ്. ആർ. പി.യുടെ മന്ത്രിയോ? എസ്. ആർ. പി.യുടെ മന്ത്രിയും രാജിവച്ചു. മരിക്കുന്ന സമയത്ത് വിൽപ്പത്രമെഴുതുമെന്ന് കേട്ടിട്ടുണ്ട്. പക്ഷേ രാജിവയ്ക്കുമ്പോൾ ആരും വിൽപ്പത്രമെഴുതിയതായി കേട്ടിട്ടില്ല. എന്താണ് അദ്ദേഹത്തിന്റെ വിൽപ്പത്രം? അദ്ദേഹം കരുണാകരനോട് പറഞ്ഞു, ഇനി എസ്. ആർ.പി. യിലുള്ള ആരേയും മന്ത്രിയാക്കണ്ട, അഥവാ മന്ത്രിയാക്കുകയാണെങ്കിൽ ജനാർദ്ദനനെയാണ് ആക്കേണ്ടതെന്ന്. അത് വേറെ പ്രശ്നം. എന്തായാലും ശരി അദ്ദേഹം ഇനി ആരേയും മന്ത്രിയാക്കരുത്. ഐക്യജനാധിപത്യമുന്നണിയിലെ ഘടക കക്ഷികളെ ഈ വിധത്തിൽ യോജിച്ചാണ് മുന്നോട്ടു പോകുന്നത്.

ഇവിടെ പ്രതിപാദ്യമായ ചർച്ച നടന്നു. എന്താണ് സർ, പ്രതിപാദ്യമായ ചർച്ചയിലുണ്ടായ മാറ്റം? വയലാർ രവി പോയി, വയലാർ രവിയോടു പറഞ്ഞു, ആഭ്യന്തരവകുപ്പ് വിട്ടിട്ട് അനിമൽ ഹസ്ബൻഡറി കൊടുക്കാമെന്ന്. കൊള്ളാവുന്ന ഒരു വകുപ്പാണത്, മോശമാണെന്ന് എനിക്കഭിപ്രായമില്ല. പക്ഷേ ഇപ്പോൾ എന്തായി? പോമറേനിയനെ കൊടുത്ത് അംസേഷ്യനെ വാങ്ങിച്ചുവെന്നു പറഞ്ഞതു പോലെയായി ആഭ്യന്തര വകുപ്പിന്റെ കാര്യം. അതുപോലെതന്നെ ധനകാര്യ വകുപ്പുമന്ത്രിയെ മാറ്റി. ധനകാര്യ വകുപ്പുമന്ത്രി ഇങ്ങനെ പ്രവർത്തിക്കുന്നതുമൂലം മുഖ്യമന്ത്രിയുടെ ഇമേജ് നഷ്ടപ്പെടുന്നു. അതുകൊണ്ട് ധനകാര്യമന്ത്രിയെ മാറ്റിക്കളയാമെന്ന് തീരുമാനിച്ചു. പ്രതിപാദ്യമായ നന്നായില്ലേ സർ? അങ്ങനെ ഐക്യജനാധിപത്യ മുന്നണിയിലെ ഘടകകക്ഷികളെല്ലാം പരസ്പരം അങ്ങോട്ടുമിങ്ങോട്ടും മത്സരിച്ചു മത്സരിച്ച് മുന്നോട്ടു പോകുകയാണ്. സർ, പിശാചിനെക്കുറിച്ച് കേട്ടിട്ടുണ്ട്, പക്ഷേ പിടിവണ്ടി വലിക്കുന്ന പിശാചിനെക്കുറിച്ച് കേട്ടിട്ടില്ല സർ. ഈ ഗവൺമെന്റ് കഴിഞ്ഞ നാലു വർഷക്കാലമായി നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കെതിരായി നിരന്തരമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത് ശരിയാണ്.

അഴിമതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. അഴിമതിയെക്കുറിച്ച് ആരോടാണ് പരാതി പറയുന്നത്? പാവം പയ്യൻ ആന്റോയുടെ കാര്യം പരാതി പറയാമെന്നു വിചാരിച്ച് ഹസ്സന്റെ പാർട്ടിക്കാരെല്ലാംകൂടി ഡൽഹിയിൽ പോയി. ഡൽഹിയിൽ പോയപ്പോൾ അർജ്ജുൻസിംഗിനോടാണ് പരാതി പറയുന്നത്. അദ്ദേഹമാണെങ്കിലോ മദ്ധ്യപ്രദേശ് കോടതിയിൽ 50 കോടിരൂപയുടെ വേറെ ഡിസ്റ്റിലറി കേസ്സുള്ള വ്യക്തിയാണ്.

ഇവിടെ പാവം പയ്യന്റെ കാര്യം പരാതി പറയാൻ അർജ്ജുൻസിംഗിന്റെയടുത്ത് പോകുക. വിദേശബന്ധത്തെക്കുറിച്ച് കേന്ദ്രത്തിൽ പറഞ്ഞിട്ടെന്താ കാര്യം? വിദേശികളെ സഹായിക്കുന്നതിന്റേയും വിദേശബന്ധത്തിന്റേയും കാര്യം പറയുമ്പോൾ രാജിവ്ഗാന്ധിയോടുവേണം പരാതി പറയാൻ. കാരണം അദ്ദേഹത്തിന് ഇപ്പോഴുംതന്നെ ഒരു ഇറാലിയൻ കൊളാബറേഷനുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നമ്മുടെ ജനങ്ങളുടെ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ കഴിയാത്ത, ഒരു ഗവൺമെന്റിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ തുടരാൻ അവകാശമില്ലായെന്നുള്ളതുകൊണ്ടാണ്. ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. രാജ്യദ്രോഹികൾക്കെതിരായി അവരെ ബഹിഷ്ക്കരിക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചപ്പോൾ ആരാണ് രാജ്യദ്രോഹിയെന്ന് പി. സി. ജോർജ് ചോദിക്കുകയാണു സർ. ഞാനും പി. സി. ജോർജ്ജും വളരെയടുത്ത സുഹൃത്തുക്കളാണ്. അദ്ദേഹത്തിന് ഈ അടുത്ത കാലത്താണ് ബാലകൃഷ്ണപിള്ളയെക്കുറിച്ചുള്ള അഭിപ്രായം മാറിയതെന്ന് എനിക്ക് നല്ലതുപോലെ അറിയാം. ഏറെറവും അടുത്ത നാളുകളിലാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബാലകൃഷ്ണപിള്ള മോശമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞങ്ങൾ രണ്ടു പാർട്ടിയായിരുന്നപ്പോൾ അദ്ദേഹത്തോട് അത്രവലിയ സുഖമൊന്നുമില്ല. ഇപ്പോൾ എനിക്ക് വലിയ സന്തോഷമാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ സ്റേറ്റ്മെന്റ് അദ്ദേഹം അംഗീകരിച്ചതുകൊണ്ട് ഞാൻ ഇനി വേറൊന്നും പറയേണ്ട കാര്യമില്ല. അങ്ങനെ ബാലകൃഷ്ണപിള്ള പ്രശ്നം ഉണ്ടായി. അദ്ദേഹം പ്രസംഗിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ചാണ് തർക്കം. സർ, ഇവിടെ അതിനെക്കുറിച്ച് ലാ സെക്രട്ടറി പരിശോധിച്ചു, എന്താണ് പരിശോധനാ റിപ്പോർട്ട് എന്നറിയില്ല. ജസ്റീസ് മാത്യു പരിശോധിച്ചു. ആ പരിശോധനാ റിപ്പോർട്ടും എന്താണെന്നറിയില്ല. അവസാനം ജസ്റീസ് ജാനകിയമ്മയെ പരിശോധിക്കാൻ ഏൽപ്പിച്ചു. കുമാരി ജാനകിയമ്മ ബാലകൃഷ്ണപിള്ളയെ പരിശോധിച്ചതിനുശേഷം മുഖ്യമന്ത്രിയോടു പറഞ്ഞു. സർ, "കൊള്ളാം കുഴപ്പമില്ലാ" യെന്ന്. അങ്ങനെ പറഞ്ഞു കഴിഞ്ഞശേഷം ബാലകൃഷ്ണപിള്ളയെ വീണ്ടും മന്ത്രിസഭയിലെടുത്തു. ഇതിനുമുമ്പ് രണ്ടു പരിശോധനകൾ നടന്നിട്ടുണ്ട്. ആ രണ്ടു പരിശോധനകളുടെ റിപ്പോർട്ട് ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കാൻ തയ്യാറാകുമോ സർ? അതിനു മുമ്പുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചാൽ ഇപ്പോഴുള്ള പരിശോധനകളുടെ റിപ്പോർട്ടുംകൂടി വച്ചാൽ മാത്രമല്ലേ സർ, കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഇതൊന്നുമില്ലാതെ താൽക്കാലികമായ താല്പര്യങ്ങൾക്കുവേണ്ടി അധികാരത്തിൽ ചടഞ്ഞു കൂടുന്നതിനു വേണ്ടി ഒരുമിച്ചു കൂടുന്ന ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അവകാശമില്ലായെന്നതുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഒരിക്കൽകൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എ. സി. ജോസ്: സർ, ഞാൻ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ശക്തിയുക്തം എതിർക്കുന്നുവെന്നുപറയാൻ എനിക്ക് ആഗ്രഹമില്ല. കാരണം വളരെ ദുർബലമായ ആരോഗ്യമില്ലാത്ത ഒരു പ്രമേയം അവതരിപ്പിച്ചിരിക്കുമ്പോൾ ഒന്നെതിർത്താൽ മതിയല്ലോയെന്നു കരുതിയിട്ടാണ് ശക്തിയുക്തമെന്നു പറയാത്തത്. "പട പേടിച്ച് പന്തളത്തുചെന്നപ്പോൾ അവിടെ പന്തംകൊളുത്തി പട" എന്ന സ്ഥിതിയാണു സർ, ബഹുമാനപ്പെട്ട നായനാരുടെ സ്ഥിതി. ഇവിടെ അവിശ്വാസപ്രമേയം ബഹുമാനപ്പെട്ട എം. വി. രാഘവനെ പേടിച്ചിട്ടാണ് പന്തവും കൊളുത്തി പട പേടിച്ച് ഇങ്ങോട്ടുവന്നത്. ഇത്രയും വലിയ അപകടം ഇതിനുണ്ടാകുമെന്ന് ബഹുമാനപ്പെട്ട നായനാർ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കുകയില്ലായിരുന്നു. ശരിക്ക് പന്തവും

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളുത്തി പട തന്നെയാണു സർ, ഇവിടെ. ഇവിടെ ഇൻഡ്യൻ കമ്മ്യൂ ണിസ്റ്റ് പ്രസ്ഥാനം ഇൻഡ്യയിൽ ഭൂജാതമായ അന്നുമുതൽ അത് പൊട്ടിത്തെറിക്കാൻ തുടങ്ങുന്ന ഒരു രാഷ്ട്രീയ അഗ്നിപർവ്വതമായി രുന്നു സർ. സാധാരണ 50 വർഷം കൂടുമ്പോഴാണു സർ നമ്മുടെ ചരിത്രത്തിൽ അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിക്കുകയെന്നാണ് കേൾക്കുന്നത്. പക്ഷേ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന അഗ്നിപർവ്വതം ഏതാണ്ട് പ്പത്തിരുപതു കൊല്ലം കൂടുമ്പോൾ പൊട്ടി ത്തെറിച്ച് അരികത്തുള്ളതും അകലത്തുള്ളതുമായ എല്ലാത്തിനേയും നശിപ്പിക്കുന്ന ലാവ പൊട്ടിയൊഴുകും.

സർ, 1921-ലാണ് ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാന മുണ്ടാക്കുന്നതിനുവേണ്ടി ഇൻഡ്യയിലെ ഏറ്റവും വലിയ
2 P.M.] കമ്മ്യൂണിസ്റ്റ് നേതാവായ സഖാവ് എം. എൻ. റോയിയെ കൊമ്മിന്റേറാൺ ഇൻഡ്യയിലേക്ക് നിയമിച്ചത്. അദ്ദേഹം 8 വർഷക്കാലം ഇൻഡ്യയിൽ അഹോരാത്രം പണിയെടുത്ത് കമ്മ്യൂ ണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുത്തു. ആ കമ്മ്യൂണിസ്റ്റ് പ്രസ്ഥാന മെന്ന അഗ്നിപർവ്വതം 1929 ആയപ്പോൾ ആദ്യമായി പൊട്ടിയൊലിച്ച് ആ ലാവയിൽ എം. എൻ. റോയ് ഒലിച്ചുപോയി, കത്തി ചാമ്പലായി. അതുകഴിഞ്ഞ് പിന്നേയും അന്തരാഷ്ട്രബന്ധങ്ങളുടെ പേരിൽ വില പേശലും ആദർശങ്ങളുടെ പേരിൽ ദൃഢതയില്ലായ്മയും കലഹവും രേണനേതൃത്വത്തിനുവേണ്ടിയുള്ള ഒച്ചപ്പാടും ഒന്നിച്ചുചേർന്ന് അഗ്നി പർവ്വതം പുകഞ്ഞു. അവസാനം 1964-ൽ അഗ്നിപർവ്വതം പിന്നേയും പൊട്ടി. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പൊട്ടിത്തെറിച്ച അവസരത്തിൽ അന്നുണ്ടായത് എന്താണെന്നറിയാമോ? "തലയിൽ വച്ചാൽ പേനരിക്കും തറയിൽ വച്ചാൽ ഉറുമ്പരിക്കും" എന്നുപറഞ്ഞ് തൊഴിലാളികളെ കൊണ്ടുനടന്ന ശ്രീ. ആർ. സുഗതൻ, ശ്രീ. എസ്. എ. ഡാങ്കേ, ശ്രീ. എം. എൻ. ഗോവിന്ദൻ നായർ, ശ്രീ. ടി. വി. തോമസ് എല്ലാവരും ആ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ലാവയിൽ കത്തി ചാമ്പലായി. അതുകഴിഞ്ഞ് കൃത്യം 22 വർഷം കഴിഞ്ഞപ്പോൾ അഗ്നിപർവ്വതം പിന്നെയും പൊട്ടിത്തെറിക്കുകയാണ്. വ്യക്തി വിരോധത്തിന്റെ പേരിൽ ആദർശകാലുഷ്യംകൊണ്ട് തിളച്ചുമറിയലിന്റെ പേരിൽ ആ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് സഖാവ് എം. വി. രാഘവൻ ചാമ്പലാകുന്നു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: സർ, അങ്ങ് പറഞ്ഞുപറഞ്ഞ് പറച്ചി പെറ പന്തിരുകുലം പോലെ കമ്മ്യൂണിസ്റ്റ് പാർട്ടി ആയി എന്നാണോ പറയുന്നത്.

ശ്രീ. എ. സി. ജോസ്: സർ, ആ ലാവയിൽ എം.വി. രാഘവൻ ഒലിച്ചുപോയി. വാസുദേവമേനോനും, ചക്രപാണിയും ഒലിച്ചു പോകുന്നു. ഇനി അപ്പുറത്തുള്ളവരാരെല്ലാം ഒലിച്ചുപോകും; തീക്കട്ട കളായി, ചാമ്പലായിത്തീരുമെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. നിങ്ങളാണ് പരസ്പരം സംശയിക്കുന്നത്. ആരെല്ലാം പോയാലും...

.....

ശ്രീ. ടി. എസ്. ജോൺ: സർ, ആ ലാവയിൽ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും കെ. ആർ. ഗൗരിയുമൊക്കെയാണോ ഒലിച്ചുപോകുന്നത് എന്നതിനെക്കുറിച്ച് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: അവരുമാത്രം കട്ടപോലെ അവിടെ നിന്നേക്കും. ഒരുപക്ഷേ നായനാർ ഒലിച്ചുപോകും. ആ പൊട്ടിത്തെറിയുടെ പുകയുടെ ദുർഗന്ധമാണ് ഇവിടെ അവിശ്വാസപ്രമേയമായി വന്നിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഇപ്പോഴും ആകാശവാണി ഒരുതരം പരസ്യവാണിയാണ്. രാത്രി പത്തുമണി കഴിയുമ്പോഴും അതിൽ ഒരു പരസ്യമുണ്ട്. "അടുത്തടുത്തുള്ള പ്രസവം അമ്മയുടെ ആരോഗ്യ അപകടത്തിലാക്കും, അതുകൊണ്ട് ഏതെങ്കിലും കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിക്കണം." സർ, ഇവിടുത്തെ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതിയും അതാണ്. മല്ലീശ്വരന്റെ ഒടിഞ്ഞ വില്ല് എന്ന് ഒരിക്കൽ പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞിട്ടുണ്ട്. അതു പോലെ ഒടിഞ്ഞ വില്ലാണ് അപ്പുറത്തുള്ളത്. നിങ്ങൾ കൂടുതൽ പിളർന്ന് മറ്റൊരു ഗർഭം ധരിക്കാതിരിക്കാൻ വേണ്ടി, അണികളെ തൃപ്തിപ്പെടുത്താൻ വേണ്ടി മാതാവിന്റെ ആരോഗ്യം രക്ഷിക്കാൻ വേണ്ടി കൊണ്ടുവന്ന കുടുംബാസൂത്രണമാർഗ്ഗമാണ് ഈ അവിശ്വാസപ്രമേയം. അല്ലെന്നുപറയാൻ നിങ്ങൾക്ക് കഴിയുമോ? ഇന്ന് ഇവിടെ ശ്രീ. ഹസ്സൻ പറഞ്ഞു ഈ അവിശ്വാസപ്രമേയം ഈ ഗവൺമെന്റിനെതിരായിട്ടല്ല കൊണ്ടുവന്നത്, ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പുകഞ്ഞു കൊണ്ടിരിക്കുന്ന പരസ്പരമുള്ള അവിശ്വാസത്തിന്റെ ബഹിർസ്ഫുരണമാണ് എന്ന്. ഒരു കാര്യം ബഹുമാനപ്പെട്ട സഭയ്ക്ക് അറിയാമോ എന്നറിഞ്ഞുകൂടാ. ഇന്നലെ മുതൽ മൂന്നുദിവസം കൂടാനിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി രണ്ടുദിവസം കഴിഞ്ഞപ്പോൾ പിരിച്ചുവിട്ടു. കാരണം എനിക്ക് അറിഞ്ഞുകൂടാ. പരസ്പരം സംശയമാണ്. ചർച്ച ചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ബാക്കി കാര്യങ്ങളെല്ലാം സെക്രട്ടേറിയറ്റിനെ ഏല്പിച്ചുവിട്ടിരിക്കുകയാണ്. ഈ സഭ മനസ്സിലാക്കേണ്ടത് വേറെയൊരു കാര്യമാണ്. ഈ സഭയിൽ ഒരു വാച്ച്ഡോഗ് കമ്മിറ്റിയുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയും കോടിയേരി ബാലകൃഷ്ണനും ജിനദേവനും അങ്ങനെ ഒരു വാച്ച്ഡോഗ് കമ്മിറ്റിയുണ്ട്. പുറകിലിരിക്കുന്ന പല മാർക്സിസ്റ്റ് എം. എൽ. എ. മാരും പരോളിലാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, കോടിയേരി ബാലകൃഷ്ണനെ വാച്ച് ചെയ്യാൻ വേറെ ഡോഗ് വേണ്ടിവരും.

ശ്രീ. എ. സി. ജോസ്: കോടിയേരി ഇപ്പോൾ എം. വി. രാഘവനെ തള്ളിപ്പറയാൻ കാരണം അദ്ദേഹത്തിനെ പാർലമെന്ററി പാർട്ടിയുടെ ഔദ്യോഗിക ഭാരവാഹിയാക്കിയതുകൊണ്ടാണ്. അതുകൊണ്ടണ്ണാ അദ്ദേഹം ഇപ്പോൾ ആത്മാർത്ഥമായി നിൽക്കുന്നത്. പുറകിലിരിക്കുന്ന ഇ. പത്മനാഭൻ അടക്കമുള്ളവരെ വാച്ച് ചെയ്യാൻ ശ്രീമതി കെ. ആർ. ഗൗരിമാർക്കുമായിട്ടിരിക്കുകയാണ്; മാർക്ക് എത്രയുണ്ട് എന്ന് അറിയാൻ വേണ്ടി പരസ്യമായി ചർച്ച ചെയ്യാൻ പറ്റാത്ത രീതിയിൽ ഉള്ള രഹസ്യമായ ഗൂഢാലോചനയാണ് അതിന്റെയകത്തു നടക്കുന്നത്. നമ്മുടെ നാട്ടിൽ പറയും "ആർക്കാനുംവേണ്ടി ഓക്കാനിക്കുക" എന്ന്. ഈ അവിശ്വാസപ്രമേയം തന്നെ അതല്ലേ. എം. വി. രാഘവൻ അവിശ്വാസപ്രമേയം കൊണ്ടുവരാൻ പോയപ്പോൾ എന്നാൽ ഞങ്ങളും ഒന്ന് ഓക്കാനിച്ചുകളയാം എന്ന് കരുതിയിട്ട് പ്രതിപക്ഷനേതാവ് കൊണ്ടുവന്നതല്ലേ ഈ അവിശ്വാസപ്രമേയം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട നായനാർ പാർട്ടിയോട് ആലോചിക്കാതെയാണ് ഈ അവിശ്വാസപ്രമേയം കൊണ്ടു വന്നിരിക്കുന്നത്. ഇ.എം.എസ്സും, സഖാവ് അച്യുതമേനോനും കഴിഞ്ഞ രണ്ടുവർഷമായി തുടർച്ചയായി പറഞ്ഞത്, ഈ ഗവൺമെൻറിനെ ഞങ്ങളം മറച്ചിടുകയില്ല എന്നാണ്. ഞങ്ങളം ഒരു ഞൊടി ഞൊടിച്ചാൽ കരുണാകരൻ ഗവൺമെൻറ് വീഴും. 1985 സെപ്തംബർ മാസം 16-ാം തീയതി ഇ. എം. എസ് കണ്ണൂരിൽ പ്രസംഗിച്ചത് എന്താണെന്നറിയാമോ? കരുണാകരൻ ഭരണകൂടം 5 വർഷക്കാലം ഇവിടെ ഭരിച്ച് ചീഞ്ഞുനാറി നശിച്ച്, ജനങ്ങളുടെ പിന്തുണയില്ലാതെ താഴെ വീഴും, അല്ലാതെ ഞങ്ങളായിട്ട് ഒന്നും ചെയ്യുകയില്ല എന്ന് അദ്ദേഹം പറഞ്ഞു. ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതിൽ മൂന്നുദ്ദേശ്യങ്ങളം ഇവിടെ പ്രസക്തമാണ്. പ്രതിപക്ഷനേതാവ് അതിനു മറുപടി പറയണം. ഒന്നുകിൽ ഈ ഗവൺമെൻറിനെ തൊടുന്നതു നല്ലതല്ലെന്ന് പാർട്ടി തീരുമാനത്തിലെത്തിയോ എന്ന് പറയണം. അതല്ലെങ്കിൽ ഈ ഗവൺമെൻറ് ഇവിടെയിരുന്ന് ചീഞ്ഞുനാറുന്നില്ല, അത് വളർന്ന് വലുതാകുന്നു, അത് വിജയമകുടം ചൂടുന്നു, ഞങ്ങൾക്ക് ക്ഷമിക്കാൻ കഴിയുന്നില്ല, അതുകൊണ്ട് അവിശ്വാസപ്രമേയം കൊണ്ടുവരുന്നുവെന്ന് പറയണം. അതുമല്ലെങ്കിൽ അച്യുതമേനോനേയും ഇ. എം. എസ്സിനേയും നിലപാടിനെതിരെ എം.വി. രാഘവനും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന കുറേയാളുകളും കൂടി നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് അവിശ്വാസപ്രമേയം. ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രഖ്യാപിത ലക്ഷ്യങ്ങൾക്കെതിരാണ്. ഇന്നും ഇ. എം. എസ്. പറഞ്ഞിട്ടില്ല ഈ ഗവൺമെൻറിനെതിരായി ഞങ്ങൾ നിൽക്കുമെന്ന്. ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത് ഒരു വ്യക്തമായ ഗൂഢാലോചനയുടെ ഫലമായിട്ടാണ്. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ ഇന്നുവരെ ഞങ്ങളെല്ലാം മനസ്സിലാക്കിയത് സി.പി.ഐ.യിലെ നേതാക്കൻമാർ ഇൻഡ്യയിലെ ഭരണാധികാരി വർഗ്ഗത്തോട് ഭൃത്യവേല നടത്തുന്നു, അതുകൊണ്ട് ഞങ്ങൾ പിളരുന്നു എന്നാണ്. അച്യുതാനന്ദൻ രണ്ടുദിവസം മുമ്പ് കേരള ശബ്ദത്തിൽ ഒരു ഇൻറർവ്യൂ നടത്തി. അതിൽ അദ്ദേഹം പറയുന്നു, 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടാകുകയും, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നും, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി എന്നും രണ്ടായി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. ആ ഭിന്നിപ്പിൻെറ അടിസ്ഥാനം ചൈനയും ഇൻഡ്യയും തമ്മിലുള്ള അതിർത്തി തർക്കമായിരുന്നു. അത് ബഹുമാനപ്പെട്ട നായനാരും ഗൗരിയമ്മയും അംഗീകരിക്കുന്നുണ്ടോ?

ഇവിടെ അനഭിമതരെക്കുറിച്ച് പറഞ്ഞു. ചൈന ഇൻഡ്യയെ ആക്രമിച്ചത് ശരിയാണോ തെറ്റാണോ എന്ന ന്യായവാദത്തെക്കുറിച്ചുള്ള തർക്കംമൂലമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പിളർന്നത്. ഇതിനെക്കുറിച്ച് നിങ്ങൾ എന്താണ് പറയുന്നത്? അങ്ങനെയെങ്കിൽ സ്വന്തം മാതൃരാജ്യത്തിൻെറ ഹൃദയത്തിനകത്ത് കത്തി കുത്തിയ ചൈനക്കാരൻ ചെയ്തത് ശരിയാണെന്ന് വാദിച്ച പാർട്ടിയിലുണ്ടായിരുന്നവരാണോ മുസ്ലീംലീഗിൻെറ ദേശാഭിമാനത്തെക്കുറിച്ച് ചോദ്യം ചെയ്യുന്നത്. ഇവിടെ ഒരു സിനിമ ഉണ്ടായിരുന്നതുപോലെ ഇ. എം. എസ്. എന്നും "ജയിക്കാനായി ജനിച്ചവനാണ്". 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ 31, 32 സെൻട്രൽ കമ്മിറ്റി അംഗങ്ങൾ ഇറങ്ങിപ്പോന്നു. അന്ന് ഇ. എം. എസ്. ഇറങ്ങിപ്പോന്നില്ല. അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തേയും ഇന്നത്തേയും നിലപാട് ഒന്നാണ്. അന്ന് അദ്ദേഹം പറഞ്ഞത് കോൺഗ്രസ്സുമായി അത്രമാത്രം വിരോധം ആവശ്യമില്ലെന്നാണ്. ഞാൻ വായിക്കുന്നത് "Revisionism and Dogmatism in the Communist Party of India", by Shri E. M. Sankaran Namboothiripad. അതിൽ അദ്ദേഹം പറയുന്നത്:

"It is therefore the key task of the party now to apply in practice and carry forward the line of unity.....
that the line which would keep the party to clear up the right opportunity; the line of Congress—Communist unity and the left sectarian line of refusal to form unity in action with Congressmen and Congress Committee; the line of unity on issues, but on general united front....."

ഇന്നദ്ദേഹം അവിടെത്തന്നെയാണ് നിൽക്കുന്നത്. ഇന്ന് അദ്ദേഹം പറയുന്നത് കോൺഗ്രസ്സിനോട് വിരോധമില്ല എന്നാണ്. അന്നും അദ്ദേഹത്തിന് വിരോധമില്ലായിരുന്നു. അദ്ദേഹം എന്നും നയിക്കാനായി ജനിച്ചവനാണ്. ആൾക്കൂട്ടമുണ്ടാകുമ്പോൾ അതിന്റെ മുമ്പിൽ കയറിനിൽക്കുന്ന ആളിനെപ്പോലെയാണ് അദ്ദേഹം. 1964-ൽ ബാസവപുന്നയ്യ പറയുന്നത് ഇ.എം.എസ്സ്. മാർക്സിസ്റ്റുകാരനല്ല, ഇ. എം. എസ്. ആ ലൈനിലെ ആളല്ല, അദ്ദേഹം അതിനോട് യോജിക്കുന്നയാളല്ല. അദ്ദേഹം കോൺഗ്രസ്സിനോട് യോജിച്ചു നിൽക്കണമെന്ന അഭിപ്രായക്കാരനാണ് എന്നാണ്. അതുതന്നെയാണ് ഇപ്പോഴത്തേയും സ്ഥിതി.

ഇവിടെ സി. പി. ഐ.യുടെ സ്ഥിതി എന്താണ്? സി.പി.ഐ. ഇപ്പോൾ തിരിഞ്ഞിരിക്കുകയാണ്. സി.പി.ഐ യുടെ ഗതി വളരെ കഷ്ടമാണ്. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കിടുമ്പോൾ നോക്കിനിൽക്കേണ്ടിവരുന്ന വീട്ടുവേലക്കാരന്റെ ഗതിയാണ് സി. പി. ഐ.ക്കുള്ളത്. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കിടുന്നു. ആരുടെ വശം പറഞ്ഞാലും പുറത്താക്കും. അവസാനം ശകുനായ ഭർത്താവ് പറയുന്നു എന്റെ ഭാഗം പിടിച്ചില്ലെങ്കിൽ നിന്നെ ഞാൻ ഇപ്പോൾ ചവുട്ടി പുറത്താക്കും എന്ന്. അതുപോലെയാണ് സി. പി. ഐ.യുടെ സ്ഥിതി. രണ്ടുദിവസം മുമ്പ് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞതിന് ഇന്ന് പി.കെ.വി. മറുപടി പറഞ്ഞു. ഞങ്ങളെ പുറത്തുവിട്ടാലും ശരി ഞങ്ങൾ ഈ നിലപാടല്ലാതെ വേറെയൊന്നും സ്വീകരിക്കുകയില്ല എന്ന്. ഇപ്പോൾ കാനം രാജേന്ദ്രൻ പറഞ്ഞു, ശ്രീ. രാജീവ് ഗാന്ധിക്ക് ഇറാലിയൻ കണക്ഷൻസ് ഉണ്ട്, കൊളാബറേഷൻ ഉണ്ട് എന്ന്, സോവിയറ്റ് കൊളാബറേഷനല്ലാതെ മറ്റ് ഏതെങ്കിലും കൊളാബറേഷൻ അപ്പുറത്തുണ്ടോ? കാട്ടായിക്കോണം ഇപ്പോൾ സോവിയറ്റ് കൊളാബറേഷനിൽ പോയിരിക്കുകയാണ്. കെ.പി. പ്രഭാകരന്റെ മകനും സോവിയറ്റ് കൊളാബറേഷനിലാണ്. സകലയാളുകളും സോവ്യറ്റ് കൊളാബറേഷനിലാണ്, അങ്ങനെ സോവിയറ്റ് കൊളാബറേഷനിൽ നിൽക്കുന്ന ആളുകളാണ് ഞങ്ങളെക്കുറിച്ച് കുറ്റം പറയുന്നത്. ആദർശ ദാരിദ്ര്യമുള്ള, പറയുന്നത് എന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത, ഇരുട്ടിൽ തപ്പിത്തടയുന്ന ആളുകളാണ് അവിടെയുള്ളത്. അഴിമതിയെക്കുറിച്ച് ആരോപണം പറയുന്നു. പറയുന്നതിൽ ക്ഷമിക്കണം. വൃദ്ധവേശ്യ മുഖം മിനുക്കുന്നു എന്നു പറയും. ഇപ്പോഴും ചന്ദനത്തിന്റെ മണമില്ലേ നിങ്ങൾക്ക്?

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ഏറണാകുളത്ത് അനുവദിച്ച ബാറുകളുടെ ലൈസൻസിനെക്കുറിച്ച് നിങ്ങളുടെ ഏകോപനസമിതി കൺവീനറുടെ കഥയെക്കുറിച്ച്, നിങ്ങൾക്ക് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട ശ്രീ. പത്മരാജൻ പറഞ്ഞതുപോലെ ഞാൻ ഒന്ന് പറയുന്നു, നിങ്ങൾ ഈ ആരോപണം നിറുത്തണം. സ്പെസിഫിക്കായിട്ട് പറയാനുള്ളത് പറയാൻ സാധിക്കണം.

ശ്രീമതി. കെ.ആർ. ഗൗരി: ഇടതുപക്ഷജനാധിപത്യമുന്നണി കൺവീനർക്ക് ബാർ ഇപ്പോഴെങ്ങാനും അനുവദിച്ചോ? ഏവിടെയാണ് ബാർ എന്ന് ഞങ്ങൾക്ക് ഒന്ന് അറിയാനാണ്.

ശ്രീ. എ. സി. ജോസ്: ഗൗരിയമ്മ അത് അങ്ങോരോടുതന്നെ ചോദിക്കുകയല്ലേ നല്ലത്? അതിനെക്കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ അത് വിശ്വസിച്ചിട്ട് പറയുകയല്ല. ഞാൻ പറഞ്ഞുവന്നത് അഴിമതിയെക്കുറിച്ച് പറയുമ്പോൾ പടുവൃദ്ധയായ വേശ്യ മുഖം മിനുക്കുന്നതുപോലെ ആരും അങ്ങനെ പൗഡറിട്ട് സോപ്പിട്ട് മുഖം മിനുക്കി, മുടികെട്ടിവച്ച് സുന്ദരിയായി ഇറങ്ങരുതെന്നാണ്. സർ, ഞാൻ അവസാനിപ്പിക്കുന്നു. നിങ്ങൾ എല്ലാവരും അപ്പുറത്തിരുന്നു പറഞ്ഞു, ശ്രീ. എം. വി. രാഘവനെ ഞങ്ങൾ കൊണ്ടുനടക്കുകയാണെന്ന്. എം.വി. രാഘവൻചെയ്ത പ്രവൃത്തിയിൽ ഖേദമുള്ളവരാണ് ഞങ്ങൾ. എന്തുകൊണ്ടാണെന്ന് പറയാം. ഇൻഡ്യയിൽ പ്രതിപക്ഷം ഇല്ലാത്തതിൽ വേദനിക്കുന്നവരാണ് ഞങ്ങൾ. ഇൻഡ്യയിൽ പ്രതിപക്ഷങ്ങൾ തകരുമ്പോൾ അത് ഞങ്ങളെ തകർച്ചയിലേക്ക് നയിക്കും. അല്ലെങ്കിൽ അത് ജനാധിപത്യത്തിന്റെ തകർച്ചയിലേക്ക് നയിക്കുമെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. ശക്തമായ പ്രതിപക്ഷമാണ് ആരോഗ്യപൂർണ്ണമായ ജനാധിപത്യത്തിന്റെ വളർച്ചക്ക് ആവശ്യം എന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട ഗൗരിയമ്മയെപ്പോലുള്ള നല്ല നേതാക്കൻമാർ അടങ്ങുന്ന മാർക്സിസ്റ്റ് പാർട്ടി അപ്പുറത്ത് കോട്ടപോലെ ഉറച്ചുനിൽക്കുന്നത് കാണുന്നതിൽ നിങ്ങളെ ഞങ്ങൾ വിമർശിക്കുമെങ്കിലും ഞങ്ങൾ വളരെ സംതൃപ്തരായിരുന്നു. ആ കോട്ടയും തകർന്നുവീണു. മറ്റ് പ്രതിപക്ഷങ്ങളെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. ബേബി ജോണിനെപ്പോലെത്തന്നെ ആരോഗ്യം നശിച്ച ആർ. എസ്. പി.യും, ഒന്നും പറയാൻ കഴിയാത്ത കോൺഗ്രസ്സ് (എസ്)ഉം, എങ്ങോട്ടാണ് പോകുന്നതെന്ന് അറിയാൻ പാടില്ലാത്ത ജനതയും അവരെ ഒന്നും ഞങ്ങൾ കാര്യമായി പറയുന്നില്ല. തോപ്പിൽ രവി പറയുന്നതുപോലെ കിണ്ടിയും കിണ്ണവും ഒന്നും ഞങ്ങൾ കണക്കിൽ കൂട്ടുന്നില്ല. നിങ്ങളെങ്കിലും ഉറച്ചുനിന്ന് കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിച്ചു. അശേഷം ദൂരക്കാഴ്ചയില്ലാതെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം തകർത്തുകൊണ്ട്, ഇടതുപക്ഷ പ്രസ്ഥാനം തകർത്തതിന് ഉത്തരവാദികൾ കമ്മ്യൂണിസ്റ്റുകാരാണ്. പരസ്പരം മത്സരിച്ച് ആരാണ് വലുത് എന്ന വിധത്തിൽ സംശയത്തിന്റെ തടവറയിൽ നിന്നു കൊണ്ട് അവതരിപ്പിച്ചിട്ടുള്ളതാണ് ഈ അവിശ്വാസപ്രമേയം. എനിക്ക് ഒന്നേ പറയാനുള്ളൂ. നാം ഒന്നിച്ചിരുന്ന് ആലോചിക്കേണ്ടതാണ്. ഈ അവിശ്വാസപ്രമേയം അനാവശ്യമാണ്, അനവസരത്തിലാണ്, അവസരോചിതമല്ല. ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയം ഇന്നാട്ടിലെ ജനങ്ങൾ, കേരളത്തിലെ ജനങ്ങൾ ചവറ്റുകുട്ടയിലേക്ക് തള്ളും. അതുകൊണ്ട് ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, പ്രതിപക്ഷനേതാവ് ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. ഇവിടെ സി. വി. പത്മരാജൻ തൊട്ട് നമ്മുടെ കാസ്റ്റിംഗ്കളി എ. സി. ജോസ്വരെ പ്രസംഗിച്ചതെല്ലാം ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ശ്രീ. പത്മരാജന്റെ പ്രസംഗം കേട്ടപ്പോൾ എന്റെ മനസ്സിൽ തോന്നിയത് ഒരു ചിത്രമാണ്. നമ്മുടെ രാജ്യത്ത് പണ്ടൊരു മജിസ്ട്രേട്ട് ഉണ്ടായിരുന്നു. നമഃശിവായം എന്നാണ് അദ്ദേഹത്തിന്റെ പേര്. നമഃശിവായം മജിസ്ട്രേട്ട് പ്രതിഭാഗവും വാദിഭാഗവും കേട്ടതിനുശേഷം പറയും, പ്രതി പറഞ്ഞതും ശരി, വാദി പറഞ്ഞതും ശരി. പക്ഷേ ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ഒരു വകുപ്പിലും പ്രതിയെ ശിക്ഷിക്കാനല്ലാതെ വിടാൻ പറഞ്ഞിട്ടില്ല എന്ന്. ആ നമഃശിവായം മജിസ്ട്രേട്ടിന്റെ ചിത്രമാണ് പത്മരാജന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് മനസ്സിൽ തോന്നിയത്. ആ നമഃശിവായം മജിസ്ട്രേട്ടാണോ ശ്രീ. പത്മരാജൻ? പത്മരാജന്റെ രാഷ്ട്രീയ നിഘണ്ടുവിൽ ഭരണാധികാരം ഇതല്ലാതെ മറ്റൊന്നുമില്ല. ഭരിക്കണം. ഭരണത്തിൽ തുടരുന്നതിന് എന്തെല്ലാം കാര്യങ്ങളുണ്ടോ അതെല്ലാം അദ്ദേഹം ആലോചിക്കും. ഞാൻ അതിൽ പത്മരാജനെ കുറ്റം പറയുന്നില്ല. പത്മരാജന്റെ അഖിലേന്ത്യ നേതാവ് ശ്രീ. രാജീവ് ഗാന്ധിയാണ് ഈ മാർഗ്ഗം ഇന്നും തെളിച്ചുകൊണ്ടിരിക്കുന്നത്. ഈ രാജീവ്ഗാന്ധി അടുത്ത കാലത്ത് ചെയ്തത് എന്താണ്? ഇൻഡ്യൻ ഭരണഘടനയ്ക്ക് വിരുദ്ധമായി, ഇൻഡ്യൻ ഭരണഘടനയെ വെല്ലുവിളിച്ചുകൊണ്ട് രാജ്യത്തിന്റെ അഖണ്ഡതയെ ചോദ്യം ചെയ്തുകൊണ്ട് ആയുധമേന്തിയ ലാൽഡംഗയുമായി ഒരു കരാർ ഉണ്ടാക്കുന്നതിനും അധികാരം പങ്കിടുന്നതിനും യാതൊരു മനഃസാക്ഷിക്കുത്തും രാജീവ്ഗാന്ധിക്ക് ഉണ്ടായില്ല. ഇപ്പോൾ കല്ലുകടിച്ചതുപോലെയാണ്. ലാൽഡംഗ അവിടെ നിന്നില്ല. അവിടെ നിന്നെല്ലാം പോയി കഴിഞ്ഞു. ഇതിൽ ഒട്ടും അതിശയിക്കാനില്ല. പഞ്ചാബിലെ തീവ്രവാദികളുമായി രാജീവ്ഗാന്ധി അധികാരം പങ്കിടുന്ന സാഹചര്യമുണ്ടാക്കിയാൽ ഒത്തുതീർപ്പ് ഉണ്ടാക്കിയാലും നമുക്ക് എങ്ങനെ പറയാൻ കഴിയും? അധികാരത്തിനുവേണ്ടി ആരുമായും കൂട്ടുകെട്ടുണ്ടാക്കുന്ന നയമാണ് ഇന്ന് പത്മരാജന്റെ പാർട്ടി സ്വീകരിക്കുന്നത്. ഇപ്പോഴും അത് തുടർന്ന് വരികയാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ആ നയം അംഗീകരിച്ചിട്ടില്ല. ഞങ്ങളാരും അധികാരത്തിന്റെ ശീതളച്ഛായയിൽ വളർന്നുവന്നവരല്ല. നിങ്ങൾ ഒരുകാര്യം മനസ്സിലാക്കണം. വേണമെങ്കിൽ കേന്ദ്രഗവൺമെന്റിൽ ഞങ്ങൾക്ക് അന്ന് പങ്കാളിത്തം കിട്ടുമായിരുന്നു. ജനതാഗവൺമെന്റിന്റെ കാലത്ത്! കേന്ദ്രഗവൺമെന്റിൽ സ്ഥാനം നൽകാമെന്ന് അവർ അറിയിച്ചു. പക്ഷേ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി അതിന് തയ്യാറായില്ല. ജനങ്ങളുടെ ഇടയിൽ ഗണ്യമായ സ്വാധീനം ഇല്ലാത്ത കാലത്തോളം നിയമസഭയിൽ അംഗസംഖ്യ ഇല്ലാത്തിടത്തോളം കാലം ഞങ്ങൾ ഒരു ഗവൺമെന്റിൽ പങ്കുചേരുന്ന പ്രശ്നമേയില്ല. ഇത് യാതൊരു അർത്ഥശങ്കയ്ക്കും ഇടനൽകാതെ മാർക്സിസ്റ്റുപാർട്ടി പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. 1967-നുശേഷം കോൺഗ്രസ് ഇതര ഗവൺമെന്റുകളുടെ പല പ്രസ്ഥാനങ്ങളിൽ ഇരുന്നിട്ടുണ്ട്. അന്നും ഞങ്ങൾ അധികാരം പങ്കിടാൻവേണ്ടി ആരുമായും ഒരു കൂട്ടുകെട്ടിലും ഏർപ്പെട്ടിട്ടില്ല. ഒരു നിയമസഭയിൽ ഗണ്യമായ

LIBRARY ARCHIVES Kerala Legislative Assembly

സ്വാധീനമുള്ള സന്ദർഭങ്ങളിൽ മാത്രമേ അധികാരം പങ്കിടുകയുള്ളൂ എന്ന നയമേ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുപാർട്ടി സ്വീകരിച്ചിട്ടുള്ളൂ. അതുകൊണ്ട് ശ്രീമാൻ പത്മരാജനും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി അനുസ്യൂതം തുടർന്നുവരുന്ന ആ നയത്തെ കുറിച്ച് പറഞ്ഞാൽ മനസ്സിലാവുകയില്ല. അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ കൊരമ്പയിലും മറ്റും പറയുന്നത് കേട്ടു. തമിഴ്നാട്ടിൽ ഞങ്ങൾ മുസ്ലിംലീഗുമായി ഐക്യത്തിലാണുപോലും. നിങ്ങളോട് ആര് പറഞ്ഞു? കഴിഞ്ഞ പഞ്ചായത്ത്—മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ കന്യാകുമാരിയിൽ ഞാൻ ഒരു തിരഞ്ഞെടുപ്പ് പ്രചരണത്തിനു പോയിരുന്ന ഒരു എളിയ പ്രവർത്തകനാണ്. അപ്പോൾ അവിടെ മുസ്ലീംലീഗ് സ്ഥാനാർഥിയെ എതിർത്ത് പ്രസംഗിച്ചതാണ് ഞാൻ. മുസ്ലീംലീഗ് സ്ഥാനാർത്ഥിയെ എതിർത്തു പരാജയപ്പെടുത്തണമെന്ന് അനേകം യോഗങ്ങളിൽ പ്രസംഗിച്ചു. എന്റെ മുഖത്തുനോക്കി വിളിച്ചല്ലാതെ കൊരംപയിൽ ഹാജിപറഞ്ഞാൽ നടക്കുമോ? അല്ല ഇനിയും നിങ്ങൾ കുളിരുകൊള്ളുകയാണോ, ഇപ്പുറത്ത് ഞങ്ങളുടെ കൂടെ കൂടിക്കളയാമെന്ന്, ആ വെള്ള വാങ്ങിവച്ചാൽ മതി. കൊരമ്പയിൽ ഹാജി, ഈ ജീവനുള്ള കാലത്തോളം നിങ്ങളുമായി അധികാരം പങ്കിടുന്ന പ്രശ്നമേയില്ല. അവിടെത്തന്നെ ചടഞ്ഞിരുന്നു കൊള്ളൂ. ഞങ്ങൾക്ക് അതിൽ ഖേദമില്ല. ചവിട്ടും തൊഴിയുംകൊണ്ട് അവിടെ ഇരുന്നുകൊള്ളൂ. പക്ഷേ നിങ്ങൾ അവിടെ ഇരുന്നുകൊണ്ട് ഞങ്ങളോട് കൂട്ടാണെന്നുമാത്രം പറഞ്ഞുകളയരുത്. ആ അപരാധം മാത്രം ചെയ്യരുത്. തമിഴ്നാട്ടിലല്ല ഇൻഡ്യയിൽ ഒരു സ്ഥലത്തും നിങ്ങളുമായി ഒരുവിധത്തിലുള്ള കൂട്ടുകെട്ടും ഇല്ലെന്നുള്ളത് അസന്നിഗ്ദ്ധമായ തീരുമാനമാണ്. എന്തുകൊണ്ടെന്നാൽ ഞങ്ങൾ ഇങ്ങനെ ഒരു തീരുമാനമെടുക്കുന്നതിൽ അടിസ്ഥാനപരമായി ചില കാരണങ്ങളുണ്ട്: ഇന്ന് ഈ രാജ്യത്ത് ഏറ്റവും പ്രധാനമായത് മതേതരത്വമാണ്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനശില മതേതരത്വമാണ്. ഞാൻ ചോദിക്കുകയാണ് ഈ കരുണാകരൻ കമ്പനിയുടെ സമീപനമെന്താണ്. അഭിപ്രായഭിന്നതകളുണ്ടെങ്കിൽപ്പോലും കമ്മ്യൂണിസ്റ്റ് വിരുദ്ധമാണെങ്കിൽ കൂടി പട്ടംതാണുപിള്ളയ്ക്കും, ടി. എം. വർഗ്ഗീസിനും, സി. കേശവനും, പനമ്പിള്ളി ഗോവിന്ദമേനോനും ഒരു സെക്യുലർ ഔട്ട്ലുക്ക് ഉണ്ടായിരുന്നു. കുറ്റങ്ങളും കുറവുകളും ഉണ്ട്. പക്ഷേ അവർക്കെല്ലാം ഒരു സെക്കുലർ ഔട്ട് ലുക്ക് ഉണ്ടായിരുന്നു. എന്നാൽ കരുണാകരൻ ഗവൺമെന്റിന്റെ അപ്രോച്ച് എന്താണ്? കരുണാകരൻ കമ്പനിയിൽ ഉള്ളത് ആരാണ്? മാളയിലെ പാവപ്പെട്ട ആനേറാ. കരുണാകരനു എന്തു ഔട്ട് ലുക്കാണ് സെകുലറായിട്ട് ഈ രാജ്യത്തുള്ളത്?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സർ, ഈ കരുണാകരൻ ഗവൺമെന്റ് ഒരു കമ്പനിയാണ്. ഇതൊരു കറക്കു കമ്പനിയാണ്. ഇതൊരു ഭരണമാണോ സർ? നമ്മുടെ സംസ്ഥാനത്ത് രണ്ടും മന്ത്രിസഭകളും ധാരാളം ഉണ്ടായിട്ടുണ്ട്. അവിശ്വാസപ്രമേയങ്ങളും വന്നിട്ടുണ്ട്. ചർച്ച ചെയ്തിട്ടുണ്ട്. പലപ്പോഴും ഒരു ഗവൺമെന്റിന്റെ ചെയ്തികളെ സംബന്ധിച്ച് വിമർശനങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ ഗവൺമെന്റ് കഴിഞ്ഞ 4 കൊല്ലത്തിനുള്ളിൽ ചെയ്യരുതാത്ത കാര്യങ്ങളല്ലാതെ ചെയ്യാൻ പാടുള്ള ഒരൊറ്റ കാര്യം ചെയ്തിട്ടുണ്ടെന്നു എന്നെ ബോദ്ധ്യപ്പെടുത്തിയാൽ ഞാൻ നിങ്ങൾക്ക് നമോവാകം പറയാം. ഈ ഗവൺമെന്റ് ന്യായ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ഭരണഘടനയനുസരിച്ച് ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യമുണ്ടോ? അത് പരിശോധിക്കാനുള്ള സമയമാണ് ഇപ്പോൾ വരുന്നത്. അഴിമതി നിരോധന നിയമത്തെപ്പറ്റി ശ്രീ. പത്മരാജൻ ഇവിടെ ഒരു പ്രസംഗം നടത്തി. ഞാൻ അതുകേട്ട് മൂക്കത്തു വിരൽവച്ചുപോയി. സ്വർഗ്ഗസ്ഥനായ പിതാവ് മഹാത്മാഗാന്ധി അങ്ങയുടെ പിന്നിലിരിപ്പുണ്ട്. പണ്ട് ജീസസ് പറഞ്ഞു "father, forgive them, for they do not know what they do". ഇവിടെ ഞാൻ അങ്ങനെ പ്രാർത്ഥിക്കുന്നില്ല. ജനങ്ങൾ പ്രാർത്ഥിക്കുന്നില്ല. കാരണം അറിഞ്ഞുകൊണ്ടാണ് ഇവർ തെറ്റു ചെയ്യുന്നത്. അതുകൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവേ ഇവർക്ക് മാപ്പ് കൊടുക്കരുതേ. ഇവർ അതിന് അർഹരല്ല.

ഈ രാജ്യത്ത് അഴിമതി നിരോധനം പാസ്സാക്കിയെന്നാണല്ലോ നിങ്ങൾ വീമ്പിളക്കുന്നത്. ലോകത്തു ഏതെങ്കിലും ഒരു രാജ്യത്ത് പരാതിക്കാരനെ ശിക്ഷിക്കാനും പ്രതികളെ ശിക്ഷിക്കാതിരിക്കാനും വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം പാസ്സാക്കിയിട്ടുണ്ടോ? നിങ്ങൾ പാസ്സാക്കിയ നിയമത്തിലെ അടിസ്ഥാന തകരാറെന്താണ്? ഈ നിയമമനുസരിച്ച് ആരെങ്കിലും പരാതിയുമായി വന്നാൽ അവരെ ശിക്ഷിക്കുക. ബുദ്ധിമുട്ടി പരാതി തെളിയിച്ചാൽ അവരുടെ പേരിൽ യാതൊരു ശിക്ഷാനടപടിയും എടുക്കാൻ ഈ നിയമത്തിൽ ട്രൈബ്യൂണലിന് അധികാരമില്ല. ഇതിൽക്കൂടുതൽ പരിഹാസ്യമായ ജുഗുപ്സാവഹമായ ഒരു നിയമം കേരളത്തിലല്ലാതെ ഏതു രാജ്യത്തിന്റെ ചരിത്രം നോക്കിയാലും ഏതെങ്കിലും രാജ്യത്ത് പാസ്സാക്കിയിട്ടുണ്ടോ? ശ്രീ. പത്മരാജന്റെ തൊലിക്കട്ടിയിൽ വാസ്തവത്തിൽ എനിക്ക് ലജ്ജ തോന്നുന്നു. ഈ നിയമത്തിൽ ഒരു ഭേഗതി ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. 2 കമ്മീഷൻ റിപ്പോർട്ടുകളും ഈ സഭ മുമ്പാകെ ഹാജരാക്കി. വലിയ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾ ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ ഭേഗതി വരുത്തണം. അങ്ങനെ ഭേഗതി വരുത്തിയാൽ അടുത്ത ദിവസം ഞാൻ വാദിയായി ഇവിടത്തെ മന്ത്രിമാരുടെ പേരിൽ തെളിവ് ഹാജരാക്കി നിങ്ങളിൽ മൂന്നുനാലു പേരെയെങ്കിലും സെൻട്രൽ ജയിലിൽ അയച്ചില്ലെങ്കിൽ ഞാൻ എന്റെ വക്കീൽപ്പണിയും നിർത്താം, ഈ നിയമസഭാംഗത്വവും അവസാനിപ്പിക്കാം. ഞാൻ ഒരു ചലഞ്ച് ചെയ്യുന്നതല്ല. ഞാൻ പറഞ്ഞുവരുന്നത് എന്റെ കൈവശം തെളിവുണ്ട്. അഴിമതി നിരോധനനിയമത്തിൽ ഞങ്ങൾ സഹകരിക്കുന്നില്ല, അല്ലെങ്കിൽ പങ്കെടുക്കുന്നില്ലായെന്നാണല്ലോ നിങ്ങളുടെ വാദം. ആ വാദം മുഖവിലയ്ക്കെടുക്കാം. നിങ്ങൾ ഈ നിയമത്തിൽ പ്രതികളെ ശിക്ഷിക്കാൻ ഭേഗതി വരുത്തു. ഇവിടത്തെ മന്ത്രിമാരുടെ സ്വത്തുവിവരം അന്വേഷണവിധേയമാക്കൂ. വേറെ വലിയ കാര്യങ്ങളൊന്നും നിങ്ങൾ ചെയ്യേണ്ടതില്ല. ഇത്രയും ലഘുവായ കാര്യം നിങ്ങൾ ചെയ്താൽ, ഞാൻ ഇവിടെനിന്ന്, സ്വർഗ്ഗസ്ഥനായ രാഷ്ട്രപിതാവിന്റെ സാന്നിദ്ധ്യത്തിൽ പറയുകയാണ്. നിങ്ങളെ സെൻട്രൽ ജയിലിൽ അയക്കാനുള്ള കരുക്കൾ ഈ സംസ്ഥാനത്ത് എന്റെ കയ്യിൽ മാത്രമല്ല, മറ്റ് പലരുടേയും കയ്യിലുണ്ട്. അതുകൊണ്ട് വീൺവാക്കുകൾ യേവുചെയ്ത് പറയാതിരിക്കൂ. ഇതൊരു കുറ്റവിചാരണയാണ്. ഒരു പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ മാത്രമാണ്. ഇത് ആരംഭമാണ്. വിചാരണയാണ് ഇപ്പോൾ നടത്തുന്നത്. ഒന്നാംപ്രതി മാപ്പുസാക്ഷിയിലാണ് ഇപ്പോൾ ഇരിക്കുന്നത്. പൊതുതിരഞ്ഞെടുപ്പാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജനകീയകോടതിയിലേക്ക് കമ്മിറ്റ് ചെയ്യേണ്ട കേസ്സാണ്. ജനകീയ കോടതി വരുന്നു. ആ കോടതി കൂടും. പക്ഷേ ഞങ്ങൾ ഒരു കാര്യം മനസ്സിലാക്കുന്നു. ഞങ്ങളുടെ പ്രോസിക്യൂഷന്റെ സാക്ഷിപ്പട്ടികയിൽ പ്രതിഭാഗം ചേർന്നിരിക്കുന്ന ചില ആളുകളെല്ലാമുണ്ട്. രാഘവൻ തിരഞ്ഞെടുപ്പിന്റെ മാപ്പുസാക്ഷിയാണ്. ഇനി വരാൻപോകുന്ന തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ കോടതിയിൽ ഇതെല്ലാം വരും. കുറ്റകൃത്യങ്ങൾ എന്താണ്? ഒന്നാംപ്രതി ഈ രാജ്യത്ത് സാമുദായിക സംഘർഷത്തിനിടയാക്കി, രാജ്യത്ത് സംഘർഷാവസ്ഥ സൃഷ്ടിച്ചു. ''ജാതി ഭേദം മതദ്വേഷമേതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന'' ഈ കേരളത്തെ കേവലമൊരു ഭ്രാന്താലയമാക്കിയതിന് ഉത്തരവാദി ഒന്നാംപ്രതിയായ ശ്രീ. കരുണാകരനാണ്. ഫോറിജറി കമ്മിറ്റ് ചെയ്തവരും ഈ കമ്പനിയിലുണ്ട്. ജനനത്തീയതി തിരുത്തിയവർ, രാജ്യദ്രോഹം പ്രസംഗിച്ചവർ എല്ലാം ഈ പട്ടികയിലുണ്ട്. അങ്ങനെ ജനങ്ങളുടെ കോടതിയിൽ അതിഗുരുതരമായ കുറ്റകൃത്യങ്ങളാണ് ചെയ്തിരിക്കുന്നത്.

സർ, ഭരണഘടനാപരമായി പരിരക്ഷയില്ലെങ്കിൽ ഈ ഇരിക്കുന്ന മാന്യൻമാരുടെ സ്ഥാനം എവിടെയായിരിക്കും സർ? ഇവിടെ ചെയ്ത കുറ്റത്തിന്റെ ഗുരുത്വമാലോചിച്ചാൽ ഇവരെല്ലാപേരും ഇരിക്കേണ്ടത് സെൻട്രൽ ജയിലിലാണ്. അത്രമാത്രം ഈ സംസ്ഥാനത്തെ അധഃപതിപ്പിച്ചു. ജനജീവിതമാകെ താറുമാറാക്കി. ജനങ്ങൾക്ക് സൈ്വരമായി കിടന്നുറങ്ങാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യം സൃഷ്ടിച്ച ഒരു ഗവൺമെൻറാണിത്. ഇതൊരു ഗവൺമെൻറാണോ സർ? കേരളത്തിൽ ഇതുപോലെയൊരു നാറിയ ഭരണം കണ്ടിട്ടില്ലെന്നൊക്കെ ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ ഇതുപോലൊരു പുഴുത്തുനാറിയ ഭരണം ഇന്നുവരെ കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു പറഞ്ഞാൽ ആ വാക്കുകൾക്ക് തന്നെ കുറവാണ്. ഇവരും നമ്മളെല്ലാപേരും ബഹുമാന്യരാണ്. പക്ഷേ ഇവിടെ നടക്കുന്ന കുറ്റകൃത്യങ്ങൾ, ജനങ്ങളെ കൊള്ളയടിച്ച് പൊതു മുതൽ ധൂർത്തടിക്കുന്ന ഒരു ഭരണസംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല.

ഈ സെക്രട്ടേറിയറ്റിൽ നടക്കുന്നതുതന്നെ എന്താണ്? ഈ സെക്രട്ടേറിയറ്റിലെ മന്ത്രിമാരുടെ ഓഫീസ്തന്നെ ജാതിയടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. മന്ത്രിമാർ തൊട്ട് പ്രൈവറ്റ് സെക്രട്ടറി മുതൽ പ്യൂൺ വരെ ഒറ്റ ജാതിയായിരിക്കും. ഓരോ മന്ത്രിക്കും ഓരോ ജാതി. ഗവൺമെൻറ് സെക്രട്ടറിമാരും മന്ത്രിമാരുടെ ജാതിയനുസരിച്ചാണ്. അതാണ് ഇവിടെ നടക്കുന്നത്. ഗവൺമെൻറ് സെക്രട്ടേറിയറ്റ് മുഴുവൻ ഏതാണ്ട് വർഗ്ഗീയസംഘടനകളുടെ ഓഫീസുകളാക്കി അധഃപതിപ്പിച്ചു. ഒരിക്കൽപ്പോലും ഇത്രയും ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഈ സെക്രട്ടേറിയറ്റിനകത്തുണ്ടായിട്ടില്ല. ഇന്നു സെക്രട്ടേറിയറ്റിന്റെ നാലതിരുകൾക്കുള്ളിൽ ജാതിയെ സംബന്ധിച്ചും ജാതിചിന്തയെ സംബന്ധിച്ചുമല്ലാതെ മറ്റൊന്നാണ് ഉള്ളത്. മറ്റൊരു കാലത്തും ഇങ്ങനെയുണ്ടായിട്ടില്ല. മറ്റൊന്നും ചെയ്തില്ലെങ്കിലും നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു ഈ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളെ സാധാരണ മനുഷ്യരായി ജീവിക്കാൻ അനുവദിക്കൂ. മുഹമ്മദ് നബിയേയും, രാമനേയും, കൃഷ്ണനേയുമെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ജീവിക്കാൻ നിങ്ങൾ അനുവദിക്കൂ. അതിനുപകരം ഈ രാജ്യത്തെ ഇത്രയും കുട്ടിച്ചോറാക്കിയതിന് നിങ്ങൾക്ക് മാപ്പില്ല. ഇവർക്ക് കഠിനതടവാണ് ശിക്ഷ. യാതൊരു സംശയവും ഇക്കാര്യത്തിലില്ല. ജീവപര്യന്തമല്ല, തൂക്കിക്കൊന്നാലും

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷ തീരില്ല. അത്രമാത്രം ഗുരുതരമായ കുറ്റകൃത്യങ്ങളാണ് നടത്തിയത്. അതുകൊണ്ട് രാഷ്ട്രീയമായ ഐക്യത്തിനെ സംബന്ധിച്ച് സംസാരിക്കാതിരിക്കുന്നതാണ് നല്ലത്. നിങ്ങൾ അധികാരത്തിനുവേണ്ടി, ഭരണത്തിൽ കടിച്ചുതൂങ്ങുന്നതിനുവേണ്ടി ഏതു കോമാളിയുമായും കൂട്ടുകൂടും. അതിനെ ന്യായീകരിക്കാൻ പാഴ്വേല നടത്തരുതെന്നാണ് ശ്രീ. പത്മരാജനോട് പറയാനുള്ളത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അധികാരം ഒരു കുറുക്കുവഴിയല്ല. സഖാവ് നായനാർ ചൂണ്ടിക്കാണിച്ചതുപോലെ ഈ സംസ്ഥാനത്ത് 100 കൊല്ലം പ്രതിപക്ഷത്തിരുന്നാലും, അധികാരമില്ലെങ്കിലും ജനസേവനം നടത്താനുള്ള പാത ഞങ്ങളുടെ മുന്നിൽ തുറന്നുകിടപ്പുണ്ട്. ആ പാതയിലൂടെ ബഹുദൂരം സഞ്ചരിക്കുകയെന്നുള്ള മഹത്തായ ഒരു കടമയാണ് ഞങ്ങളുടെ മുന്നിലുള്ളത്. അതുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി ശക്തിയായി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് 31-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.29-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly